കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ



താലൂക്ക് : പാലക്കാട്

ജില്ല : പാലക്കാട്

കേരളശ്ശേരി ഗ്രാമപഞ്ചായത്ത്



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ

കേരളശ്ശേരി ഗ്രാമപഞ്ചായത്ത്
ഭരണസമിതി

പ്രസിഡണ്ട്
Smt. P. V. സത്യഭാമ

വൈസ് പ്രസിഡണ്ട്
Sri. C. V. രാധാകൃഷ്ണൻ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
Smt. P. R. ലളിത

ഗ്രാമ പഞ്ചായത്ത് മെമ്പർമാർ

Sri. K. P. രാമദാസ്
Sri. M. P. നാരായണൻകുട്ടി
Sri. V. ഹരിദാസ്
Kumari യശോദ K.
Sri. K. മണികണ്ഠൻ

" [illegible] വീക്ഷണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉദിക്കേണ്ട ആദ്യത്തെ മുഖം ഏറ്റവും ദരിദ്രനായ ഗ്രാമീണന്റേതാണ്. നാം ആസൂത്രണം ചെയ്യുന്ന പദ്ധതി അവന്റെ ജീവിതത്തിന് പ്രത്യക്ഷമായോ, പരോക്ഷമായോ [illegible]"

- ഗാന്ധിജി

എഡിറ്റോറിയൽ സ്റ്റാഫ് :

1. എം. കെ. കൃഷ്ണനുണ്ണി
2. പി.രാജഗോപാലൻ
3. സി.കെ.ശങ്കരനാരായണൻ
4. എം.പി.ബാലഗോപാലൻ

ഭൂപടം : സി.കെ.ശങ്കരനാരായണൻ

ഡി.ടി.പി. & ലേഔട്ട് :
ഡിലിജന്റ് ഗ്രാഫിക്സ്, ഒറ്റപ്പാലം
ഫോൺ : 0492 644472

1.	ആമുഖം	1
2.	കേരളശ്ശേരി ഗ്രാമപഞ്ചായത്ത് - പൊതുവിവരണം	3
3.	ജനകീയാസൂത്രണം പഞ്ചായത്തുതല - പ്രവർത്തനങ്ങളുടെ സംഗ്രഹം	4
4.	കേരളശ്ശേരി ഗ്രാമപഞ്ചായത്ത് - ഒരു ചരിത്രാവലോകനം	6
5.	സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം	8
6.1.	കൃഷിയും ജലസേചനവും	10
6.2	മൃഗസംരക്ഷണവും മത്സ്യബന്ധനവും	26
6.3	വ്യവസായം	34
6.4	വിദ്യാഭ്യാസം	39
6.5	ആരോഗ്യം - ശുചിത്വം - കുടിവെള്ളം	49
6.6	ഗതാഗതം - ഊർജ്ജം	62
6.7	പാർപ്പിടം - സാമൂഹ്യക്ഷേമം	75
6.8	സംസ്കാരം	82
6.9	വനിത	87
6.10.	സഹകരണ മേഖല ബാങ്കിങ്ങ്	93
6.11.	പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം	98
6.12	വിഭവസമാഹരണം	110

1

ആമുഖം

കഴിഞ്ഞ കാലങ്ങളിൽ നടപ്പാക്കിയ എട്ടു പഞ്ചവത്സര പദ്ധതികളിൽ നിന്നും തികച്ചും വിഭിന്നമായ ഒരു കാഴ്ച്ചപ്പാടോടു കൂടിയാണ് കേരള സംസ്ഥാനം ഒമ്പതാം പദ്ധതി ആസൂത്രണം ചെയ്യുന്നത്. ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരദ്ധ്യായം എഴുതി ചേർത്തുകൊണ്ട് വമ്പിച്ച സാമൂഹിക മുന്നേറ്റത്തിന് കളമൊരുക്കുകയാണ് നമ്മുടെ സംസ്ഥാനം. വികസനമെന്നാൽ മുകൾതട്ടിൽ നിന്നും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ തിരുത്തി കുറിക്കപ്പെടുന്നു. ജനങ്ങൾ തങ്ങൾക്കു വേണ്ടതെന്തെന്നു തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാര മാർഗ്ഗങ്ങൾ കൂട്ടായി ചർച്ച ചെയ്ത് കണ്ടെത്താനും അങ്ങിനെ പുതിയ ഒരു വികസന സംസ്കാരത്തിന് രൂപം കൊടുക്കുവാനുമുള്ള പരിശ്രമം നടത്തുന്നു. കേരളത്തിൽ നടന്നു വരുന്ന ജനകീയാസൂത്രണ പരിപാടി അതിന്റെ നൂതനത്വം കൊണ്ട് തന്നെ സവിശേഷ ശ്രദ്ധയർഹിക്കുന്നു.

1996 ജൂലായ് 16-ന് ചേർന്ന സംസ്ഥാന പ്ലാനിങ്ങ് ബോർഡ് യോഗമാണ് ആസൂത്രണ വികേന്ദ്രീകരണം സംബന്ധിച്ച തീരുമാനം എടുത്തത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ *''ഒമ്പതാം പദ്ധതി വികേന്ദ്രീകരണവും ജനപങ്കാളിത്തവും ബഹുജന പ്രസ്ഥാനവും''* എന്ന വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ ഉത്തരവു പ്രകാരമാണ് ജനകീയാസൂത്രണ പരിപാടി സംസ്ഥാന ആസൂത്രണ ബോർഡ് നടപ്പാക്കി കൊണ്ടിരിക്കുന്നത്.

കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനമായ വിശേഷാൽ ഗ്രാമസഭകൾ

ചേരലും വികസന മേഖലകളെ കുറിച്ച് ചർച്ചകളും നിർദ്ദേശങ്ങളും ക്രോഡീകരിക്കലും ചെയ്തു കഴിഞ്ഞു. അതാതു വികസന മേഖലകളിൽ നിലവിലുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും ഗ്രാമസഭാചർച്ചകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ എട്ടു വാർഡുകളിലേയും വികസന പ്രശ്നങ്ങളേയും പരിഹാര സാദ്ധ്യതകളേയും ക്രോഡീകരിച്ചു കൊണ്ടാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമസഭകൾ കഴിഞ്ഞതിനു ശേഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങൾ നടത്തിയ ബഹുജനങ്ങൾ റോഡുകൾ നിർമ്മിച്ച് വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു എന്നുള്ളത് ബഹുജന പങ്കാളിത്തം എന്ന ആശയം ഈ പഞ്ചായത്തിലെ പൗരന്മാർ ഉൾക്കൊണ്ടിരിക്കുന്നു എന്നതിനു തെളിവാണ്.

ജനകീയാസൂത്രണം ഒരു പുതിയ സംരംഭമാണ്. ഇതിനു മുന്നറിവുകളോ പിൻതുടരാനുള്ള മാതൃകകളോ ഇല്ല. ജനങ്ങൾ അവരുടെ പ്രദേശത്ത് നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളിൽ താൽപര്യപൂർവ്വം ശ്രദ്ധ പതിപ്പിക്കുകയും ഇത് നമ്മുടെ സ്വന്തം പദ്ധതിയാണ് എന്ന നിലയ്ക്ക് ഒരു സാമൂഹിക അവബോധവും സഹകരണ മനോഭാവവും സൃഷ്ടിച്ച് ഒമ്പതാം പദ്ധതി കാലത്ത് നടപ്പിലാക്കുവാനുള്ള വികസന പ്രവർത്തനങ്ങളെ വിജയപദത്തിലേക്ക് എത്തിക്കുമെന്നും ഉള്ള പ്രത്യാശയോടു കൂടി ഈ വികസന റിപ്പോർട്ട് സമർപ്പിക്കുന്നു.

" നാം ഉന്നം വയ്ക്കുന്ന വികസനം ഏച്ചു കെട്ടിയുണ്ടാക്കിയ ഒന്നല്ല. ജനങ്ങളുടെ കൂട്ടായ്മയിൽ നിന്നും ഉരുത്തിരിഞ്ഞു വരേണ്ടതാണ്. ഇതിൽ ഏറ്റവുമധികം പ്രാധാന്യം നൽകേണ്ടത് അടിസ്ഥാന വർഗ്ഗത്തിനാണ് "

- ഗാന്ധിജി

2

കേരളശ്ശേരി പഞ്ചായത്ത് പൊതുവിവരണം

I.	ഗ്രാമപഞ്ചായത്തിന്റെ പേര്	:	കേരളശ്ശേരി
	ഉൾപ്പെടുന്ന വില്ലേജ്	:	കേരളശ്ശേരി
	ബ്ലോക്ക് പഞ്ചായത്ത്	:	പാലക്കാട്
	താലൂക്ക്	:	പാലക്കാട്
	അസംബ്ലി മണ്ഡലം	:	ശ്രീകൃഷ്ണപുരം
	ജില്ല	:	പാലക്കാട്
	വിസ്തീർണ്ണം	:	23.95 ചതുരശ്ര കി.മി.
II	അതിരുകൾ	:	കിഴക്ക് : കോങ്ങാട്, മങ്കര പഞ്ചായത്തുകൾ
			തെക്ക് : മണ്ണൂർ, മങ്കര പഞ്ചായത്തുകൾ
			പടിഞ്ഞാറ് : അമ്പലപ്പാറ, കോങ്ങാട് പഞ്ചായത്തുകൾ
			വടക്ക് : കോങ്ങാട് പഞ്ചായത്ത്

III. ജനസംഖ്യ	:	പുരുഷൻ	സ്ത്രീ	ആകെ
1981 ലെ സെൻസസ് പ്രകാരം		5,408	6,223	11,631
1991 ലെ സെൻസസ് പ്രകാരം		6,041	7,007	13,048
1995 ലെ സർവ്വേ പ്രകാരം		7,099	7,440	14,539

IV.	വാർഡുകൾ	:	8
	വനിത സംവരണ വാർഡുകൾ	:	3, 4, 7
	പട്ടികജാതി സംവരണ വാർഡ്	:	6
	മൊത്തം വീടുകൾ	:	3,417

V പഞ്ചായത്തു ഭരണസമിതി

പ്രസിഡണ്ട്	:	ശ്രീമതി. പി.വി സത്യഭാമ (നാലാം വാർഡ് മെമ്പർ)
വൈസ് പ്രസിഡണ്ട്	:	ശ്രീ. സി. വി.രാധാകൃഷ്ണൻ (രണ്ടാം വാർഡ് മെമ്പർ)
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	ശ്രീമതി. പി.ആർ.ലളിത (മൂന്നാം വാർഡ് മെമ്പർ)
മെമ്പർമാർ	:	ശ്രീ. കെ.പി.രാമദാസ് (ഒന്നാം വാർഡ്)
		ശ്രീ. എം.പി. നാരായണൻകുട്ടി (അഞ്ചാംവാർഡ്)
		ശ്രീ. വി.ഹരിദാസൻ (ആറാം വാർഡ്)
		ശ്രീമതി. കെ. യശോദ (ഏഴാം വാർഡ്)
		ശ്രീ. കെ.മണികണ്ഠൻ (എട്ടാം വാർഡ്)

3

ജനകീയാസൂത്രണം
പഞ്ചായത്തുതല പ്രവർത്തനങ്ങളുടെ സംഗ്രഹം

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ജനകീയാസൂത്രണ പരിശീലനത്തിന്റെ ഒന്നാം ഘട്ടമായി ഈ പഞ്ചായത്തിൽ നിന്നും ജില്ലാതല പരിശീലകരായി (District Resource Persons. D.R.P)

1. പഞ്ചായത്തു പ്രസിഡന്റ് ശ്രീമതി പി. വി. സത്യഭാമ
2. സ്റ്റാൻണ്ടിംങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീമതി പി.ആർ.ലളിത
3. ശ്രീ.എം.ഒ.കൃഷ്ണനുണ്ണി (DRP കൺവീനർ)
4. ശ്രീ. സി. കെ. ശങ്കരനാരായണൻ
5. ശ്രീ. പി. രാജഗോപാലൻ
6. ശ്രീ. വി.ശിവദാസൻ
7. ശ്രീ.കെ. ഗോപാലകൃഷ്ണൻ

എന്നിവർ പങ്കെടുത്തു. പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. സേതുമാധവൻ സംസ്ഥാനതല പരിശീലകൻ എന്ന നിലയിൽ അകത്തേത്തറയിൽ വെച്ച് 1996 സപ്തംബർ 7, 8, 9 എന്നീ തീയ്യതികളിൽ നടന്ന പരിശീലന ക്യാമ്പിലും തുടർന്നുള്ള ആസൂത്രണ പ്രവർത്തനങ്ങളിലും സജീവമായി സഹായിച്ചു വരുന്നു.

പഞ്ചായത്തുതല പരിശീലകരായി (Local Resource Persons, L.R.P) 43 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 14-9-96 ൽ തടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ വെച്ച് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഒരു ദിവസത്തെ പരിശീലന ക്ലാസ്സ് നടത്തി.

തുടർന്ന് പഞ്ചായത്തിലെ ഓരോ വാർഡിലും ചേർന്ന വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ കണക്ക് :

വാർഡ്	പങ്കെടുത്തവർ			പങ്കെടുത്തവർ പട്ടികജാതി വിഭാഗക്കാർ
	പുരുഷൻ	സ്ത്രീ	ആകെ	
1	145	41	186	22
2	109	97	206	24
3	194	100	294	56
4	184	106	290	25
5	154	61	215	30
6	135	36	171	44
7	129	66	195	20
8	174	55	229	18
ആകെ	1224	562	1786	239

വിശേഷാൽ ഗ്രാമസഭകൾ വിവിധ വികസന മേഖലകളെ കുറിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച ചെയ്യുകയും പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്നു രണ്ടാംഘട്ട ജില്ലാതല പരിശീലനം 1996 ഒക്ടോബർ 22, 23, 24 തിയ്യതികളിൽ അകത്തെത്തറയിൽ വെച്ച് നടന്നു. ആദ്യഘട്ട പരിശീലകരായ 7 പേർക്ക് പുറമെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി.ഗംഗാധരനും ജില്ലാതല പരിശീലകനായി പങ്കെടുത്തു.

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ വീഡിയോ പ്രദർശനത്തോടെയുള്ള പഞ്ചായത്തുതല പരിശീലനം 31-10-96ന് നടന്നു. 53 പേർ L.R.P. മാരായി പങ്കെടുത്തു. സ്ഥിതിവിവര കണക്കുകളുടെ ശേഖരണത്തെ കുറിച്ചും വികസനറിപ്പോർട്ടിന് രൂപം നൽകാനുള്ള കോർഗ്രൂപ്പ് പ്രവർത്തനത്തെ കുറിച്ചും പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്തു.

ഈ ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ ഗ്രാമസഭകൾ സംഘടിപ്പിച്ചും ഗ്രാമസഭകളിൽ ചർച്ചകൾക്ക് സജീവ നേതൃത്വം നൽകിയും പഞ്ചായത്തു ഭരണസമിതിയും D.R.P, L.R.P. മാരും ജനകീയാസൂത്രണ പ്രസ്ഥാനത്തെ ഈ പ്രദേശത്തെ ജനങ്ങളുടെ സ്വന്തം പ്രസ്ഥാനമാക്കി വളർത്തിയെടുത്തതിൽ നിസ്തുല്യമായ പങ്ക് വഹിച്ചു. തുടർന്നുള്ള സ്ഥിതി വിവരകണക്കുകളുടെ ശേഖരണത്തിലും വിവിധ വികസന മേഖലകളെ കുറിച്ച് സമഗ്രമായി പഠിച്ചും ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിച്ചും വികസന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും വളരെയേറെ ആത്മാർത്ഥതയോടെ, ത്യാഗസന്നദ്ധതയോടെ പ്രവർത്തിച്ച ഈ പഞ്ചായത്തിലെ ആസൂത്രണ പ്രവർത്തകർ അഭിനന്ദനവും കൃതജ്ഞതയും അർഹിക്കുന്നു.

പഞ്ചായത്തിലെ വിവിധ സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥരും - വില്ലേജ് ഓഫീസ്, കൃഷി ഭവൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് - തപാൽ ഓഫീസ് - ആശുപത്രി, മൃഗാശുപത്രി - വിദ്യാലയാധികൃതരും അംഗൻവാടി ജീവനക്കാരും ബാങ്ക് മേധാവികളും ഈ ഉദ്യമത്തിൽ ആത്മാർത്ഥമായി സഹകരിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു.

4

ഒരു ചരിത്രാവലോകനം

കേരളശ്ശേരി, തടുക്കശ്ശേരി, വടശ്ശേരി, കുണ്ടളശ്ശേരി എന്നിങ്ങനെ നാലു "ശ്ശേരി" കൾ അഥവാ ചേരികളായിരുന്ന ദേശങ്ങൾ ഒത്തു ചേർന്നതാണ് കേരളശ്ശേരി എന്ന ഗ്രാമം. ഈ ഗ്രാമത്തിന്റെ സമീപത്തുതന്നെ വേങ്ങശ്ശേരി, പാറശ്ശേരി എന്നീ 'ശ്ശേരി' കൾ വേറെയുമുണ്ട്. ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് കേരളശ്ശേരി ദേശവും കിഴക്കുംപുറം ദേശവും (ഇപ്പോൾ മണ്ണൂർ പഞ്ചായത്തിൽ) കൂടി ഒരു വില്ലേജും കൂടാതെ തടുക്കശ്ശേരി, കുണ്ടളശേരി, എന്നീ വില്ലേജുകളുമാണ് ഈ പഞ്ചായത്തിലുണ്ടായിരുന്നത്.

ആദ്യകാല പഞ്ചായത്തു സംവിധാനത്തിൽ ഇവിടെ മൂന്നു പഞ്ചായത്തുകളാണ് ഉണ്ടായിരുന്നത്. കേരളശ്ശേരി ദേശത്ത് കേരളശ്ശേരി പഞ്ചായത്തും, കുണ്ടളശേരി ദേശത്ത് കുണ്ടളശ്ശേരി പഞ്ചായത്തും, തടുക്കശ്ശേരി, വടക്കശ്ശേരി ദേശങ്ങൾ കൂടി തടുക്കശ്ശേരി പഞ്ചായത്തുമായിരുന്നു അവ.

ആദ്യകാല പഞ്ചായത്തു പ്രസിഡണ്ടുമാർ

കേരളശ്ശേരി :	കെ.പി.നാരായണപ്പണിക്കർ
കുണ്ടളശേരി :	എം.പി.ചാമിനായർ
തടുക്കശ്ശേരി വടശ്ശേരി	മല്ലിശ്ശേരി നീലകണ്ഠൻ നമ്പൂതിരി

1960 ലെ കേരള പഞ്ചായത്ത് ആക്ട് പ്രകാരം കേരളശ്ശേരി, കുണ്ടളശ്ശേരി, തടുക്കശ്ശേരി, വടശ്ശേരി എന്നീ പഞ്ചായത്തുകൾ ചേർന്ന് കേരളശ്ശേരി പഞ്ചായത്ത് രൂപീകരിക്കുകയും 1963 ഡിസംബർ മാസത്തിൽ ശ്രീ. എ. ശ്രീധരനുണ്ണി മന്ദാടിയാർ പ്രസിഡണ്ടായി പഞ്ചായത്തു ഭരണസമിതി അധികാരത്തിൽ വരികയും ചെയ്തു.

അന്നത്തെ പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ

1. എ.എസ്.മന്ദാടിനായർ (പ്രസി.)
2. കെ.കെ. രാമയ്യർ
3. എം.ഒ. ഗോപാലൻ നായർ

4. കെ.സി.മണപ്പുള്ളി
5. സി.കെ.ഗോവിന്ദൻകുട്ടി നായർ
6. വി. സഹദേവൻ മാസ്റ്റർ
7. പി.ഗോവിന്ദൻകുട്ടി നായർ
8. വി.പി.സരോജിനിഅമ്മ (വനിതാ നോമിനി)

KER ലെ IV C ഓപ്റ്റ് ചെയ്ത അദ്ധ്യാപകർക്ക് പഞ്ചായത്ത് മെമ്പർമാരായി തുടരാൻ അർഹതയില്ലാ എന്ന നിയമം വന്നതു മൂലം അദ്ധ്യാപകരായ കെ.കെ.രാമയ്യർ, സി.കെ.ഗോവിന്ദൻകുട്ടിനായർ, വി.സഹദേവൻ മാസ്റ്റർ, പി.ഗോവിന്ദൻകുട്ടി നായർ, വി.പി.സരോജിനിഅമ്മ എന്നിവർ 1967ൽ മെമ്പർസ്ഥാനം ഒഴിയുകയും പകരം എൻ.ഗോപാലൻ നായർ, സി.കെ.കൃഷ്ണൻ നായർ, സി.ബാലകൃഷ്ണൻ നായർ, നാരായണമന്ദാടിയാർ, സരോജിനി എന്നിവർ മെമ്പർമാരായി തെരെഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ഈ ഭരണസമിതിയുടെ ഭരണ കാലത്താണ് കേരളശ്ശേരി പഞ്ചായത്തിന്ന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ചത്. കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ. എ. എസ്. മന്ദാടിനായർ സൗജന്യമായി സ്ഥലം തരികയും ചെയ്തു. 26-4-1968ൽ പഞ്ചായത്ത് കെട്ടിടം അന്നത്തെ കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടാണ് ഉൽഘാടനം ചെയ്തത്.

പഞ്ചായത്തിലേക്കുള്ള അടുത്ത തെരെഞ്ഞെടുപ്പ് 1979 ലാണ് നടന്നത്. 28-9-79 ന് നിലവിൽ വന്ന ഭരണസമിതിയിൽ പ്രസിഡണ്ട് ശ്രീ. എ. എസ്. മന്ദാടിനായരും വൈസ് പ്രസിഡണ്ട് ശ്രീ. സി.രാഘവൻ നായരും ആയിരുന്നു. അടുത്ത തെരെഞ്ഞെടുപ്പ് നടന്നത് 1988 ലാണ്. 6.2.88 ൽ ശ്രീ. എ.വാസുദേവനുണ്ണി മാസ്റ്റർ പ്രസിഡണ്ടും ശ്രീ. കെ. ഗോവിന്ദൻകുട്ടി നായർ വൈസ് പ്രസിഡണ്ടായും ഒരു ഭരണസമിതി നിലവിൽ വന്നു.

1995ൽനടന്ന തെരെഞ്ഞെടുപ്പിനെ തുടർന്ന് ഇന്നത്തെ ഭരണസമിതി 30-09-95 ൽ അംഗങ്ങളുടെ സത്യപ്രതിജ്ഞയും 4-10-95ന് പി.വി.സത്യഭാമ പ്രസിഡണ്ടും സി.വി.രാധാകൃഷ്ണൻ വൈസ് പ്രസിഡണ്ടുമായി ഒരു പുതിയ ഭരണസമിതി നിലവിൽ വരികയും ചെയ്തു.

1979 ൽ നിലവിൽ വന്ന പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ

1. ശ്രീ. എ. ശ്രീധരനുണ്ണി മന്ദാടിനായർ (പ്രസിഡണ്ട്)
2. ശ്രീ. സി. രാഘവൻനായർ (വൈസ്. പ്രസി.)
3. ശ്രീ. കെ.കുമാരൻ നായർ (മെമ്പർ)
4. ശ്രീ. വാസുദേവൻ നായർ "
5. ശ്രീ. എം.ആർ.ശ്രീധരൻ "
6. ശ്രീ. സി.കെ.ഗോവിന്ദൻകുട്ടിനായർ"
7. ശ്രീമതി. കെ.ശാന്തകുമാരി "
8. ശ്രീ. കെ.ശങ്കരൻ "

1988 ൽ നിലവിൽ വന്ന ഭരണസമിതി അംഗങ്ങൾ

1. ശ്രീ. എ.വാസുദേവനുണ്ണി മന്ദാടിനായർ (പ്രസിഡണ്ട്)
2. ശ്രീ.കെ.ഗോവിന്ദൻകുട്ടി നായർ (വൈസ്. പ്രസിഡണ്ട്)
3. ശ്രീ.എ.ശ്രീധരനുണ്ണി മന്ദാടിനായർ(മെമ്പർ)
4. ശ്രീമതി പി.വി.സത്യഭാമ (")
5. ശ്രീ. സഹദേവൻ മാസ്റ്റർ (")
6. ശ്രീ. സി.വി. വാസുദേവൻ (")
7. ശ്രീമതി. മോളി ടീച്ചർ (")
8. ശ്രീ. അയ്യപ്പൻ (")

5

സാമൂഹിക സാമ്പത്തിക പശ്ചാത്തലം

പഴയ സാമൂഹ്യ വ്യവസ്ഥ

വള്ളുവനാട്ടുരാജാവിന്റെ അധീനതയിലായിരുന്നു ഈ പ്രദേശം. രാജാവിന്റെ പ്രതിനിധികളായി കോവിൽക്കാട്ടു പണിക്കർ വീട്ടുകാരായിരുന്നു നാടുവാഴികൾ - അവർ ദേശത്തെ നാലോ അഞ്ചോ പ്രമുഖ കുടുംബകാരെ ഉൾപ്പെടുത്തി - ദേശക്കാർ എന്നു വിളിക്കപ്പെടുന്നവർ - ഈ പ്രദേശത്തെ ഭരണം തുടങ്ങി വന്നു. കൂടാതെ കോങ്ങാട്ടുനായർ, മണ്ണൂർനായർ എന്നിവർക്കും ഈ പഞ്ചായത്തിലെ കുണ്ടളശ്ശേരി, തടുക്കശ്ശേരി എന്നീ ദേശങ്ങളിലെ ചില പ്രദേശങ്ങളിൽ ആധിപത്യമുണ്ടായിരുന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതി വരെ ഈ പഞ്ചായത്തിൽ ഹിന്ദുക്കളും മുസ്ലീംകളും മാത്രമെ ഉണ്ടായിരുന്നുള്ളൂ. കൃസ്തുമത വിശ്വാസികൾ അതിനുശേഷം കുടിയേറിപ്പാർത്തവരാണ്. മതസൗഹാർദ്ദം അന്നും ഇന്നും പുലർത്തിപ്പോരുന്ന പഞ്ചായത്താണ് ഇത്.

സമ്പദ് വ്യവസ്ഥ

തികച്ചും ഒരു കാർഷിക ഗ്രാമമായിരുന്ന ഇവിടെ കാർഷികസമ്പദ് വ്യവസ്ഥയാണുണ്ടായിരുന്നത്. കർഷകവൃത്തിക്കു വേണ്ടതായ കാർഷികോപകരണങ്ങൾ ഉണ്ടാക്കുന്ന വിദഗ്ധ തൊഴിലാളികളും, പാടത്തു പണിയെടുക്കാൻ കർഷക കുടുംബങ്ങളിലെ അംഗങ്ങളും, കൂടാതെ കർഷക തൊഴിലാളികളും ഉണ്ടായിരുന്നു. സ്വാതന്ത്ര്യലബ്ദിക്കു ശേഷം കൂടുതൽ വിദ്യാഭ്യാസപുരോഗതിയും, മറ്റു മേഖലകളിൽ തൊഴിൽ സാദ്ധ്യതകളും വന്നപ്പോൾ പല കർഷക കുടുംബങ്ങളിലെ അംഗങ്ങളും മറ്റു ജോലികളിൽ പ്രവേശിച്ചു. നെൽകൃഷിയോടുള്ള ആഭിമുഖ്യം ക്രമേണ കുറഞ്ഞു വന്നു.

ദേശീയ പ്രസ്ഥാനവും സാമൂഹ്യ പുരോഗതിയും

ഈ പഞ്ചായത്തിലെ ജനങ്ങൾ ദേശീയ പ്രസ്ഥാനത്തിൽ സജീവമായി പങ്കുവഹിച്ചതിന്റെ വിവരങ്ങൾ വളരെയേറെ ലഭ്യമല്ല. എങ്കിലും മൂന്നു സ്വാതന്ത്ര്യ സമരസേനാനികൾ ഇന്ത്യയുടെ സ്വാതന്ത്ര്യസമരരംഗത്ത് സജീവ മായ പങ്കു വഹിച്ചു കൊണ്ട് ഈ പഞ്ചായത്തിൽ നിന്നും ഉണ്ടായിരുന്നു എന്നത് നമുക്കെല്ലാം അഭിമാനിക്കാവുന്ന കാര്യമാണ് . ഈ അവസരത്തിൽ അവരെ അഭിമാനാദരങ്ങളോടെ പരിചയപ്പെടുത്തട്ടെ.

1. ശ്രീ. നന്തിയംകോട്ട് ഗോപാലൻ നായർ

ഇന്ത്യൻ നാഷണൻ ആർമിയിൽ ചേർന്ന് ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ ശ്രീ. നന്തിയം കോട്ട് ഗോപാലൻ നായർക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും താമ്രപത്രം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്വാതന്ത്ര്യ സമര പെൻഷൻ ഇദ്ദേഹത്തിന് ലഭിച്ചു വരുന്നുണ്ട്.

2. ശ്രീ. പടിഞ്ഞാറെപീടികയ്ക്കൽ മുഹമ്മദ്

സ്വാതന്ത്ര്യസമരസേനാനിയായ ഇദ്ദേഹത്തിന് സ്വാതന്ത്ര്യ സമര പെൻഷൻ ലഭിച്ചു വന്നിരുന്നു. ഇന്ന് ജീവിച്ചിരിപ്പില്ല.

3. ശ്രീ. പള്ളിപ്പാറ കൃഷ്ണൻ

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത മറ്റൊരു കേരളശ്ശേരികാരനാണ് ശ്രീ. പള്ളിപ്പാറ കൃഷ്ണൻ. ഇദ്ദേഹത്തിന് സ്വാതന്ത്ര്യ സമര പെൻഷൻ ലഭിച്ചു വന്നിരുന്നു. ഇന്ന് ജീവിച്ചിരിപ്പില്ല. അയിത്തോച്ചാടനം, ക്ഷേത്ര പ്രവേശനം എന്നീ പുരോഗമനപരമായ കാര്യങ്ങളിലും വിപ്ലവകരമായ പ്രസ്ഥാനങ്ങൾ വളരെയേറെ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല എങ്കിലും കാലാനുസൃതമായ സാമൂഹ്യമാറ്റങ്ങൾ ഉൾകൊണ്ടുകൊണ്ട് ഇന്ന് ഹിന്ദുക്കളിൽ എല്ലാ ജാതിക്കാരും ക്ഷേത്രത്തിൽ പ്രവേശിക്കുകയും ആരാധനയിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. അയിത്താചരണം എന്ന സാമൂഹ്യദുരാചാരവും ഇന്നില്ല.

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ തന്നെ കേരളശ്ശേരിയിലും തടുക്കശ്ശേരിയിലും വടശ്ശേരിയിലും വിദ്യാലയങ്ങൾ പരിമിതമായ രീതിയിൽ പ്രവർത്തിച്ചിരുന്നു. കൂടാതെ 1920 കളിൽ കൂടുതൽ വിദ്യാലയങ്ങളും പ്രവർത്തനം തുടങ്ങി. 1947 ൽ ഹൈസ്ക്കുളും സ്ഥാപിതമായി. ഇതിന്റെ ഫലമായി ഈ പഞ്ചായത്തിലെ ജനങ്ങൾ സാക്ഷരതയിലും വിദ്യാഭ്യാസത്തിലും പൊതുവെ മുന്നിലായിരുന്നു എന്നത് അഭിമാനിക്കാവുന്ന ഒരു കാര്യമാണ്. വിദ്യാലയങ്ങളെ കുറിച്ച് വിദ്യാഭ്യാസം എന്ന അദ്ധ്യായത്തിൽ വിപുലമായി പ്രതിപാദിച്ചിട്ടുണ്ട്.

ക്ഷേത്രങ്ങളിലെ ഉൽസവങ്ങൾക്കും മറ്റു സാമുഹ്യാചാരങ്ങൾക്കും ഒത്തു കൂടി ജനങ്ങൾ അവരുടെ ജീവിതത്തിന്റെ താളക്രമം നില നിർത്തിയിരുന്നു. കഥകളി രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഒരു കലാകാരനും ഈ പഞ്ചായത്തിലുണ്ടായിരുന്നു – ശ്രീ. പടിഞ്ഞാക്കര ഗോപാലമേനോൻ – അദ്ദേഹത്തേയും ഈ അവസരത്തിൽ സ്മരിച്ചു കൊള്ളട്ടെ.

6.1

കൃഷി - ജലസേചനം

ആമുഖം

കേരളശ്ശേരി ഗ്രാമപഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. തടുക്കശ്ശേരി, കുണ്ടളശ്ശേരി, വടശ്ശേരി, കേരളശ്ശേരി എന്നീ പ്രദേശങ്ങൾ ഉൾക്കൊണ്ടതാണ് കേരളശ്ശേരി പഞ്ചായത്ത്. കൃഷി, കന്നുകാലി വളർത്തൽ എന്നിവയാണ് ഈ പ്രദേശത്തെ ജനങ്ങളുടെ മുഖ്യഉപജീവനമാർഗ്ഗം. നെല്ല്, തെങ്ങ്, വാഴ, വിവിധതരം പറമ്പ് കൃഷികൾ മറ്റ് നാണ്യവിളകൾ പച്ചക്കറി, റബ്ബർ എന്നിവ ഉൾക്കൊണ്ടതാണ് ഇവിടത്തെ കാർഷിക മേഖല. ഇന്ന് കേരളശ്ശേരി പഞ്ചായത്തിലെ ഭൂസ്വത്ത് നാലായിരത്തിൽ പരം ആളുകളുടെ കൈവശമാണ്. വർഷങ്ങൾക്കു മുമ്പ് വിരലിലെണ്ണാവുന്ന ആളുകളുടെ കൈവശമായിരുന്നു ഇത്രയും ഭൂസ്വത്ത്. അധ്വാന ശീലരായ ഈ നാലായിരത്തിൽ പരം ആളുകളുടെ മാത്രം കൈവശമായി മാറിയതിനിടയിൽ ഒരു ചരിത്രമുണ്ട്. അതെന്താണെന്നു നമുക്കൊന്ന് തിരിഞ്ഞു നോക്കാം.

ഭൂവുടമസമ്പ്രദായവും ഭൂപരിഷ്കരണവും

1931-ലെ പഞ്ചായത്തിന്റെ സെറ്റിൽമെന്റ് രേഖപ്രകാരം കിഴക്കേ കോവിലകം, കോവിൽ കാട്ട് പണിക്കർ, കോങ്ങാട് നായർവീട്ടുകാർ, പാതായ്ക്കരമന, മണ്ണൂർ നായർ വീട്ടുകാർ, തിരുനെല്ലി ദേവസ്വം, ഏലംകുളം മന, പൂമുള്ളി മന, പാലിയത്തച്ചൻ, വടക്കുന്നാഥ ദേവസ്വം എന്നിവരായിരുന്നു കേരളശ്ശേരിയിലെ ഭൂവുടമകൾ. ഈ ജന്മിമാർ കുടിയാന്മാർക്ക് അനുഭവം, കാണം, വെറുമ്പാട്ടം എന്നീ മൂന്നു തരത്തിലാണ് ഭൂമി നൽകിയിരുന്നത്. 1940-കളിൽ മദിരാശി ഗവൺമെന്റ് പാസ്സാക്കിയ മലബാർ കുടിയായ്മ നിയമം മുഖേന കാണകുടിയാൻമാർക്ക് ഭൂമി സംരക്ഷണം കിട്ടി. ഇന്ത്യയിൽ ആദ്യമായി 1957 - ൽ അന്നത്തെ കേരള സർക്കാർ ഭൂപരിഷ്കരണ നിയമം പാസാക്കുകയും

അതിൻപ്രകാരം കൈവശക്കാർക്ക് ഭൂമിയിൽ അവകാശം ലഭിക്കുകയും ചെയ്തു.

1970-ലെ കേരളസർക്കാറിന്റെ സമഗ്ര ഭൂപരിഷ്കരണനിയമപ്രകാരം ജന്മിമാർക്ക് പ്രതിഫലത്തുക കൊടുത്ത് കൈവശഭൂമിയിൽ കുടിയാന്മാർക്ക് പൂർണ്ണ അവകാശം ലഭിക്കുന്നതിനുള്ള അവസരം ലഭിച്ചു. ഈ നിയമം മൂലം കൈവശഭൂമിയിൽ 4479 പേർക്ക് പട്ടയം ലഭിക്കുകയും ചെയ്തു. വ്യക്തികൾക്ക് കൈവശഭൂമിയുടെ പരിധി നിശ്ചയിച്ചതും ഈ കാലഘട്ടത്തിലാണ്.

ഭൂപ്രകൃതി

നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ മൂന്നായി തരം തിരിക്കാം. 1. മലമ്പ്രദേശം 2. ഉയർന്ന കുന്നിൻ പ്രദേശം 3. താഴ്വര. പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തായി പുല്ലാണിമല, കുടിയിരുക്കമല, വെള്ളാറമല, നാട്ടിക്കൽ മല എന്നിവയാണ് ഉള്ളത്. പടിഞ്ഞാറ് ഭാഗത്ത് പോക്കോടൻ മലയുമാണ്. ഇത്രയുമാണ് മലമ്പ്രദേശം. വടശ്ശേരി ഭാഗത്തുള്ള പാമ്പേരിയൻപാറ, നെരങ്ങൻപാറ, ഓവുപാറ എന്നിവയും കുണ്ടളശ്ശേരിയിൽ പുലിയൻകുന്ന്, ഏട്ടിക്കുന്ന്, പാലയൻകാട്ടുകുന്ന്, മലയരുകുന്ന്, ഓടക്കുന്ന്, പുൽക്കുടിക്കാട്, ഓട്ടുപാറ എന്നിവയും ഉയർന്ന കുന്നിൻ പ്രദേശങ്ങളാണ്.

പതിനാല് പാടശേഖരങ്ങൾ ഉൾക്കൊള്ളുന്ന നെൽവയലുകളും, അതിനോടനുബന്ധിച്ച് കിടക്കുന്ന പറമ്പുകളും ആണ് താഴ്വര പ്രദേശം. കടലിൽ നിന്നും 300 മുതൽ 450 അടി വരെ ഉയരത്തിലാണ് കേരളശ്ശേരി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

പഞ്ചായത്തിലെ ആകെ ഭൂമിയുടെ 25 ശതമാനം കൃഷിയ്ക്കു വേണ്ടി ഉപയോഗിച്ചിരുന്നു. നമ്മുടെ കാലാവസ്ഥയിൽ സമൃദ്ധമായി വിളവ് തന്നിരുന്ന സ്വർണ്ണാലി, പൊന്നാര്യൻ, തെക്കൻചീര, വൃശ്ചികപാണ്ഡി, കരിങ്കഴമ, തവളക്കണ്ണൻ, ചേറ്റാടി തുടങ്ങിയ വിത്തുകളാണ് നാം കൃഷി ചെയ്തിരുന്നത്. വളപ്രയോഗത്തിനായി കാലിവളവും, പച്ചിലവളവും മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. ഇന്ന് പ്രചാരത്തിലുള്ള കീടനാശിനികളെപ്പറ്റി നമ്മുടെ കാരണവന്മാർ അജ്ഞരായിരുന്നു. കാരണം സ്വയം പ്രതിരോധശക്തിയുള്ള വിത്തിനങ്ങളായിരുന്നു പ്രയോഗിച്ചിരുന്നത്. പറമ്പുകളിൽ മോടൻ കൃഷി സമ്പ്രദായവും നിലനിന്നിരുന്നു. പാടങ്ങളിൽ ഇടവിളയായി ചാമ, എള്ള്, പയർ, കോറ, വേനൽ കാല പച്ചക്കറികൾ, എന്നിവയും കൃഷി ചെയ്തിരുന്നു. പഞ്ഞ മാസങ്ങളിൽ ചാമ, കാട്ടുചേമ്പ്, പനനൂറ്, മുളയരി എന്നിവ ആഹാരത്തിനായി ഉപയോഗിച്ചിരുന്നു ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ എന്നിവയെയാണ് ആശ്രയിച്ചിരുന്നത്.

തോടുകളിൽ "കിട" കെട്ടിയും കുളങ്ങളിൽ നിന്ന് ഏത്തക്കൊട്ട, തേക്ക്കൊട്ട എന്നിവ ഉപയോഗപ്പെടുത്തിയും ആണ് ജലസേചനം നടത്തിയിരുന്നത്. തോടുകളിൽ കിട കെട്ടുന്നതിനായി വാഴപ്പിണ്ടി, പനമ്പട്ട, കൈതതണ്ടുകൾ എന്നിവയാണ് ഉപയോഗിച്ചിരുന്നത്. ചാഴി ശല്യത്തിൽ നിന്ന് കൃഷിയെ രക്ഷിക്കുന്നതിന് മുറം വീശൽ, വെണ്ണീർ പരത്തൽ എന്നിവയും, കൂടപ്പുഴുവിനെ നിയന്ത്രിക്കാൻ ഒടുകിന്റെ പച്ചിലത്തോലും ചുണ്ണാമ്പും ഉപയോഗിച്ചിരുന്നു. പറമ്പുകളിൽ കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ, ഫലവൃക്ഷങ്ങൾ എന്നിവയും കൃഷി ചെയ്തിരുന്നു.

കർഷകന്റെ പുതുവർഷ ആരംഭം മേടമാസത്തിലെ അശ്വതി ഞാറ്റുവേലയോടെ

യാണ്. മേടമാസത്തിൽ കന്നുകളെ കൊണ്ട് ചാലിടൽ സമ്പ്രദായവും, കൈകോട്ട് ചാൽ ഇടുക എന്നതും നിലനിന്നിരുന്നു. തെക്കു പടിഞ്ഞാറൻ കാലവർഷത്തേയും വടക്കു കിഴക്കൻ കാലവർഷത്തേയും ആശ്രയിച്ചുള്ള കൃഷി രീതികളായിരുന്നു നിലനിന്നിരുന്നത്.

വിളയിറക്കുന്നതിന്റെ നാന്ദിയായി സമൃദ്ധമായ വിളവ് ലഭിക്കുന്നതിന് കർഷകർ ചെയ്ത് വന്നിരുന്ന ശുഭകർമ്മമാണ് ചാലിടൽ. പഴയ കാലങ്ങളിൽ കൃഷിഭൂമി ഉഴവുന്നതിന് പൂർണ്ണമായും കാളകളേയും പോത്തുകളേയും ആണ് ഉപയോഗിച്ചിരുന്നത്. കന്നുകാലികളുടെ ഐശ്വര്യത്തിനായി കൃഷിക്കാർ കയറിൻഊട്ട് തുടങ്ങിയ ആചാരങ്ങൾ നടത്തി വന്നിരുന്നു. കൃഷിക്കാരുടെ ഏക വിനോദമായിരുന്നു കാളപൂട്ട് മത്സരങ്ങൾ.

ജലസേചനത്തിനായി പരസ്പര ധാരണയോടും കൂട്ടായ്മയോടും പ്രവർത്തിച്ചു വന്നിരുന്ന പഴയ കാലഘട്ടം ഇന്നത്തെ കർഷകർക്ക് അജ്ഞാതമാണ്.

നവീനരീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ

ഭൂപരിഷ്കരണ നിയമംമൂലം ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂവുടമസ്ഥരുടെയും കൈവശം ഒരു ഹെക്ടറിൽ താഴെയാണ് ഭൂമിയുള്ളത്. ആളോഹരി കൃഷി ഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിന്റെത് 0.16 ഹെക്ടർ ആണ്. 1970 – ലെ പട്ടാമ്പി നെൽ ഗവേഷണ കേന്ദ്രം വന്നതോടു കൂടി പഴയ കാലത്തുണ്ടായിരുന്ന വിത്തുകൾ അപ്രത്യക്ഷമാവുകയും പുതിയ വിത്തുകൾ കർഷകർക്ക് ലഭിക്കുവാൻ തുടങ്ങുകയും ചെയ്തു. രാസവളങ്ങളുടെ പ്രയോഗം തുടങ്ങിയതും വിള സമ്പ്രദായത്തിൽ മാറ്റം ഉണ്ടായതും ഈ കാലഘട്ടത്തിൽ ആയിരുന്നു. കീടങ്ങളുടെ ശല്യം ഒരളവോളം വർദ്ധിച്ചു. ജലസേചനത്തിന് പമ്പുസെറ്റുകൾ കർഷകർ ഉപയോഗിക്കുവാൻ തുടങ്ങി.

1965 – ൽ തെങ്ങ് കൃഷിക്ക് വ്യാപകമായി ഉണർവ്വ് ഉണ്ടായി. ഈ കാലയളവിൽ രണ്ടു കർഷകർ റബ്ബർ കൃഷിക്കു തുടക്കം കുറിച്ചു. ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടു കൂടി കർഷകൻ നെൽവയലുകൾ നികത്തി. മേൽപറഞ്ഞ കൃഷിക്കും, ഗൃഹനിർമ്മാണത്തിനും ഉപയുക്തമാക്കാൻ തുടങ്ങി. ഇത് നീരൊഴുക്കിന്റെ ക്രമം തെറ്റാനും നീർകെട്ടുകൾ വ്യാപകമായി രൂപപ്പെടുന്നതിനും കാരണമായി.

കർഷകർക്ക് സമൂഹത്തിലുള്ള മാന്യത കുറഞ്ഞു വരുവാനും അവർ മറ്റു മേഖലകളിലേക്ക് തിരിയുവാനും തുടങ്ങിയത് കാർഷിക മേഖലയിൽ പ്രവർത്തിച്ചിരുന്ന കുടുംബങ്ങൾക്ക് വിദ്യാഭ്യാസപരമായ മുന്നേറ്റം വന്നതോടെ പൂർണ്ണമായും കർഷകരുടെ മക്കൾ വൈറ്റ് കോളർ ജോലിക്ക് ശ്രദ്ധ തിരിച്ചു. അതുതന്നെയായിരുന്നു കർഷകത്തൊഴിലാളി കുടുംബങ്ങളുടെ സ്ഥിതിയും. ഇത് മൂലം വ്യാപകമായ തോതിൽ തെങ്ങ് കൃഷിയും റബ്ബർ കൃഷിയും ആരംഭിച്ചു. ഫാമിലി ലേബർ ഇല്ലായ്മ വന്നതോടെ കർഷകത്തൊഴിലാളികളെ പൂർണ്ണമായി ആശ്രയിക്കേണ്ടി വന്നു. അത് കൃഷിയിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് മാത്രം തികയാതെ വരുകയും കൃഷി ലാഭകരമല്ലാതായി തീരുകയും ചെയ്തു. റബ്ബർ കൃഷിക്ക് പ്രാമുഖ്യം ലഭിച്ചതോടു കൂടി ഇടവിള കൃഷികൾ ഇല്ലാതായി തീർന്നു. ഇതിന്റെ ഭാഗമായി നെൽകൃഷിയിടങ്ങളും പച്ചക്കറി തോട്ടങ്ങളും നാമാവശേഷമായി കൊണ്ടിരിക്കുന്നു.

1977 കാലഘട്ടത്തിൽ തെങ്ങിന്റെ ഇടവിളയായി കൊക്കോ കൃഷി തുടങ്ങി. ഈ സംരംഭം വിപണന കേന്ദ്രവും, കൃഷി ചെയ്യുവാനുള്ള പ്രോത്സാഹനവും ഇല്ലാത്തതിനാൽ പരാജയമായിരുന്നു. ഇപ്പോൾ പഞ്ചായത്തിൽ അത് രണ്ടു കർഷകരിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

കർഷക തൊഴിലാളികളുടെ ദൗർല്ലഭ്യവും രാസവളങ്ങളുടെ വില വർദ്ധനവും, കൂലി വർദ്ധനവും, പ്രതിരോധശക്തിയുള്ള വിത്തിനങ്ങളുടെ അപര്യാപ്തതയും കൂട്ടുവിത്തു കൃഷി ചെയ്യുന്നതിനുള്ള കർഷകന്റെ പ്രവണതയെ വർദ്ധിപ്പിക്കുന്നു.

1977 നു ശേഷം തിരുവിതാംകൂർ, കൊച്ചി ഭാഗത്തു നിന്നുള്ള കർഷകരുടെ കുടിയേറ്റം ഒരളവോളം റബർ കൃഷിക്ക് പ്രചോദനമേകുകയും തദ്വാര ഈ വില്ലേജിലെ കർഷകർക്ക് റബ്ബർ കൃഷി ചെയ്യുന്നതിനുള്ള ഔത്സുക്യം വർദ്ധിക്കുകയും ചെയ്തു. നിലവിൽ 10 ഹെക്ടറിൽ നിന്ന് ഏകദേശം 600 ഹെക്ടറായി റബ്ബർ കൃഷി വർദ്ധിച്ചു. മുഖ്യ വിളയായ റബ്ബറിനു ഉൽപ്പാദനക്ഷമത ഹെക്ടറിനു 1500 കി. ഗ്രാം ആണ്. കേരള ത്തിന്റെയും 1500 ആണ്. നവീനരീതിയിലുള്ള കൃഷി സമ്പ്രദായത്തിന്റെ കാലഘട്ടത്തിലാണ് 1958-ലെ മലമ്പുഴ അണക്കെട്ടിൽ നിന്നും ജലസേചന സൗകര്യം ലഭിച്ചതോടു കൂടി 1931 – ലെ സെറ്റിൽമെന്റ് രേഖ പ്രകാരമുണ്ടായിരുന്ന നെൽവയലിൽ 550.70 ഹെക്ടർ 572.50 ഹെക്ടറായി കൂടുകയും രണ്ടാം കഴിയുകയും ചെയ്തു. ആ സമയത്താണ് പറമ്പുകൾ കിളച്ചിട്ട് വയലുകളായി മാറിയത് എന്നത് ഒരു സത്യമാണ്. പക്ഷേ പിന്നീട് ആദ്യം പ്രസ്താവിച്ച പോലെ വീണ്ടും പാടങ്ങൾ നികത്തി. ഇപ്പോൾ 512 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു.

വിള മെച്ചപ്പെട്ട രീതിയിൽ കൃഷി ചെയ്യുവാൻ

പട്ടിക I

ഭൂപ്രകൃതി (CESS REPORT)

നമ്പർ	ഭൂപ്രകൃതി	വിസ്തീർണ്ണം ഹെക്ടർ	ശതമാനം
1	മലമ്പ്രദേശം	375.00	15.65
2	ഉയർന്നകുന്നിൻ പ്രദേശം	718.60	29.97
3	താഴ്വരകൾ	1302.00	54.38

പട്ടിക II

നമ്പർ	ഭൂപരിധി	പട്ടയം ലഭിച്ച വരുടെ എണ്ണം	വിസ്തീർണ്ണം ഹെക്ടർ
1	1 ഹെക്ടറിനു താഴെ	4253	630
2	1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ	422	824
3	2 ഹെക്ടറിനു മുകളിൽ	61	664

പട്ടിക III ഭൂവിനിയോഗം Cess Report

ക്രമ നമ്പർ	വിനിയോഗം	വിസ്തീർണ്ണം ഹെക്ടർ	ശത മാനം
1	നെല്ല്	512.00	21.37
2	തെങ്ങ്	520.00	21.71
3	റബ്ബർ	600.00	25.05
4	മിശ്രമരങ്ങൾ	250.00	10.43
5	പുറംപോക്ക് വനം, തരിശ്	277.9793	11.56
6	പയർ	15.26	0.62
7	പച്ചക്കറി	22.15	0.91
8	കുരുമുളക്	50.8	2.08
9	കവുങ്ങ്	5.2	0.2
10	പൈനാപ്പിൾ	10.00	0.41
11	കിഴങ്ങുവർഗ്ഗങ്ങൾ	10.10	0.41
12	കശുമാവ്	78.00	3.23
13	വാഴ	51.121	2.12
14	കൊക്കൊ	2.00	0.08
	ആകെ	2395.6083	100.00

മണ്ണ്

മലമ്പ്രദേശത്ത് ചരൽ കലർന്ന ചുവന്ന മണ്ണും, ഉയർന്ന കുന്നിൻ പ്രദേശത്ത് വെട്ടുകൽ മണ്ണും, താഴ്വരകളിൽ മണൽ കലർന്ന പശിമരാശി മണ്ണും കാണപ്പെടുന്നു.

പട്ടിക 4

ക്രമ നമ്പർ	മണ്ണിന്റെ ഘടന	വിസ്തീർണ്ണം	ശതമാനം
1	ചരൽകലർന്ന ചുവന്ന മണ്ണ്	375.00	15.65
2	വെട്ടുകൽ മണ്ണ്	718.60	29.97
3	മണൽ കലർന്ന പശിമരാശി മണ്ണ്	1302.00	54.38

കൃഷി ഭവൻ രേഖകൾ പ്രകാരം മണ്ണിന്റെ ഗുണനിലവാരം ചുവടെ ചേർക്കുന്നു.

വർദ്ധിച്ചു വരുന്ന രാസവള പ്രയോഗം മൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചു വരുന്നതായിട്ടാണ് കാണുന്നത്. മണ്ണിലെ PH ഘടകം 5 മുതൽ 7 വരെയുള്ളതായിട്ടാണ് കാണപ്പെടുന്നത്.

നെൽകൃഷി – ഉൽപ്പാദനക്ഷമത

പഴയയിനം വിത്തിനങ്ങൾക്ക് ഉൽപ്പാദന ക്ഷമത ശരാശരി 2000 കിലോഗ്രാം മുതൽ 2500 കിലോഗ്രാംവരെയാണ് കാണുന്നത്. സങ്കരയിനം നെൽവിത്തിനങ്ങൾക്ക് ഹെക്ടറിന്നു 2800 കിലോഗ്രാം മുതൽ 3750 കിലോഗ്രാം വരെയാണ്.കർഷകർ ഭൂരിഭാഗവും സങ്കരയിനം നെൽവിത്തുകൾ ഉപയോഗിക്കാൻ തുടങ്ങി യിട്ടുണ്ട്.

ചില സ്ഥലങ്ങളിൽ വിരുപ്പും മുണ്ടകനും വിത്തുകൾ കൂട്ടിചേർത്ത് കൂട്ടുവിത്ത് കൃഷി സമ്പ്രദായം നിലവിൽ ഉണ്ട്. കൃഷി ലാഭകരമല്ലാത്തതിനാലും കർഷകത്തൊഴി ലാളികളുടെ ക്ഷാമം അനുഭവപ്പെടുന്നതു കൊണ്ടും കർഷകർ കൂട്ടുവിത്തു സമ്പ്രദായ ത്തിന് നിർബന്ധിതരായിരിക്കുന്നു.

നെൽകൃഷി വിള വിസ്തീർണ്ണം

പട്ടിക 5

ക്രമനമ്പർ	വിള	വിസ്തീർണ്ണം ഹെക്ടർ
1	ഒന്നാം വിള	512
2	രണ്ടാം വിള	428
3	മൂന്നാം വിള	–

ഇടവിളകളുടെ വിവരങ്ങൾ

10 കൊല്ലം മുമ്പ് വരെ അതായത് 1980 – ൽ മരച്ചീനി, ചേമ്പ്, ചേന, കൂർക്ക മറ്റു കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തിരുന്നു. മരച്ചീനിക്കുള്ള വിലക്കുറവ്, വിപണന സൗകര്യത്തിന്റെ അപര്യാപ്തത എന്നിവ കർഷകരെ മരച്ചീനികൃഷിയിൽ നിന്നു പിൻതിരിപ്പിച്ചു. കഴിഞ്ഞ 10 വർഷമായി കാട്ടുപന്നിയുടെ ശല്യവും വർദ്ധിച്ചിട്ടുണ്ട്. ഗ്രാമസഭ റിപ്പോർട്ടുകളിൽ ഈ പ്രശ്നം ഉയർന്നു വന്നിട്ടുണ്ട്. പറമ്പുകളിൽ റബ്ബർ കൃഷി ചെയ്തു തുടങ്ങിയതിനാൽ ഇടവിള കൃഷികൾ അപ്രത്യക്ഷമായി എന്ന കാര്യം സൂചിപ്പിക്കുന്നതിൽ അതിശയോക്തിയില്ല..

വളം

വളപ്രയോഗത്തിന്റെ തോത്

ഈ പഞ്ചായത്തിൽ കൃഷിക്ക് ഉപയോഗിക്കുന്നതിൽ 90 ശതമാനവും രാസവളമാണ്. ഇത് ശാസ്ത്രീയ രീതിയിലല്ല പ്രയോഗിക്കപ്പെടുന്നത്. കൃഷിച്ചെലവിന്റെ അനാവശ്യമായ വർദ്ധനവിന് ഇത് കാരണമാകുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗരീതിയില്ല. ജൈവവളവും വളരെ വിരളമായി മാത്രമെ ഉപയോഗിക്കുന്നുള്ളൂ. പച്ചിലവളവും കന്നുകാലി വളവും ആവശ്യമായ അളവിൽ ലഭ്യമല്ലാത്തതാണ് കാരണം. ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു രാസവളഡിപ്പോയും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നാല് രാസവളം ഡിപ്പോയും ഉണ്ട്.

വളം വിൽപ്പനയുടെ വിശദവിവരങ്ങൾ

പട്ടിക – 6

വർഷം	നൈട്രജൻ N	ഫോസ്ഫേറ്റ് P	പൊട്ടാഷ് K
1991	132	37	45
1992	130	38	50
1993	140	49	71
1994	125	29	60
1995	135	49	70
1996	152	58	80

കീടനാശിനികൾ

നെല്ല്, പച്ചക്കറി, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചുവരുന്നത്. കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലോ ശാസ്ത്രീയമായ രീതിയോ ഉപയോഗിക്കാറില്ല. ഇത് സൂചിപ്പിക്കുന്നത് കർഷകർക്ക് അതിന്റെ വ്യക്തമായ വിവരങ്ങൾ കൃഷിഭവൻ മുഖാന്തിരം കിട്ടുന്നില്ല എന്നതാണ്. അതിനു വേണ്ട നിർദേശങ്ങൾ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തണം.

കാർഷികോപകരണങ്ങൾ

ഈ പഞ്ചായത്തിൽ കാർഷികോപകരണങ്ങൾ കൃഷിഭവൻ മുഖാന്തിരം പാടശേഖരങ്ങൾക്കും, വ്യക്തികൾക്കും കൊടുത്തു കൊണ്ടിരിക്കുന്നു. അതിൽ 14 പാടശേഖരങ്ങൾ ആണ് ഉള്ളത്. അതിൽ നാല് പാടശേഖരത്തിനേ ട്രില്ലർ ഉള്ളു അതുപോലെ 10 നാപ്സ്റ്റാക്ക് സ്പ്രെയർകൾ ആണുള്ളത്. മുഴുവൻ പാടശേഖരത്തിനും ഇല്ല. അത് മുഴുവൻ പാടശേഖരത്തിനും കിട്ടേണ്ട സംവിധാനം ഉണ്ടാക്കേണ്ടതാണ്. വ്യക്തികൾക്ക്

പമ്പ് സെറ്റ് കൊടുക്കുന്നുണ്ട്. അത് മുഴുവൻ കർഷകർക്കും മുൻഗണനപ്രകാരം നൽകാനുള്ള സംവിധാനം ഏർപ്പെടുത്തണം.

നമ്മുടെ നാട്ടിൻപുറത്ത് പഴയ കർഷകർ ഉഴുവാൻ ഉപയോഗിച്ചിരുന്ന ഉഴവുകാള അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. ഇപ്പോൾ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും കൂടി 20 ജോഡി ഉഴവുകാളകളെയുള്ളൂ.

ഇപ്പോഴുള്ള ട്രില്ലറുകൾ പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും ഉപയോഗിക്കാൻ അപര്യാപ്തമാണ്. അതുകൊണ്ട് സമീപ പഞ്ചായത്തുകളിലെ ട്രില്ലറുകളും, ട്രാക്ടറുകളും ആശ്രയിച്ചു വരുന്നു.

പട്ടിക 8

പാടശേഖര സമിതികളുടെ വിശദാംശങ്ങളും വിളക്രമങ്ങളും

ക്രമ നമ്പർ	പാടശേഖരത്തിന്റെ പേര്	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
1	വെള്ളറണ്ട പാടശേഖരം	നെല്ല്	നെല്ല്	–
2	അയനാറി പാടശേഖരം	”	”	–
3	കാച്ചനാടി പാടശേഖരം	നെല്ല് വാഴ	നെല്ല് വാഴ	–
4	വെണ്ണടി പാടശേഖരം	നെല്ല്	നെല്ല്	–
5	ചിറപ്പാടശേഖരം	”	”	–
6	പെരുമ്പി പാടശേഖരം	നെല്ല് വാഴ	”	–
7	പെരുണ്ടപാടശേഖരം	നെല്ല്	”	–
8	പട്ടത്ത് ശിവ പാടശേഖരം	”	”	–
9	അമ്പല പാടശേഖരം	”	”	–
10	ചീനല്ലിപുറം പാടശേഖരം	നെല്ല് വാഴ	നെല്ല് വാഴ	–
11	പൂതം പാടശേഖരം	നെല്ല്	നെല്ല്	–
12	കള്ളപ്പാടി പാടശേഖരം	നെല്ല് വാഴ	നെല്ല് വാഴ	–
13	കിഴക്കുമുറി പാടശേഖരം	”	”	–
14	പഴങ്ങോട്ടു പാടശേഖരം	”	”	–

കൃഷി ഭവൻ മുഖാന്തിരം പാടശേഖങ്ങളിലുള്ള യന്ത്രോപകരണങ്ങൾ
പട്ടിക 7

ക്രമ നമ്പർ	യന്ത്രോപകരണങ്ങളുടെ വിവരം	എണ്ണം
1	ട്രില്ലർ	4
2	നാപ്സ്റ്റാക്ക് സ്പ്രെയർ	10

പാടശേഖരങ്ങളുടെ വിവരങ്ങൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിക്കാൻ വേണ്ടിയും ഗ്രൂപ്പ് ഫാമിങ്ങ് കൃഷിരീതി ആവിഷ്കരിക്കാൻ വേണ്ടിയും ആണ് പാടശേഖരസമിതികൾ രൂപീകരിച്ചത്. പക്ഷേ പാടശേഖരസമിതികൾ രൂപീകരിച്ചപ്പോൾ ചില പാടശേഖരങ്ങൾ ഗ്രൂപ്പ് ഫാമിങ്ങ് കൃഷി രീതി ആവിഷ്കരിച്ചു. പിന്നെ അത് ഇല്ലാതാവുകയും ചെയ്തു.റിപ്പോർട്ടിന്റെ ആദ്യം പറഞ്ഞതു പോലെ കർഷകർക്ക് അതിൽ താത്പര്യമില്ലാത്തതിനു കാരണം വേണ്ടത്ര നിർദ്ദേശങ്ങളുടെ ദൗർലഭ്യമാണ്. ഈ മേഖലയിൽ അവർക്ക് ബോധവൽക്കരണം നൽകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതു കൊണ്ട് ബോധവൽക്കരണം നൽകുവാൻ ബന്ധപ്പെട്ട അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

കൂലി നിരക്ക്

ഈ പഞ്ചായത്തിൽ മുമ്പു കാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കർഷക തൊഴിലാളികളുടെ എണ്ണം കുറവാണ്. അവരിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിച്ചത് മൂലവും മാറ്റവും, കൃഷിയോടുള്ള ആഭിമുഖ്യക്കുറവും, ഈ എണ്ണക്കുറവിന് കാരണ മായിട്ടുണ്ട്. (2000 കർഷകകുടുംബങ്ങളിൽ 1250 കുടുംബങ്ങൾ ആണ് കൃഷി മുഖ്യ ഉപനജീവനമാർഗ്ഗമായി ആശ്രയിക്കുന്നത്) പഞ്ചായത്തിലെ മൊത്തം 3200 കുടുംബങ്ങളിൽ ഏകദേശം 1200 കർഷകത്തൊഴിലാളികളാണുള്ളത്.

കർഷക തൊഴിലാളികളിൽ പുരുഷന്മാർ 500, സ്ത്രീകൾ 700 ആണ്. അവരുടെ കൂലിനിരക്ക് 60 രൂപയും 35 രൂപയുമാണ്. നിലവിൽ ഏകീകൃത നിരക്ക് ഇല്ല.

കാർഷിക വായ്പ

കാർഷിക വായ്പയുടെ കാര്യം പറയുമ്പോൾ ഈ പഞ്ചായത്തിൽ ആകെ 3 ബാങ്കുകൾ ഉണ്ട്. രണ്ട് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ബാങ്കുകളും ഒന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും ആണ്. ഈ ബാങ്കുകൾ ഇവിടെ ഉണ്ടെങ്കിലും കർഷകർക്കു വേണ്ട സമയത്ത് കാർഷിക വായ്പകൾ ലഭ്യമാകുന്നില്ല.

കർഷകർ വിളയിറക്കേണ്ട സമയത്ത് അപേക്ഷിച്ചാൽ വായ്പ ലഭിക്കുവാൻ ചുരുങ്ങിയത് 3 മാസം കാലയളവ് എടുക്കുന്നു. വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികാരികൾ നൽകുകയും ആവശ്യമായ സമയത്ത് കൊടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

ജലസേചനം

കേരളശ്ശേരി പഞ്ചായത്തിൽ രണ്ട് പ്രധാനപ്പെട്ട കനാലുകൾ ആണ് ഉള്ളത്. ഒന്ന് മലമ്പുഴ കനാലും മറ്റേത് കാഞ്ഞിരപ്പുഴ കനാലുമാണ്. അതിൽ മലമ്പുഴ ജലസേചന പദ്ധതിയിൽ നിന്നും 302.51 ഹെക്ടർ സ്ഥലത്തേക്കും. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിൽ നിന്ന് 50 ഹെക്ടർ സ്ഥലത്തേക്കും വെള്ളം ലഭിക്കുന്നു. ഇതിൽ രണ്ടാമത്തെ

ജലസേചന പദ്ധതിയായ കാഞ്ഞിരപ്പുഴ കനാലുണ്ടെങ്കിലും അതിന്റെ ആയക്കെട്ടു പ്രദേശത്ത് മിക്ക ഭാഗത്തും വെള്ളം കിട്ടുന്നില്ല. അതിന്റെ പണികൾ പൂർത്തിയാക്കി ബാക്കി സ്ഥലത്തും ലഭിക്കുകയാണെങ്കിൽ 50 ഹെക്ടർ സ്ഥലത്തു കൂടി വെള്ളം ലഭിക്കും. അതുപോലെ ആ കനാൽ മറ്റു പ്രദേശങ്ങളിൽ (കേരള ശ്രേരിയുടെ 3,7 എന്നീ വാർഡി ൽപ്പെടുന്ന) നീട്ടുകയാണെങ്കിൽ അവിടെയുള്ള കർഷകർക്ക് വളരെ ഉപകാരപ്രദമായിരിക്കും.

തോടുകളെ സംബന്ധിച്ച വിവരം

പട്ടിക–10

ക്രമ നമ്പർ	തോടുകളുടെ പേര്	നീളം കി.മി.	വീതി മീ.
1	പുലാണിപ്പറമ്പ് നിന്ന് തുടങ്ങി കുറിക്കംപടിയ്ക്കൽ അവസാനിക്കുന്നു.	2	3
2	കണ്ണംചിറയിൽ നിന്ന് തുടങ്ങി കലൂർ റോഡ് വരെ	1.9	2.5
3	കിഴക്കേക്കരയിൽ നിന്ന് തുടങ്ങി കണ്ണൻചിറയിൽ അവസാനിക്കുന്നു.	1	1.5
4	കണ്ണേരിപടിക്കൽ തുടങ്ങി വേങ്ങശ്ശേരി തോട്ടിൽ	0.3	3
5	മലയർക്കിൽ തുടങ്ങി വേങ്ങശ്ശേരി തോടിൽ ചേരുന്നു	1	1.5
6	കുനിയംചോലയിൽ നിന്ന് തുടങ്ങി രാപ്പുവൈദ്യരുടെ പടിക്കൽ ചേരുന്നു	1	1.5
7	പൊയകുടിപടികളിൽ നിന്ന് പട്ടിയാൽ വഴി വലിയ തോട്ടിൽ ചേരുന്നു	2.5	2.5
8	അത്തികുറുശ്ശി പടിക്കലിൽ നിന്നു തുടങ്ങി പട്ടിയാലിൽ ചേരുന്നു	0.5	2
9	കൊല്ലക്കൊട്ടു പാറയിൽ നിന്നു തുടങ്ങി വലിയ പാറയിൽ ചേരുന്നു	1	2
10	രംഗനാഥറോഡിൽ നിന്നു തുടങ്ങി പടിഞ്ഞാറെ വേങ്ങശ്ശേരി തോട്ടിൽ ചേരുന്നു	3	2.5
11	കരിയംകുളത്തിനു തുടങ്ങി നബിരിതി തോട്ടിൽ അവസാനിക്കുന്നു	1.5	1.5
12	കിഴക്കുമുറി പാടശേഖരത്തിലുള്ള റോഡ് വലിയ തോട്ടിൽ അവസാനിക്കുന്നു	1.5	2
13	തോണിപ്പാടത്തു നിന്നു തുടങ്ങി കുറിക്കംപടിക്കൽ അവസാനിക്കുന്നു	3	3

ക്രമ നമ്പർ	തോടുകളുടെ പേര്	നീളം കി.മി.	വീതി മീ.
14	അയനാറി നിന്ന് തുടങ്ങി തഴെതതോടിൽ ചേരുന്നു	2	2
15	ചുണ്ടത്തു പാടത്തു നിന്നു തുടങ്ങി പൂതൻപാട തോടിൽ ചേരുന്നു	1	1
16	അയ്യപ്പൻമലയിൽ നിന്നും തുടങ്ങി പൂതൻപാടതോടിൽ ചേരുന്നു	2	2.5
17	വെണ്ണടിഭാഗത്തു വഴി പെരുമ്പിപാടത്തു നിന്നും വരുന്ന തോട് പോത്തൻകുന്നു വരെ എത്തുന്ന തോട് വേങ്ങശ്ശേരിയിൽ മുട്ടുന്നു	5	2
18	മാനിയംകുന്ന്, കൊടിയത്തു വഴി വേലൻകോട് കള്ളിക്കൽ തോട് വേങ്ങശ്ശേരി തോട്ടിൽ ചേരുന്നു	2	2.5
19	പഴങ്ങോട്ടുപാടം തോട് – പൂതൻപാടം തോടുമായി എത്തുന്നത്	2	2.5

തോടുകൾ

ഈ പഞ്ചായത്തിൽ ഏകദേശം 21 ചെറിയ കൈത്തോടുകൾ 25 കി.മി. നീളത്തിലുണ്ട്. അത് 14 പാടശേഖരങ്ങളിലായി സ്ഥിതി ചെയ്യുന്നു. മഴക്കാലങ്ങളിൽ കൂടുതലായി വരുന്ന വെള്ളം കൃഷിയിടങ്ങളിൽ നിന്ന് ഈ തോടുകളിലേക്ക് തിരിച്ചു വിടുവാനും കൃഷി സ്ഥലത്ത് കൃഷിയെ സംരക്ഷിക്കാനുമായിരുന്നു ഈ തോടുകൾ നിർമ്മിച്ചത്. ഇപ്പോൾ മഴക്കാലങ്ങളിൽ ഈ തോടുകൾ ഇടിഞ്ഞ് കൃഷിക്ക് നാശമുണ്ടാക്കുന്നു. പണ്ട് ഈ തോടുകൾ സംരക്ഷിച്ചിരുന്നത് കൃഷിക്കാരായിരുന്നു. ഇപ്പോൾ പഞ്ചായത്ത് പരിധിയിൽ വന്നതോടെ സംരക്ഷണം ഇല്ല. കുണ്ടളശ്ശേരിയുടെ അതിർത്തിയിൽ കൂടി കടന്നു പോകുന്ന വലിയ തോടാണ് മറ്റൊന്ന്. അതിന്റെ വീതി 12 മീറ്ററോളം വരും. ഈ പ്രധാന തോടിൽ നിന്നുമാണ് രണ്ടാം വിളക്ക് കർഷകർ ജലം ഉപയോഗിച്ചിരുന്നത്. ഈ തോടിന്റെ ശിവ എന്ന പ്രദേശത്ത് നീരുറവകൾ ഉണ്ട്. അത് വേണ്ടത്ര വിധത്തിൽ പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

തോടുകളെ സംബന്ധിച്ച വിവരം

മുകളിൽ പറഞ്ഞ തോടുകൾ സംരക്ഷിക്കുകയാണെങ്കിൽ കൃഷിക്ക് നാശങ്ങൾ വരാതെ കഴിക്കാം. മറ്റൊന്ന് മണ്ണാലിപ്പ് തടയാനും വെള്ളം മിതമായ നിലയ്ക്ക് ഉപയോഗിക്കാനും കഴിയും.

കുളങ്ങൾ

ഈ പഞ്ചായത്തിൽ പണ്ടു കാലത്ത് പാടശേഖരങ്ങളുടെ മേൽഭാഗത്ത് ഓരോ

കുളങ്ങൾ ഉണ്ടായിരുന്നു. അത് ഇന്ന് വ്യക്തികളുടെ കൈവശമാണ്. പിന്നെ ചിലവ തൂർന്ന് പോവുകയും ചെയ്തു. ഇപ്പോൾ 12 പ്രധാനകുളങ്ങളാണ് ഉള്ളത്. ഗ്രാമസഭയിൽ ഉയർന്നു വന്ന ചർച്ചയിൽ ഈ കുളങ്ങൾ വൃത്തിയാക്കി കൃഷിയാ വശ്യത്തിനുപയോഗി ക്കണമെന്ന നിർദ്ദേശങ്ങൾ വന്നിരിക്കുന്നു. അങ്ങിനെയാണെങ്കിൽ 100 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് ജലസേചന സൗകര്യം ഉണ്ടാകും.

കുളങ്ങളുടെ വിവരങ്ങൾ

പട്ടിക 11

ക്രമനമ്പർ	കുളങ്ങളുടെ പേര്	വാർഡ്
1	ചിറക്കുളം	7
2	മലക്കുളം	7
3	വലിയകുളം	5
4	കൂട്ടാലകുളം	4
5	ഒറവിലെകുളം	5
6	കൊല്ലംകൊടുകുളം	5
7	പുത്തൻകുളം	5
8	വരാംതോടുകുളം	3
9	നന്ദിയംകോട്ടുവകകുളം	3
10	കണ്ണേരിതങ്കയുടെകുളം	7
11	കൊടിയത്തുകുളം	3
12	നാഗകുളങ്ങരകുളം	2
13	ശങ്കരമംഗലംകുളം	2
14	മുർഖൻകുളം	8
15	യക്കികാവിൽകുളം	5
16	വെള്ളാറകുളം	6
17	വെള്ളാറണ്ടകുളം	4
18	ചാത്തൻകുളം	5

മണ്ണ് ജല സംരക്ഷണം

ഈ പഞ്ചായത്തിൽ ചെരിവുള്ള പ്രദേശങ്ങളായതിനാൽ വളരെ അധികം മണ്ണ്, മണ്ണൊലിപ്പു മൂലം നഷ്ടപ്പെടുന്നുണ്ട്. അതോടൊപ്പം തന്നെ മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെടുന്നു. കാര്യമായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ നടത്തിയിട്ടില്ല. അതിനു വേണ്ട കാര്യങ്ങൾ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

നഴ്സറികൾ

ഈ പഞ്ചായത്തിൽ ആകെ ഗവൺമെന്റ് അംഗീകാരത്തോടു കൂടി നടത്തുന്ന ഒരു നഴ്സറിയുണ്ട്. 92-93 ൽ ആണ് തുടങ്ങിയത്. ആ നഴ്സറി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ, കവുങ്ങ് തൈകൾ, കുരുമുളക് വള്ളി, മാഞ്ചിയം, തേക്കിൻ തൈകൾ, മട്ടി തൈകൾ എന്നിവ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ 2 റബ്ബർ ബോർഡ് അംഗീകൃത റബ്ബർ നഴ്സറികളുമുണ്ട്. 1 വടശ്ശേരി 2 ചീരക്കുഴി

കൃഷി ഭവൻ

1987 ൽ സപ്തംബർ മാസം 1-ാം തിയ്യതി കൃഷി ഭവൻ പഞ്ചായത്തടിസ്ഥാനത്തിൽ വന്നു. കൃഷി ഭവനിൽ ഒരു ഓഫീസറും 2 കൃഷി അസിസ്റ്റന്റുമാരും ഉണ്ട്. കാർഷിക മേഖലയിലെ സമഗ്രമായ പുരോഗതിക്കുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പഞ്ചായത്തിലെ പ്രധാനപ്പെട്ട കൃഷി നെൽകൃഷിയായതു കൊണ്ട് ഈ പഞ്ചായ ത്തിൽ കൃഷിഭവൻ മുഖാന്തിരം 14 പാടശേഖരങ്ങൾ രൂപീകരിച്ചു. ഗ്രൂപ്പ് ഫാമിങ്ങ് നടപ്പിൽ വരുത്തി. പക്ഷേ അത് ഫലവത്തായില്ല. അതു പോലെ നാളികേര വികസന സമിതികൾ നിലവിൽ വന്നു. അവ ഇന്നു സജീവമായി പ്രവർത്തിക്കുന്നില്ല. കൃഷി ഭവൻ തെങ്ങു വികസനത്തിനും, കുരുമുളകു വികസനത്തിനും,

കശുമാവ് വികസനത്തിനും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പക്ഷേ കർഷകർക്ക് വേണ്ടവിധത്തിൽ ഉപകരിക്കുന്നില്ല കാരണം വേണ്ട സമയത്ത് മുകളിൽ പറഞ്ഞ തൈകൾ ലഭിക്കാതിരിക്കുന്നതാണ്.

കൃഷിഭവനിൽ നിന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കിയ വിവരങ്ങൾ

പട്ടിക 12

ക്രമ നമ്പർ	കൃഷിഭവൻ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതി	തുക	വർഷം
1	ജൈവവളം	53,000	92-93 to 96-97
2	കശുമാവ്	1,17,705	"
3	കുരുമുളക്	1,16,281	"
4	നെല്ല്	17,26,372	"
5	തെങ്ങ്	2,40,921	"
6	പട്ടികജാതി വികസനം	5,14,328	"
7	മറ്റുപദ്ധതികൾ	2,65,773	"

പഞ്ചായത്തു പുറംപോക്കു സ്ഥലത്തിന്റെ വിവരങ്ങൾ

ഈ പഞ്ചായത്തിൽ പുറംപോക്കു സ്ഥലങ്ങളെ ഏഴായി ഭാഗിച്ചിരിക്കുന്നു.അത് PWD റോഡ്, പഞ്ചായത്ത് റോഡ്, പഞ്ചായത്ത് ഇടവഴി, കനാൽ, നിക്ഷിപ്ത വനം, തോട്. തരിശ് എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. അതിന്റെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 13

നമ്പർ	ഇനങ്ങൾ	ബ്ലോക്ക് വിസ്തീർണ്ണം
1	PWD റോഡ്	7.2697
2	പഞ്ചായത്ത് റോഡ്	27.6843
3	പഞ്ചായത്ത് ഇടവഴി	23.0577
4	കനാൽ	58.7012
5	നിക്ഷിപ്ത വനം	149.8457
6.	തോട്	11.1071
7	തരിശ്	0.3136
	ആകെ	277.9793

പ്രശ്നങ്ങൾ

1. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകൾ എല്ലാം പൂർത്തിയായിട്ടുണ്ടെങ്കിലും പദ്ധതികൾ കമ്മീഷൻ ചെയ്യാത്തതിനാൽ കൃഷിക്ക് വെള്ളം ലഭിക്കുന്നില്ല.

2. ചിറപ്പാടം തോട്ടിൽ നിർമ്മിച്ചിട്ടുള്ള തടയണ വേണ്ടത്ര പ്രയോജനകരമല്ല.

3. മലമ്പുഴ ആയകെട്ട് പ്രദേശത്ത് തോടുകൾ പൊട്ടി കൃഷിക്ക് നാശമുണ്ടാക്കുന്നു. ആദ്യ വിളക്ക് ഇതു കാരണം മിതമായ വെള്ളം കിട്ടുന്നില്ല.

4. 14 പാടശേഖരങ്ങളിലുമുള്ള തോടുകൾ പൊട്ടി കൃഷിക്ക് നാശം സംഭവിക്കുന്നു.

5. നെൽകൃഷി സ്ഥലങ്ങൾ തുണ്ടു തുണ്ടുകൾ ആയതിനാൽ ഉൽപാദനചിലവ് കൂടുന്നു.

6. കർഷകതൊഴിലാളികളുടെ കുറവും കൂലി വർദ്ധനയും കാർഷിക മേഖലയിലെ മറ്റൊരു പ്രശ്നമാണ്.

7. കർഷക തൊഴിലാളികളുടെ സമയനിഷ്ഠ ഇല്ലായ്മ ഒരു പ്രശ്നമാണ്.

8. വിപണന സൗകര്യമില്ലായ്മ മറ്റൊരു

പ്രശ്നം

9. ഉൽപന്നങ്ങൾക്ക് മിതമായ വില ലഭിക്കാറില്ല.

10. മണ്ണിന്റെ കുറഞ്ഞു വരുന്ന ഫലഭൂയിഷ്ഠത് ഉൽപാദനക്കുറവിന് ഇടയാക്കി.

11. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ - കാട്ടുപന്നി - വർദ്ധിച്ച തോതിൽ വിള നശിപ്പിക്കുന്നു.

12. പഴയ വളർത്തു കാടുകൾ ഇല്ലാത്തതിനാൽ പച്ചയില വളങ്ങൾ ലഭ്യമാകുന്നില്ല.

13. പഴയ വളർത്തു കാടുകളിൽ സർക്കാർ അക്കേഷ്യ വെച്ചു പിടിപ്പിച്ചതു മൂലം ആ പ്രദേശങ്ങളിലുള്ള പാടശേഖരങ്ങളിൽ വെള്ളക്കുറവ് അനുഭവപ്പെടുകയും, തദ്ദാര കൃഷി ഇറക്കാൻ പറ്റാത്ത സ്ഥിതിവിശേഷം ഉണ്ടാവുകയും ചെയ്തിരിക്കുന്നു.

14. ജലസേചനകുറവു കാരണം തെങ്ങു കൃഷിയിൽ വേണ്ടത്ര ഉൽപാദനക്ഷമത കൈവരിക്കാൻ സാധിക്കുന്നില്ല.

15. കൃഷിയിടങ്ങളിൽ പമ്പുസെറ്റുകൾ വെച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ കിട്ടാത്തവർ നിരവധിയാണ്. ഇത് ഒരു പ്രധാന പ്രശ്നമാണ്.

ഉൽപ്പാദനക്ഷമത കുറയുന്നതിന്റെ കാരണം. :

16. ശാസ്ത്രീയമായ വളപ്രയോഗങ്ങൾ സ്വീകരിക്കാത്തതു കൊണ്ടാണ്.

17. വേനൽകാലത്ത് കന്നുകാലികളെ അഴിച്ചു വിടുന്നതു കാരണം പുഞ്ചകൃഷിയോ അതുപോലുള്ള പച്ചക്കറികൃഷികളോ ചെയ്യാൻ സാധിക്കാതെ വരുന്നു.

18. അത്യുൽപ്പാദന ശേഷിയുള്ളതും രോഗപ്രതിരോധ ശക്തിയുള്ളതുമായ വിത്തിനങ്ങളും തൈകളും വേണ്ട സമയത്ത് വേണ്ടത്ര ലഭിക്കുന്നില്ല.

19. ഫലപ്രദമായ ഗ്രൂപ്പ് ഫാമിങ്ങ് നിലവിലില്ല.

20. മണ്ണൊലിപ്പ് ഫലഭൂയിഷ്ടതയെ കാര്യമായി ബാധിക്കുന്നു.

21. ശാസ്ത്രീയ കൃഷി അവലംബിച്ചു തുടങ്ങിയുട്ടുണ്ടെങ്കിലും ട്രാക്ടർ, ട്രില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ കൊണ്ടു പോകാനും അതുപോലെ കാർഷികോൽപ്പന്നങ്ങൾ കൊണ്ടുവരാനും ഗതാഗത സൗകര്യ കുറവുണ്ട്.

22. മണ്ണു പരിശോധന അടിസ്ഥാനത്തിലുള്ള വളപ്രയോഗം കർഷകർ അവലംബിക്കാറില്ല.

23. കാർഷിക വായ്പാ ആവശ്യമായ സമയത്ത് ലഭ്യമാകുന്നില്ല.

24. കർഷകർക്ക് കാർഷിക വായ്പയിൽ പലിശയിളവ് അർഹമായ തോതിൽ ലഭിക്കുന്നില്ല.

25. റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റി രൂപവൽക്കരണം അത്യന്താപേക്ഷിത മാണ്.

26. കൃഷിയിൽ അനുഭവപ്പെടുന്ന ദൈനംദിന പ്രശ്നങ്ങളെ പരിഹരിക്കാൻ കൃഷി ഭവൻ

ഒൻപതാംപദ്ധതി ജനകീയാസൂത്രണം

കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

8-12-96 ന്

വികസന സെമിനാറിൽ

അവതരിപ്പിച്ച അനുബന്ധ റിപ്പോർട്ടുകൾ

ഗ്രൂപ്പ് : 1 കൃഷി, ജലസേചനം

ആകെ രജിസ്റ്റർ ചെയ്തവർ : 22

ഗ്രൂപ്പ് അദ്ധ്യക്ഷൻ : എം. പി നാരായണൻകുട്ടി.

പേജ് 13ൽ 2 (കോളം)

1 ന്യായമായ വില ലഭിക്കുന്നില്ല എന്നത് കൂടി ചേർക്കുക.

2 വിദ്യാഭ്യാസ കുറവ്, കൃഷിപണിയിൽ കർഷകതൊഴിലാളികൾക്ക് താല്പര്യകുറവ് ഉണ്ട്.

പേജ് 17. 3 കോളം

3 പേജ് 20 പുതന്നകുളം ചേർക്കുക.
കട്ടചിറകുളം

4 നിർദ്ദേശങ്ങൾ പേജ് 23

1 ശിവ എന്നത് രാമൻകുഴി എന്ന് എഴുതുക

പേജ് 24 കോളം 2

മലമ്പുഴ ലിഫ്റ്റ് ഇറിഗേഷന്റെ സ്ഥലം പോരാംകോട് ഭാഗത്ത് തുടങ്ങണം.

15 കോളം മരുന്ന് അടിക്കൽ

ഉൾകൊള്ളിക്കേണ്ടത്

1 കന്നുകാലികളെ വേനൽകാലത്ത് വിടുന്നത് പഞ്ചായത്ത് ഇടപ്പെട്ട് നിർത്തലാക്കാൻ ശ്രമിക്കണം.

2 ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള യുവാക്കൾക്ക് ആവശ്യാനുസരണമുള്ള പദ്ധതികൾ നൽകുനുള്ള സംവിധാനം നടപ്പിലാക്കേണ്ടതാണ്.

3 ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുക. തെങ്ങിന്

4 കൃഷിവേൻ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾക്കെല്ലാം ഒരു തുടർ പരിശോധന അത്യന്താപേക്ഷിതമാണ്.

ഗ്രൂപ്പ് : 2 മത്സ്യമേഖല, മൃഗപരിപാലനം

ആകെ റജിസ്റ്റർ ചെയ്തവർ : **5**

ഗ്രൂപ്പ് അദ്ധ്യക്ഷൻ : **മോഹൻകുമാർ**

1 ഐ. എച്ച്. ഡി. പി. കോളനിയിൽ മൃഗസംരക്ഷണ വകുപ്പ് അടുത്തകാലത്ത് സൗജന്യമായി നൽകിയ കറവമാടുകൾ, ആടുകൾ എന്നിവ ഉണ്ടോ എന്നും ശരിയായ രീതിയിൽ സംരക്ഷിക്കുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതാണ്.

2 കേരളശ്ശേരി ആറാം വാർഡിൽപ്പെട്ടതും കോങ്ങാട് പത്തിരിപ്പാല റോഡിന്റെ സമീപത്തും ഉള്ള കളളപ്പാടി കുണ്ടിലുള്ള പുറംപോക്ക് സ്ഥലം പഞ്ചായത്ത് ഏറെടുത്ത് അവിടെ മൃഗാശുപത്രിയ്ക്ക് സ്വന്തം കെട്ടിടം പണിയുക.

3 വേനൽക്കാലത്ത് കന്നുകാലികളെ അഴിച്ചുമേയുവാൻ വിടുന്നത് നിയമം മൂലം കർശനമായി നിരോധിച്ചാൽ കാർഷിക വിളകൾക്കും ഗുണമാണ്. കൂടാതെ സങ്കര വർഗ്ഗ പശുക്കളെ വളർത്തുവാൻ താൽപര്യമുണ്ടാകുകയും ചെയ്യും.

4 കേരളശ്ശേരിയിൽ രൂപീകരിച്ചിരുന്ന ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ഇപ്പോഴത്തെ സ്ഥിതി അന്വേഷിച്ചു ആയത് പുനർജീവിപ്പിക്കേണ്ടതാണ്.

ഗ്രൂപ്പ്: 3 വിദ്യാഭ്യാസം

ആകെ റജിസ്റ്റർ ചെയ്തവർ : **18**

ഗ്രൂപ്പ് അദ്ധ്യക്ഷൻ : **കെ. പി രാമദാസ്,**

: **എം പി. ബാലഗോപാലൻ**

1 Complex നിലവാരത്തിലുള്ള മത്സരങ്ങൾ (കലാകായിക) പുനസ്ഥാപിക്കണം
2 ആം പ്രമോഷൻ സിസ്റ്റം നിർത്തലാക്കുക,
3 പ്രോഗ്രസ് റിപ്പോർട്ട്സ്
4 ഉച്ചക്കഞ്ഞി വിതരണം മുഴുവൻ വിദ്യാർത്ഥികൾക്കു നല്കാനുള്ള സംവിധാനം പഞ്ചായത്ത് സംവിധാനം നിലനിർത്തുക
5 അംഗൻവാടി – പ്രീപ്രൈമറി
6 കോഴ നിർത്തലാക്കണം

2–ാം വാർഡിലുള്ള **'ബാലകൈരളി'** നഴ്സറിയുടെ ക്ഷേമപ്രവർത്തനം തൊട്ടടുത്തുള്ള അംഗൻവാടിയുടെ പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിൽ മാറ്റണം

1 അച്ചുതൻകുട്ടി, ആര്യയംപ്ലോല, കുണ്ടളശ്ശേരി (6)
2 രാമൻകുട്ടി, രാജേഷ് (7)
3 സുധ, നടുവക്കാട്ട്, തടുക്കശ്ശേരി (2)
4 അനിൽകുമാർ, വെള്ളാറക്കളം, കുണ്ടളശ്ശേരി (6)
5 സത്യപ്രിയ, നെടുവാലിൽ, തടുക്കശ്ശേരി (3)
6 ഓമന. (2)

8-12-96

കേരളശ്രീ ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

ഗ്രൂപ്പ് : 4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ആകെ രജിസ്റ്റർ ചെയ്തവർ : 18
ചർച്ചയിൽ പങ്കെടുത്തവർ : 12
ഗ്രൂപ്പ് അദ്ധ്യക്ഷൻ : കുളത്തൂർ രാമകൃഷ്ണൻ

വികസന റിപ്പോർട്ടിൽ കൊടുത്തിട്ടുള്ള അഭിപ്രായങ്ങളിൽ നടന്ന ചർച്ചയിൽനിന്നും ഉരുതിരിഞ്ഞുവന്നതും, വികസന റിപ്പോർട്ടിന്റെ അനുബന്ധത്തിൽ ചേർക്കേണ്ടതുമായ അഭിപ്രായങ്ങൾ.

വികസന റിപ്പോർട്ട് പേജ് : 51

PHG യിൽ ഇപ്പോഴും രോഗികൾക്ക് മരുന്നിനായി ചിലവഴിക്കുന്ന തുക 10ലക്ഷം വർദ്ധിപ്പിക്കണം.

പേജ് : 52

സബ് സെന്ററുകളിൽ ഡോക്ടറുടെ സേവനം ആഴ്ചയിൽ ഒന്നോ രണ്ടോ തവണയെങ്കിലും ലഭ്യമാക്കണം.

പേജ് : 57

കന്നുകാലികളെ കുളിപ്പിക്കുന്നതിന് പഞ്ചായത്തിൽ പ്രത്യേക സംവിധാനം കാണേണ്ടതാണ്.

Ward I

പോത്തൻകുന്നത്ത് ഭാഗത്ത് ശുദ്ധജല വിതരണത്തിനു വിദഗ്ദരെകൊണ്ട് വെള്ളം ലഭിക്കാവുന്ന സ്ഥലത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ ഇടേണ്ടതാണ്.

Ward III

നിലവിലുള്ള ശുദ്ധജല വിതരണം വിപുലീകരിച്ച് ലക്ഷംവീട് കോളനി, കുട്ടുമുല്ലപാമ്പ് എന്നിവിടങ്ങളിലെ ജലവിതരണം കാര്യക്ഷമമാക്കേണ്ടതാണ്.

Ward IV

ഹൈസ്ക്കൂൾറോഡ് ജങ്ഷനും, മണ്ണാംപാമ്പിനും മദ്ധ്യത്തിൽ കനാൽ പാലത്തിനു പടിഞ്ഞാറ് ഭാഗത്ത് ഒരു പൊതു ടാപ്പ് സ്ഥാപിക്കേണ്ടതാണ്.

4-ാം വാർഡിലെ കൈമുക്ക് കുളം പുനരുദ്ധരിച്ച് പൊട്ടം പാടത്ത് ടാങ്ക് കെട്ടി 3, 4 എന്നീ വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ടതാണ്.

നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ജല സംഭരണി പൊളിച്ച് മാറ്റി പുതിയതും, കൂടുതൽ ജലം സംഭരിക്കുവാൻ ശേഷിയുള്ളതുമായ ഒരു ടാങ്ക് നിർമ്മിക്കേണ്ടതാണ്. നിലവിലുള്ള ടാങ്കിന്റെ അടപ്പ് ഒരു ഭാഗം തുറന്ന് കിടക്കുന്നതിനാൽ വെള്ളം അശുദ്ധമാകുന്നത് തടയുന്നതിന് അടച്ച് പൂട്ടി സൂക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

നിലവിലുള്ള പമ്പ് ഹൗസ് വെള്ളം പമ്പ് ചെയ്യുന്ന കിണറിന്ന് മുകളിൽ സ്ഥാപിക്കുക യാൽ, കിണറിലിറങ്ങി ശുദ്ധീകരിക്കുന്നതിന്ന് സാധിക്കുന്നില്ല. അതുകൊണ്ട് പമ്പ് ഹൗസ്, മാറ്റി സ്ഥാപിക്കേണ്ടതാണ്.

കഴിയുന്നതും പ്രദേശത്തിൽ ആവശ്യക്കാർക്ക് വീടുകളിലേക്ക് ശുദ്ധജല വിതരണം ചെയ്തിക്കുന്നതിന്നുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്,

Ward VI

തെരയംകോട് IHDP കോളനിയുടെ പരിസര പ്രദേശമായ വടുകത്തറയിൽ ഒരു പൊതു കിണർ കുഴിക്കുന്നതിന് സ്ഥലം സൌജന്യമായി തരുവാൻ സ്ഥലവാസികളും തയ്യാറാണ്. കിണർ കുഴിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കേണ്ടതാണ്.

വെള്ളാറകോളനി, കൂത്തംകോട്ടഭാഗം, കലയരുകുന്ന്, ആശാരിപുരഭാഗം എന്നീ പ്രദേശങ്ങളിൽ പൊതു കിണറുകളും കുഴിച്ച് ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ കുടിവെള്ള ക്ഷാമത്തെ പരിഹരിക്കേണ്ടതാണ്.

Ward VII

പണിക്കർമാരുടെ പടിപ്രദേശത്ത്കൂടി വെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഒരു പൊതു കിണർ കുഴിക്കേണ്ടതാണ്. അതിനാവശ്യമായ സ്ഥലം സ്ഥലവാസികളും സൌജന്യ മായി തരുന്നതിന് തയ്യാറാണ്.

Ward : VIII

നിരങ്ങൽ പാറഭാഗത്ത് കുഴൽകിണർകുത്തിയും, മില്ലിൽകുന്ന്, പറയൻ കോളനി, സ്കൂൾപടി എന്നീ ഭാഗങ്ങളിൽ പൊതുകിണർ കുത്തിയും, ഈ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കേണ്ടതാണ്.

എല്ലാ അംഗനവാടികളിലും കിണർ കുഴിച്ചോ, പൈപ്പ് ലൈൻ വഴിയോ, കുടി വെള്ളം എത്തിക്കേണ്ടതാണ്.

ഗ്രൂപ്പ്: 5 വ്യവസായം

ആകെ റജിസ്റ്റർ ചെയ്തവർ : 7

ഗ്രൂപ്പ് അദ്ധ്യക്ഷൻ : **വി. നാരായണൻകുട്ടി**

1 വികസന റിപ്പോർട്ടിൽ ടൈലറിങ്ങ് ഷോപ്പുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. ആയത് ഗ്രാമസഭാ റിപ്പോർട്ട് പരിശോധിച്ച് ഉൾകൊള്ളിക്കാൻ ശ്രമിക്കണം.

2 വികസന രേഖയിലെ 35-ാം പേജിൽ VII-ാം വാർഡിന്റെ നിലവിലുള്ള റിപ്പോർട്ട് വിട്ടുപോയിരിക്കുന്നു. VIII-ാം വാർഡിനുപകരം VII-ാം വാർഡ് എന്നാണ് എഴുതിയിട്ടുള്ളത്. അത് തിരുത്തേണ്ടതാണ്. VII-ാം വാർഡിലെ നിലവിലുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കേണ്ടതാണ്.

3 ഗ്രാമസഭാ നിർദ്ദേശങ്ങളിൽ വാർഡുതലത്തിൽ 36-ാം പേജിൽ അവസാനത്തെ ഭാഗത്ത് വാർഡ് VII എന്നുള്ളത് VIII-ാം വാർഡാക്കി തിരുത്തേണ്ടതാണ്.

4 പഞ്ചായത്തിൽ ഒരു ലൈറ്റ് ആൻറ് സൗണ്ട് സ്ഥാപനം കേരളശ്ശേരിയിൽ സ്ഥിതി ചെയ്യുന്നു. റിപ്പോർട്ടിൽ ചേർത്തേണ്ടതാണ്.

ഗ്രൂപ്പ് : 6 റോഡുകൾ, ഊർജ്ജം

ആകെ രജിസ്റ്റർ ചെയ്തവർ : **25**

ഗ്രൂപ്പ് അദ്ധ്യക്ഷൻ : **കെ. മണികണ്ഠൻ**

1-ാം വാർഡിൽ റോഡിന്റെ പട്ടികയിൽ 11-ാംമത്തെറോഡ് നിലവിൽ ഇല്ല.
1-ാം വാർഡിൽനിന്ന് കുണ്ടുവംപാടത്തേക്ക് പോകുന്ന റോഡ് പഞ്ചായത്ത് വെട്ടിയതാണ്. എന്നാൽ റോഡിൽ പ്രദേശനിവാസികളും വേലി ഇറക്കി കെട്ടി റോഡ് വീതി കുറഞ്ഞിരിക്കുന്നു. ടി റോഡ് സംരക്ഷിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കണം.
കയറംകുടത്ത് നിന്ന് കുമുള്ളൻ കാട്വരെ (പള്ളിപ്പാറ) പുതിയ റോഡ് നിർമ്മിക്കണം. ഉദ്ദേശം 400 M. നീളത്തിൽ.

Ward - II

1 തേഡ് ബ്ലോക്ക് റോഡിൽനിന്ന് കുണ്ടുവംപാടത്തേക്ക് റീടാർ പോകുന്ന സ്ഥലത്തു നിന്നും തിരിയുന്ന തോണ്ടപ്പാറ റോഡ് ഒരു K. M. നീളവും 3 M വീതിയും ഉണ്ട്. പട്ടികയിൽ ഉൾപ്പെടുത്തി ടാർ ചെയ്യണം.

2 II-ാം വാർഡിലെ പട്ടികയിൽ 7-ാംമത്തെ റോഡ് നിലവിൽ ഇല്ല. ടി റോഡ് ഉണ്ടാക്കി ഗതാഗതയോഗ്യമാക്കണം.

3 II-ാം വാർഡിലെ പട്ടികയിൽ 11-ാംമത്തെ വായനശാല to നാഗകുളഗർ ക്ഷേത്രം റോഡ് നിലവിൽ ഇല്ല. ടി റോഡ് പുതിയതായി നിർമ്മിച്ച് റോഡ് ബ്ലോക്കിലേക്ക് ബന്ധിപ്പിക്കണം.

4 II-ാം വാർഡിലെ പട്ടികയിലെ 6-ാംമത്തെ റോഡ് നിലവിൽ മണ്ണ് റോഡാണ്. അത് പട്ടികയിൽ റീടാർ ചെയ്യണം എന്നതാണ്. അത് തിരുത്തി ടാർ ചെയ്യണം എന്ന് എഴുതണം.

5 വാസുദേവ മെമ്മോറിയൽ റോഡ്മുതൽ പള്ളിയാൽപാടം വഴി ശ്രീകുറുംബ റോഡ് പുതിയതായി നിർമ്മിക്കണം ഉദ്ദേശനീളം 500M.

6 വാസുദേവ മെമ്മോറിയൽ റോടിൽനിന്നും പൊകരപടിവഴി തേടു ബ്ലോക്ക് റോടുമായി ബന്ധിപ്പിക്കുക.

Ward - III

1 3-ാം വാർടിലെ പട്ടികയിലെ 7-ാം നമ്പർ റോട് 1-ാം വാർടിലെ കയറംകുടം കോളനി റോടിലേക്ക് നിർമ്മിച്ച് ബന്ധിപ്പിക്കണം. ടി റോടിൽ വടക്കുംമ്പുംപാടത്ത് തോട്ടുപ്പാലം നിർമ്മിക്കണം.

2 3-ാം വാർടിൽ കിഴക്കുംമ്പും തീപ്പെട്ടി കമ്പനിമുതൽ കള്ളിക്കൽ ഭാഗത്തേക്ക് പോകുന്ന മണ്ണ്റോട് ഒരു K.m. നീളവും 3 M. വീതിയും ഉണ്ട്. ടി റോട് മെറ്റൽ ചെയ്യണം.

3 കള്ളിക്കൽ തോട്ടുപ്പാലം നിർമ്മിക്കണം.

Ward V

പൂതൻ പാടത്തു നിന്നും അരിഞ്ഞട്ടിപറമ്പിൽ റോടിനും ഇടയിൽ ഉള്ള കൈത്തോടിന് പാലം നിർമ്മിക്കണം.

Ward VI

കുഞ്ഞംപാടം നിലവിൽ ഉള്ള കോളനി ഇടവഴി 600 M. നീളവും 3 M. വീതിയും ഉണ്ട്. ടി വഴി വീതി കൂട്ടി മെറ്റൽ ചെയ്യണം.

Ward VII

1 പാലകുർശ്ശി പടിക്കൽനിന്ന് തടുകൊള്ളി കൃഷി സ്ഥലത്തേക്കു പോകുന്ന ഇടവഴി 500 M. നീളവും 2 M വീതിയും ഉണ്ട്. ടി വഴി വീതി കൂട്ടി ഗതാഗത സൗകര്യം ആക്കണം.

2 7-ാം വാർടിൽ റോടിന്റെ പട്ടികയിൽ 2, 3 9, 21 എന്നീ റോടുകളും രംഗനാഥൻ to പുൽകുടിക്കാട് റോട് എന്നും, $2\frac{1}{2}$ Km നീളവും 6 M വീതിയും ആക്കി ഒരു റോടാക്കി തിരുത്തണം

പട്ടിക 6 ൽ പട്ടിയാൽ, പള്ളിപ്പാറ എന്നതു മാറ്റി രംഗനാഥൻ മീച്ചഭൂമി റോട് എന്നാക്കി തിരുത്തണം.

Ward IV

അയനമറിറോട് 1.400 ടാറിങ്ങ് വേണം. കാഞ്ഞിറോട് ടാർ ചേയ്യേണ്ടതാണ്.

സ്ട്രീറ്റ്ലൈറ്റ് എത്തിക്കേണ്ട പ്രധാന സ്ഥലങ്ങൾ പട്ടികയിൽ ചേർത്തേണ്ടത്. രംഗനാഥൻ റോടിൽനിന്ന് വാസുദേവ മെമ്മോറിയൽ റോടിൽ ട്രാൻസ്ഫോർമർവരെ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കണം.

തോണ്ടപ്പാറ : II വാർട്

മണലിപറമ്പ് : II ,,

ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലം

1 കയറംകുടം വാർട് 1

2 GLPS പടിഞ്ഞാറെമുറി ,, 1

ഗ്രൂപ്പ് : 7 ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ

ആകെ റജിസ്റ്റർ ചെയ്തവർ : 4

ഗ്രൂപ്പ് അദ്ധ്യക്ഷൻ : ശ്രീ. സി. വി. രാധാകൃഷ്ണൻ

പാർപ്പിടം, സാമൂഹ്യക്ഷേമ റിപ്പോർട്ടിൽ അനുബന്ധമായി ചേർക്കേണ്ട ചില നിർദ്ദേശങ്ങൾ :

1) III-ാം വാർഡിൽ പള്ളിപ്പുറഭാഗത്ത് 45 വർഷമായി പ്രവർത്തിച്ചുകൊണ്ടിരുന്ന പോസ്റ്റാഫീസ് പെട്ടെന്ന് ഒരു സാഹചര്യത്തിൽ അവിടെ നിന്നും നീക്കം ചെയ്തതിൽ ആ പ്രദേശത്തുള്ള ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാനുള്ള സത്വര നടപടി ബന്ധപ്പെട്ട അധികാരികളെ ബോദ്ധ്യപ്പെടുത്തി വീണ്ടും പ്രവർത്തനക്ഷമമാക്കണമെന്ന് ഗ്രൂപ്പ് അംഗങ്ങൾ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു.

2) പഞ്ചായത്തിലെ മിക്ക വാർഡുകളിലും ചില സാമൂഹ്യ വിരുദ്ധരുടെ നേതൃത്വത്തിൽ നടക്കുന്ന അനധികൃത ചാരായവിൽപന പൂർണ്ണമായി തടയുന്നതിന് പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാൻ താൽപര്യപ്പെടുന്നു.

3) നമ്മുടെ പഞ്ചായത്തിലെ II-ാം വാർഡിൽ മരവിച്ചുകിടക്കുന്ന ജനവിദ്യാകേന്ദ്രം പ്രവർത്തന ക്ഷമമാക്കുകയോ അല്ലെങ്കിൽ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കുന്ന ഒരു പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കുകയോ ചെയ്യേണ്ടതാണ്.

4) ദുർബലവിഭാഗങ്ങൾക്ക് വീട് അനുവദിക്കുന്നതിൽ ഒരു നിശ്ചിത ശതമാനം വിധവകൾക്ക് നീക്കിവെക്കേണ്ടതാണ്.

5) പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വലിയപറമ്പ്, പള്ളിപ്പുറം, വടശ്ശേരി എന്നീ അംഗനവാടികളിൽ കക്കൂസ് നിർമ്മിച്ചു കൊടുക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) കുണ്ടളശ്ശേരി ചിറക്കൽ പള്ളിയാലിൽ പ്രവർത്തിക്കുന്ന മഹിളാസമാജത്തിന് സ്വന്തമായി കെട്ടിടമില്ല. പ്രസ്തുത സമാജത്തിന്റെ പ്രസിഡൻറ് ശ്രീമതി ശാന്തകുമാരി സൗജന്യമായി സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാണ്. വേണ്ട നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

7) AIDS ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

8) കർഷകതൊഴിലാളി, വിധവാ, വികലാംഗ മുതലായ പെൻഷൻ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യുവാൻ സത്വര നടപടികൾ ബന്ധപ്പെട്ട അധികാരികൾ സ്വീകരിക്കേണ്ടതാണ്.

9) ദാരിദ്രരേഖക്ക് താഴെ വരുന്ന കുടുംബങ്ങളിലെ ഗർഭിണികൾക്ക് നല്കിവരുന്ന സർക്കാർ ധനസഹായം പഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യുവാൻ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

വികസന സെമിനാറിൽ അംഗീകരിച്ച അനുബന്ധ റിപ്പോർട്ട്

ഗ്രൂപ്പ് : 8 സംസ്ക്കാരം

ഗ്രൂപ്പ് അദ്ധ്യക്ഷൻ : **കെ. പി. സുനിൽ**

1 പേജ് 82ൽ ബാലൻനായർ എന്ന പേരിന്റെ സ്ഥാനത്ത് രാഘവൻനായർ എന്നു ചേർക്കണം.

2 കൊടലോടി ശങ്കരപ്പണിക്കർ – മട്ടളവിദ്വാനെ വിട്ടുപോയിട്ടുണ്ട് ചേർക്കണം.

കൂടാതെ

കൊടലോടി കോരുനായർ,	സഹോദരൻ ശങ്കുണ്ണിനായർ	: മട്ടളവിദ്വാന്മാർ
പകിടക്കുന്നത്ത് ചാത്തൻനായർ,	രാഘവൻനായർ	: കുറുംകുഴൽ
പോത്തൻകുന്നത്ത് അപ്പുവൈദ്യർ		: പരിശമുട്ട്

പേജ് 84 ൽ : ഒടുവിൽ ഉണ്ണികൃഷ്ണൻ, ചലച്ചിത്രനടൻ ഇപ്പോഴും കേരളശ്ശേരിയിൽ ആണ് താമസം.

പേജ് 83 ൽ : ആദ്യത്തെ ഖണ്ഡികയിൽ പലിശമുട്ട്, മലമക്കളി, നാഗം തുള്ളൽ, തിരി ഉഴിച്ചിൽ, പാന, അയ്യപ്പൻപാട്ട്, പാങ്കളി, കളംപാട്ട് എന്നിവ ചേർക്കണം

6–ാം വാർഡിൽ ജനകീയ ഐക്യവേദി എന്ന ഒരു സാംസ്കാരിക സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്.

'നവചേതന' കലാസമിതി കലാ സാംസ്കാരിക രംഗത്ത് പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രാദേശിക എഴുത്തുകാരുടെ വളർച്ചക്കായി കയ്യെഴുത്തുമാസിക പ്രവർത്തനം. പൊതുജന ബോധവൽക്കരണ സെമിനാറുകൾ എന്നിവ നടത്തി വരുന്നു. സമന്വയ സാംസ്ക്കാരിക വേദിയും സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ :

1. അവശകലാകാരൻമാർക്ക് ആവശ്യമായ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന്ന് വേണ്ട ഔദ്യോഗിക നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
2. പെൻഷനേഴ്സിന് (സീനിയർ സിറ്റിസൺസ്) ഒരു ആദ്ധ്യാത്മിക ലൈബ്രറിയും വിശ്രമകേന്ദ്രവും ആവശ്യമായി അവർ ചൂണ്ടിക്കാട്ടുന്നു.
3. പഞ്ചായത്ത് ഭരണസമിതിയുടെ നിയന്ത്രണത്തിലുള്ള തടുക്കശ്ശേരി വിവേകോദയം ഗ്രന്ഥശാലക്ക് ലഭിക്കേണ്ടതായ ഒട്ടേറെ അംഗത്വതുക പിരിച്ചെടുക്കേണ്ടതും പ്രസ്തുത സംഖ്യക്ക് പുസ്തകങ്ങൾ വാങ്ങി വായനശാലയിൽത്തന്നെ നിക്ഷേപിക്കേണ്ടതുമാണ്.
4. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ കൂടുതൽ സജീവമാക്കേണ്ടതും കാര്യക്ഷമമായി പ്രവർത്തിപ്പിക്കേതുമാണ്.
5. പഞ്ചായത്തിലെ കൂടുതൽ വീടുകളുള്ള സ്ഥലങ്ങളിൽ പൊതുവായി ടെലിവിഷൻ സ്ഥാപിക്കേണ്ടതാണ്.
   (2–ാം വാർഡിലെ പൂഴിയാശാരിത്തറ, കുനിയൻചോല പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു)
6. 3–ാം വാർഡിൽ പഴയ പോസ്റ്റ് ഓഫീസ് പരിസരത്ത് ഒരു വായനശാല നിർമ്മിക്കുവാൻ സ്ഥലം ലഭ്യമാണ്. അവിടെ പഞ്ചായത്ത് ഒരു വായനശാല തുടങ്ങേണ്ടതാണ്.

ഗ്രൂപ്പ്: 9 വനിത

ആകെ റജിസ്റ്റർ ചെയ്തവർ : 15

ഗ്രൂപ്പ് അദ്ധ്യക്ഷ : യശോദ കെ.

കേരളശ്ശേരി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഈ റിപ്പോർട്ട് വായിച്ചു, ചർച്ചചെയ്ത തിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ കാര്യങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ആദ്യമായി ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഈ റിപ്പോർട്ടിനോട് ഗ്രൂപ്പ് അംഗങ്ങളും പൂർണ്ണമായും യോജിച്ചു. എങ്കിലും ഈ റിപ്പോർട്ട് അപൂർണ്ണമാണ്. അത് പൂർണ്ണമാകുവാൻ ഏതാനും നിർദ്ദേശങ്ങളും നൽകുന്നു. അവ കൂടി ഈ റിപ്പോർട്ടിൽ ചേർക്കണം എന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

1. കുണ്ടളശ്ശേരി പള്ളിപ്പാറ അംഗൻവാടിയുടെ കീഴിലുള്ള ഭാവനാ മഹിളാ സമാജത്തിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അതിനുള്ള സ്ഥലം അവിടെനിന്ന് ലഭിക്കുന്നതാണ്. അതിന്ന് പഞ്ചായത്ത് മുൻകൈ എടുക്കണം.
2. റിപ്പോർട്ടിൽ പ്രതിപാദിച്ചപ്രകാരം ഏറ്റവും കൂടുതൽ രോഗങ്ങളും കണ്ടുവരുന്നത് സ്ത്രീകളിലാണ് എന്നാണ്. അതിനാൽ അംഗൻവാടികളുടെ ആഭിമുഖ്യത്തിൽ ഇടക്കിടെ ഡോക്ടർമാർ പങ്കെടുക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്. ഈ അവസരത്തിൽ ഡോക്ടർമാർ ഗർഭിണികളേയും, കുഞ്ഞുങ്ങളേയും പരിശോധിക്കേണ്ടതാണ്.
3. അംഗൻവാടികൾക്ക് ചുറ്റുമതിൽ വളരെ അത്യാവശ്യമായ ഒന്നാണ്. അത് നടപ്പിലാക്കാനുള്ള സംവിധാനത്തെക്കുറിച്ച് റിപ്പോർട്ടിൽ കണ്ടില്ല. ദയവുചെയ്ത് അത് റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.
4. നിലവിൽ പൂട്ടി കിടക്കുന്നതും, $1\frac{1}{4}$ ലക്ഷം രൂപ കടബാധ്യതകളും ഉള്ളതും ആയ മണ്ണുകാട്ടുകുന്നത്തു പ്രവർത്തിച്ചു വന്നിരുന്ന ഖാദി യൂനിറ്റ് വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യതകളും ഉണ്ടോ എന്ന് ആരായണം.
5. 2-ാം വാർഡിൽ ഉണ്ടായിരുന്നതും ഇപ്പോൾ പൂട്ടി കിടക്കുന്നതുമായ സോപ്പ് ഫാക്ടറി പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണം. അതിനുള്ള സാദ്ധ്യതകളെക്കുറിച്ച് അന്വേഷിക്കണം

ഈ റിപ്പോർട്ട് സാക്ഷാത്കരിക്കുവാൻ, സഫലമാകുവാൻ നാം എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. അതിനുള്ള എല്ലാവിധ സഹായങ്ങളും ഗ്രാമപഞ്ചായത്ത് എടുക്കും എന്ന പൂർണ്ണ വിശ്വാസത്തോടെ ഈ റിപ്പോർട്ട് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള സ്ഥിതിമാറി നല്ലൊരു പുതിയ കേരളശ്ശേരി ഗ്രാമം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ഉതകുന്ന റിപ്പോർട്ട് ആണ് ഇത് ഇതിന്നുവേണ്ടി പ്രവർത്തിച്ച എല്ലാ DRP, LRP മാർക്കും പഞ്ചായത്ത് മെമ്പർമാർക്കും പിന്നെ ഇന്നിവിടെ കൂടിയ എല്ലാ പ്രതിനിധികൾക്കും എല്ലാവിധ ആശംസകളും ഗ്രാമപഞ്ചായത്തിന്റെ പേരിൽ നേർന്നുകൊണ്ട് നിർത്തുന്നു

ഗ്രൂപ്പ് : 10 സഹകരണമേഖല

ആകെ റജിസ്റ്റർ ചെയ്തവർ : 7

ഗ്രൂപ്പ് അദ്ധ്യക്ഷൻ : **വാസുദേവൻ എൻ. വി.**

കേരളശ്ശേരി ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ സമഗ്ര വികസന രേഖയിൽ സഹകരണ ബാങ്കിംഗ് മേഖലകളെ ഉൾകൊള്ളിച്ച് ക്രോഡീകരിച്ച കരട് രേഖകളെയും നിർദ്ദേശങ്ങളെയും അഭിനന്ദിക്കുന്നു. അതോടൊപ്പം തന്നെ ഞങ്ങളുടെ ഗ്രൂപ്പ് യോഗം ചേർന്ന് ചർച്ചയിൽ ഉരിത്തിരിഞ്ഞ ചില നിർദ്ദേശങ്ങളും കൂടി അനുബന്ധമായി ചേർത്ത് വികസനരേഖ പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. കുണ്ടളശ്ശേരി ക്ഷീരോൽപ്പാദക സഹകരണത്തിന്റെ കീഴിൽ മിൽക്ക് മില്ലിംഗ് യൂണിറ്റു തുടങ്ങുവാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെടുക.
2. സഹകരണ അടിസ്ഥാനത്തിൽ കാലിത്തീറ്റ വിതരണം ചെയ്യുക.
3. പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒരു സോപ്പ് നിർമ്മാണശാല തുടങ്ങുക.
4. സഹകരണ അടിസ്ഥാനത്തിൽ തോൽ വ്യവസായ യൂണിറ്റ് ആരംഭിക്കുക
5. സഹകരണ അടിസ്ഥാനത്തിൽ കൃഷിക നിർമ്മാണശാല II-ാം വാർഡിൽ ആരംഭിക്കുക.
6. 600 H_2 റബ്ബർ കൃഷിയുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ റബ്ബർബാന്റ് നിർമ്മാണശാല ആരംഭിക്കുക.
7. VII-ാം വാർഡിൽ അച്ചടിച്ച രൂപരേഖയിൽ വ്യവസായം എന്ന ശീർഷകത്തിൽ ഒന്നും തന്നെ പരാമർശിച്ച് കാണുന്നില്ല. അതുൾപ്പെടുത്തുക.

കേരളശ്ശേരി,
8-12-96.

8-12-96

വികസന സെമിനാർ കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

ഗ്രൂപ്പ് : 11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

ആകെ റജിസ്റ്റർ ചെയ്തവർ	:	13
പങ്കെടുത്തവർ	:	10
ഗ്രൂപ്പ് അദ്ധ്യക്ഷൻ	:	ശ്രീ ഹരിദാസ് മെമ്പർ 6-ാം വാർഡ്

പട്ടികജാതിക്കാരുടെ ഭൂമിക്ക് അധികാരികമായി രേഖയുണ്ടാക്കാൻ നടപടി സർക്കാർ തലത്തിൽ രൂപീകരിക്കണം. ഇക്കാര്യത്തിൽ ബോധവത്കരണവും ആവശ്യമാണ്. പട്ടികജാതിക്കാരുടെ ഭൂമി സംബന്ധമായ ക്രയവിക്രയങ്ങളിൽ അർഹിക്കുന്നവർക്ക് റജിസ്ട്രേഷൻ ഫീസിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും ഇളവുകൾ ലഭ്യമാക്കുവാൻ സംവിധാനം ഉണ്ടാക്കണം.

സർക്കാർ പദ്ധതികളിൽ പട്ടികജാതിക്കാർ നടത്തേണ്ടുന്ന കരാർ, സമ്മതപത്രങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുവാനോ, കുറവാക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

ഭൂരഹിത ഭവനരഹിതർക്ക് അനുവദിക്കുന്ന പദ്ധതികളിൽ റജിസ്ട്രേഷനും സ്റ്റാമ്പ് ഡ്യൂട്ടിയും സൗജന്യമാക്കുക.

പട്ടികജാതിക്കാരുടെ വീടുകളുടെ ഒരു സർവ്വേ നടത്തി നിലവിലുള്ള സ്ഥിതി പരിശോധിച്ച് സർക്കാരിന്റെ അറ്റകുറ്റപണികൾ നടത്താനുള്ള ധനസഹായം അനുവദിക്കാനുള്ള നടപടികളെടുക്കണം. അനുവദിക്കുന്ന വീടുകൾക്ക് സർക്കാർ നേരിട്ടോ, നിർമ്മിതി-കൈരളി തുടങ്ങിയ ഏജൻസികളുടെയോ നിർദ്ദേശങ്ങളും സഹായങ്ങളും ഉറപ്പാക്കുക.

നിർമ്മാണപ്രവർത്തനങ്ങൾക്ക് കോളനികൾ തെരഞ്ഞെടുക്കുമ്പോൾ ഒരു സാമൂഹ്യ സർവ്വേയുടെ മാനദണ്ഡം തെരഞ്ഞെടുക്കേണ്ടതുണ്ട്.

പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽ കേന്ദ്രങ്ങൾ നിർമ്മിച്ച് തൊഴിൽ രഹിതരായ പട്ടികജാതിക്കാർക്ക് തൊഴിൽ നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

ചിറക്കാട് ഹരിജൻകോളനി നിവാസികൾക്ക് കോളനിയിലെത്താൻ നടവഴിയില്ല പഞ്ചായത്തിൽനിന്നും വഴി ഉണ്ടാക്കി തരുന്നതിന് നടപടിയെടുക്കണം. മലമ്പുഴയുടെ കൈകനാൽ ആളുകൾ കയ്യേറിയിരിക്കുന്നു. റിസർവ്വേ നടത്തി വഴി വിപുലമാക്കണം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുൻകൈയെടുക്കണം.

IHDP കോളനിയിൽ പ്രഖ്യാപിക്കപ്പെട്ടതുമുതൽ അടിസ്ഥാന സൗകര്യങ്ങൾ വർഷങ്ങളായി പൂർത്തീകരിക്കാതിരിക്കുന്നത് പദ്ധതികളെ പരാജയപ്പെടുത്തുന്നതിന് തുല്യമാണ്. സർക്കാർ ഈ പ്രശ്നം ഗൗരവമായി പരിഗണിക്കണം. വെള്ളാറ IHDP കോളനി റോഡ് പണി തുടങ്ങാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യമുന്നയിക്കുന്നു. അർഹതയുള്ളകോളനികളെ അംഗീകൃത കോളനികളായി പ്രഖ്യാപിക്കണം.

പേജ്: 108

പട്ടിക II പട്ടികജാതിക്കാരുടെ വീടുകളെ സംബന്ധിച്ച സ്ഥിതി വിവരങ്ങൾ

അനുബന്ധം.

വാർഡ്	ആകെ വീടുകൾ	ഓടിട്ടത്	കുടിൽ/ ഓലപ്പുര	വൈദ്യുതീകരിച്ച വീടുകൾ
3	50	35	15	2

വൈദ്യുതീകരിക്കാത്ത വീടുകൾ	വീടില്ലാത്ത കുടുംബങ്ങൾ	കക്കൂസില്ലാത്ത കുടുംബങ്ങൾ	കക്കൂസ്സുള്ള കുടുംബങ്ങൾ
48	10	35	15

NB: വികസന റിപ്പോർട്ടിൽ വീട്ടുപോയതാണ് അനുബന്ധമായി ചേർക്കണം..

ഗ്രൂപ്പ് : 12 വിഭവസമാഹരണം

ആകെ റജിസ്റ്റർ ചെയ്തവർ : **9**

ഗ്രൂപ്പ് അദ്ധ്യക്ഷൻ : **എൻ. വി. ബാലകൃഷ്ണൻ**

പങ്കെടുത്തവർ:

വി. ഗംഗാധരൻ, സെക്രട്ടറി, കേരളശ്ശേരി ഗ്രാമപഞ്ചായത്ത്.
മോഹൻ കെ വേദകുമാർ, കളരിക്കൽ, കേരളശ്ശേരി P o. പാലക്കാട്.
എം. എസ്. അബ്ദുൾഖാദർ. മലമലക്കാട്, തടുക്കശ്ശേരി.
എം. ചിന്നത്തമ്പി. തടുക്കശ്ശേരി.
കെ. വി. കുഞ്ഞാലൻ, കേരളശ്ശേരി.

സെമിനാറിന്റെ റിപ്പോർട്ട് വായിച്ച് ചർച്ച ചെയ്തു ആ മുഖ്യ റിപ്പോർട്ട് അംഗീകരിക്കുന്നു. അഭിനന്ദനം അർഹിക്കുന്നു.

വിഭവ സമാഹരണ സംബന്ധിച്ച റിപ്പോർട്ട് വായിച്ച് ചർച്ച ചെയ്തു.

91-92- വർഷത്തേയും, 95-96-ം വർഷത്തേയും. വരവ്, ചിലവ് കണക്കുകൾ തയ്യാറാക്കി കൊടുക്കുകയും, ആ വർഷങ്ങളിലെ വരവ് ചിലവ് താരതമ്യപ്പെടുത്തി വ്യത്യാസം റിപ്പോർട്ടിൽ കാണിച്ചിരുന്നുവെങ്കിലും അച്ചടിച്ച് വന്ന റിപ്പോർട്ടിൽ പ്രസ്തുത ഭാഗം വിട്ടു പോയതായി കാണുന്നു പട്ടിക ചേർക്കേണ്ടതാണെന്ന് അപേക്ഷിക്കുന്നു.

കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതു . വാടകയോ. Valuation എടുക്കാതെ, Plenth area കണക്കാക്കി നികുതി ചുമത്തുകയാണെങ്കിൽ വലിയൊരളവുവരെ കെട്ടിട നികുതി, വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.

ഈ പഞ്ചായത്തിൽ Park ചെയ്ത്, Taxi ആയി ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾക്ക് ഫീസ് ചുമത്തുവാനും, പിരിക്കുവാനും പഞ്ചായത്ത് ഉടനടി ബൈലാ പാസ്സാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാരിൽനിന്നും ആനുകൂല്യംപ്പറ്റി നേഴ്സിങ്ങ് നടത്തുന്ന വ്യക്തികൾക്ക് തൊഴിൽ നികുതി ചുമത്തുവാൻ നിർദ്ദേശിക്കുന്നു.

കേരളശ്ശേരിയിൽ 6-ാം വാർഡിൽപ്പെട്ട A. T. കുന്ന്, PWD സ്ഥലത്ത് ഒരു ആഴ്ചച്ചന്ത തുടങ്ങുവാൻ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടിക 1. വരുമാനത്തിലെ വ്യതിയാനം

കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

	ഇനം	1991-92	1995-96	വ്യത്യാസം	%
1	തനത് വരുമാനം	332299.00	416316.00	+84017 00	25.2
a	കെട്ടിട നികുതി	43255.07	85007.38	+41752.31	96.5
b	തൊഴിൽ നികുതി	38085.00	65960.00	+ 27875.00	73.1
c	ലൈസൻസ് ഫീ	2745.00	2702 00	— 43.00	0 1
d	ഉപാധിരഹിത ഫണ്ട്	209400.00	317500.00	+ 108100.00	51.6
2	ജെ. ആർ. വൈ.	508700.00	267600.00	— 241100 00	47.3
3	ഗ്രാൻറുകൾ, സംഭാവനകൾ	137741.00	323680.00	+ 185939.00	134 9
	ആകെവരവ്	1102480.20	1330347.00	+ 627867.00	56.9
	ചെലവ് എസ്റ്റാബ്ലിഷ്മെൻറ്	177813.00	318611.00	+ 140288 00	79.18

സാധിക്കുന്നില്ല.

നിർദ്ദേശങ്ങൾ

ജലം

1. ശിവ എന്ന പ്രദേശത്ത് (കുണ്ടളശ്ശേരി 7-ാം വാർഡിൽ) തടയണ കെട്ടിയാൽ 20 ഹെക്ടർ നെൽകൃഷി മൂന്നു പൂവലാക്കി മാറ്റാൻ കഴിയും. ഇടത്തോട് ഏകദേശം 15 മീറ്റർ വീതിയുണ്ട്.

ചിറപാടം തോടിൽ തടയണ കെട്ടി ചീർപ്പിടുകയാണെങ്കിൽ വേനൽകാല പച്ചക്കറിക്കും രണ്ടാം വിള നെൽകൃഷിക്കും ഉപയുക്തമാകും.

3. വെണ്ണടി പാടശേഖരത്തിൽ തടയണ കെട്ടുന്നതായാൽ നെൽകൃഷിക്ക് ജലസേചനം നടത്തുവാൻ കഴിയും.

4. ലക്ഷ്മി റൈസ് മില്ലിനടുത്ത് തടയണ നിർമ്മിക്കുന്നതായാൽ ഏകദേശം 20ഹെക്ടർ സ്ഥലത്ത് നെൽകൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

4.2 1-ാം വാർഡിൽ ചിറപാടം തോട്ടിൽ മൂന്നു തടയണ കെട്ടണം.

4.3 1-ാം വാർഡിൽ കൃഷിക്കാർക്ക് ട്രാക്ടർ ഇറക്കുന്നതിലേക്ക് കയറംകോടം ഭാഗത്തു നിന്ന് ചിറപ്പാടത്തു കൂടി റോഡ് നിർമ്മിച്ച് ചിറപ്പാടം തോടിൽ പാലം നിർമ്മിക്കണം.

5. കണ്ണൻചിറയിൽ നിന്നും ഒഴുകി കല്ലൂർ റോഡു വരെ 1.9 കി.മി. നീളവും രണ്ടര മീ. വീതിയുള്ള തോടിനെ ആശ്രയിച്ചാണ് പൂതൻപാടത്തിൽ കൃഷി ഇറക്കുന്നത്. മണ്ണൊലിപ്പ് തടയുവാനും അമിത വെള്ളം തോടിലേക്ക് തിരിച്ചു വിട്ട് കൃഷിക്ക് ഉപയുക്തമാക്കാനും, ഈ പാടശേഖരത്തിന്റെ തീരാശാപമായി തീർന്നിരിക്കുന്ന കൃഷി മുങ്ങൽ തടയുന്നതിനും കർഷകരുടെ നാഡിയായ കല്ലൂർ കേരളശ്ശേരി റോഡിനെ മുങ്ങിപോകലിൽ നിന്ന് രക്ഷിക്കാനും ഏകദേശം 50 ഹെക്ടർ ഭൂമി വിളനാശത്തിൽനിന്ന് സംരക്ഷിക്കുന്നതിനും തോടിന്റെ അരികുകൾ കെട്ടി അടി ഭാഗം കോൺക്രീറ്റ് ചെയ്യണം.

5.2 അയ്യപ്പൻമല ഭാഗത്തു നിന്നു വരുന്ന ജലം പഴങ്ങോട്ടു പാടം തോട്ടിൽ വന്ന് കൃഷിക്ക് നാശം വരുത്തുന്നതാകയാൽ രണ്ടു കി.മി. നീളവും രണ്ടര കി. മി. വീതിയും ഉള്ള പഴങ്ങോട്ടു പാടം തോടിന് ഇരുവശവും കരിങ്കൽ ഭിത്തി കെട്ടേണ്ടതാണ്.

6. 14 പാടശേഖരങ്ങളിലായി വരുന്ന 21 ചെറിയ തോടുകൾ അരികു കെട്ടി സംരക്ഷിക്കുകയും ആവശ്യമുള്ളിടത്ത് ബണ്ട് കെട്ടുകയും ചെയ്താൽ നെൽകൃഷിക്കുവേണ്ടുന്ന ജലക്രമീകരണം നടത്താൻ കഴിയും.

6.2 I,II വാർഡുകളിൽ കാഞ്ഞിരംപുഴ കനാലിൽ കൂടി വെള്ളം വയലുകളിൽ എത്തിക്കാനുള്ള നടപടി ഉണ്ടാവേണ്ടതാണ്.

കുളം

7. ചിറകുളം വൃത്തിയാക്കിയാൽ ആ പാടശേഖരത്തിലെ 20 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യമുണ്ടാക്കാം.

8. മല കുളം വൃത്തിയാക്കിയാൽ ആ പാടത്ത് (പട്ടത്ത് ശിവപാടശേഖരം) 20 ഹെക്ടർ

നെൽകൃഷി അഭിവൃദ്ധിപ്പെടും. വെള്ളാറകുളം വൃത്തിയാക്കിയാൽ കിഴക്കുമുറി പാടശേഖരത്തിലെ 30 ഹെക്ടർ സ്ഥലത്തെ നെൽകൃഷി അഭിവൃദ്ധിപ്പെടും.

9. മലമ്പുഴ കനാലിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ കള്ളപ്പാടി പാടശേഖരം പെരമുണ്ട പാടശേഖരം, പെരുമ്പിപാടശേഖരത്തിലെയും കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ കഴിയും.

10. യന്ത്രവൽക്കരണം നടപ്പിലാക്കുകയും വിപണനസൗകര്യം ഏർപ്പെടുത്തുകയും ചെയ്താൽ തന്നെ നെൽകൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയും.

തെങ്ങ്

11. തെങ്ങ് കൃഷിയിടങ്ങളിൽ തീറ്റപുല്ല് വളർത്തുകയും കന്നുകാലികളെ വളർത്താൻ കർഷകരെ പ്രോത്സാഹിപ്പിക്കുകയും വേണം.

12. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉണ്ടാക്കിയെടുക്കാനുള്ള പരിജ്ഞാനം കർഷകർക്കു നൽകുക.

13. തോട്ടങ്ങളിൽ മണ്ണ് സംരക്ഷണ പദ്ധതി നടപ്പിലാക്കാൻ പ്രോത്സാഹിപ്പിക്കുക. ജലസേചന സൗകര്യം മെച്ചപ്പെടുത്തുക. നാളികേരത്തിനും ചകിരിക്കും വിപണന സൗകര്യം ഉണ്ടാക്കുക.

റബ്ബർ

14. റബ്ബർ മാർക്കറ്റിങ്ങ് തടുക്കശ്ശേരി സഹകരണ സംഘം മുഖേന തുടങ്ങണം.

15. റബ്ബറിനു ചെറുകിട കർഷകർക്ക് സ്പ്രേയിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള സൗകര്യം ചെയ്തു കൊടുക്കണം.

കേരളശ്ശേരി പഞ്ചായത്തിൽ റബ്ബർകൃഷി വർഷംതോറും വർദ്ധിച്ചു വരുകയാണ്. പാലക്കാടു താലൂക്കിലെ ഏറ്റവും കൂടുതൽ റബ്ബർ കർഷകർ ഉള്ള പഞ്ചായത്ത് നമ്മുടേതാണ് എന്നിരുന്നാലും റബ്ബർ മാർക്കറ്റിങ്ങ് സൗകര്യം അപര്യാപ്തമാണ്. അതുകൊണ്ട് തടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് റബ്ബർ വിപണന രംഗത്തേക്ക് പ്രവേശിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതുവഴി ബാങ്കിന് നിക്ഷേപത്തുക നേടിയെടുക്കാൻ കഴിയും.

കുരുമുളക്

മേൽത്തരം സങ്കരയിന കുരുമുളക് ലഭ്യമാക്കുക വഴി ഉൽപ്പാദനക്ഷമത കൂട്ടി സാങ്കേതിക പരിജ്ഞാനം നൽകി ഗാർബിൾഡ് പെപ്പർ ഉണ്ടാക്കി എടുക്കുന്നതായാൽ ഇപ്പോൾ കിട്ടുന്ന വില 100 ശതമാനം കണ്ട് വർദ്ധിപ്പിക്കാൻ കഴിയും.

പച്ചക്കറി

പച്ചക്കറി കൃഷി പ്രോത്സാഹിപ്പാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

വേനൽകാലത്ത് നെൽകൃഷിപ്പാടങ്ങളിൽ ഇടവിളകൾക്കായി പയർ പച്ചക്കറി കൃഷി ചെയ്യാൻ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക. പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതാണ്.

മാർക്കറ്റിങ്ങ്

എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന ഒരു നിർദ്ദേശമാണ് പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റിങ്ങ് സംവിധാനം വേണമെന്ന്.

ഇത്തരമൊരു സംവിധാനം ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതാക്കുവാൻ ഒരളവോളം പ്രയോജനപ്പെടും. കൂടാതെ സഹകരണ ബാങ്കും വിളയെടുപ്പുസമയത്ത് നെല്ല് നാളികേരം മുതലായ കാർഷികോൽപ്പന്നങ്ങൾ വാങ്ങിക്കുവാൻ മുൻകൈയെടുക്കേണ്ടതാണ്.

ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായത്തിന്റെ പ്രസക്തി

കാർഷിക മേഖലയുടെ —— തകർച്ചയ്ക്കു കാരണം കർഷകരുടെ കൂട്ടായ്മയുടെ അഭാവമാണ്. വിത്ത്, വളം, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ, വിളയിറക്കേണ്ടവിധം, വിളപരിപാലനം എന്നിവയെ കുറിച്ച് തീരുമാനങ്ങൾ എടുത്ത് കൂട്ടായ്മയോടെ പ്രവർത്തിച്ചാൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കും. കീടനശീകരണം, വിളപരിപാലനം എന്നിവ ഫലപ്രദമാക്കാൻ ഗ്രൂപ്പ് ഫാമിങ്ങിലൂടെ മാത്രമെ കഴിയൂ. അതുകൊണ്ട്കർഷകരെ ഗ്രൂപ്പ് ഫാമിങ്ങിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ പാടശേഖര സമിതികളെ ഉപയോഗിച്ച് കൃഷി ഭവൻ അശ്രാന്തപരിശ്രമം ചെയ്യേണ്ടതാണ്.

" ഭാരതത്തിന്റെ വികസനം തുടങ്ങേണ്ടത് കർഷകന്റെയും, മുക്കുവന്റെയും, തൊഴിലാളിയുടെയും കുടിലിൽ നിന്നാണ് "

- വിവേകാനന്ദ



6.2

മൃഗസംരക്ഷണം മത്സ്യബന്ധനം

1. **ആമുഖം**

നമ്മുടെ സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ 10 ശതമാനം മൃഗസംരക്ഷണ മേഖലയുടെ സംഭാവനയാണ്. 9-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ ഇത് 20 ശതമാനമായി ഉയർത്താനാണ് സർക്കാറിന്റെ ലക്ഷ്യം. ആസൂത്രിതവും തികച്ചും ശാസ്തീയവുമായ ഒരു വികസന പ്രക്രിയയിൽ കൂടെ മാത്രമെ ഈ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സാധിക്കുകയുള്ളൂ.

മൃഗസംരക്ഷണ മേഖലയുടെ സേവനം ആടു/പശു വളർത്തലിലും ക്ഷീരോൽപ്പാദന വികസനത്തിലും മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നണെന്നാണ് പൊതുധാരണ. ക്ഷീരോൽപ്പാദന രംഗത്തിനുപുറമെ മാംസ ഉൽപ്പാദനം, മാംസ വിപണനം, തുകൽ എല്ല്, കൊഴുപ്പ്, എന്നിവയുടെ സംസ്കരണം കന്നുകാലികളുടെ വംശാഭിവൃദ്ധി പ്രജനനം, തീറ്റപുൽ കൃഷി വികസനം, കോഴിമുട്ട ഉൽപ്പാദന വികസനം, ക്ഷീരസഹകരണ സംഘ രൂപീകരണം, ക്ഷീരോൽപ്പാദന നിർമ്മാണ വിപണന യൂനിറ്റുകൾ, ചെറുകിട കാലിതീറ്റ നിർമ്മാണ യൂനിറ്റുകൾ, മോഡൽ ഡയറി യൂനിറ്റുകൾ, മൃഗരക്ഷാ ക്യാമ്പുകൾ, കർഷക സമ്പർക്ക പരിപാടി, ശാസ്ത്രീയ മൃഗപാലന പരിശീലനം എന്നിവ രംഗങ്ങളിലും മൃഗസംരക്ഷണ മേഖല, വിലപ്പെട്ട സേവനം പ്രദാനം ചെയ്യുന്നു.

ഈ പഞ്ചായത്തിലെ കന്നുകാലി സമ്പത്തിന്റെ ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകരുടെയും പാവപ്പെട്ട കർഷക തൊഴിലാളികളുടെയും കയ്യിൽ ആയതുകൊണ്ട് ഈ മേഖലയുടെ ഏതൊരു വികസനവും

ഗ്രാമീണ സമ്പത്ത് വ്യവസ്ഥ ശക്തമാക്കും.

ക്ഷീരോൽപ്പാദന രംഗത്ത് ഈ പഞ്ചായത്ത് വളരെ പിന്നിലാണെന്ന് എടുത്ത് പറയേണ്ടിയിരിക്കുന്നു, സ്റ്റേറ്റിൽ ഒട്ടാകെയുള്ള പശുക്കളിൽ 50 ശതമാനം അത്യുൽപാദന ശേഷിയുള്ള സങ്കരവർഗ്ഗ പശുക്കളാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ അവയുടെ അനുപാതം 30 ശതമാനം മാത്രമാണ്. സങ്കരവർഗ്ഗ പശുക്കളെ വളർത്തണമെങ്കിൽ വിമുഖത കാണിക്കുന്നത്. പ്രധാനമായും മൂന്നു കാരണങ്ങളാലാണ്.

1. അധികം ഉൽപ്പാദിപ്പിക്കുന്ന പാലിൽ വിപണി ഇല്ലാത്തത്.
2. കാലിതീറ്റയുടെ അമിതവില.
3. മേച്ചിൽ സ്ഥലങ്ങളുടെ പരിമിതി.

മൃഗസംരക്ഷണം ലക്ഷ്യമാക്കി 30-03-1990 ൽ ഊർജ്ജിത കന്നുകാലി വികസന പദ്ധതിയുടെ ഒരു ഉപകേന്ദ്രം ഈ പഞ്ചായത്തിൽ ആരംഭിച്ചു. ആയത് 30-03-90 മുതൽ 28-03-96 വരെ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിച്ചു വന്നിരുന്നു.

22-03-1996ൽ എല്ലാ പഞ്ചായത്തിലും മൃഗാശുപത്രി എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലും ഒരു സർക്കാർ മൃഗാശുപത്രി ആരംഭിച്ചു. തടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ തടുക്കശ്ശേരിയിലുള്ള പഴയകെട്ടിടത്തിലാണ് ആയത് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്.

1996 ലെ സ്ഥിതിവിവര കണക്കുകൾ പ്രകാരം പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

1. നാടൻ വംശവർദ്ധന കാളകൾ – 16
2. മറ്റു നാടൻ കാളകൾ – 266
3. സങ്കര വംശവർദ്ധന കാളകൾ – –
4. മറ്റു സങ്കര കാളകൾ – 144
5. സങ്കര പശുക്കൾ-കറവുള്ളത് – 267
6. സങ്കർ പശുക്കൾ-കറവില്ലാത്തത-564
7. നാടൻ പശുക്കൾ-കറവുള്ളത് –555
8. നാടൻ പശുക്കൾ-കറവില്ലാത്തത്–1405
9. എരുമകൾ കറവുള്ളത് –55
10. എരുമകൾ കറവയില്ലാത്തത് –86
11. പോത്ത് –269
12. ആട് –1050
13. പട്ടികൾ –1892
14. കോഴികൾ –18471

3. പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

1990 മുതൽ ഊർജ്ജിത കന്നുകാലി വികസന പദ്ധതിയുടെ കീഴിൽ കൃത്രിമ ബീജ സങ്കലന ഉപകേന്ദ്രം പ്രവർത്തിച്ചവരുന്നു.

ഇതിൽ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ മാത്രം പ്രവർത്തിച്ചുവരുന്നു.

കൃത്രിമബീജ സങ്കലന കുത്തിവെയ്പ്, പ്രതിരോധ കുത്തിവെയ്പ് എന്നിവ ഈ സ്ഥാപനത്തിലൂടെ നടന്നു വരുന്നു.

22-03-1996 മുതൽ ഒരു വെറ്ററിനറി ഡിസ്പൻസറി പ്രവൃത്തിച്ചുവരുന്നു. ഡിസ്പൻസറിയിൽ മൃഗചികിത്സ, പ്രതിരോധ കുത്തിവെയ്പുകൾ എന്നിവക്കുള്ള സേവനം ലഭ്യമാണ്.

ജീവനക്കാരുടെ വിവരം

1. സ്ഥിരം വെറ്ററിനറി സർജനെ നിയമിച്ചിട്ടില്ല. കോങ്ങാട്ടു വെറ്ററിനറി ഡിസ്പൻസറിയിലെ വെറ്ററിനറി സർജൻ

ഇതിന്റേയും ചുമതല വഹിക്കുന്നു.

2. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ നിയമനം നടന്നു. അദ്ദേഹം ട്രെയിനിങ്ങിലാണ്.
3. അറ്റൻഡന്റ് – നിയമനം നടന്നിട്ടുണ്ട്.
4. പാർട്ട് ടൈം സ്വീപ്പർ–നിയമനം നടന്നിട്ടില്ല.

ഇപ്പോൾ ഐ.സി.ഡി.പി. സബ്സെന്ററും വെറ്ററിനറി ഡിസ്പൻസറിയും സംയോജിച്ചു പ്രവർത്തിക്കുന്നു.

ഡിസ്പൻസറിയിൽ ഇപ്പോൾ ഉള്ള സൗകര്യങ്ങൾ വളരെ പരിമിതിമാണ്. വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിൽ താഴെ കാണിച്ച സൗകര്യങ്ങൾ ആവശ്യം സജ്ജീകരിയ്ക്കേണ്ടതുണ്ട്.

1. സ്ഥിരമായി ഒരു വെറ്ററിനറി സർജനെ നിയമിക്കുന്നതിൽ നടപടി സ്വീകരികുക.
2. ക്ലിനിക്കൽ പരിശോധന നടത്തുന്നതിനായി ഒരു മൈക്രോസ്കോപ്പും ലാബറട്ടറി ഉപകരണങ്ങളും ആശുപത്രിയിൽ സജ്ജമാക്കണം.
3. ടെലിഫോൺ സൗകര്യം ഏർപ്പെടുത്തണം.
4. ഇപ്പോൾ ആശുപത്രിയിലേയ്ക്ക് ലിക്വിഡ് നൈട്രജൻ കണ്ടയിനർ വഹിച്ച വാൻ കടന്നു വരുവാൻ നിവൃത്തിയില്ല. ആയതിനു വേണ്ടി ആശുപത്രിയിലേക്കു ഉള്ള വഴി വീതി കൂട്ടണം.
5. ക്യാമ്പ് ഡിസ്പൻസറി നടത്തുവാനും, എമർജൻസി വൈദ്യസഹായം വീടുകളിൽ എത്തിക്കുവാനും ഒരു വാഹനം ലഭ്യമാക്കണം.
6. അത്യാവശ്യ മരുന്നുകൾ എപ്പോഴും ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
7. ജീവനക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ലാട്രിൻ സൌകര്യം ഏർപ്പെടുത്തണം.
8. മൃഗസംരക്ഷണ ജീവനക്കാരുടെ സേവനം ഏതു അടിയന്തിരഘട്ടത്തിലും ലഭ്യമാവുന്നതിന് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കണം.
9. ആശുപത്രിയ്ക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിയ്ക്കണം.

4. പഞ്ചായത്തിൽ 8-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയ സ്കീമുകൾ

1992–93.

1) സ്ക്കൂൾ പൌൾട്രി ക്ലാസ്സ്:- കേരളശ്ശേരി ഹൈസ്ക്കൂളിലെ 30 വിദ്യാർത്ഥികൾക്ക് 90 കോഴിക്കുഞ്ഞുങ്ങളെ നൽകി.

2) കയറംകോട്ടു ഐ.എച്ച്.ഡി.പി. കോളനിയിൽ എസ്.സി.പി. സ്കീമിൽ 26 പേർക്ക് ഓരോ ആട്ടിൻ കുട്ടിയെ നൽകി.

1993–94

1) മാസ്സീവ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം അനുസരിച്ച് 165 കോഴികളെ നൽകി.

2) 31 പേർക്ക് ഓരോ ആട്ടിൽകുട്ടികളെ നൽകി.

1995–96

വെള്ളാറ ഐ.എച്ച്.ഡി.പി. കോളനിയിൽ താഴെ കാണുന്നവ വിതരണം നടത്തി.

1) ഒരാൾക്ക് ഒരു ജോടി പോത്തിൻ കുട്ടികൾ

2) 3 പേർക്ക് ഒരോ കിടാരികൾ വീതം.

3) 3 പേർക്ക് ഓരോ കറവ പശു വീതം.

കൂടാതെ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കി.

1) കാലിവസന്ത നിർമ്മാർജ്ജന പദ്ധതി.
2) കൃത്രിമ ബീജധാന പദ്ധതി.
3) ഗോരക്ഷാ ക്യാമ്പ്.
4) കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി.
5) കന്നുകാലി ഇൻഷൂറൻസ് പദ്ധതി.
6) പേ വിഷബാധ നിർമ്മാർജ്ജന പദ്ധതി.

1996 ലെ സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷ പാലുൽ-പാദനം 5 മുതൽ 7 ലക്ഷം ലിറ്റർ വരെ ആകുന്നു (മൂല്യവില 55 മുതൽ 77 ലക്ഷം വരെ രൂപ). ഉൽപാദനത്തിന്റെ ഏറെ കുറെ സ്വന്തം വീട്ടാവശ്യത്തിനും ബാക്കി 50% ഹോട്ടൽക്കാർക്കും മറ്റു വീട്ടുകാർക്കും വിൽക്കപ്പെടുന്നു. കറവ പശുക്കളിൽ 70% നാടൻ പശുക്കൾ ആയതുകൊണ്ട് പാൽ ഉൽപാദനവും ഉൽപാദനക്ഷമതയും വളരെ കുറവാണ്. പാൽ വിപണന സൗകര്യത്തിന്റെ അഭാവം, കാലിതീറ്റ മിശ്രിതത്തിന്റെ അമിതമായ വില, തീറ്റപ്പുല്ലിന്റെ ദൗർല്ലഭ്യം എന്നിവ മിക്ക കർഷകരെയും സങ്കരവർഗ്ഗ പശുക്കളെ വളർത്തുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നു. ഈ സ്ഥിതി മറ്റിയെടുക്കുവാനും ക്ഷീരോൽപ്പാദനം ഒരു ലാഭകരമായ തൊഴിലായി മാറ്റുവാനും താഴെ പറയുന്ന വികസന പരിപാടികൾ ആവശ്യമാണ്.

1) ക്ഷീര സഹകരണസംഘം രൂപികരിയ്ക്കൽ.
2) മോഡൽ ഡയറിഫാം യൂനിറ്റ് പ്രചരിപ്പിക്കൽ.
3) കർഷക സമ്പർക്ക പരിപാടികളും ചർച്ചാ ക്ലാസ്സും നടത്തൽ
4) മാതൃകാ കാലി തൊഴുത്തു-ണ്ടാക്കുവാൻ സഹായ ധനം നൽകൽ.
5) സഹകരണാടിസ്ഥാനത്തിൽ പുൽ കൃഷി വളർത്തലും സംഭരണവും വിപണനവും.
6) ഫോഡർ ബാങ്ക് നിർമ്മിയ്ക്കാൻ ഉദാരമായ സഹായ ധനം ലഭ്യമാക്കൽ.
7) വൈക്കോൽ സംപുഷ്ടികരണത്തിൻ പ്രോത്സാഹനം കൊടുക്കൽ.
8) ചെറുകിട കാലിതീറ്റ നിർമ്മാണ യൂണിറ്റുകൾക്ക് സാങ്കേതിക സഹായങ്ങളും ധനസഹായവും നൽകൽ.
9) ക്ഷീര വികസന വിജ്ഞാന വ്യാപനത്തിനു വേണ്ടി കർഷക സമ്പർക്ക പരിപാടികളും ചർച്ചാ ക്ലാസ്സുകളും പ്രചരിക്കൽ.
10) കന്നുകാലി പ്രദർശനം സംഘടിപ്പിക്കുക.
11) ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെന്റ് അസോസിയേഷൻ രൂപികരിക്കുക.
12) കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുക.
13) കടലപിണ്ണാക്കിലും മറ്റും മായം ചേർത്തുന്നത് കർശനമായി തടയുക.
14) അറവുശാലകൾ പഞ്ചായത്തിൽ നിന്നും മുൻകൈ എടുത്ത് സ്ഥാപിക്കുകയും ആയതിന് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക. കശാപ്പിനും മുൻപ് വെറ്ററിനറി സർജന്റെ പരിശോധനയും സർട്ടിഫിക്കറ്റും നിർബന്ധമാക്കുക.
15) തീറ്റപുൽ വിത്ത് കാലങ്ങളിൽ യഥസമയം ലഭ്യമാക്കുക.
16) പുരാതനമായി നടന്നു വന്നിരുന്ന കന്നുതെളിമത്സരം പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുക.
17) ഏറ്റവും നല്ല കർഷകരെ തിരഞ്ഞെടുക്കുന്നതു പോലെ നല്ല കറവ പശുവിന്റെ ഉടമയേയും തിരഞ്ഞെടുക്കുക.
18) പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും നല്ലതരം പന്നികുട്ടികളെ ലഭ്യമാക്കുകയും ചെയ്യുക.
19) വെച്ചൂർ പശുവിനെ പോലെയുള്ള നാടൻ

നിർമ്മാർജ്ജന കുത്തിവെയ്പ് നിർബന്ധിതമാക്കുക. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തു നായ്ക്കൾക്ക് ലൈസൻസ് കർശനമായി നടപ്പിലാക്കുക. പഞ്ചായത്തിനെ സമ്പൂർണ്ണ പേവിഷബാധാവിമുക്തമാക്കുക.

14) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഉയർന്ന ജനത ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകൾ കുറയ്ക്കുകയും ആദ്യ പ്രസവം 30 മാസത്തിനുള്ളിൽ സാധ്യമാക്കുകയും ഇതിനുവേണ്ടി ഗുണമേന്മയുള്ള കാലിതീറ്റ പശുക്കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുക. പശുക്കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പും വിര മരുന്നും യഥാസമയം നൽകുക. ഇൻഷൂറൻസ് സുരക്ഷ എല്ലാ പശുക്കൾക്കും ലഭ്യമാക്കുക.

15) പാൽ

ഈ പഞ്ചായത്തിൽ കുണ്ടലശ്ശേരിയിൽ മാത്രമാണ് ഒരു ക്ഷീരോൽപാദക സഹകരണ സംഘം ഉള്ളത്. അവിടെ പ്രതിദിനം 1500 ലിറ്റർ പാൽ മാത്രമെ ലഭിക്കുന്നുള്ളു. അതേ സമയം 30-ഓളം ആൾക്കാർ കിഴക്കുംമ്പുറം പാൽ ഉൽപ്പാദന വിപണസംഘത്തിൽ 110 ലിറ്ററോളം പാൽ ഇവിടെ നിന്നും അവിടെ എത്തിക്കുന്നുണ്ട്. അതേപോലെ കോങ്ങാട്ടും പാൽ കൊണ്ടുപോയി കൊടുക്കുന്നുണ്ട്. ആയത് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പാൽ ഇവിടെത്തന്നെ വിപണി കാണുവാൻ വേണ്ടി കൂടുതൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

16) പഞ്ചായത്തിന്റെ ഇന്നുള്ള സൌകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കൽ

ഈ പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് 16 കിലോ മീറ്റർ അകലെ അമ്പലപ്പാറ വെറ്ററിനറി ഡിസ്പെൻസറിയും, കിഴക്ക് 9 കിലോമീറ്റർ അകലെ കല്ലൂർ വെറ്ററിനലി ഡിസ്പെൻസറിയും, 6 കിലോമീറ്റർ അകലെ മണ്ണൂർ വെറ്ററിനറി ഡിസ്പെൻസറിയും, 9 കിലോമീറ്റർ അകലെ കോങ്ങാട് വെറ്ററിനറി ഡിസ്പെൻസറിയും സ്ഥിതി ചെയ്യുന്നു. ഇതു പ്രകാരം സുമാർ 8 കിലോമീറ്ററോളം നടത്തിവേണം മൃഗങ്ങളെ ചികിത്സയ്ക്കും, കൃത്രിമ ബീജസങ്കലനത്തിനും എത്തിക്കുവാൻ. ഇതിനു പരിഹാരമായി പടിഞ്ഞാറ് ഒന്നാം വാർഡിലോ, രണ്ടാം വാർഡിലോ ആയും കിഴക്ക് N.E.U.P സ്ക്കൂളിന്റെ സമീപത്തും, വടക്ക് വടശ്ശിരിയിലും, കുണ്ടലശ്ശേരിയിലും പാലുല്പാദക സഹകരണ സംഘത്തിലും ഒരു ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം ആരംഭിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മത്സ്യബന്ധനം

മനുഷ്യന്റെ ദൈനംദിന ആഹാരത്തിൽ നിയന്ത്രണത്തി ലുള്ള കുളങ്ങൾ. മത്സ്യം ഒരു അവിഭാജ്യ ഘടകമായി മാറിയരികയാണല്ലോ. വളരെയധികം പോഷക ഗുണമുള്ള മത്സ്യത്തിന്റെ ക്രമമായ ഉപയോഗം ആരോഗ്യ സമ്പന്നരായ ഒരു സമൂഹത്തെ സൃഷ്ടിക്കുമെന്ന് പറയേണ്ടതില്ലല്ലോ. വളരെയധികം ചെറിയ കുളങ്ങൾ കൊണ്ട് അനുഗ്രഹീതമായ ഈ ഗ്രാമ പഞ്ചായത്തിൽ പദ്ധതികൾ പലത് കഴിഞ്ഞിട്ടും ജല സൌകര്യത്തിന് അനുസരിച്ച രീതിയിൽ മത്സ്യബത്ത ചൂഷണം ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല എന്നാണ് ലഭ്യമായ സ്ഥിതി വിവരകണക്കുകൾ സൂചിപ്പിക്കുന്നത്. മത്സ്യ കൃഷി നടത്തുന്നതിൽ ഈ ഗ്രാമപ്രദേശത്തെ നിവാസികൾക്കുള്ള താതപര്യക്കുറവോ, അതോ

ഇതു സംബന്ധിച്ച് ബന്ധപ്പെട്ട മേഖലയിൽ നിന്ന് ലഭിക്കേണ്ട പ്രോത്സാഹന ത്തിന്റെ അഭാവമോ ഇതിന്റെ കാരണമാ യേക്കാം. വളരെയധികം വികസന സാധ്യതയുള്ള ഈ മേഖലയ്ക്ക് ഈ ഗ്രാമപഞ്ചായത്തിലും അനുകൂലമായ ഒരു കാലാവസ്ഥായാണ് നിലവിലുള്ളത്. ലഭ്യമായ ജല സൌകര്യങ്ങൾ വേണ്ട രീതിയിൽ വിനിയോഗിക്കുന്ന പക്ഷം ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് മത്സ്യസമ്പത്ത് ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് മാത്രമല്ല, ഇതിനോടനുബന്ധി ച്ചുള്ള തൊഴിൽ സാദ്ധ്യതകളും സാമ്പത്തിക നേട്ടങ്ങളും കൈവരിക്കുവാൻ കഴിയുകയും ചെയ്യും.

ഈ ഗ്രാമപഞ്ചായത്ത് ഉൾനാടൻ മത്സ്യമേഖലയിൽ ഉൾപ്പെടുന്ന ഒരു പ്രദേശമായതിനാൽ ഈ പ്രദേശത്ത് അനുയോജ്യമായ മത്സ്യകൃഷി ശുദ്ധജല മത്സ്യക്കൃഷിയാണ്. ഈ ഗ്രാമപഞ്ചായ ത്തിന്റെ 8 വാർഡുകളിലായി വളരെയധികം കുളങ്ങൾ നിലവിലുണ്ട്. ഈ കുളങ്ങളിൽ 3 തട്ടുകളായി തരം തിരിക്കാം.

1. സ്വകര്യ വ്യക്തികളുടെ നിയന്ത്രണത്തി ലുള്ള കുളങ്ങൾ.
2. ക്ഷേത്രഭരണ കമ്മിറ്റികളുടെ നിയന്ത്രണ ത്തിലുള്ള കുളങ്ങൾ.
3. പഞ്ചായത്ത്/ജലസേചന വകുപ്പ്/മറ്റു ഗവൺമെന്റ് വകുപ്പുകളുടെ അധീനതയി ലുള്ള കുളങ്ങൾ

സ്വകാര്യ വ്യക്തികളുടെ അധീനതയി ലുള്ള കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്ന തിന് ബന്ധപ്പെട്ട വ്യക്തികൾക്ക് പ്രോത്സാഹനവും, പ്രചോദനവും, മാർഗ്ഗ നിർദ്ദേശങ്ങളും നൽകേണ്ടതുണ്ട്. ഇതിനായി മത്സ്യകർഷകരെ സഹായിക്കുന്ന ഒരു ഏജൻസി ഇന്ന് പാലക്കാട് ജില്ലയിൽ നിലിവിലുണ്ട്. ജില്ലാ കലക്ടർ ചെയർമാനായും, മീൻകര ആസ്ഥാനമായും പ്രവർത്തിക്കുന്ന മത്സ്യകർഷക വികസന ഏജൻസി (എ.എ.ഉ.അ) യ്ക്ക് ഈ കാര്യത്തിൽ വളരെയധികം സഹായകരമായ കാര്യങ്ങൾ ചെയാൻ കഴിയും. കൂടാതെ വളരെ വേഗത്തിൽ വളരുന്ന വിവിധയിനം മത്സ്യക്കുഞ്ഞുങ്ങൾ ഗവണമെന്റ് നിശ്ചയച്ചിരി ക്കുന്ന വിലയ്ക്ക് മലമ്പുഴയുള്ള ദേശീയ മത്സ്യ വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്ന് ലഭ്യമവുമാണ്. മത്സ്യം വളർത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രദർശനങ്ങൾ, പരിശീലനങ്ങൾ, സെമിനാറു കൾ, എന്നിവയിലൂടെയും ഈ രംഗം പരിപോഷിപ്പിക്കാവുന്നതാണ്. മത്സ്യം വളർത്തുന്നതിന് താത്പര്യമുള്ള വ്യക്തികൾ ക്ക് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയി ലുള്ള കുളങ്ങൾ പാട്ട വ്യവസ്ഥയിൽ സ്വീകരിച്ച് ഈ കൃഷി നടത്തുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതാണ്. വിവിധ സഹകരണ സംഘങ്ങൾക്കും, സന്നദ്ധസ സംഘടനകൾക്കും ഈ രീതി അവലബിക്കാ വുന്നതാണ്. വളരെയധികം മുതൽ മുടക്ക് ആവശ്യമില്ലാത്ത എന്നാൽ വൻ സാമ്പത്തിക ലാഭം ഉണ്ടാക്കാൻ സഹായകരമാവുന്ന ഈ തലത്തിലുള്ള മത്സ്യകൃഷി ക്ഷേത്ര കമ്മിറ്റിക ളുടെ നിയന്ത്രണത്തിലുള്ള ജലാശയങ്ങ ളിലും നടത്താൻ ശ്രമിക്കേണ്ടതാണ്.

ഈ ഗ്രാമപഞ്ചായത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന മത്സ്യക്കൃഷിയ്ക്ക് അനുയോജ്യ മായ നാലോ, അഞ്ചോ കുളങ്ങൾ ആദ്യമായി കണ്ടെത്തേണ്ടതാണ്. ഗവ. അധീനതയി ലുള്ള കുളങ്ങളാണെങ്കിൽ വളരെ സൌകര്യ മായിരിക്കും. ഈ ജലാശയങ്ങളിൽ മത്സ്യ ബന്ധന അവകാശം ലേലം ചെയ്യുന്നതു മൂലം പഞ്ചായത്തിന്റെ വിഭവസമാഹരണ ത്തിന് അത് ഒരു മുതൽ കൂട്ടാവും. കൂടാതെ തൊഴിൽ

രഹിതർക്ക് ഈ രംഗത്ത് വരാൻ ഒരു അവസരവും സംജാതകമാകും. മത്സ്യം വളർത്തുന്നതിന്റെ ഒരു പ്രാരംഭ നടപടി എന്ന നിലയിൽ ഈ പഞ്ചായത്തിന്റെ അധീനതയിലുള്ള കുറച്ചു കുളങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റേയും, എജൻസികളുടേയും മാർഗ്ഗ നിർദ്ദേശത്തോടു കൂടി ഈ സംരംഭം ആരംഭിച്ച് വിജയിപ്പിച്ച് കാണിക്കുന്ന പക്ഷം വളരെയധികം പേർ ഈ രംഗത്തേയ്ക്ക് സ്വമേധയാ കടന്നു വരും എന്ന കാര്യത്തിൽ തർക്കമില്ല.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകനും, തൊഴിലാളികൾക്കും ഗവൺന്റെ തലത്തിൽ നിന്നും വളരെയധികം പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായങ്ങളും നിലവിലുണ്ട്. മത്സ്യക്കൃഷി സംബന്ധിച്ചുള്ള കാര്യങ്ങളെക്കുറിച്ച് യഥാർത്ഥ ചിത്രം ലഭ്യമല്ല. അതിനാൽ അതിന്റെ പ്രയോജനം ഈ ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ലഭിക്കാൻ ഇടവന്നിട്ടില്ല. ഇവരുടെ ശ്രദ്ധ മത്സ്യക്കൃഷിയിലേയ്ക്ക് തിരിയുന്നതിനോട് സംബന്ധിച്ച് ഈ സഹായങ്ങൾ ലഭ്യമാവാൻ അവസരവും ഉണ്ടാകുന്നതാണ്.

" അഹിതത്മാകുന്ന ശാപം നമ്മുടെ ഇടയിൽ നിന്ന് നീങ്കം ചെയ്യാത്തിടത്തോളം സ്വരാജ് നേടാൻ കഴിയില്ല "

- ഗാന്ധിജി



6.3

വ്യവസായം

ഒരു കാർഷിക ഗ്രാമമായ കേളരശ്ശേരി പഞ്ചായത്ത് വ്യവസായ രംഗത്ത് പറയത്തക്ക പുരോഗതി നേടിയിട്ടില്ല. പ്രധാന വ്യവസായശാലകളൊന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. ഒരു ബ്രഷ് കമ്പനി, വടശ്ശേരിയിലെ വിജാഗിരി മുതലായവ ഉണ്ടാക്കുന്ന കമ്പനി, എന്നിവ മാത്രമെ ഈ പഞ:ായത്തിൽ വ്യവസായശാലകളായി ഉള്ളൂ. പരമ്പരാഗത വ്യവസായമായ കളിമൺ പാത്ര നിർമ്മാണം ഈ പഞ്ചായത്തിൽ ഏതാനും കുടുംബങ്ങളിലെ ഉള്ളൂ. ചുരുക്കം ചില സ്ഥലങ്ങളിൽ ഓലപ്പായ നെയ്ത്ത് ഉണ്ട്. അതും സംഘടിത രൂപത്തിലോ ക്രമത്തിലോ അല്ല.

പഞ്ചായത്തിലെ വിവിധ ബിസിനസ്സ് സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും

സ്റ്റേഷനറി, പലചരക്ക് കട = 53 എണ്ണം

ചായക്കട = 32
മരക്കച്ചവടം = 3
റൈസ്മിൽ = 13
മത്സ്യക്കട = 2
രാസവളം ഡിപ്പോ = 3
റേഷൻ കട = 4
ഈർച്ചമിൽ = 1
മെഡിക്കൽ ഷോപ്പ് = 1
ഓയിൽ മിൽ = 1
സോഡക്കമ്പനി = 2
പ്രസ്സ് = 1
ചെറുകിട വ്യവസായം,
ബ്രഷ് കമ്പനി, ലോഹശക്തി = 2
സൈക്കിൾ വർക്ക്ഷോപ്പ് = 3
ഫർണീച്ചർ നിർമ്മാണഷോപ്പ് = 1
തുണിക്കടകൾ = 4

ഓരോ വാർഡിലേയും നിലവിലുള്ള സ്ഥിതി ചുവടെ ചേർക്കുന്നു.

WARD I

ഒന്നാം വാർഡിലെ 35-ഓളം വരുന്ന സ്ത്രീ തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഖാദി യൂണിറ്റ് പൂട്ടി കിടക്കുക ആണ്.

WARD II

2-ാം വാർഡിൽ നിലവിൽ ഉണ്ടായിരുന്ന സോപ്പ് നിർമ്മാണ സ്ഥാപനം പൂട്ടികിടക്കുക ആണ്. ഈ സ്ഥാപനത്തിൽ 12 തൊഴിലാളികൾ. പണി ചെയ്തിരുന്നു. 2-ാം വാർഡിൽ തന്നെ 5 വീടുകളിൽ കത്രിക വ്യവസായം ഉണ്ട്. 2-ാം വാർഡിൽ 3 കുടുംബത്തിൽ ബീഡി വ്യവസായവും ഉണ്ട്. വാർഡിൽ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം ഉണ്ട്. ധാരാളം വനിതകൾ തുന്നൽ പരിശീലനം കഴിഞ്ഞവർ ഉണ്ട്.

WARD III

റേഷൻ കട, തുണിക്കട പലചരക്ക് കട, ചായക്കട, എന്നീ കച്ചവട സ്ഥാപനങ്ങൾ അല്ലാതെ മറ്റു കച്ചവട സ്ഥാപനങ്ങൾ, സോഡാകമ്പനി, മത്സ്യക്കടകൾ-2 എന്നവയും പ്രവർത്തിക്കുന്നു. തുന്നൽ പരിശീനം കഴിഞ്ഞ വനിതകൾ ധാരാളം ഉണ്ട്.

WARD IV

വാർഡിൽ ചെറുകിട വ്യവസായം ആയി കൊപ്രമില്ല്-1, റേഷൻകട-1, റൈസ് മിൽ-2. കൈക്കോട്ട് നിർമ്മാണം-3, മൺപാത്ര വ്യവസായം-3, കുടുംബവും ഉണ്ട്. വാർഡിൽ തുന്നൽ പരിശീലനം കഴിഞ്ഞ വനിതകൾ ധാരാളം ഉണ്ട്.

WARD V

വാർഡിൽ കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായങ്ങൾ ഉണ്ട് കുടിൽ വ്യവസായങ്ങൾ ആയി ഏകദേശം 7- കുടുംബങ്ങൾ മൺപാത്രം നിർമ്മിക്കുന്നവർ ഉണ്ട്. ഓയിൽ മില്ല് ഒന്ന് ഉണ്ട്. തുന്നര പരിശീലനം കഴിഞ്ഞവർ ധാരാളം ഉണ്ട്.

WARD VI

വാർഡിൽ ഏകദേശം 15 തൊഴിലാളികൾ പണി എടുക്കുന്ന ബ്രഷ് കമ്പനി ഉണ്ട് കോഴിവളർത്തൽ കേന്ദ്രം നിലവിൽ ഉണ്ട്. ഒര റൈസ് മിൽ നിലവിലുണ്ട്. തുന്നൽ പരിശീലന കഴിഞ്ഞ വനിതകൾ ധാരാളം ഉണ്ട്.

WARD VII

വാർഡിൽ 2 ഖാദി ഗ്രാമ യൂണിറ്റുകൾ ഉണ്ട്. ഏകദേശം 50 വനിതകൾ ഈ സ്ഥാപനത്തിൽ തൊഴിൽ ചെയ്യുന്നുണ്ട്. ഒര ഈർച്ച മില്ല് ഉണ്ട്. അതിൽ 3 തൊഴിലാളികൾ ഉണ്ട്. വാർഡിൽ 3 റൈസ് മിൽ ഉണ്ട്. ഒര ലോഹശക്തി എന്ന വ്യവസായ സ്ഥാപനവും ഉണ്ട്. ഈ സ്ഥാപനത്തിൽ 5 തൊഴിലാളികൾ പണി എടുക്കുന്നുണ്ട്. വാർഡിൽ റബ്ബർ കൃഷി ധാരാളം ഉണ്ട്. വാർഡിൽ കുട്ട, പായ, പരമ്പ് എന്നിവ പണി എടുക്കുന്നതും ഓലക്കുട നിർമ്മിക്കുന്നതും ആയ പരമ്പരാഗത മേഖലകളിൽ പണിയുന്ന കുടുംബങ്ങൾ ധാരാളം ഉണ്ട്. തുന്നൽ പരിശീലനം കഴിഞ്ഞ വനിതകൾ ധാരാളം ഉണ്ട്. വാർഡിൽ പട്ടുനൂൽ പുഴു വളർത്തൽ പരിചയ സമ്പന്നരായ തൊഴിലില്ലാത്ത ചെറുപ്പക്കാർ ധാരാളം ഉണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

WARD I

1. ഒന്നാം വാർഡിലെ പൂട്ടിക്കിടക്കുന്ന ഖാദി യൂണിറ്റ് തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ ഏകദേശം 35-ഓളം സ്ത്രീകൾക്ക് തൊഴിൽ കിട്ടുവാനുള്ള സാധ്യതയുണ്ട്. തുന്നൽ പരിശീലനം കഴിഞ്ഞ ധാരാളം വനിതകൾ ടി പ്രദേശത്തുണ്ട്. ആയതിനാൽ തുന്നൽ

പരിശീലനവും, ഗാർമെന്റും തുടങ്ങുകയാണെങ്കിൽ തൊഴിൽ സാധ്യത ഉറപ്പുവരുത്താം.

2. കരിങ്കൽ ക്വാറിയെ ആശ്രയിച്ച് കഴിയുന്ന 40-ഓളം പേർ ടി പ്രദേശത്തുണ്ട്. ക്വാറി തുടങ്ങുകയാണെങ്കിൽ ധാരാളം പേർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്താം.

WARD II

1. വാർഡിൽ നിലവിലുണ്ടായിരുന്ന സോപ്പ് നിർമ്മാണ യൂണിറ്റ് പൂട്ടികിടക്കുകയാണ്. തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. 12- ഓളം പേർ പ്രവർത്തി ചെയ്തിരുന്ന സ്ഥാപനമാണ്.

WARD III

വാർഡിൽ മൺപാത്ര നിർമ്മാണ തൊഴിലാളികളായി10 കുടുംബങ്ങൾ പാർക്കുന്നുണ്ട്. നിർമ്മാണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുവാനുള്ള സാഹചര്യം ഉണ്ടാകണം. തുന്നൽ പരിശീലനം കഴിഞ്ഞ ധാരാളം വനിതകളുള്ള പ്രദേശത്ത് ഒരു ഗാർമെന്റ് കമ്പനി തുടങ്ങുവാനുള്ള സാഹചര്യം ഉണ്ടക്കണം. ധാരാളം റബ്ബർ ഉല്പാദകരും വാർഡിൽ ഉണ്ട്.

WARD IV

വാർഡിൽ തുന്നൽ പരിശീലനം പൂർത്തിയാക്കിയ ധാരാളം വനിതകൾ ഉണ്ട്. ടി സ്ഥലത്ത് ഗാർമെന്റ് കമ്പനി എർപ്പെടുത്തുന്ന പക്ഷം തൊഴിലവസരങ്ങൾക്ക് സാധ്യതയുണ്ട്. കൂടാതെ റബ്ബർ ഉല്പാദകർക്ക് സംസ്ക്കരണ യൂണിറ്റ് കൂടി സ്ഥാപിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണം. ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, പ്ലാസ്റ്റിക്ക് വയർ നിർമ്മാണം. എന്നിവ തുടങ്ങുവാനുള്ള ഓരോ യൂണിറ്റും തുടങ്ങിയാൽ ടി സ്ഥലത്ത് പുരോഗതി കൈവരിക്കുവാൻ കഴിയും.

WARD V

തുന്നൽ പരിശീലനം കഴിഞ്ഞ വനിതകൾക്ക് ഒരു ഗാർമെന്റ് കമ്പനി ഉണ്ടായാൽ നിരവധി പേർക്ക് തൊഴിൽ ലഭിക്കും.

WARD VI

സ്റ്റീൽ ഫർണീച്ചർ വർക്കുകൾ, കോഴി വളർത്തൽ കേന്ദ്രം എന്നിവ തുടങ്ങുവാൻ താല്പര്യമുള്ളവർ വാർഡിൽ ഉണ്ട്. കൊപ്ര സംസ്കരണ യൂണിറ്റ്, പ്ലാസ്റ്റിക് വ്യവസായം, ഇറച്ച, മുട്ടക്കോഴി വളർത്തൽ, വനിതകൾക്കുള്ള പ്ലാസ്റ്റിക്, തഴപ്പായ നെയ്ത്ത് എന്നിവ സ്ഥാപിക്കുവാനുള്ള ഓരോ യൂണിറ്റും നിർബന്ധമായും തുടങ്ങിയാൽ ടി സ്ഥലത്ത് പുരോഗതി കൈവരിക്കുവാൻ കഴിയും.

WARD VII

റെഡിമെയ്ഡ് ഗാർമെന്റ് കമ്പനി, ഫർണീച്ചർ മാർട്ട്, പൊതുമാർക്കറ്റ്, മുട്ടക്കോഴി വ്യവസായം, ബേക്കറി, അച്ചാർ യൂണിറ്റ്, മെഴുകുതിരി, ചന്ദനത്തിരി യൂനിറ്റ് എന്നിവ തുടങ്ങിയാൽ ധാരാളം പേർക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുവാൻ കഴിയും, താല്പര്യമുള്ളവർ വാർഡിലുണ്ട്.

WARD VII

നിലവിലുള്ള ഖാദി വ്യവസായ യൂനിറ്റ് ഊർജ്ജസ്വലമാക്കണം. പട്ടുനൂൽ വ്യവസായം, റബ്ബർ സംസ്കരണ യൂനിറ്റ്, പാൽസൊസൈറ്റി എന്നിവ സ്ഥാപിക്കുവാനുള്ള നടപടി ഉണ്ടാക്കണം. കൂടാതെ തേനീച്ച വളർത്തൽ, കയർ വ്യവസായം, കൊട്ട, പായ, പരമ്പ് എന്നിവ തുടങ്ങുവാനുള്ള യൂനിറ്റ് സ്ഥാപിച്ചാൽ ധാരാളം പേർക്ക് തൊഴിൽ ലഭിക്കും. ധാരാളം വനിതകൾ തുന്നൽ പരിശീലനം കഴിഞ്ഞിട്ടുണ്ട്.

ഗാർമെന്റ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടി ഉണ്ടാക്കണം.

ക്രോഡീകരണം

1) ഗ്രാമസഭാ റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ വാർഡിലും തുന്നൽ പരിശീലനം, കൊട്ട, പായ് നെയ്ത്ത്, മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ, റബ്ബർ അധിഷ്ഠിത വ്യവസയങ്ങൾ, ഫർണാച്ചർ മാർട്ട്, കൈത്തറി, എന്നിവയെ അടിസ്ഥാനമാക്കി നിരവധി നിർദ്ദേശങ്ങൾ കാണുന്നു. ആയതിനാൽ പുതിയ വ്യവസായ സംരംഭകർക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ പരിശീലന പരിപാടി ആവിഷ്കരിച്ച് പ്രോത്സാഹനം നൽകുകയാണെങ്കിൽ കൂടുതൽ ആളുകളെ വ്യവസായ രംഗത്തേക്ക് ആകർഷിക്കാവുന്നതാണ്.

2) കന്നുകാലി വളർത്തൽ, കോഴിവളർത്തൽ എന്നവി വ്യാപകമാകുന്നതോടെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂനിറ്റിന് സഹകരാണാടിസ്ഥാനത്തിൽ വിപുലമായ സാദ്ധ്യത ഉണ്ടാകുന്നതാണ്.

3) റബ്ബർ കൃഷി വികസിച്ചു കൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുവാനുള്ള സാദ്ധ്യത ഉണ്ട്.

4) പഞ്ചായത്തു തലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കേണ്ടതും സ്വയം തൊഴിൽ ചെറുകിട വ്യവസായം എന്നിവ തുടങ്ങുവാനുദ്ദേശിക്കുന്നവർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും ലഭ്യമാക്കേണ്ടതും ആണ്.

5) പഞ്ചായത്തിലെ വ്യവസായ വികസനത്തിന് ഒരു വിശദമായ സർവ്വേ ആവശ്യമാണ്. അസംസ്കൃത പദാർത്ഥങ്ങൾ, ഉൽപ്പന്നങ്ങൾ, വിപണന സാദ്ധ്യതകൾ, എന്നിവയെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്തി പഞ്ചായത്തു തലത്തിൽ ഒരു മാർഗ്ഗരേഖ ഉണ്ടാക്കണം. അതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിലും, സഹകരണമേഖലയിലും പുതിയ വ്യവസായ സംരംഭങ്ങൾക്ക് ഉള്ള പ്രേത്സാസഹനം പഞ്ചായത്ത് മുൻകൈ എടുത്ത് നൽകേണ്ടതാണ്.

6) പഞ്ചായത്തിൽ മറ്റു പല സ്ഥലങ്ങളിൽ നിന്നും അസംസ്കൃത രൂപത്തിലുള്ള ഉരുപ്പടികൾ കൊണ്ടുവന്ന് (കൈക്കോട്ട് മുതലായവ) രൂപപ്പെടുത്തുന്നതായ 5 സ്ഥാപനങ്ങൾ ഉണ്ട്. ഇവരെ ഉപയോഗപ്പെടുത്തി ചെറിയതോതിലുള്ള കാർഷിക ഉപകരണങ്ങൾ വ്യവസായിക ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഒരു യൂനിറ്റ് സ്ഥാപിക്കാൻ ശ്രമിക്കാവുന്നതാണ്.

7) പരമ്പരാഗതമായി ഉള്ള മണപ്പണിക്കാരെ ഉപയോഗിച്ച് ഒരു ഫർണീച്ചർ കമ്പനി നടത്തുകയും തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് മരപ്പണി പരിശീലനം നടത്തുകയും ചെയ്യാവുന്നതാണ്.

8) പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാനുള്ള സാധ്യത ആരായാവുന്നതാണ്.

9) നിലവിലുള്ള ഖാദി യൂനിറ്റ് യന്ത്രവൽക്കരിക്കുവാൻ ശ്രമിക്കുകയും പൂട്ടികിടക്കുന്ന യൂനിറ്റ് തുറന്ന് പ്രവർത്തിക്കാനും ശ്രമിക്കാവുന്നതാണ്.

10) തൊഴിലില്ലാത്ത സ്ത്രീകളെ ഉപയോഗപ്പെടുത്തി കറിപൌഡറുകൾ, അച്ചാറുകൾ, വറ്റൽകൾ മുതലായവ നിർമ്മിച്ച് പായ്ക്ക് ചെയ്ത് വിതരണം

നടത്തുന്നതിനുള്ള ഒരു യൂനിറ്റ് സ്ഥാപിക്കാം.

11) വിദ്യാസമ്പന്നരായ ചെറുപ്പക്കാരെ ഉപയോഗിച്ച് (I.T.I. പരിശീലനം പോലുള്ള പരിശീലനം ലഭിച്ചവരെ) T.V., റേഡിയോ, ഗ്രൈന്റർ, മില്ലി, ഇലക്ട്രിക്കൽ മോട്ടോർ, സ്വിച്ച്, മോട്ടോർ വാഹനങ്ങൾ എന്നിവ നന്നാക്കൽ തുടങ്ങിയവ ചെയ്യുന്ന ചെറിയ യൂനിറ്റുകൾ സ്ഥാപിക്കുവാനുള്ള ശ്രമം നടത്താവുന്നതാണ്.

12) നമ്മുടെ നാട്ടിലെ നാളികേരം സംഭരിച്ച് അവ വെട്ടി ഒണക്കി കൊപ്രയാക്കുന്ന യൂനിറ്റ് തുടങ്ങാൻ സാധിക്കും.

13) പൈനാപ്പിൾ, പഴവർഗ്ഗങ്ങൾ (മാങ്ങ etc) എന്നിവ ഉപയോഗിച്ച് സ്കാഷ്, ജാം എന്നിവ നിർമ്മിക്കുന്ന യൂനിറ്റ് തുടങ്ങുവാൻ സാധിക്കും.

" എനിക്കിന്ന് ഈ ലോകത്തിന് പുതിയതൊന്നും പഠിപ്പിക്കുവാനില്ല. അക്രമരാഹിത്യവും, സത്യവും, സഹിഷ്ണുതയും പർവ്വതങ്ങളേക്കാൾ പ്രായമേറിയവയാണ് "

- ഗാന്ധിജി



6.4

വിദ്യാഭ്യാസം

സാമൂഹിക പ്രതിബദ്ധതയുടെ ഒരു തലമുറയെ സൃഷ്ടിക്കുന്ന ഒരു ബൃഹത്തായ സാമൂഹിക പ്രക്രിയയാണ് വിദ്യാഭ്യാസം. സമൂഹത്തിന്റെ വികസനപാതയിൽ അതത് പ്രദേശത്തെ വിദ്യാഭ്യാസമേഖല ഗണ്യമായ സ്വാധീനം ചെലുത്തിയതായി കാണാൻ കഴിയും. ഈ വികസനമേഖലയിലെ ആദ്യപടിയായി വ്യക്തിത്വ വികാസവും വ്യക്തികളുടെ പ്രദേശത്തിന്റെ വികസനവും പ്രദേശങ്ങളിലൂടെ രാജ്യത്തിന്റെ വികസനവുമാണ് സാധിത മാവേണ്ടത്.

കേരളശ്ശേരിയുടെ ഇരുപതാം നൂറ്റാണ്ടിന് മുൻപത്തെ വിദ്യാഭ്യാസ ചരിത്രത്തിന്റെ ഏടുകൾ മുഴുവനായും മാഞ്ഞുപോയിരിക്കുന്നു. കേട്ടുകേൾവികൾ പ്രകാരം 19-ാം നൂറ്റാണ്ടിൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് അക്ഷരജ്ഞാനവും അക്കജ്ഞാനവും പകർന്ന് നൽകിയിരുന്നത് നാട്ടെഴുത്ത് ശാലകളായിരുന്നുവത്രെ. അക്കാലത്തെ പ്രസിദ്ധ നാട്ടാശാൻമാർ ചുണ്ടയിൽ താച്ചുനായർ, പൂക്കാട്ട് കൃഷ്ണൻ നായർ, ചെറാട്ട് കുഞ്ഞൻ നായർ, വടക്കേക്കര കോപ്പുണ്ണി നായർ എന്നിവരായിരുന്നത്രെ. വിദ്യാഭ്യാസം പാഠശാലാ കേന്ദ്രീകൃതമാക്കുന്നതിനായി ബ്രിട്ടീഷ് വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കേരളശ്ശേരി ഹൈസ്ക്കൂൾ റോഡ് ജംഗ്ഷനു സമീപം കോവിൽക്കാട്ട് പണിക്കർ വീട്ട് വക സ്ഥലത്ത് ഒരു പ്രാഥമിക വിദ്യാലയം ആരംഭിച്ചു. കേരളശ്ശേരി പഞ്ചായത്തിലെ ആദ്യത്തെ ആധുനിക രീതിയിലുള്ള ഈ വിദ്യാഭ്യാസ സംരംഭം 1920 വരെ പ്രവർത്തിച്ചിരുന്നു.

തടുക്കശ്ശേരി മല്ലപ്പുറത്ത് എന്ന നാരായണ മംഗലത്ത് മനവക ഒരു പ്രാഥമിക വിദ്യാലയം 1912ൽ സ്ഥാപിതമായി. മല്ലപ്പുറത്ത് ദാമോദരൻ

നമ്പൂതിരിയുടെ ആദ്യകാല മാനേജ്മെന്റിനു കീഴിൽ തുടങ്ങിയ ഈ വിദ്യാലയം കോർണേഷൻ സ്ക്കൂൾ എന്ന് അറിയപ്പെട്ടിരുന്നു.

വടശ്ശേരി പ്രദേശത്ത് E.K. മേനോൻ എന്ന വ്യക്തി മുൻകൈയെടുത്ത് 1917ൽ ഒരു പ്രാഥമിക വിദ്യാലയം ആരംഭിച്ചു. ഇങ്ങനെ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ വടശ്ശേരി, തടുക്കശ്ശേരി, കേരളശ്ശേരി എന്നീ പ്രദേശങ്ങളിൽ വിദ്യാലയങ്ങൾ പ്രവർത്തനമാരംഭിച്ചു.

കേരളശ്ശേരി എ.യു. പി.സ്ക്കൂൾ പ്രവർത്തനമാരംഭിച്ച വർഷം തന്നെ മഠത്തിൽ പൊറ്റയിൽ വക കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയ വിദ്യാലയമാണ് ഇന്നും മാതൃകാപരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുണ്ടളശ്ശേരി ജി. എൽ. പി. സ്ക്കൂൾ. അത് ഇന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതെന്ന ദുഃഖസത്യം ഇവിടെ പ്രസ്താവ്യമാണ്.

കേരളശ്ശേരി ഹൈസ്ക്കൂൾ റോഡ് ജംഗ്ഷനു സമീപം പ്രവർത്തിച്ചിരുന്ന വിദ്യാലയത്തിന്റെ അഭാവത്തോടെ കോമിൽക്കാട്ട് പണിക്കർ വീട്ടിൽ കേശവപ്പണിക്കർ എന്ന ത്യാഗസന്നദ്ധനായ മഹാധനന്റെ നേതൃത്വത്തിൽ 1928ൽ കേരളശ്ശേരി എ.യു.പി സ്ക്കൂൾ സ്ഥാപിതമായി. പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം സെക്കന്ററി വിദ്യാഭ്യാസത്തിനായി പാലക്കാട്, കടമ്പഴിപ്പുറം, പറളി എന്നീ പ്രദേശങ്ങളെ ആശ്രയിച്ചിരുന്ന കേരളശ്ശേരിക്കാരുടെ ആവശ്യം കണ്ടറിഞ്ഞ് തന്റെ സ്ഥലവും സ്വാധീനവുമെല്ലാം ഉപയോഗപ്പെടുത്തി 1947ൽ കേശവപ്പണിക്കർ തന്നെ കേരളശ്ശേരി ഹൈസ്ക്കൂളിനും രൂപം നൽകി. ഇതിനകം തന്നെ തടുക്കശ്ശേരി ശങ്കരി എ. യു.പി. സ്ക്കൂളും സ്ഥാപിതമായി.

കേരളശ്ശേരിയുടെ അവികസിതമായിക്കിടന്നിരുന്ന കിഴക്കൻ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ പുരോഗതിയെ മാത്രം ലാക്കാക്കി ദീർഘദർശിയും ത്യാഗധനനുമായിരുന്ന ശ്രീമാൻ. സി. കെ. ഗോവിന്ദൻ കുട്ടിനായർ തന്റെ സർവ്വശേഷിയും പ്രയോജനപ്പെടുത്തി സ്ഥാപിച്ച ഒരു സരസ്വതീക്ഷേത്രമാണ് ഇന്നും കേരളത്തിലെ തന്നെ, പൊതു വിദ്യാഭ്യാസ മേഖലയിലെ ത്യാഗസന്നദ്ധതയ്ക്ക് മകുടോദാഹരണമായി വർത്തിക്കുന്ന കേരളശ്ശേരി എൻ.ഇ.യു.പി. സ്ക്കൂൾ.

അതുപോലെ തന്നെ ഒരു മാതൃകാധ്യാപകനായി ദീർഘകാലം സേവനമനുഷ്ഠിച്ച് തന്റെ അത്രയും കാലത്തെ സമ്പാദ്യമത്രയും ഉപയോഗിച്ച് ശ്രീ. കെ. പി.രാമൻമാസ്റ്റർ നിർമ്മിച്ച വിദ്യാലയമാണ് പടിഞ്ഞാറെമുറി ജി. എൽ. പി. സ്ക്കൂൾ. ആ വിദ്യാലയത്തിന്റെ സ്ഥാപനത്തിനു ശേഷം വളരെക്കാലം അതിന്റെ ഉന്നതിയെ മാത്രം ലക്ഷ്യമാക്കി സർക്കാരിൽ നിന്നും ഒരു നയാ പൈസ പോലും പ്രതിഫലം വാങ്ങാതെ സന്നദ്ധസേവനം അനുഷ്ഠിച്ച മഹാനുഭാവനാണ് ശ്രീ. കെ. പി. രാമൻ മാസ്റ്റർ. അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുമ്പിൽ നാം അർപ്പിക്കുന്ന ഏറ്റവും ഉചിതമായ പ്രണാമം ആ വിദ്യാലയത്തിന്റെ നിലനില്പിനും ഉന്നതിക്കും വേണ്ടിയുള്ള പ്രവർത്തനം മാത്രമാണ്. ഇന്ന് സർക്കാർ ലാഭനഷ്ടക്കണക്കുകളുടെ പേരിൽ ആ വിദ്യാലയത്തിന്റെ നിലനില്പിനു നേരെ വിരൽ ചൂണ്ടുമ്പോൾ ആ ത്യാഗനിർമ്മലമായ ആത്മാവ് വളരെയേറെ വേദനിക്കുന്നുണ്ടാവാം.

നിലവിലുള്ള സ്ഥിതി

പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനു 15 അംഗനവാടികളും 2 എൽ.പി.സ്ക്കൂളുകളും 4

യു.പി.സ്ക്കൂളുകളും 1 ഹൈസ്ക്കൂളും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനത്തെ നയിക്കുന്നു. 5 വയസ്സായ എല്ലാ വിദ്യാർത്ഥികൾക്കും 1.5 കിലോമീറ്ററിനുള്ളിൽ ഈ പഞ്ചായത്തിൽ ലോവർപ്രൈമറി വിദ്യാഭ്യാസ സൗകര്യവും പരമാവധി 4 കി.മീറ്ററിനുള്ളിൽ യു. പി. സൗകര്യവും 6 കി.മീറ്ററിനുള്ളിൽ ഹൈസ്ക്കൂൾ സൗകര്യവും ഉണ്ട്.

5 വയസ്സു തികഞ്ഞ എല്ലാ കുട്ടികളേയും വിദ്യാലയത്തിൽ എത്തിക്കുന്നതിൽ നാം വിജയിച്ചുവെങ്കിലും ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠനനിലവാരം പ്രത്യേകിച്ച് ഹൈസ്ക്കൂളിലേത് തൃപ്തികരമല്ലെന്നു തന്നെ പറയാം. മാത്രമല്ല, സ്ക്കൂളുകളിലെത്തുന്ന വിദ്യാർത്ഥികളെ മുഴുവനും കൊഴിഞ്ഞു പോകാതെ നിലനിർത്താനും കഴിഞ്ഞിട്ടില്ല. ഉപരി മധ്യവർഗ വിഭാഗങ്ങളിലെ കുട്ടികൾ ഭൂരിഭാഗവും ഇംഗ്ലീഷ് മീഡിയം, അൺ - എയിഡഡ് സ്ക്കൂളുകളെ ആശ്രയിക്കുന്നതു കൊണ്ട്, കുറഞ്ഞ ജനനനിരക്കു മൂലവും പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ള തായി കാണാം. തന്മൂലം അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന ഒരു വിദ്യാലയമാണ് തടുക്കശ്ശേരി, പടിഞ്ഞാറെമുറി ജി.എൽ.പി. സ്ക്കൂൾ.

14 വയസ്സിൽ കുറഞ്ഞ ഏതാണ്ട് 60ഓളം കുട്ടികൾ വീട്ടിലെ സാമ്പത്തിക വിഷമതകൾ മൂലം വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു എന്നു മാത്രമല്ല ഏകദേശം 700 ഓളം ആളുകൾ നിരക്ഷരരാണ് എന്ന് DPEP സർവ്വേ 1996-ൽ കാണിക്കുന്നു. ഇത് മൊത്തം ജനസംഖ്യയുടെ 7 ശതമാനത്തോളം വരും. പത്തോളം കുഞ്ഞുങ്ങൾ 5 വയസ്സിനു ശേഷവും സ്ക്കൂളുകളിൽ ചേർത്തിയിട്ടില്ലെന്നു കാണിക്കുന്നു.

സ്ക്കൂളുകളിലെ അധ്യാപക രക്ഷകർത്തൃ സമിതി, മാതൃസംഗമം എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നു പറയാം. എല്ലാ യു.പി.സ്ക്കൂളിലെയും കുട്ടികൾ 40 ശതമാനത്തോളം പേർ മാത്രമെ ശരാശരി നിലവാരത്തിൽ എത്തിക്കാണുന്നുള്ളൂ. എന്നാൽ പത്താം തരത്തിലെത്തുമ്പോഴേയ്ക്കും ഈ 40 ശതമാനം വീണ്ടും 17 ശതമാനമായി കുറഞ്ഞിരിക്കുന്നതായി കാണുന്നു. പ്രൈമറി സ്ക്കൂളിലെ കുട്ടികൾ ഏതാണ്ട് 30 ശതമാനം പേർ അക്ഷരജ്ഞാനവും അക്കജ്ഞാനവും ഇല്ലാത്തവരാണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഇത് ഇല്ലാതാക്കുന്നതിനായി മാതൃസംഗമം, അധ്യാപക രക്ഷകർത്തൃ സമിതി എന്നിവരുടെ സജീവമായ പങ്കാളിത്തത്തോടെ വിദ്യാഭ്യാസ പദ്ധതികൾ ' അക്ഷരപുലരി ' മുതലായവ നടപ്പിലാക്കേണ്ടതാണ്.

രണ്ട് എൽ.പി. വിദ്യാലയങ്ങളൊഴികെ മറ്റ് സ്ഥാപനങ്ങളെല്ലാം പ്രൈവറ്റ് എയ്ഡഡ് മേഖലയിലാണ് ഉള്ളത്. അപര്യാപ്തമായ ഭൗതിക സാഹചര്യങ്ങൾ കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നു എന്നിരിക്കെ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്താനുള്ള ശ്രമങ്ങൾ സ്ക്കൂൾ അധികൃതരിൽ നിന്നും ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിൽ നിരക്ഷരുടെ ശതമാനം തുടർ വിദ്യാഭ്യാസ പരിപാടി തീരെ അപ്രയുക്തമാണ്. അതുകൊണ്ട് തന്നെ പുതിയതായി അക്ഷര ജ്ഞാനം നേടിയവർ തന്നെ ഇന്ന് അക്ഷരമെല്ലാം മറന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണ്.

കേരളശ്ശേരി പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ കേരളശ്ശേരി ഹൈസ്ക്കൂളിലെ പഠന നിലവാരം വളരെ മോശമാണെന്ന് SSLC വിജയശതമാനം കാണിക്കുന്നു. എട്ടാം

...ുന്ന 40 ശതമാനം ശരാശരി
...ാം തരത്തിലെത്തുമ്പോഴേക്കും
...ുറയുന്നു. (20 ശതമാനം)

...റ്റവും കൂടുതൽ ധനം വിനിയോഗി
...ന്ന പൊതുവനമേഖലയായ വിദ്യാഭ്യാസം
...ഗുരുതരമായ തകർച്ചയെ നേരിടുന്നു.

...ദ്ധ്യാപക രക്ഷകർത്തൃ സമിതികൾ, ...ുസ്തകാലയം എന്നിവ സജീവമല്ല. ...ുധീകരിക്കുന്നതിനുള്ള ക്രിയാത്മക ...പെടൽ നടപടികളിൽ സ്ക്കൂളധികൃതരുടെ ...ത്തത്തിന്നും ഉണ്ടാകുന്നില്ല.

സ്ക്കൂളുകളിലെ ഭൗതിക സാഹചര്യ ...ങ്ങളുടെ അപര്യാപ്തത പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. മിക്ക സ്ക്കൂളുകളിലും പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ല.

4. സാമ്പത്തിക പരാധീനതകൾ മൂലം വിദ്യാർത്ഥികളിൽ കൊഴിഞ്ഞു പോക്കുണ്ട്.

5. കുട്ടികളുടെ മാനസികവും കായികവുമായ വികസനത്തിനുതകുന്ന പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ ഒരു വഴിവാട് നിയോഗം പോലെ മാത്രമെ നടത്തപ്പെടുന്നുള്ളൂ. കളിസ്ഥലം ഇല്ലെന്നു തന്നെ പറയാം. അതുകൊണ്ടു തന്നെ ഈ പ്രദേശത്തെ വിദ്യാലയങ്ങൾ ശ്രദ്ധേയമായ സ്ഥാനം സ്ക്കൂൾ മേളകളിലും മറ്റും നേടികാണില്ല.

6. അക്കാഡമിക് സൗകര്യങ്ങളുടെ അപര്യാപ്തയും ഉള്ള സൗകര്യങ്ങൾ തന്നെ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള അദ്ധ്യാപകരുടെ വിമുഖതയും ഒരു പ്രധാന പ്രശ്നമായി ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നു വന്നിരിക്കുന്നു.

7., അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും വേണ്ട രീതിയിലുള്ള ഇടപെടലുകളുടെ അഭാവം മൂലം സമൂഹത്തെ അധമ വാസനകളിലേക്ക് നയിക്കുന്ന പൈങ്കിളി വാരികകളിലും താഴ്ന്ന നിലവാരമുള്ള പുസ്തകങ്ങളിലും ടി.വി. സീരിയലുകളിലും വിദ്യാർത്ഥികൾ അഭയം പ്രാപിക്കുന്നു.

8. പ്രോഗ്രസ്സ് റിപ്പോർട്ട് എല്ലാ സ്ക്കൂളുകളിലും കാലാകാലങ്ങളിൽ രക്ഷിതാക്കളുടെ അടുത്തെത്തിക്കുന്നതിൽ സ്ക്കൂൾ അധികൃതർ താത്പര്യം കാണിക്കുന്നില്ല.

9. സാമൂഹ്യ ക്ഷേമ പ്രവർത്തന രംഗങ്ങളിലെ അദ്ധ്യാപകരുടെ താത്പര്യക്കുറവ് അദ്ധ്യാപക രക്ഷകർത്തൃ ബന്ധങ്ങളിൽ വിള്ളലുകൾ സൃഷ്ടിക്കുന്നു.

10. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുള്ള ('ബാലകൈരളി' നഴ്സറി ക്ലാസ്സ് തടുക്കശ്ശേരി രണ്ടാം വാർഡിൽ വിവേകോദയ ഗ്രന്ഥശാലയിൽ വെച്ച് നടത്തുന്നതൊഴിച്ച്) (കേരള ഗ്രന്ഥശാലാസംഘത്തിന്റെ കീഴിൽ) യാതൊരു സൗകര്യങ്ങളും ഈ പഞ്ചായത്തിലില്ല. അംഗനവാടികളാണ് ഈ ധർമ്മം നിറവേറ്റുന്നതെങ്കിലും പ്രസ്തുത മേഖലയിൽ വേണ്ടത്ര നേട്ടം കൈവരിക്കാൻ അവയ്ക്ക് കഴിഞ്ഞിട്ടില്ല.

11. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 2 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളല്ലാതെ മറ്റ് ഒരു സ്ഥാപനവും ഈ പഞ്ചായത്തിലില്ല. ഇത്

സാങ്കേതിക പരിശീലനത്തിനുള്ള അവസര മില്ലാതാക്കുന്നു.

12. പരിശീലനം നേടിയിട്ടില്ലാത്ത അദ്ധ്യാപകർ (അൺ ട്രെയിൻഡ്) ഈ പഞ്ചായത്തിലില്ലെങ്കിലും അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ പ്രീ ഓറിയൻന്റേഷൻ കോഴ്സുകൾ ലഭിച്ചിട്ടില്ല.

13. സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ശേഷം തുടർ വിദ്യാഭ്യാസ പരിപാടികളൊന്നും തന്നെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സാക്ഷരതാ പ്രവർത്തനത്തിന്റെ വിജയം മൂലമുണ്ടായ നേട്ടങ്ങൾ ഇല്ലാതാക്കാൻ കാരണമാകുന്നു.

നിർദ്ദേശങ്ങൾ

1. ഗണ്യമായ നിലവാരത്തകർച്ചയെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന പഞ്ചായത്തിലെ സ്ക്കൂളുകളിലെ പ്രശ്നങ്ങളെകുറിച്ച് അവലോകനം ചെയ്യുന്നതിന്, ആവശ്യമായ പരിഹാരമാർഗ്ഗങ്ങള കണ്ടെത്തി നടപ്പിലാക്കുന്നതിനും ഒരു 'പഞ്ചായത്തു് വിദ്യാഭ്യാസ സമിതി' രൂപീകരിക്കണം.

ഘടന

ചെയർമാൻ – പഞ്ചായത്ത് പ്രസിഡണ്ട്
കൺവീനർ – ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ
കോ-ഓഡിനേറ്റർ – സജീവമായി പ്രവർത്തിക്കുന്ന ഒരു അധ്യാപകൻ

അംഗങ്ങൾ

പഞ്ചായത്ത് മെമ്പർമാർ, ഹെഡ്മാസ്റ്റർമാർ, പി. ടി. എ. പ്രസിഡണ്ടുമാർ, മാതൃസംഗമം പ്രവർത്തകർ, 10 അധ്യാപകരിൽ കൂടുതലുള്ള വിദ്യാലയത്തിൽനിന്നും ഒരു സ്റ്റാഫ് പ്രതിനിധി, മാനേജ്മെന്റ് പ്രതിനിധി, വിദ്യാഭ്യാസ പ്രവർത്തകർ, റിട്ടയേർഡ് അധ്യാപകരിൽ താൽപര്യമുള്ളവർ.

ചുമതലകൾ

പഞ്ചായത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സ്ക്കൂൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, പഞ്ചായത്തുതല ക്യാമ്പുകളും ചർച്ചകളും സംഘടിപ്പിക്കുക.

പ്രതിമാസ യോഗം, ചർച്ച, റിപ്പോർട്ടിംഗ്, ഭാവിപ്രവർത്തനങ്ങൾ എന്നിവ വേണം.

2. സ്ക്കൂൾ തലത്തിൽ പഠന നിലവാരം വർദ്ധിപ്പിക്കുന്നതിന് സ്ക്കൂൾ വിദ്യാഭ്യാസ സമിതി രൂപീകരിക്കേണ്ടതാണ്.

ചെയർമാൻ – വാർഡ് മെമ്പർ
വൈസ് ചെയർമാൻ – മാതൃസംഗമം ചെയർപേഴ്സൺ
കൺവീനർ – ഹെഡ്മാസ്റ്റർ
ജോ. കൺവീനർ – തൽപരനായ അദ്ധ്യാപകൻ അംഗങ്ങൾ സ്റ്റാഫ് സെക്രട്ടറി, അദ്ധ്യാപക പ്രതിനിധികൾ വിദ്യാഭ്യാസ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ

ചുമതലകൾ

1. രൂപീകരണ ചുമതല ഹെഡ്മാസ്റ്റർക്ക്, മാസത്തിലൊരിക്കലെങ്കിലും യോഗം വിളിച്ചു ചേർക്കുകയും ചർച്ച, ഭാവി പരിപാടികൾ എന്നിവ രേഖപ്പെടുത്തുകയും വേണം.

2. സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ചി

ട്ടുള്ള സബ്ജക്ട് കൗൺസിലുകൾ, സബ്ജക്ട് ഇൻഡക്സ് (ക്ലാസ്സ് തല / സ്ക്കൂൾ തല) കണ്ടുപിടിക്കുകയും അതിനനുസരണമായ പരിഹാരബോധനം നടത്തുകയും വേണം. പിയർ ഗ്രൂപ്പുകൾ രൂപീകരിച്ച് പഠനം രസകരമാക്കുക.

3. സ്ക്കൂൾ തലത്തിൽ (ക്ലാസ്സുകളിൽ) മാസം തോറും പരീക്ഷകൾ (Monthly test) നടത്തുകയും, സബ്ജക്ട് ഇൻഡക്സുകൾ മാസാവസാനത്തിൽ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയ്ക്ക് നൽകേണ്ടതുമാണ്.

4. പഞ്ചായത്ത് തലത്തിൽ പരീക്ഷ ഏകീകരിക്കുകയും രീതിയിൽ ആവശ്യമായ പരിഷ്കാരങ്ങൾ (പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ നിർദ്ദേശപ്രകാരം) നടപ്പിലാക്കേണ്ടതുമാണ്.

5. പഞ്ചായത്ത് പ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളിലെ പഠനനിലവാരം വർദ്ധിപ്പിക്കുകയും ആവശ്യമായ ഗതാഗതസൗകര്യങ്ങൾ ആക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുകയും ചെയ്ത് പഞ്ചായത്തീതര പ്രദേശങ്ങളിലേക്ക് ഇംഗ്ലീഷ് മീഡിയം അൺ - എയിഡഡ് മേഖലയിലേക്ക് പോകുന്ന കുട്ടികളെ പ്രസ്തുത പ്രദേശങ്ങളിൽ തന്നെ നിലനിർത്തണം.

6. എല്ലാ വാർഡുകളിലും ഓരോ പ്രീ-പ്രൈമറി വിദ്യാലയം ആരംഭിക്കേണ്ടതാണ്. ഇതിന് ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ശ്രമമാണ് അഭികാമ്യം.

7. ഒന്നാം വാർഡിലെ അടച്ചു പൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന തടുക്കശ്ശേരി, പടിഞ്ഞാറ്റുമുറി, G.L.P സ്ക്കൂളിനെ സംരക്ഷിയ്ക്കുന്നതിന് പ്രസ്തുത സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുകയും എല്ലാ അദ്ധ്യയന വർഷങ്ങളിലും സ്ഥിരമായ അധ്യാപകരുടെ പ്രത്യേകിച്ച് പ്രാദേശികമായി ബന്ധമുള്ള വരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുകയും, ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുകയും വേണം.

8. പഞ്ചായത്തിലെ കുണ്ടളശ്ശേരി G.L.P സ്ക്കൂൾ (ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്) കെട്ടിടം സർക്കാർ ഏറ്റെടുക്കുകയും ധാരാളം സാധ്യതകളുള്ള ഈ സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുകയും വേണം. അങ്ങനെ യു.പി. ക്ലാസ്സുകളിലെ പഠനത്തിന് 5 കി.മി. വരെ യാത്ര ചെയ്യേണ്ടി വരുന്ന കുണ്ടളശ്ശേരിക്കാരുടെ പ്രശ്നം പരിഹരിക്കാൻ കഴിയും.

9. മാനേജ്മെന്റ് സ്ക്കൂൾ ആണെന്നിരിക്കിലും കോഴസമ്പ്രദായം ഇല്ലാത്ത ഇത്രയും കാലം പ്രവർത്തിച്ചു വന്ന കേരളത്തിലെ തന്നെ ചുരുക്കം ചില വിദ്യാലയങ്ങളിലൊന്നാണ് N.E.U.P. സ്ക്കൂൾ. സ്ക്കൂളിലേക്ക് പരിസര പ്രദേശങ്ങളിൽ നിന്നും കുട്ടികൾ എത്തിച്ചേരുന്നതിന് അസൗകര്യം നേരിടുന്നു. ഇതിന് കേരളശ്ശേരി കല്ലൂർ റോഡ് സ്ക്കൂളിനു പരിസരത്തുകൂടി പോകുന്നത് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുകയും, തോട്ടാംപാറ പ്രദേശത്ത് തോടിന് പാലം കെട്ടുകയും ചെയ്യേണ്ടതാണ്.

10. എല്ലാ വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങൾ അത്യാവശ്യമായി കുടിവെള്ളം, കക്കൂസ്, മൂത്രപ്പുരകൾ, ഇരിപ്പിടങ്ങൾ എന്നിവ ആവശ്യത്തിന് ഏർപ്പെടുത്തണം . സ്ക്കൂളുകളും വൈദ്യുതീകരിക്കേണ്ടതും ലൈബ്രറി, പ്രായോഗിക

പരിശീലനത്തിനുള്ള ലാബറട്ടറി എന്നിവയ്ക്കു് പ്രത്യേകം സ്ഥലം സജ്ജമാക്കേണ്ടതുമാണ്.

11. സ്ക്കൂളുകളോടനുബന്ധിച്ചുള്ള കളിസ്ഥലം വികസിപ്പിക്കുകയും കായിക പരിശീലനം നൽകുന്നതിന് അധ്യാപകർ മുന്നോട്ടു വരികയും വേണം. കായിക മേളകളിൽ പഞ്ചായത്തിലെ സ്ക്കൂളുകളിലെ പ്രകടനം 'പഞ്ചായത്ത് സമിതി' വിലയിരുത്തണം.

12. 1947-ലെ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയുടെ ഉടമസ്ഥതയിലാണ് പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ, ഇടക്കാലത്ത് അതിന് മറ്റ് ചില അവകാശങ്ങൾ ഉണ്ടായെങ്കിലും കോടതി വിധിപ്രകാരം സൊസൈറ്റിയ്ക്ക് സ്ക്കൂൾ മാനേജ്മെന്റ് ലഭിച്ചു. പ്രസ്തുത സൊസൈറ്റിയുടെ സുഗമമായ നടത്തിപ്പിന് ജനാധിപത്യരീതിയിൽ പ്രവർത്തനം ഉണ്ടാകേണ്ടതാണ്.

13. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ കേരളശ്ശേരി ഹൈസ്ക്കൂളിലെ തീരെ താഴ്ന്ന പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളെകുറിച്ച് ചർച്ച ചെയ്യുന്നതിനും ആവശ്യമായ പരിഹാരങ്ങൾ നടപ്പിക്കുന്നതിനും മാനേജ്മെന്റ്, ഹെഡ് മാസ്റ്റർ, അദ്ധ്യാപകർ എന്നിവർ ഒന്നിച്ചിരുന്ന് ചർച്ചകൾ നടത്തേണ്ടതാണ്. സ്ക്കൂളിൽ സുഖകരമായ പഠനാന്തരീക്ഷം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാക്കേണ്ടതാണ്.

14. കാലാകാലങ്ങളിൽ അദ്ധ്യാപകർക്ക് ഓറിയന്റേഷൻ കോഴ്സുകൾ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

15. സ്ക്കൂൾ വാർഷികോത്സവം മുതലായ പാഠ്യേതര പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുകയും ഇങ്ങനെ കലാകായിക രംഗങ്ങളിൽ വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുക.

16. സ്ക്കൂൾ വിദ്യാഭ്യാസത്തിൽ നിന്നും കക്ഷിരാഷ്ട്രീയം ഒഴിവാക്കുക.

17. കൊഴിഞ്ഞു പോകുന്ന കുട്ടികളെ കണ്ടെത്തി കാരണം അന്വേഷിച്ച് ആവശ്യമായ സഹായങ്ങൾ നൽകി സ്ക്കൂളുകളിൽ തിരിച്ചെത്തിക്കുക.

18. 2-ാം വാർഡിലെ ഒരു പ്രീ-പ്രൈമറി സംരഭമായ 'ബാലകൈരളി' യ്ക്കു വേണ്ട പ്രോത്സാഹനങ്ങൾ നൽകുക.

19. സാക്ഷരത പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു വേണ്ടി ഒരു സർവ്വെ സംഘടിപ്പിക്കുകയും 70 വയസ്സിൽ താഴെയുള്ള നിരക്ഷരരെ കണ്ടെത്തി സാക്ഷരതാ ക്ലാസ്സുകൾ അവർക്ക് സൗകര്യപ്രദമായ പ്രദേശങ്ങളിൽ ആരംഭിക്കുക. എല്ലാ പ്രദേശങ്ങളിലും തുടർ വിദ്യാഭ്യാസ പരിപാടി ജനവിദ്യാ കേന്ദ്രങ്ങളോടനുബന്ധിച്ച് ഊർജ്ജിതമാക്കുക. ആവശ്യമായ പ്രദേശങ്ങളിൽ പുതിയ ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുക. ഇതിനെല്ലാം ഏറ്റവും പുതിയ ഒരു കണക്കെടുപ്പ് അത്യാവശ്യമാണ്

20. പഠനനിലവാരത്തിൽ പുറകിൽ നിൽക്കുന്ന ഹരിജൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാൻ സന്നദ്ധസേവകരുടെ സഹായത്തോടെ സഹകരണാടിസ്ഥാനത്തിൽ ഒരു ട്യൂഷൻ സെന്റർ ആരംഭിക്കണം.

21. പഞ്ചായത്തിൽ സാങ്കേതിക പരിശീലനം നൽകുന്നതിനായി ഒരു I.T.I യോ ഒരു I.T.C യോ ആരംഭിക്കേണ്ടതാണ്. പ്രസ്തുത കേന്ദ്രത്തോടനുബന്ധിച്ചോ, സ്വതന്ത്രമായോ പഞ്ചായത്തിൽ സാധ്യതയുള്ള ടൈയിലറിംഗ്, കാർപ്പെന്ററി, കൃഷി, ടാപ്പിംഗ്, മൈസൺ വർക്ക് മുതലായ തൊഴിലുകൾ പരിശീലിപ്പിക്കണം.

22. സ്ക്കൂളുകളിലെ പാഠപുസ്തകത്തിന്റെ യഥാസമയമുള്ള വിതരണം പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ഉറപ്പു വരുത്തണം.

23. സ്ക്കൂൾ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് അഭാവം വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് ഒരു പ്രധാന കാരണമാണ്. അതുകൊണ്ട് പഞ്ചായത്ത് വിദ്യാഭ്യാസ സമിതി തീരുമാനിക്കുന്ന ഈ രംഗത്ത് പ്രാഗൽഭ്യമുള്ളവരും, സർവ്വസമ്മതരുമായ ഒന്നോ രണ്ടോ ഹെഡ്മാസ്റ്റർമാരെയോ, റിട്ട. ഹെഡ് മാസ്റ്റർമാരെയോ ഉപയോഗിച്ച് സ്ക്കൂൾ പ്രവർത്തനം മോണിറ്റർ ചെയ്യാവുന്നതാണ്.

24. തടുക്കശ്ശേരി S.A.U.P സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂൾ ആക്കേണ്ടതാണ്.

25. G.L.P.S പടിഞ്ഞാറെമുറിയിൽ ഒരു കുഴൽ കിണർ നിർമ്മിക്കേണ്ടതാണ്.

സ്ക്കൂളുകളിലെ അധ്യാപക വിദ്യാർത്ഥി അനുപാതം

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	വിദ്യാർത്ഥികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം			അനുപാതം
		ആ	പെ	ആ	ആ	പെ	ആ	
1	ഹൈസ്ക്കൂൾ – കേരളശ്ശേരി	606	578	1204	15	32	47	1:25
2	എ.യു.പി.എസ്. – കേരളശ്ശേരി	299	271	570	7	10	17	1:33
3	എൻ.ഇ.യു.പി.സ്ക്കൂൾ – കേരളശ്ശേരി	201	217	418	6	12	18	1:23
4	എ.യു.പി.എസ്. വടശ്ശേരി	210	205	415	5	12	17	1:27
5	എസ്. എ. യു. പി. എസ്. – തടുക്കശ്ശേരി	219	200	419	4	13	17	1:27
6	ജി.എൽ.പി.എസ്. – പടിഞ്ഞാറെമുറി	22	28	50	0	2	2	1:25
7	ജി.എൽ.പി.എസ്. – കുണ്ടളശ്ശേരി	70	73	143	1	3	4	1:35
	ആകെ	1627	1592	3219	38	84	122	

പട്ടികജാതി – വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	പട്ടികജാതി വിദ്യാർത്ഥികൾ		
		ആ	പെ	ആകെ
1	ഹൈസ്ക്കൂൾ – കേരളശ്ശേരി	42	135	277
2	എ.യു.പി.എസ്. – കേരളശ്ശേരി	56	58	114
3	എൻ.ഇ.യു.പി.സ്ക്കൂൾ – കേരളശ്ശേരി	23	22	45
4	എ.യു.പി.എസ്. വടശ്ശേരി	35	35	70
5	എസ്. എ. യു. പി. എസ്. – തടുക്കശ്ശേരി	52	49	101
6	ജി.എൽ.പി.എസ്. – കുണ്ടളശ്ശേരി	18	20	38
7	ജി.എൽ.പി.എസ്. – പടിഞ്ഞാറെമുറി	7	5	12
	ആകെ	333	324	657

തോറ്റു പഠിക്കുന്നവരുടെയും പഠനം നിർത്തിയവരുടെയും കണക്ക്

ക്രമ നമ്പർ	ഇനം	SC/ST			മറ്റുള്ളവർ			ആകെ		
		ആ	പെ	ആ	ആ	പെ	ആ	ആ	പെ	ആ
1	തോറ്റു പഠിക്കുന്നവർ	57	21	78	161	90	251	218	111	329
2	പഠനം നിർത്തിയവർ	5	2	7	15	16	31	20	18	38

കേരളശ്ശേരി ഹൈസ്ക്കൂളിലെ വിജയശതമാനം

വർഷം	പരീക്ഷക്കിരുന്നവർ	വിജയിച്ചവർ	ശതമാനം
91_92	219	57	26
92_93	229	62	27
93_94	225	54	24
94_95	232	53	23
95_96	257	49	19

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	കുടി വെള്ളം	കക്കൂസ്	മൂത്ര പ്പുര	കളി സ്ഥല	വൈ ദ്യുതി	ഫർണി ച്ചർ
1	ഹൈസ്ക്കൂൾ - കേരളശ്ശേരി	പൈപ്പ്	വിദ്യാർത്ഥി കൾക്ക് ഇല്ല	അപര്യാ പ്തം	ഉണ്ട്	ഉണ്ട്	ഉണ്ട്
2	എ.യു.പി.എസ്. - കേരളശ്ശേരി	,,	,,	,,	ഇല്ല	ഇല്ല	അപര്യാ പ്തം
3	എൻ.ഇ.യു.പി.സ്ക്കൂൾ - കേരളശ്ശേരി	ഇല്ല	ഇല്ല	,,	,,	,,	ഉണ്ട്
4	എ.യു.പി.എസ്. വടശ്ശേരി	കിണർ	,,	,,	,,	,,	,,
5	എസ്. എ. യു. പി. എസ്. - തടുക്കശ്ശേരി	ഇല്ല	,,	,,	,,	,,	അപര്യാ പ്തം
6	ജി.എൽ.പി.എസ്. - പടിഞ്ഞാറെമുറി	,,	,,	,,	,,	,,	,,
7	ജി.എൽ.പി.എസ്. - കുണ്ടളശ്ശേരി	കിണർ	,,	,,	,,	,,	,,

അക്കാഡമിക് സൗകര്യങ്ങൾ

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ലൈബ്രേ റി	ലാബോറ ട്ടറി	പഠനോ പകര ണങ്ങൾ	റേഡി യോ	ടേപ്പ് റിക്കാ ഡർ	സ്ലൈഡ് പ്രൊജ ക്ടർ	ബ്ലാ ക്ക് ബോ ർഡ്
1	ഹൈസ്ക്കൂൾ - കേരളശ്ശേരി	ഉണ്ട് പ്രവർ ത്തിക്കു ന്നില്ല	ഉണ്ട് പ്രവർ ത്തിക്കു ന്നില്ല	ഉള്ളവ ഉപയോ ഗിക്കു ന്നില്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
2	എ.യു.പി.എസ്. - കേരളശ്ശേരി	,,	,,	വേണ്ട ത്രയില്ല	,,	,,	ഇല്ല	,,
3	എൻ.ഇ.യു.പി.സ്ക്കൂൾ - കേരളശ്ശേരി	ഉണ്ട്	ഉണ്ട്	,,	ഉണ്ട്	,,	,,	,,
4	എ.യു.പി.എസ്. വടശ്ശേരി	,,	വേണ്ട ത്രയില്ല	,,	ഇല്ല	,,	,,	,,
5	എസ്. എ. യു. പി. എസ്. - തടുക്കശ്ശേരി	ഇല്ല	ഇല്ല	ഇല്ല	,,	,,	,,	,,
6	ജി.എൽ.പി.എസ്. - പടിഞ്ഞാറെമുറി	പ്രവർത്തി ക്കുന്നില്ല	,,	വേണ്ട ത്രയില്ല	ഉപ യോ ഗശൂ ന്യം	ഉപ യോ ഗശൂ ന്യം	,,	,,
7	ജി.എൽ.പി.എസ്. - കുണ്ടളശ്ശേരി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	,,	,,

6.5

ആരോഗ്യം - ശുചിത്വം കുടിവെള്ളം

ആരോഗ്യം

കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ കാരണവന്മാരുമായി പഴയ കാലത്തെ ചികിത്സാ രംഗത്തുണ്ടായിട്ടുള്ള അവരുടെ അനുഭവങ്ങൾ ഞങ്ങളോട് വിശദീകരിച്ചു.

അടുത്ത വീട്ടിലെ നായകടിച്ചതിന് കോങ്ങാട് ഗവ: ആശുപത്രിയിലേക്ക് ദിവസവും നടന്നു പോയി ഇഞ്ചക്ഷൻ എടുക്കേണ്ടി വന്ന കഥ പാറുഅമ്മയാണ് വിശദീകരിച്ചത്. അന്ന് ബസ് സർവ്വീസ് നാമമാത്രമായിരുന്നു.

മറ്റു ചികിത്സകൾക്കായി അവർ സമീപിച്ചിരുന്നത് മണ്ണൂർ പഞ്ചായത്തിലെ കിഴക്കുംപുറത്തുണ്ടായിരുന്ന അന്നത്തെ കാലത്തെ പ്രശസ്തരായിരുന്ന അറക്കിൽ ശ്രീ. വാസു വൈദ്യരേയും, ശ്രീ. മാധവവൈദ്യരേയും കൂടാതെ കള്ളികഴായിലെ ശ്രീ. കുട്ടപ്പ വൈദ്യരേയും മറ്റും ആയിരുന്നു.

അവരെ സമീപിക്കുന്നതു തന്നെ മന്ത്രവാദിയുടെ ചരടും, കൂടും പരാജയപ്പെട്ടാൽ മാത്രമായിരുന്നു. രങ്കനാഥൻറോഡ് മെറ്റൽ ചെയ്യുന്ന കാലം, ശങ്കരൻകുട്ടിയുടെ പെങ്ങൾക്ക് എന്തോ അസുഖം പിടിപ്പെട്ടു. ചില ചല്ലറ ചികിത്സകൾ ചെയ്തു. അസുഖം ഭേദമായില്ല. പ്രശ്നം വെച്ച് നോക്കി വിധി വന്നു. കുളത്തിൽ നിന്നുള്ള ഭയപ്പാടാണ് കാരണം. പൂവ്വും, മലരും അവിലും, കോടിവസ്ത്രങ്ങൾ, പായസം, നിറകൂട്ടുള്ള പൊടികൾ, തീപന്തങ്ങൾ എല്ലാം ഒരുക്കുവാൻ മന്ത്രവാദിയുടെ ഓലകിട്ടി. വെലിവെച്ചു. ഫലം പഴയതു തന്നെ. വീണ്ടും പ്രശ്നം വെച്ചു. അപ്പോഴാണ് കുഞ്ഞാരുമൂത്തനെ തൃപ്തിപ്പെ ടുത്തുന്നതിന്ന് ഉത്തരവു വന്നത്. ദിവസംതോറും കുട്ടിയുടെ നില വഷളായി കൊണ്ടി രുന്നു.ഇതെല്ലാം കണ്ട് സഹികെട്ട

ശങ്കരൻകുട്ടി പറഞ്ഞു. " ഈ കുഞ്ഞരുമുത്തന്റെ കല്ല് നാളെ പാതയിൽ കല്ലെടുക്കുന്നവർക്ക് ഇട്ട് കൊടു ക്കുകയാണ്." എന്ന് പെങ്ങളെ ആസ്പത്രി യിലാക്കി രണ്ട് ദിവസത്തിന് ശേഷം വീരാൻകുട്ടിയുടെ കാളവണ്ടിയിൽ കോങ്ങാട് നിന്ന് പെങ്ങളുടെ ശവം കൊണ്ടു വന്നത് ഇന്നും ശങ്കരൻകുട്ടി ഒരു നീറ്റലോടെ ഓർക്കുന്നു.

പ്രാകൃതചികിത്സകളിൽ നിന്നും അന്ധ വിശ്വാസങ്ങളിൽ നിന്നും നാം വളരെയേറെ മുന്നേറിയിരിക്കുന്നു. പഞ്ചായത്തിൽ മുടുക്കശ്ശേരിയിൽ ആദ്യ കാലത്ത് MCH സെന്റർ പ്രവർത്തിച്ചിരുന്നു. ഇന്ന് പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ട്, 4 സബ് സെന്ററുകൾ ഉണ്ട്, ഒരു സ്വകാര്യ അലോപ്പതി ഡോക്ടർ ഉണ്ട്, 2 ആര്യവൈദ്യ ഫാർമസികളുടെ ഏജൻസികളുണ്ട്, അതിൽ ആഴ്ചയിൽ ഒരു ദിവസം ആയുർവ്വേദ ഡോക്ടർ വന്ന് രോഗികളെ പരിശോധിക്കുന്നുണ്ട്.

ആരോഗ്യത്തിന്റെ കാര്യത്തിലും, ചികിത്സാരംഗത്തും നാം വളരെ പുരോഗമിച്ചു. എത്രമാത്രം? ഇന്ന് ഈ രംഗത്ത് നാം എവിടെ നിൽക്കുന്നു? ഇനി എന്തെല്ലാം നമുക്ക് ആവശ്യമാണ്? പരിശോധിക്കാം. വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉരുതിരിഞ്ഞ് വന്ന അഭിപ്രായങ്ങളെ വെച്ചുകൊണ്ട് പരിശോ ധിക്കാം.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ചികിത്സാ കേന്ദ്രങ്ങൾ സർക്കാർ ഉടമയിലുള്ളത്

1.	പ്രൈമറി ഹെൽത്ത് സെന്റർ	1 എണ്ണം
2.	സബ്ബ് സെന്ററുകൾ	4 എണ്ണം
	a.) 2-ാം വാർഡിൽ	1
	b.) 4-ാം വാർഡിൽ	1
	c.) 5-ാം വാർഡിൽ	1
	d.) 8-ാം വാർഡിൽ	1

സ്വകാര്യ ഉടമയിലുള്ളത്

1. ഡോ. അശോക് കുമാർ നടത്തി കൊണ്ടിരിക്കുന്നത് - 1
2. ആര്യ വൈദ്യശാലാ ഏജൻസികൾ -2 എണ്ണം

a.) കോട്ടക്കൽ ആര്യ വൈദ്യശാല ഏജൻസി 1

b.) വള്ളുവനാട് ആയുർവ്വേദ ഫാർമസി ഏജൻസി 1

മേൽകാണിച്ച ഓരോ സ്ഥാപനങ്ങളെ പറ്റിയും ഉള്ള അവലോകനം താഴെ കൊടു ക്കുന്നു.

പ്രൈമറി ഹെൽത്ത് സെന്റർ

കേരളശ്ശേരി പഞ്ചായത്തിൽ ഒരു ഗവ: ആശുപത്രിയുടെ ആവശ്യകതയെ പറ്റി നിര ന്തരം നിവേദനങ്ങൾ നടത്തിയും, പ്രമേയങ്ങൾ പാസ്സാക്കിയും മറ്റുമാണ് 1970 കളിൽ കേരളശ്ശേരി പഞ്ചായത്ത് അധികൃതർ സർക്കാരിൽ നിന്നും ഒരു 'റൂറൽ ഡിസ്പെൻസറി' സ്ഥാപിക്കുന്നതിനുള്ള അനുവാദം നേടിയെടുത്തത്.

അങ്ങിനെ 1974 ജനുവരി മാസത്തിൽ ശ്രീ. സി. ബാലകൃഷ്ണൻ നായരുടെ കെട്ടിടത്തിൽ ആണ് ആദ്യമായി ഈ സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയത്. അന്ന് കേരളശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡണ്ടായിരുന്നു ശ്രീ. ചിറക്കൽ ബാലകൃഷ്ണൻനായർ. വാടക വസൂലാക്കാ തെയാണ് കെട്ടിടത്തിലെ രണ്ടു മുറികൾ വിട്ടു കൊടുത്തത്. കാലക്രമേണ ആശുപത്രിക്ക് സ്വന്തമായി ഒരു കെട്ടിടം നിർബന്ധമായി തീരുകയും പഞ്ചായത്ത് ഭരണസമിതി അതിന്നാ

യുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

അകാലമൃത്യുവടഞ്ഞ ശ്രീ. കെ. പി. രാമഭദ്രന്റെ പാവനസ്മരണക്കായി അദ്ദേഹം അംഗമായിരുന്ന കോവിൽക്കാട്ട് പണിക്കർ വീട്ടുകാർ 4-ാം വാർഡിൽ ഇപ്പോൾ P.H.C. സ്ഥിതി ചെയ്യുന്ന ഒരു ഏക്കർസ്ഥലം ഗവ: സംഭാവനയായി നൽകി. ഗവൺമെന്റിൽ നിന്നും ലഭിച്ച ഗ്രാന്റും, പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുത്ത സംഭാവനയും കൊണ്ട് ഒരു ഓടിട്ട കെട്ടിടം റൂറൽ ഡിസ്പെൻസറിക്കായി നിർമ്മിക്കുകയും ചെയ്തു.

23 - 12 - 1977 ലാണ് പുതിയ കെട്ടിടത്തിലേക്ക് 'റൂറൽ ഡിസ്പെൻസറി' മാറിയത്. വീണ്ടും ഒരു 11 വർഷത്തെ കാത്തിരിപ്പിനു ശേഷം അതായത് 1-11-88 ൽ കേരളശേരി റൂറൽ ഡിസ്പെൻസറിയേ 'കേരളശ്ശേരി ഒപ്രെമറി ഹെൽത്ത് സെന്റർ'ാക്കി ഉയർത്തികൊണ്ട് സർക്കാർ ഉത്തരവുണ്ടായി.

വീണ്ടും പൊതുജനങ്ങളുടെ സംഭാവന കൊണ്ടും, ഗവ: നിന്നും ലഭിച്ച ഗ്രാന്റും ചേർത്തി 10 കിടക്കകൾ ഉൾകൊണ്ട് ഒരു വാർഡും കൂടാതെ 4 മുറികളും ഉള്ള ഒരു ടെറസ്സ് ബിൽഡിംഗ് കൂടെ പണി തീർത്തു. ഇപ്പോൾ PHC യുടെ പ്രവർത്തനം. ഈ രണ്ടു കെട്ടിടങ്ങളിലും കൂടിയാണ്.

പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ശ്രീ. തിരുവേപ്ര കേശവൻ നായരുടെ സ്മരണക്കായി അദ്ദേഹത്തിന്റെ മക്കൾ പി.ശിവരാമൻ മാസ്റ്റർ തുടങ്ങിയവർ സംഭാവനയായി നല്കിയ 16001.00 രൂപ എടുത്തു പറയത്തക്കതാണ്. ഈ രണ്ട് കെട്ടിടങ്ങളിലുമായിട്ടാണ് PHC യുടെ പ്രവർത്തനം ഓടിട്ട കെട്ടിടത്തിൽ ഓഫീസ്, ഫാർമസി, SET Room എന്നിവ — പുതിയ ബ്ലോക്കിൽ 1. Kitchen 2. Duty Room 3. Consulting Room 4. Ward 5. Immunisation എന്നിവയും പ്രവർത്തിക്കുന്നു.

ശമ്പള ഇനത്തിൽ മറ്റുമായി ഒരു മാസത്തേക്ക് ഇവിടെ ഗവ: ചിലവാക്കുന്ന തുക. 36,000.00 രൂപ.

മരുന്ന് മറ്റ് ഉപകരണങ്ങൾക്കുമായി വർഷത്തിൽ PHC യിൽ ചിലവാക്കുന്ന തുക 18,000.00 രൂപ

ഇന്ന് ഈ സ്ഥാപനത്തിന്റെ കീഴിൽ 14 ജീവനക്കാർ ഉണ്ട്. തസ്തികയും എണ്ണവും താഴെ കൊടുക്കുന്നു.

1.	Medical Officer	1
2.	Pharmacist	1
3.	Staff Nurse	1
4.	Nursing Assistant	1
5.	Health Inspector	1
6.	Junior H.I	2
7.	Lady H.I	1
8.	Junior Public Health Nurse	4
9.	Clerk	1
10.	Peon	1
	ആകെ	14

മേൽ കാണിച്ച തസ്തികൾക്ക് പുറമെ ഒരു Grade 2 Attender തസ്തികയും ഒരു Part time sweeper തസ്തികയും ഒഴിഞ്ഞ് കിടക്കുകയാണ്. കൂടാതെ ഇവിടെയുള്ള H.I. ക്ക് അടുത്ത പഞ്ചായത്തിലെ ആസ്പത്രിയിൽ കൂടെ ചുമതല ഉള്ളതിനാൽ ആഴ്ചയിൽ 3 ദിവസം മാത്രമെ കേരളശ്ശേരിയിൽ പ്രവർത്തിക്കുവാൻ സാധിക്കുന്നുള്ളൂ.

ഇവിടെ ശരാശരി ദിനംപ്രതി 75 രോഗികൾ

ചികിത്സക്കായി എത്തികൊണ്ടിരിക്കുന്നുണ്ട്.

എല്ലാ ബുധനാഴ്ചകളിലും ഇവിടെ കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തുന്നുണ്ട്.

10 കിടക്കകളും, വാർഡും ഉണ്ടെങ്കിലും ഒരു പ്രൈമറി ഹെൽത്ത് സെന്ററിന്റെ പരിമിധിയിൽ ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്നത് പ്രായോഗികമല്ല. ജീവനക്കാരുടെ കുറവ് അവരുടെ പാർപ്പിട സ്തിന്റെ അഭാവം എന്നിവയാണ് മറ്റു കാരണങ്ങൾ.

രോഗികളുടെ ബാഹുല്യത്തിനനുസൃതമായി മരുന്നുകൾ സർക്കാരിൽ നിന്നും ലഭിക്കാത്ത കാരണം കൊണ്ട് അധിക രോഗികൾക്കും പുറമെ നിന്ന് മരുന്നുകൾ വാങ്ങേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

അതുരസേവന തല്പരരായ ജീവനക്കാർ നമ്മുടെ ആശുപത്രിയിൽ ഉണ്ടായിട്ടു പോലും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന ഒരു പ്രവണത നമുക്കിടയിൽ ഉണ്ട് എന്നത് മറച്ചു വെക്കാവുന്നതല്ല. അതിൽ എന്തോ ഒരു ഗാംഭീര്യം ഉണ്ട് എന്നത് നമ്മുടെയൊക്കെ മിഥ്യാധാരണയാണ്. ഇത് കൊണ്ട് തന്നെയാണ് വിദ്യാഭ്യാസത്തെ പോലെ തന്നെ അതുര സേവനവും ഒരു വൻ വ്യവസായമായി മാറിയിട്ടുള്ളതും.

ആശുപത്രി ജീവനക്കാരിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞ മറ്റൊരു യാഥാർത്ഥ്യം ഇതാണ്. പ്രതിരോധകുത്തി വെയ്പ്പുകൾക്ക് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങൾ കേന്ദ്രീകരിച്ച്, വ്യാപകമായി പരസ്യപ്പെടുത്തുകയും ചെയ്താൽ കൂടെ പൊതുജനങ്ങളിൽ നിന്നും സഹകരണം കിട്ടുന്നില്ല എന്നതാണ്.

സബ്ബ് സെന്ററുകൾ

മൊത്തം 4 സബ്ബ് സെന്ററുകളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്.

Ward 2	:	1
Ward 4	:	1
Ward 5	:	1
Ward 8	:	1
		4

ഈ സബ്ബ് സെന്ററുകളിൽ ഓരോ Junior Public Health Nurse ഉണ്ട്. ഇവർക്ക് കാലത്ത് 8 മണി മുതൽ 1 മണി വരെ അവരവർക്ക് നിശ്ചയിച്ചിട്ടുള്ള പരിധിക്കുള്ളിലെ വീടുകൾ സന്ദർശിച്ച് ഗർഭിണികളെ പരിശോധിക്കൽ, പകർച്ചവ്യാധിയുടെ ആക്രമണം ഉണ്ടോ എന്ന് പരിശോധിക്കൽ എന്നിവയാണ് പ്രവൃത്തി.

2 മണിക്ക് ശേഷം അവിടെ വരുന്ന ചില്ലറ രോഗികൾക്ക് ഇവർ മരുന്ന് കൊടുക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ പരിപാലനത്തെ പറ്റിയുള്ള ചില സ്ഥിതിവിവര കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജല ജന്യ രോഗങ്ങൾ	വായ ജന്യ രോഗങ്ങൾ	പ്രാണി ജന്യ രോഗങ്ങൾ	മറ്റുള്ളവ	ആകെ
1993_94	575	36	4	31	646
1994_95	416	32	-	37	485
1995_96	112	-	-	21	133

കേരളശ്ശേരി ഗ്രാമ പഞ്ചായത്ത് ആശുപത്രിയിൽ ചികിത്സക്കായി എത്തിയവുടെ വിവരങ്ങൾ

വർഷം	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം)					
			ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധി കൾ	വിഷ ചികി ത്സ	മറ്റു രോഗ ങ്ങൾ	ആകെ
1992_93	56	9947	298	18	501	-	9186	10003
1993_94	97	7555	105	8	646	-	6893	7652
1994_95	55	8432	86	7	485	-	7909	8487
1995_96	88	7707	243	2	156	-	7394	7795
ആകെ	296	33641	732	35	1788	--	31382	33937

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ	ബി. സി. ജി	ഡി.പി.റ്റി				പോളിയോ				ഡിറ്റി				മീസിൽസ്
		1.D	2.D	3.D	B.D	1.D	2.D	3.D	B.D	1.D	2.D	3.D	B.D	
1 വയസ്സിൽ താഴെ	106	101	119	107		10	119	107						98
1-3 വയസ്സ്					82				82					
3-6 വയസ്സ്													51	

ടെറ്റനസ് ടോക്സോയിഡ് (T.T.)

	1 D	2 D	3D
ഗർഭിണികൾ	–	–	108

ഇരുമ്പ് / ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 117

ഇരുമ്പ് / ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 214

വിറ്റാമിൻ 'എ' തുള്ളി മരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 149

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 228

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 4

അമ്മമാരുടെ എണ്ണം

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

1. ഒരു കുട്ടിയുള്ളവർ 391
2. രണ്ടു കുട്ടികൾ ഉള്ളവർ 639
3. മുന്നിൽ കൂടുതൽ കുട്ടികൾ ഉള്ളവർ 579

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച സ്ത്രീ – പുരുഷന്മാർ
(ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

1. ഒരു കുട്ടി 165
2. രണ്ടു കുട്ടി 514
3. രണ്ടിൽ കുടുതൽ കുട്ടികൾ 528

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച പുരുഷന്മാർ 30

പഞ്ചായത്തിലെ അംഗവൈകല്യമുള്ളവർ

അന്ധർ	ബധിരർ	മൂകർ	ബധിര മൂകർ	ചലന വൈ കല്യമുള്ളവർ	ആകെ
17	11	12	8	71	119

പഞ്ചായത്തിലെ ആകെ മന്ദബുദ്ധികൾ 13

സ്ഥായിയായ രോഗബാധിതർ

രക്ത സമ്മർദ്ദം	പ്രമേഹം	കാൻസർ	കുഷ്ഠം	ക്ഷയം	ഹൃദ് രോഗം	ആകെ
20	4	–	5	–	2	31

മേൽ കാണിച്ച കണക്കുകൾ നമ്മുടെ PHC യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളവ മാത്രമാണ്.

കാൻസറിന് തിരുവനന്തപുരത്ത് ചിത്രാ കാൻസർ സെന്ററിൽ പോയി റേഡിയേഷൻ ചികിത്സ നടത്തുന്നവർ 16

കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മരണനിരക്ക് 6.6 (5.9 സംസ്ഥാന നിരക്ക്)

കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ ജനനനിരക്ക് 16.64 (17 സംസ്ഥാന നിരക്ക്)

പുരുഷന്മാരുടെ ആയുർദൈർഘ്യം 68 വയസ്സ്
സ്ത്രീകളുടെ ആയുർദൈർഘ്യം 74 വയസ്സ്

പഞ്ചായത്തിലെ വികലാംഗരുടെ നിരക്ക് 0.9

സ്വകാര്യ ചികിത്സാ കേന്ദ്രങ്ങൾ

അലോപ്പതി ചികിത്സക്ക് ഈ ഗ്രാമപഞ്ചായത്തിൽ ഒരു സ്വകാര്യ സ്ഥാപനം മാത്രമാണ് ഉള്ളത്. ഈ സ്ഥാപനം പഞ്ചായത്തിലെ 3-ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. ഡോക്ടർ അശോക് കുമാർ നടത്തികൊണ്ടിരിക്കുന്ന ഈ ചികിത്സാ കേന്ദ്രത്തിൽ ദിനംപ്രതി 40 ഓളം രോഗികൾ വരുന്നതായിട്ടാണ് അറിയുവാൻ കഴിഞ്ഞത്. ഇവിടെയും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. ഏതെങ്കിലും ഒരു രോഗിക്ക് വിദഗ്ദ്ധ ചികിത്സ ആവശ്യമായി വരുന്നതായാൽ ആ രോഗിയേ ഒറ്റപ്പാലത്തോ, പാലക്കാടോ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമുള്ള സ്വകാര്യ ആശുപത്രികളിലേക്ക് അയക്കുകയാണ് പതിവ്. ഈ സ്ഥാപനത്തിന് മുൻമ്പിലാണ് കേരളശ്ശേരിയിലെ ഏക ഇംഗ്ലീഷു മരുന്നു കട സ്ഥിതി ചെയ്യുന്നത്.

സ്വകാര്യ ഉടമയിലുള്ള ആര്യവൈദ്യ മരുന്നുകൾ ലഭിക്കുന്ന രണ്ട് സ്ഥാപനങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്.

1. കോട്ടക്കൽ ആര്യവൈദ്യശാല ഏജൻസി
2. വള്ളുവനാട് ആര്യവൈദ്യ ഫാർമസി ''

ഈ രണ്ട് ഏജൻസികളിലും ആഴ്ചയിൽ ഒരു ദിവസം ആര്യവൈദ്യ ഡോക്ടർ വന്ന് രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നുണ്ട്. ആഴ്ചയിൽ ഈ രണ്ട് ഏജൻസികളിലും കൂടി ശരാശരി 30 രോഗികൾ ചികിത്സ തേടി എത്തുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഗ്രാമസഭ റിപ്പോർട്ടിൽ നിന്നും, വിവിധ വാർഡുകളിലെ പ്രതിനിധികൾ ചർച്ച ചെയ്ത് ഉരുതിരിഞ്ഞു വന്ന ആവശ്യങ്ങൾ.

1,3,6,7 എന്നീ വാർഡുകളിൽ സബ്സെന്ററുകൾ സ്ഥാപിക്കണം.

6-ാം വാർഡിലെയും 7-ാം വാർഡിലെയും ജനങ്ങൾക്ക് ആടുത്തുള്ള സബ് സെന്ററിൽ പോകണമെങ്കിൽ 4 കി. മി. സഞ്ചരിക്കേണ്ടതുണ്ട്. ആതുകൊണ്ട് അത്യാവശ്യമായും ഈ ഭാഗങ്ങളെ കേന്ദ്രീകരിച്ച് ഒരു സബ്സെന്റർ സ്ഥാപിക്കേണ്ടതാണ്.

കേരളശ്ശേരി PHC യിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ സംവിധാനങ്ങളും ഉണ്ടാക്കുക. ഒരു Casuality.O.P. 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനം ഉടനെ ഏർപ്പെടുത്തണം. ഡോക്ടർക്കും, ജീവനക്കാർക്കും ആവശ്യമായ Quarters ഉടനെ നിർമ്മിക്കേണ്ടതാണ്. കൂടാതെ പത്ത് ബെഡ്ഡുകൾ നിലവിലുള്ള സ്ഥിതിക്ക് ഒരു ലേഡി ഡോക്ടറടക്കം രണ്ടു ഡോക്ടർമാരെ ഉടനെ നിയമിക്കേണ്ടതാണ്.

പത്ത് കിടക്കകളും, വാർഡും ഉണ്ടായിട്ടു കൂടി ഇവിടെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിൽ പൊതുജനങ്ങൾക്ക് അതൃപ്തിയുണ്ട്.

രോഗികളുടെ ബാഹുല്യത്തിന്ന് അനുസൃതമായി മരുന്നുകൾ PHC യിൽ ലഭ്യമാക്കണം. ഹെൽത്ത് വിസിറ്റർമാരുടെ വീടുകൾ സന്ദർശനം രേഖപ്പെടുത്തുന്നതിലേക്കായി ഓരോ വീട്ടിലും ഓരോ കാർഡ്, വീതം സൂക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

മാസത്തിൽ ഒരു തവണയെങ്കിലും പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തേണ്ടതാണ്.

പുകവലി, മദ്യപാനം എന്നിവ എത്രത്തോളം ജനങ്ങളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നു എന്നതിനെ കുറിച്ച് പഠന ക്ലാസ്സുകൾ നടത്തേണ്ടതാണ്. കൊതുക് നിവാരണത്തിന് മരുന്ന് അടിക്കൽ കാലാകാലങ്ങളിൽ നടത്തേണ്ടതാണ്. ചായ കടകളിലും, ചില വീടുകളിലും, പൈപ്പു വെള്ളം മാത്രം ഉപയോഗിക്കുന്നതിനാൽ ജലസംഭരണി കാലാകാലങ്ങളിൽ വൃത്തിയാക്കേ ണ്ടതാണ്.

പഞ്ചായത്തിൽ അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനു വേണ്ടുന്ന സംവിധാനം ഉണ്ടാക്കണം.

നമ്മുടെ പഞ്ചായത്തിലെ പലവ്യജ്ഞന കടകൾ, ചായകടകൾ, പച്ചക്കറികടകൾ, ഇറച്ചികടകൾ, കോഴി വളർത്തൽ കേന്ദ്രങ്ങൾ എന്നിവയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, അതായത് ഫുഡ് ഇൻസ്പെക്ടർ, ഡോക്ടർ എന്നിവർ മുന്നറിയിപ്പില്ലാതെ സന്ദർശിച്ച് വിപണനം ചെയ്യുന്ന സാധനങ്ങളുടെ ഗുണനില വാരം പരിശോധിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രിയും, ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയും സ്ഥാപിക്കേണ്ട താണ്.

ശുചിത്വം

ഇപ്പോഴത്തെ അവസ്ഥ

പഞ്ചായത്തിലെ പലവ്യജ്ഞനകടകളി ലേയും, ചായകടകളിലേയും, പച്ചക്കറികടകളി ലേയും ഉപയോഗശൂന്യമായ വസ്തുക്കൾ നിരത്തിൽ നിക്ഷേപിക്കുന്ന രീതിയാണ് കണ്ടു വരുന്നത്. കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ വിസർജ്ജത്തിനായി പൊതു സ്ഥലങ്ങളെ ആശ്രയിക്കുന്ന രീതി നിലവിലുണ്ട്. ആൾമറയില്ലാത്ത കിണറുകളിൽ മഴക്കാലത്ത് വെള്ളം ഒഴുകി വന്ന് മാലിന്യങ്ങൾ കുടിവെള്ള ത്തിൽ കലരുന്നുണ്ട്. പൊതുകുളങ്ങളിൽ കന്നുകാലികളെ ഇറക്കി കഴുകുന്ന രീതി നിലവിലുണ്ട്.

ഗ്രാമപഞ്ചായത്തിൽ കക്കൂസ് ഇല്ലാത്ത വീടുകൾ

60 ശതമാനം

ആവശ്യങ്ങൾ

ജാതി പരിഗണനയില്ലാതെ കക്കൂസ് ഇല്ലാത്ത കുറഞ്ഞ വരുമാനമുള്ള കുടുംബ ങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ഗവ: സാമ്പത്തിക സഹായം നൽകണം.

പഞ്ചായത്തിലെ 5 I.H.D.P. കോളനി കൾക്കും, 4 സാധാരണ ഹരിജൻ കോളനി കൾക്കും, ലഷം വീട് കോളനികൾക്കും പൊതു കക്കൂസ് നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

കേരളശ്ശേരി പഞ്ചായത്തിലെ എല്ലാ ബസ്സ് സ്റ്റോപ്പുകൾക്ക് സമീപം മൂത്രപ്പുര നിർമ്മിക്കേണ്ടതാണ്.

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഉപയോഗ ശൂന്യമായ വസ്തുക്കൾ നിക്ഷേപി ക്കുന്നതിന് പെട്ടികൾ വെയ്ക്കേണ്ടതാണ്.

ഹൈസ്ക്കൂൾ റോഡ് ജംഗ്ഷനിൽ ഇരുവശവും 100 മീറ്റർ നീളത്തിൽ Drainage കെട്ടി പാഴ്ജലം ഒഴുകി പോകുന്നതിന്

സംവിധാനം ഉണ്ടാക്കുക.

പൊതുനിരത്തിൽ കുമിഞ്ഞു കൂടുന്ന പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നതിനും പഞ്ചായത്തിൽ നിന്നും തൂപ്പുകാരെ നിയമിക്കേണ്ടതാണ്.

കിണറുകൾക്ക് ആൾമറ കെട്ടുന്നതിന്റെ ആവശ്യത്തെപ്പറ്റി പൊതുജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.

പൊതുകുളങ്ങളിൽ കന്നുകാലികളെ ഇറക്കി കഴുകുന്നതു തടയേണ്ടതാണ്.

കുടിവെള്ളം

ഗ്രാമപഞ്ചായത്തിലെ മൊത്തം വീടുകൾ	3497
ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ	14539
മുഖ്യ ജല സ്രോതസ്സ്	കിണർ
കിണറുകളുള്ള വീടുകളുടെ എണ്ണം	1630 (46.6 ശതമാനം)

ശുദ്ധജല വിതരണം

ജലസ്രോതസ്സ്	:	കുളം
ജല സംഭരണിയുടെ അളവ്	:	6000 ലി.
പൈപ്പ് ലൈനിന്റെ അളവ്	:	5 കി.മി.

ജനസംഖ്യയുടെ 30 ശതമാനത്തോളം ആൾക്കാർക്ക് ഉപയുക്തമാകുന്നതിനായി 23 വർഷം മുമ്പ് സ്ഥാപിച്ചതാണ് ഈ പദ്ധതി . 5-ാം വാർഡിലാണ് കുളവും പമ്പുസെറ്റും സ്ഥിതി ചെയ്യുന്നത്. ഇന്ന് നാനൂറിൽ താഴെ ആൾക്കാർ മാത്രമാണ് ഈ പദ്ധതി കൊണ്ട് പ്രയോജനം അടയുന്നവർ.

മൊത്തം ടാപ്പുകളുടെ എണ്ണം	18
സ്വകാര്യ ടാപ്പുകൾ	4

ജലം എടുക്കുന്ന കുളം വേനൽകാലത്ത് വറ്റി പോകുന്നതിനാൽ പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുശൾ അനുഭവപ്പെടുന്നുണ്ട്. കറന്റ് ഇല്ലാത്ത സമയത്തും വെള്ളം ലഭിക്കുന്നില്ല. പുറമെ പമ്പ് ഹൗസിനു വരുന്ന കേടുപാടുകൾ കാരണം ചിലപ്പോൾ ആഴ്ചകളോളം വെള്ളം കിട്ടാതെ വന്ന അനുഭവങ്ങളുമുണ്ട്. കുറച്ചു മാസങ്ങൾക്കു മുമ്പ് പൈപ്പ് വഴി വന്ന ജലത്തിന് ദുർഗന്ധം അനുഭവപ്പെടുകയുണ്ടായി. ബന്ധപ്പെട്ടവരെ വിവരം അറിയിച്ച് ദിവസങ്ങൾക്കു ശേഷം പൈപ്പ് ലൈൻ അഴിച്ചു നോക്കിയപ്പോൾ ചത്തു അഴുകിയ ഒരു ഇഴജന്തുവിന്റെ ജഡം കിട്ടിയ അനുഭവവും ഉണ്ട്.

പഞ്ചായത്തിനു മൊത്തം പൊതുകിണറുകൾ	25
പഞ്ചായത്തിനു മൊത്തം കുഴൽ കിണറുകൾ	7
ഇവയിൽ ഭാഗികമായി മാത്രം ഉപയോഗിക്കാവുന്ന പൊതുകിണറുകൾ	7

വനവൽകരണത്തിന്റെ ഭാഗമായി അമിതമായി " അക്കേഷിയ" മരം വെച്ചു പിടിപ്പിക്കൽ ജലസ്രോതസ്സ് വറ്റിപോകുന്നതിന് കാരണമായിട്ടുണ്ട്.

കുടി വെള്ളം രൂക്ഷമായ ഭാഗങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ

വാർഡ് നമ്പർ	കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ	രൂക്ഷത അനുഭവിക്കുന്ന ഏകദേശ ജനസംഖ്യ	സാദ്ധ്യതകൾ	നിലവിലുള്ള പഞ്ചായത്ത് കിണറുകൾ
I	കയറംകോട്,ചിറക്കോട് പള്ളിയാൽ,മുണ്ടക്കോട്, പോത്തൻകുന്ന്, മരുതൻകോട്, ലക്ഷം പറമ്പ് കോളനി, ഊരകകുണ്ട്, കണ്ണയംകോട്, തെക്കേക്കുന്ന് പറമ്പ്	900	പാമ്പേരിമ്പാറക്കു സമീപം ടാങ്കു നിർമ്മിച്ച് പൈപ്പ് ലൈൻ ഇടുകയാണെങ്കിൽ കയറംകോട്, ചിറക്കാടു പള്ളിയാലിൽ, മുണ്ടക്കോട് എന്നീ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. പോത്തൻകുന്ന് ഭാഗത്തുള്ള പഞ്ചായത്ത് കിണർ മണ്ണിടിച്ചൽ കാരണം വേനൽ കാലത്ത് കുടിവെള്ളത്തിനുപയോഗിക്കാൻ സാധിക്കുന്നില്ല. മരുതംകോട് ലക്ഷംവീട്ടുപറമ്പിലുള്ള സർക്കാർ കിണർ മണ്ണിടിച്ചിൽ കാരണം വർഷം മുഴുവനും കുടിവെള്ളത്തിനുപരിയാഗിക്കുവാൻ സാധിക്കുന്നില്ല. മണ്ണിടിഞ്ഞു തൂർന്നു കിടക്കുന്ന ഈ കിണർ വൃത്തിയാക്കി റിങ്ങ് ഇറക്കിയാൽ പൊതുജനങ്ങൾക്ക് ഇഷ്ടാനുസരണം വെള്ളം കിട്ടുന്നതാണ്. ഊരകകുണ്ട് പ്രദേശത്ത് നിലവിൽ കിണർ ഇല്ല. ഈ പ്രദേശത്ത് ഒരു സർക്കാർ കിണർ വളരെ അത്യാവശ്യമാണ്. ശ്രീ. സേതുമാധവൻ. റി. സ. 190/3 ൽ 3 സെന്റ് സ്ഥലം പ്രസ്തുത കിണറിന് വിട്ടു കൊടുക്കുവാൻ തയ്യാറാണ്. കണയംകോട് തെക്കേകുന്ന് പ്രദേശങ്ങളിൽ ഓരോ കുഴൽകിണറുകൾ സ്ഥാപിക്കേണ്ടതാണ്	2
II	കുനിയംചോലപ്പാറ,വായനശാല പ്രദേശം, കാരപ്പറമ്പ്, വലിയപറമ്പ്	600	കുനിയംചോലപാറ ഭാഗത്തുള്ള കിണറ്റിൽ സ്ഥാപിച്ചിട്ടുള്ള കാറ്റാടി യന്ത്രത്തിൽ പ്രവർത്തിക്കുന്ന മോട്ടോർ (സോളാർ സിസ്റ്റത്തിൽപ്രവർത്തിക്കുന്ന അനർട്ടുകാർ സ്ഥാപിച്ചിട്ടുള്ള മോട്ടോർ) പ്രവർത്തിക്കുന്നില്ല. കിണറ്റിൽ സ്ഥാപിച്ചിട്ടുള്ള ഇരുമ്പ് പൈപ്പ് ദ്രവിച്ച് കിണറ്റിലെ വെള്ളം ഉപയോഗ ശൂന്യമായിരിക്കുകയാണ്. നിലവിലുള്ള സംവിധാനം മാറ്റി, ഒരു ഇലക്ട്രിക് മോട്ടോർ സ്ഥാപിക്കുകയാണെങ്കിൽ പൊതുജനപങ്കാളിത്തത്തോടു കൂടി ഒരു വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് പരിസരവാസികൾ തയ്യാറാണ് വായനശാല പള്ളിയാൽ ഭാഗത്ത് ഒരു കുഴൽകിണർ സ്ഥാപിക്കേണ്ടതാണ്. കേരളശ്ശേരിയിൽ നിന്നും തടുക്കശ്ശേരി ഭാഗത്തേക്കും പൈപ്പ് ലൈൻ നീട്ടിയാൽ ഏറെ കുറെ കുടിവെള്ളക്ഷാമം പരിഹരിക്കാം. കാരപ്പറമ്പു ഭാഗത്തുള്ള ശ്രീരാമകൃഷ്ണൻ പഞ്ചായത്തു കിണർ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടുകൊടുക്കുവാൻ തയ്യാറാണ്. ചില്ലിപറമ്പു ഭാഗത്തുള്ള പഞ്ചായത്തു കിണറിൽ വേനൽകാലത്തും വെള്ളം കിട്ടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. തടുക്കശ്ശേരി ചങ്ങാട്ടിൽ ഭാഗത്ത് ഒരു കുഴൽകിണർ കുഴിക്കുകയോ, പൊതുകിണർ നിർമ്മിക്കുകയോ ചെയ്യേണ്ടതാണ്. തടുക്കശ്ശേരി പള്ളിയാൽ പാടത്ത് ഒരു പൊതുകിണർ കുഴിക്കേണ്ടതാണ്	2

വാർഡ് നമ്പർ	കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ	രൂക്ഷത അനുഭവിക്കുന്ന ഏകദേശ ജനസംഖ്യ	സാദ്ധ്യതകൾ	നിലവിലുള്ള പഞ്ചായത്ത് കിണറുകൾ
III	വെട്ടുകാട്ടുകുന്ന്,പള്ളിപ്പാറ,കുമുള്ളംകാട്,വെണ്ണടിതൊടി,ലക്ഷംവീട്,കാട്ടുമുല്ലപറമ്പ്,വേലംകോട്, മാനിയംകുന്ന്,പാറകുണ്ട്, കള്ളിക്കൽ,ഇരിപ്പിക്കൽ, വാരാംകോട്,	800	എം.എൻ.കോമളഅമ്മയുടെ കൃഷിസ്ഥലത്തുള്ള കൊക്കർണിയും,നന്ദിയംകോട്ട് ഗോപാലൻനായരുടെ ഉടമസ്ഥതയിലുള്ള കുളവും ശുദ്ധജല വിതരണത്തിനു സൗജന്യമായി തരുവാൻ തയ്യാറാണ്. ടി കുളങ്ങൾ ഉപയോഗപ്രദമാക്കിയാൽ പള്ളിപ്പാറ, വെട്ടുകാട്ടുകുന്ന്, മുണ്ടയംകോട്, കാട്ടുമുല്ലപറമ്പ്, ലക്ഷംവീട് തുടങ്ങിയ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. തടുക്കശ്ശേരി പള്ളിപ്പാറയിലുള്ള പഞ്ചായത്തു കിണറിൽ മഴക്കാലത്തു മാത്രമെ വെള്ളം ലഭിക്കുകയുള്ളു. പടപ്പനാൽ, പോത്തൻകുന്ന് ഭാഗത്തുള്ള കുടിവെള്ളത്തിനുപയോഗിക്കുന്ന കുഴിവലുതാക്കി പമ്പ് സെറ്റ് ഉപയോഗിച്ചാൽ 1,2,3 എന്നീ വാർഡുകളിലെ പ്രധാന പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിനുള്ള പരിഹാരം കണ്ടെത്താം. ലക്ഷം വീടു കോളനിയിൽ നിലവിലുള്ള പൊതുകിണറിലേക്കുള്ള വഴിയിലുള്ള തോടിനും സ്ലാബ് വാർത്തിട്ട് വഴി സൗകര്യം ഏർപ്പെടുത്തേണ്ടതാണ് 3-ാം വാർഡിലെ ഏക കുഴൽകിണർ (പഴയ കൃഷി ഭവൻ വളപ്പിലുള്ളത്) ഉപയോസ ശൂന്യമായി കിടക്കുകയാണ്. അറ്റകുറ്റ പണികൾ നടത്തി ഈ കിണർ പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ലക്ഷം വീടു ഭാഗത്തുള്ള പൈപ്പിന്റെ ടാപ്പുകൾക്കുള്ള കേടുപാടുകൾ തീർക്കേണ്ടതാണ്. കള്ളിക്കൽ ഭാഗത്ത് ഒരു പൊതു കിണർ കുഴിക്കുന്നതിന് ശ്രീമതി കുഞ്ഞിലക്ഷ്മി സൗജന്യമായി സ്ഥലം വിട്ടുകൊടുക്കുന്നതിന് തയ്യാറാണ്. വെണ്ണടിതൊടി, കൊടിയത്തു ഭാഗം, ഇരിപ്പിക്കൽ തുടങ്ങിയ പ്രദേശങ്ങളിലും പൊതുകിണറുകൾ നിർമ്മിക്കേണ്ടതാണ്. ഈ പ്രദേശങ്ങളിൽ ആവശ്യമുള്ളത്ര സ്ഥലം സൗജന്യമായി വിട്ടു തരുന്നതിന് തയ്യാറാണ്. 33 -ാം നമ്പർ അംഗനവാടിയിൽ കുടിവെള്ളം എത്തിക്കേണ്ടതാണ്	3
IV	ദീപ്തി മെഡിക്കൽ നിന്നും ആരംഭിക്കുന്ന കള്ളപ്പാടി, കമ്മാന്തറ, പുല്ലാന്നിപറമ്പ്, വാരിയത്ത് പറമ്പ്, ചാത്തൻചിറകുന്ന്, ഹരിജൻ കോളനി, മാന്നിയേംകുന്ന്, ആലിക്കൽ പറമ്പ് കൂട്ടപ്പുര, കരിക്കിൻപടി, വടശ്ശേരി റോഡിനു സമീപം കള്ളപ്പാടി ക്ഷേത്ര പരിസരം	800	വാരിയത്ത് കാട് പൊട്ടംമ്പാടം എന്നീ സ്ഥലങ്ങളിൽ നിലവിൽ പഞ്ചായത്തു കിണറുകൾ ഉണ്ട്. ഹൈസ്ക്കൂൾ റോഡ് ജംഗഷനിൽ നിന്നും സ്ക്കൂൾ പടി വരെക്കും ആകെ 3 ടാപ്പുകളെ നിലവിലുള്ളു. ഈ ദൂരത്തിനിടയിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിച്ച് ജനങ്ങൾക്ക് പൈപ്പ് ലൈൻ ഉപയോഗപ്രദമാക്കേണ്ടതാണ്. കമ്മാന്തറ,പുല്ലാനിപറമ്പ്, പൊട്ടംപാടം മുകൾഭാഗം, കുരിക്കിൻപടി, കൂട്ടപ്പുര, ചാത്തൻചിറകുന്ന്, ആലിക്കപറമ്പ്, മാനിയംകുന്ന് എന്നീ പ്രദേശങ്ങളിൽ പൊതുകിണർ സ്ഥാപിക്കുന്നതിന് പ്രാദേശിക നിവാസികൾ സ്ഥലം സൗജന്യമായി വിട്ടുകൊടുക്കുന്നതിനു തയ്യാറാണ്. കൈമുക്കുപാടത്തു വലിയകിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് ടാങ്കു നിർമ്മിച്ച് പൈപ്പ് ലൈൻ ഇട്ടാൽ കുരിക്കിൻപടി,കൂട്ടപ്പുര	2

വാർഡ് നമ്പർ	കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ	രൂക്ഷത അനുഭവിക്കുന്ന ഏകദേശ ജനസംഖ്യ	സാദ്ധ്യതകൾ	നിലവിലുള്ള പഞ്ചായത്ത് കിണറുകൾ
IV			പൊട്ടംപാടം എന്നീ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. ഒടശ്ശേരി രങ്കനാഥൻ റോഡിൽ നിന്ന് ദീപ്തി മെഡിക്കൽസിന്നരികെ കൂടി കിഴക്കോട്ടു പോകുന്ന റോഡിൽ കൂടി പൈപ്പ് ലൈൻ ഇട്ട് പൊതു ടാപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. രങ്കനാഥൻറോഡിൽ തെക്കോട്ടേക്കു പോകുന്ന വില്ലേജാഫീസിനു സമീപം ഒരു പൊതു ടാപ്പ്	
V	ആലംപാറ, കരടിമലകുന്ന്,ചോലകുണ്ട്,കള്ളപ്പാടി ഹരിജൻ കോളനി, ചിറക്കാട് ഹരിജൻ കോളനി	600	ചുണ്ടയിൽപാടം ഭാഗത്ത് ഒരു കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുകയാണെങ്കിൽ ആലംപാറ, കരടിമലകുന്ന് ഭാഗങ്ങളിൽ താമസിക്കുന്ന 100 ൽ അധികം വരുന്ന ജനങ്ങൾക്ക് കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്താം. ചോലകുണ്ട് ഭാഗത്ത് പൊതുകിണർ കുഴിക്കുന്നതിന് പരിസരവാസികൾ സൗജന്യമായി സ്ഥലം വിട്ടുകൊടുക്കുന്നതിന് തയ്യാറാണ് . നിലവിലുള്ള കെ.ഡബ്ല്യു.എ. പൈപ്പ് ലൈനിൽ നിന്നും നീട്ടി കള്ളപ്പാടി ഹരിജൻ കോളനിയിലെ കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കാം. ചിറക്കാട് ഹരിജൻ കോളനിയിലുള്ള പഞ്ചായത്തുകിണറിന്റെ അറ്റകുറ്റപണികൾ ചെയ്തു എക്കാലവും കുടിവെള്ളം ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. എൻ.ഇ,യു.പി.സ്ക്കൂളിലുള്ള കിണർ റിപ്പയർ ചെയ്ത് പരിസരവാസികളുടേയും സ്ക്കൂൾ വിദ്യാർത്ഥികളുടേയും കുടിവെള്ള ക്ഷാമം പരിഹരിക്കാം, ഇതിനായി സ്ക്കൂൾ മാനേജ്മെന്റും ടി സ്ഥലനിവാസികളും ആവശ്യമായ സഹായസഹക രണങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. വാർഡിലെ രാജീവ് ദശലക്ഷം ഭവനപദ്ധതിയിൽ 50 വീടുകൾ ഉൾക്കൊള്ളുന്ന കോളനിയിൽ കുടിവെള്ളത്തിന് പരിഹാരം കണ്ടെത്തേണ്ടതാണ്. ടി കോളനിയുടെ താഴ്വാര പ്രദേശത്ത് വലിയ ഒരു കിണർ കുഴിച്ച് പൈപ്പ് ലൈൻ ഇട്ടാൽ ഈ പ്രദേശത്തുള്ള കുടിവെള്ള ക്ഷാമത്തിന്റെ പരിഹാരം കണ്ടെത്താം.	

വാർഡ് നമ്പർ	കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ	രൂക്ഷത അനുഭവിക്കുന്ന ഏകദേശ ജനസംഖ്യ	സാദ്ധ്യതകൾ	നിലവിലുള്ള പഞ്ചായത്ത് കിണറുകൾ
VI	വെണ്ടയംകുന്ന്, തെരയംകോട് 1 എച്ച്.ഡി.പിയിലുള്ള പാണർകോളനി, പുലായ്ക്കൽ പ്രദേശം, പൂക്കോട്ടുപ്രദേശം, . ഓടകുന്നുപ്രദേശം, ആനകല്ല്	700	വെണ്ടയംകുന്ന് പ്രദേശത്തുള്ള ഒരു കുഴൽകിണറും തെരയൻകോട് ഐ.എച്ച്.ഡി.പി. കോളനിയിലുള്ള പാണാർകോളനിയിൽ ഒരു പൊതുകിണർ സ്ഥാപിക്കുക. ടി കിണറിന് ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്നതാണ്.പുല്ലായ്ക്കൽ പ്രദേശം, പൂക്കോട്ടുപ്രദേശം ഓടക്കുന്ന് ആനക്കല്ല് എന്നീ പ്രദേശങ്ങളിലും പൊതുകിണറുകൾ കുഴിക്കേണ്ടതാണ്. ടി പ്രദേശത്ത് ആവശ്യമായ സ്ഥലം പൊതുജനങ്ങൾ സൗജന്യമായി കൊടുക്കുവാൻ തയ്യാറാണ്. നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ഐ.എച്ച്.ഡി.പി. ഹരിജൻ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടി കുടിവെള്ളക്ഷാമം പരിഹാരം കാണേണ്ടതാണ്. കുണ്ടളശ്ശേരി രങ്കനാഥൻ റോഡിന് സമീപമുള്ള പഞ്ചായത്തു കിണർ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്നത് കിണറിന്റെ അറ്റകുറ്റപണികൾ ചെയ്ത് പൊതുജനങ്ങൾക്ക് കുടിവെള്ളക്ഷാമപരിഹാരം ഏർപ്പെടുത്തേണ്ടതാണ്.	3
VII	കുണ്ടളശ്ശേരി,പള്ളിപ്പാറ അംഗനവാടി പ്രദേശം, പട്ടത്തുപാറ, അത്തിക്കുറുശ്ശി, അമ്പലപ്പറമ്പ് അംഗനവാടി ഏഴികുന്ന് പ്രദേശം (റേഷൻകടക്കു സമീപം), കുണ്ടളശ്ശേരി സ്ക്കൂൾ പരിസരം, കുണ്ടളശ്ശേരി പൂവ്വത്തിൽ ചുവടു പ്രദേശം	700	കൊല്ലങ്കോട്ടുപാറ പ്രദേശത്ത് നിലവിലുള്ള കിണറ്റിൽ അനർട്ടുകാർ പമ്പ് സെറ്റ് സ്ഥാപിച്ചിട്ടുണ്ട്. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ചു കൊണ്ട് മോട്ടോർ പ്രവർത്തിപ്പിക്കുന്ന സംവിധാനമാണ്. ടികിണറിന് ആൾമറ കെട്ടി ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതാണ്. എട്ടി റേഷൻകടക്കു സമീപവും, പട്ടത്തുപാറ, അത്തിക്കുറുശ്ശി പ്രദേശം, അമ്പലപ്പറമ്പ് അംഗനവാടി പ്രദേശം എന്നിവിടങ്ങളിൽ പൊതുകിണറുകൾ കുഴിക്കേണ്ടതിന് ആവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകൊടുക്കുവാൻ തയ്യാറാണ്. കുണ്ടളശ്ശേരി ജി.എൽ.പി.എസ്സിനു മുന്നിൽ കുടി പൈപ്പ് ലൈൻ നീട്ടി സ്ക്കൂളിനു മുന്നിൽ ഒരു ടാപ്പ് സ്ഥാപിക്കേണ്ടതാണ്. പുൽക്കൊടികാടിനു കിഴക്കേ ചരിവിലുള്ള നീരുറവ ഉപയോഗപ്പെടുത്തി ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുകയാണെങ്കിൽ 6,7,8 എന്നീ വാർഡുകൾക്ക് ശുദ്ധജല വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്	3
VIII	നിരങ്ങൻപാറ, പറയൻകോളനി, കരിയാട് ഹരിജൻ കോളനി, ഈയമ്പടകുന്ന് ഹരിജൻ കോളനി, കൊല്ലങ്കോട്ടു പാറ, മഞ്ഞപ്പാറ, മില്ലിൽകുന്ന്	700	നിലവിലുള്ള 5 പഞ്ചായത്ത് കിണറുകളിൽ 1 കിണർ ഉപയോഗശൂന്യമാണ്. വാർഡിന്റെ ഉയർന്ന ഭാഗങ്ങളായ നിരങ്ങൻപാറ പ്രദേശത്തുള്ള, നൊമ്പരത്തിതോട് സംരക്ഷിച്ച് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചാൽ മില്ലിൽകുന്ന്, സ്ക്കൂൾ പരിസരം മുതലായ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വാർഡിലെ എറെക്കുറെ പ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാം.	5
ഭാരതപ്പുഴയിൽ നിന്ന് വെള്ളം മങ്കര, മണ്ണൂർ, കേരളശ്ശേരി., കോങ്ങാട് എന്നീ പഞ്ചായത്തുകളിലെത്തിക്കുവാൻ ബ്ലോക്ക് പഞ്ചായത്തുതലത്തിൽ ഒരു പദ്ധതി നടപ്പിൽ വരുത്തേണ്ടതാണ് എന്ന ഒരു പൊതു നിർദ്ദേശം രേഖപ്പെടുത്തുന്നു. പ്രസ്തുത പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നത്തിന് വലിയ ഒരളവ് വരെ പരിഹാരം കാണുവാൻ കഴിയുന്ന ഒരു പദ്ധതിയായിരിക്കും ഇത്.				

6.6

ഗതാഗതം - ഊർജ്ജം

ആമുഖം

ആദിമ മനുഷ്യന്റെ പുരോഗതിയുടെ പാതയിൽ ഒരു സുപ്രധാന നാഴികകല്ലാ യിരുന്നു ചക്രങ്ങളുടെ കണ്ടുപിടുത്തം.ഇതോടു കൂടി മനുഷ്യൻ മൃഗങ്ങളെ ഉപയോഗിച്ചു ക്രമേണ യന്ത്രശക്തി ഉപയോഗിച്ചും വാഹന ങ്ങൾ പ്രവർത്തിപ്പിക്കുവാൻ തുടങ്ങി. ഇത് മനുഷ്യസ മൂഹത്തിന്റെ പുരോഗതിക്ക് താള വേഗം വർദ്ധിപ്പിച്ചു. ഈ ആധുനികയുഗ ത്തിലും ഗതാഗതസൗകര്യങ്ങൾ ഒരു പ്രദേശ ത്തിന്റെ വികസന പ്രക്രിയയുടെ ഗതി വേഗം നിയന്ത്രി ക്കുന്നു.

മൃഗങ്ങളെ ഉപയോഗിച്ച് പ്രവർത്തിപ്പി ച്ചിരുന്ന വാഹനങ്ങൾ ആയിരുന്നു ഈ പഞ്ചായത്തിലെയും ഗതാഗത ചരിത്രത്തിലെ ആദ്യ സംരംഭം. കേരളശ്ശേരിയെ മറ്റ് പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് ഹിൽ ഹൈവേ വിഭാഗത്തിലുൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ രംഗനാഥൻ റോഡാണ് ഈ പ്രദേശത്തെ ആദ്യത്തെ റോഡ്. പിന്നീട് പല സ്കീമുകളിലുൾപ്പെടുത്തി പല റോഡുകളും നിർമ്മിച്ചു. എന്നാൽ ഇന്നും നമ്മുടെ പഞ്ചായത്തിന്റെ മുഴുവൻ ആവശ്യവും നിറവേറ്റാനുള്ള ഒരു ഗതാഗത സംവിധാനം ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ഉത്പാദനപരമായ നേട്ടങ്ങൾ വർദ്ധിപ്പി ക്കുന്നതിനും ഈ പ്രദേശത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനും ഇനിയും ഈ രംഗത്ത് പല പദ്ധതികളും പൂർത്തീകരി ക്കേണ്ടതുണ്ട്. അതിന് ജനകീയ പങ്കാളിത്ത ത്തോടു കൂടിയ സംരംഭങ്ങൾ ഉണർന്ന് വരികയും, അത്തരം ശ്രമങ്ങൾ പ്രോത്സാഹി പ്പിക്കുന്നതിനും എകോപിപ്പി ക്കുന്നതിനും ഉള്ള

സന്നദ്ധത അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടാവുകയും ചെയ്യേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി : -

PWD റോഡ് : 4.750 കി.മി.
പഞ്ചായത്ത് റോഡ് : 11.800 കി.മി.
പഞ്ചായത്ത് മെറ്റൽ റോഡ് : 15.500 കി.മി
പഞ്ചായത്ത് മണ്ണ് റോഡ് : 28.800കി.മി

ആകെ 60.850 കി.മി

വാർഡ് I നിലവിലുള്ള സ്ഥിതി

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
1	I	വാസുദേവ മെമ്മോറിയൽ റോഡ്-തേർഡ് ബ്ലോക്ക് റോഡ്	1Km	8M	√	–	–	–	റീടാർ
2	"	തോണ്ടപ്പാറ റോഡ് - തേഡ് ബ്ലോക്കിന്റെ ഭാഗം	"	"	–	√	–	–	ടാർ
3	"	തോണ്ടപ്പാറ - കണ്ണോംകോട്	0.5	6M	–	√	–	–	"
4	"	കയറംകൂടം - വടശ്ശേരി	0.5	6M	–	√	–	–	"
5	"	തടുക്കശേരി - കണ്ണോംകോട്	1Km	6M	–	–	√	–	മെറ്റൽ
6	"	തേഡ് ബ്ലോക്ക് റോഡ് - ജി.എൽ.പി.എസ്	0.2	4M	–	–	√	–	"
7	"	തേഡ് ബ്ലോക്കിൽ നിന്ന് വടക്കോട്ട്	1.5	8M	–	–	√	–	"
8	"	തേഡ് ബ്ലോക്കിൽ നിന്ന് കയറംകോട്	0.5	6M	–	–	–	√	"
9	"	പോത്തൻകുന്ന് - പള്ളിപ്പാറ	0.5	4M	–	–	–	√	മണ്ണ്
10	"	കയറംകോട് കോളനിയിൽ നിന്ന് പടിഞ്ഞാട്ട്	0.2	2M	–	–	–	√	"
11	"	ലഷം വീട് പറമ്പ് - വേങ്ങശ്ശേരി	1Km	3M	–	–	–	√	"
12	"	തോണ്ടകുന്ന് - മാരിപ്പുള്ളിയാൽ	0.5	2M	–	–	–	√	"
13	"	തേഡ് ബ്ലോക്ക് - കുണ്ടുവംപാടം	1.5	4M	–	–	–	√	"
14	"	തേഡ് ബ്ലോക്ക് - കുന്നംകാട്	-	-	–	–	–	–	"

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
15	I	വലിയപറമ്പിൽ നിന്ന് വടക്കോട്ട്	0.8	-	–	–	–	√	”
16	”	ലക്ഷംപറമ്പ് – ചിറപ്പാടം (കിഴക്കോട്ട്)	0.5	-	–	–	–	√	”
17	”	ലക്ഷംപറമ്പ് – ചിറപ്പാടം (വടക്കോട്ട്)	0.5	-	–	–	–	√	”
18	”	മണ്ണംകാട്കുന്നിൽ നിന്ന് പടിഞ്ഞാട്ട് മുല്ലക്കരപ്പടി ഇടവഴി	0.4	-	–	–	–	√	”

വാർഡ് II നിലവിലുള്ള സ്ഥിതി

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
1	II	വാസുദേവ മെമ്മോറിയൽ റോഡ്	1.5	8	√	–	–	–	റീടാർ
2	”	വാസുദേവ മെമ്മോറിയൽ റോഡ് (മണ്ണൂർ പഞ്ചായത്ത തിർത്തി വരെ)	2.5	8	–	√	–	–	ടാർ
3	”	ശ്രീകുറംബഭഗവതി റോഡ്	1.25	7	–	–	√	–	മെറ്റൽ
4	”	പാണ്ടിയങ്കാട് – കാരപ്പറമ്പ്	0.3	5	–	–	√	–	”
5	”	കണ്ണനൂർകുളം റോഡ്	0.8	5	–	–	√	–	”
6	”	വാസുദേവ മെമ്മോറിയൽ റോഡ് – തേഡ് ബ്ലോക്ക് റോഡ് (ചങ്ങാട്ടിൽ)	0.5	8	–	–	√	–	റീടാർ
7	”	വാസുദേവ മെമ്മോറിയൽ റോഡ് – പുഴിയാശാരിത്തറ	0.8	-	–	–	√	–	മണ്ണ്
8	”	വാസുദേവ മെമ്മോറിയൽ റോഡ് – വേലൻകോട്	0.2	4	–	√	–	–	ടാർ
9	”	മണലിപറമ്പ് – എസ്.എ. വി. പി ഇടവഴി	0.5	4	–	–	√	–	മെറ്റൽ
10	”	കാരപ്പറമ്പ് റോഡ്	0.3	7	–	–	√	–	”
11	”	വായനശാല – നാഗംകുളങ്ങര ക്ഷേത്രം	0.5	5	–	–	√	–	”

വാർഡ് III നിലവിലുള്ള സ്ഥിതി

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
1	III	രംഗനാഥൻ റോഡ് – വാസുദേവ മെമ്മോറിയൽ റോഡ്	1	8	√	–	–	–	റീടാർ
2	"	രംഗനാഥൻ റോഡ്-ലക്ഷം വീട് കോളനി	1.5	6	–	√	–	–	ടാർ
3	"	കൊട്ടേക്കാട് – പെരുമ്പിപ്പാടം	0.25	6	–	√	–	–	"
4	"	വടശ്ശേരി – പള്ളിപ്പാറ	1.25	8	–	√	–	–	"
5	"	വാസുദേവ മെമ്മോറിയൽ – വേലൻകോട്	0.15	4	–	√	–	–	"
6	"	വടശേരി – കട്ടച്ചിറ	1.5	8	–	–	√	–	മെറ്റൽ
7	"	പള്ളിപ്പാറ – കുമുള്ളൻകാട്	0.5	6	–	–	√	–	"
8	"	ലക്ഷം വീട് – കട്ടചിറ	0.5	6	–	–	√	–	"
9	"	തേഡ് ബ്ലോക്ക് – വെണ്ണടികളം	1	4	–	–	√	–	"
10	"	രംഗനാഥൻ റോഡ് – പാറകുണ്ട്	0.75	6	–	–	√	–	"
11	"	രംഗനാഥൻ റോഡ് – ലക്ഷംവീട്	1	3	–	–	–	√	മണ്ണ്
12	"	കമ്പനിപ്പടി – ഇരിപ്പിക്കൽ	0.5	2	–	–	–	√	"
13	"	രംഗനാഥൻ റോഡ് – ശ്മശാന റോഡ്	0.5	2	–	–	–	√	"
14	"	പള്ളിപ്പാറ – പോത്തൻകുന്ന്	1	4	–	–	–	√	"
15	"	പി.എച്ച്.സി. – പെരുമുണ്ടപ്പാടം	0.2	2	–	–	–	√	"
16	"	കൊടിയത്ത് – വേലൻകാട്	1.5	2	–	–	–	√	"
17	"	പള്ളിപ്പാറ –പെരുമ്പടിപ്പാലം	0.5	2	–	–	–	√	"
18	"	രംഗനാഥൻ – പെരുമുണ്ടപ്പാടം	0.3	2	–	–	–	√	"

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
19	III	പള്ളിപ്പാറ – പോത്തൻകുന്ന്	0.6	6	–	–	√	–	മെറ്റൽ
20	"	രംഗനാഥൻ – ലക്ഷം വീട് പെരുമുണ്ട	1	3	–	–	√	–	മണ്ണ്
21	"	രംഗനാഥൻ – ഇരുപ്പിക്കൽ	2	4	–	–	√	–	"
22	"	രംഗനാഥൻ – കൊടിയത്ത് – വേലൻകോട്	2	3	–	–	√	–	"

വാർഡ് IV നിലവിലുള്ള സ്ഥിതി

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
1	IV	കേരളശേരി – കല്ലൂർ റോഡ്	1	8	√	–	–	–	റീടാർ
2	"	അയനാറി റോഡ് – കുന്നിൻ ഭാഗത്തുനിന്ന് അമ്പലത്തിനു പടിഞ്ഞാറു ചേരുന്നത്	0.2	8	–	√	–	–	ടാർ
3	"	അയനാറി റോഡ്	1.4	8	–	–	√	–	മെറ്റൽ
4	"	ക്രാഷ് റോഡ്	1.5	8	–	–	√	–	"
5	"	രംഗനാഥൻ റോഡ് – കനാൽ റോഡ് (കള്ളപ്പാടി)	1.4	6	–	–	√	–	"
6	"	പൊട്ടമ്പാടം–കുരിക്കൻപടി (വാരിയത്ത്പറമ്പ്–അയനാറി)	1.5	3	–	–	–	√	മണ്ണ്
7	"	പൊട്ടമ്പാടം – ഹൈസ്ക്കൂൾ	1.5	2	—	–	–	√	"
8	"	അലിക്കപറമ്പ് റോഡ് – മണ്ണാൻപറമ്പ് റോഡ്	0.3	2	–	–	–	√	"
9	"	കുരിക്കൻപടി – പൊട്ടമ്പാടം	0.3	4	–	–	–	√	"
10	"	പുല്ലാണിപറമ്പ് – അയനാറി	1	3.5	–	–	–	√	"
11	"	അയനാറി – കല്ലുംപുറം	0.25	3	–	–	–	√	"
12	"	അയനാറി – ക്രാഷ് റോഡ്	0.25	4	–	–	–	√	"
13	"	അയനാറി–കൂട്ടപ്പുര,പൊട്ടമ്പാടം	0.2	3	–	–	–	√	"

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
14	IV	രംഗനാഥൻ–വാരിയത്ത് കാട്	0.2	3	–	–	–	√	മണ്ണ്
15	"	കേരളശ്ശേരിഹെൽത്ത് സെന്ററ്റോഡ്–ജംഗ്ഷൻ കല്ലൂർ	2	8	√	–	–	–	റീടാർ

വാർഡ് V നിലവിലുള്ള സ്ഥിതി

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
1	V	കേരളശ്ശേരി – കല്ലൂർ (കള്ളപ്പാടി – ചിറക്കാട് ഹരിജൻ കോളനി വഴി)	3.3	8	1	2.3	–	–	ടാർ
2	"	കേരളശ്ശേരി ഹൈസ്കൂൾ – ആലംപാറ	1	8	√	–	–	–	റീടാർ
3	"	ഹൈസ്ക്കൂൾ റോഡ് – ചോലകുണ്ട് (മലമ്പുഴ കനാൽ റോഡ്)	2	6	–	√	–	–	ടാർ
4	"	ചെമ്പോട്ടിപ്പാറ – കരടിമല കുണ്ട്	0.4	8	–	–	√	–	മെറ്റൽ
5	"	കനാൽബണ്ട്– അറിയേക്ക് പറമ്പ്	0.6	6	–	–	√	–	"
6	"	രാജീവ് ദശലക്ഷ കോളനി	0.5	4	–	–	√	–	"
7	"	വളയഞ്ചിറ ഇടവഴി	0.3	4	–	–		√	മണ്ണ്
8	"	ചിറക്കാട് ഹരിജൻ കോള നി വഴി	0.4	3	–	–		√	"
9	"	കൊടലോടി ഇടവഴി	0.25	2.5	–	–		√	"
10	"	കല്ലൂർ കേരളശ്ശേരിറോഡ് – തോട്ടാമ്പാറ (എൻ.ഇ.യു.പി. സ്ക്കൂൾ മുൻവശം)	0.3	4	–	–	√	–	"
11	"	മണ്ണാൻപറമ്പ് – പൂന്തൻപാടം	0.3	3	–	–	√	–	"

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
12	V	ഹൈസ്ക്കൂൾ ഗ്രൗണ്ട് - കേരളശേരി കല്ലൂർ റോഡ്	0.3	3	–	–	–	√	മണ്ണ്
13	"	പടിഞ്ഞാക്കര ഇടവഴി	0.25	4	–	–	√	–	"
14	"	ഹൈസ്കൂൾ ഗ്രൗണ്ട് - പഞ്ചായത്ത് കിണർ	0.2	2	–	–	–	√	"
15	"	കൂളപ്പാറ റോഡ് (പൂതമ്പാടത്തേക്ക്)	0.5	4	–	–	√	–	"
16	"	പൊറ്റിയിൽപ്പടി ഇടവഴി	0.3	2.5	–	–	–	√	"
17	"	അറിയേക്രപറമ്പ് റോഡിൽ നിന്ന് യത്തികാറ് പാടത്തേക്കുള്ള പൊറ്റയിൽ ഇടവഴി	0.3	3	–	–	–	√	"
18	"	അരിയേക്രപറമ്പ് - പൂതമ്പാട്	0.15	2	–	–	–	√	"
19	"	കേരളശ്ശേരി കല്ലൂർ റോഡ് - മുസ്ലിംപള്ളി	0.3	3	–	–	–	√	"
20	"	കനാൽ റോഡ് - യക്കി ക്കാവ്	0.2	3	–	–	–	√	"
21	"	കനാൽ റോഡ് - കൊലംങ്കോട്ടു കുളം	0.25	2	–	–	–	√	"
22	"	മരുതംപാറ - കള്ളപ്പാടി പാടം	0.5	2	–	–	–	√	"
23	"	കള്ളപ്പാടി ഹരിജൻ കോളനി ഇടവഴി	0.2	2	–	–	–	√	"
24	"	കരിയക്കുന്നത്ത് ഇടവഴി	0.3	3	–	–	–	√	"
25	"	കല്ലൂർ കേരളശ്ശേരി റോഡ് - കനാൽ റോഡ്	0.2	2	–	–	–	√	"

വാർഡ് VI – നിലവിലുള്ള സ്ഥിതി

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
1	VI	മുച്ചീരി റോഡ് (തെരയൻ കോട്കുളം)	3	6	–	√	–	–	ടാർ
2	"	തെരയൻകോളനി റോഡ്	1.5	6	–	–	√	–	മെറ്റൽ
3	"	വെള്ളറ ഐ.എച്ച്.ഡി.പി. കോളനി റോഡ്	1	6	–	–	√	–	"
4	"	കുത്തമ്പാടം റോഡ് – പുക്കോട്ടു കോളനി	0.5	5	–	–	√	–	"
5	"	വടുകത്തറ – ഓടകുന്ന്	0.9	6	–	–	√	–	"
6	"	കുത്തമ്പാടം റോഡ് – രംഗനാഥൻ റോഡ്	0.9	5	–	–	√	–	"
7	"	പുള്ളുവകുണ്ട് റോഡ്	0.7	5	–	–	√	–	"
8	"	വെള്ളാറമല ഇടവഴി	0.5	5	–	–	–	√	മണ്ണ്
9	"	വെണ്ടേംകുന്ന് – ഓടകുന്ന്	0.9	3	–	–	–	√	"
10	"	പണിക്കർകുന്ന് കോളനി	0.45	3	–	–	–	√	"
11	"	കിഴക്കേക്കര – കിഴക്കു മുറി പാടം	0.75	2	–	–	–	√	"
12	"	ആനകല്ല് ഇടവഴി	0.2	2	–	–	–	√	"
13	"	ചാത്തൻകാളി ഇടവഴി	0.3	3	–	–	–	√	"
14	"	മലയർകുന്ന്	0.6	2	–	–	–	√	"
15	"	മാനിയംകുളം ഇടവഴി (കുണ്ടുകുളം– തെരയംകുളം	0.4	3	–	–	–	√	"
16	"	ആരിയംചോലപാടം	0.4	2	–	–	–	√	"
17	"	ഏലംകുളം– തെരയൻകോട് (ഐ.എച്ച്.ഡി.പി.റോഡ്)	0.25	2	–	–	–	√	"
18	"	ആരിയംചോല ഇടവഴി (പടിഞ്ഞാറ്)	0.35	2	–	–	–	√	"
19	"	നാട്ടികല്ല്മല റോഡ്	1.1	5	–	–	√	–	മെറ്റൽ
20	"	പന്നിക്കോട്.പാടം റോഡ്	6	3	–	–	√	–	"

വാർഡ് VII - നിലവിലുള്ള സ്ഥിതി

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
1	VII	രംഗനാഥൻ - വടശേരി	1	8	√	–	–	–	റീടാർ
2	"	പൊതുവായ്കുളം റോഡ്	1	8	–	√	–	–	ടാർ
3	"	ബാലവാടിറോഡ് (വടശ്ശേരി റോഡ് വരെ)	0.4	6	–	–	√	–	"
4	"	പട്ടിയാൽ ലിങ്ക് റോഡ് (ചിറക്കിക്കാവ് റോഡ്)	1	5	–	–	√	–	മെറ്റൽ
5	"	പട്ടിയാൽ - കുന്നക്കാട്	1	4	–	–	√	–	"
6	"	പട്ടിയാൽ-പള്ളിപ്പാറ(രംഗനാഥൻറോഡ്-മിച്ചഭൂമിറോഡ്)	0.4	4	–	–	√	–	"
7	"	നെടുമ്പാറ റോഡ്	1.5	3	–	–	√	–	"
8	"	പട്ടത്തുപാറ റോഡ്	0.8	4	–	–	√	–	"
9	"	പുൽക്കുടിക്കാട് റോഡ്	0.4	4	–	–	√	–	"
10	"	മേപ്പള്ളിയാൽ റോഡ്	0.5	2	–	–	–	√	മണ്ണ്
11	"	വാഴപ്പുറം 1	0.4	2	–	–	–	√	"
12	"	വാഴപ്പുറം 2	0.4	2	–	–	–	√	"
13	"	കോതോർത്ത് കുന്ന്	1	2	–	–	–	√	"
14	"	അമ്പലപ്പാടം	0.5	4	–	–	–	√	"
15	"	അമ്പലപ്പാടം	1	4	–	–	–	√	"
16	"	പൂവത്തിൻച്ചുവട്	0.5	3	–	–	–	√	"
17	"	കുളപ്പാറ	0.5	2	–	–	–	√	"
18	"	കാട്ടമ്പലം റോഡ്	0.3	3	–	–	–	√	"
19	"	നെടുമ്പാറ റോഡ് - ലിങ്ക് റോഡ് (കോളനി റോഡ്)	1.25	3	–	–	–	√	"
20	"	രംഗനാഥറോഡ് - അമ്പലപ്പറമ്പ് കോളനി	0.5	3	–	–	–	√	"
21	"	പൊതുവായകുളം - ശിവപാടം ശേഖരത്തേക്ക്	2.5	3	–	–	–	√	"
20	"	പൊതുവായകുളം - വടക്കേലെ ഇടവഴി	0.5	3	–	–	–	√	"
23	"	രംഗനാഥൻ റോഡ് - ചെറിയപാലം വഴി	0.5	2	–	–	–	√	"

വാർഡ് VIII - നിലവിലുള്ള സ്ഥിതി

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	ഇടവഴി	വരുത്തേണ്ട മാറ്റം
1	VIII	വടശ്ശേരി - പാറശ്ശേരി	2	8	√	–	–	–	റീടാർ
2	"	മഞ്ഞപ്പാറ റോഡ്	0.8	8	√	–	–	–	"
3	"	മഞ്ഞപ്പാറ റോഡ്	1.5	8	–	√	–	–	ടാർ
4	"	കയറംകൂടം റോഡ്	0.3	4	–	√	–	–	"
5	"	പറയൻകോളനി റോഡ്	1.5	8	–	–	√	–	മെറ്റൽ
6	"	കയറംകുടം റോഡ്	1	5	–	–	√	–	"
7	"	തിരുനെല്ലി റോഡ്	1	4	–	–	√	–	"
8	"	നെരങ്ങൻ പാറ	0.5	4	–	–	√	–	"
9	"	മനപ്പാടം റോഡ്	0.8	4	–	–	√	–	"
10	"	പാണർ റോഡ്	0.5	4	–	–	√	–	"
11	"	കരിയാട് റോഡ്	0.3	6	–	–	√	–	"
12	"	അഞ്ചിൽപ്പാടം റോഡ്	1	2	–	–	–	√	മണ്ണ്
13	"	കരിങ്കരപ്പാടം	0.4	2	–	–	–	√	"
14	"	ദേവസ്വം തൊടി ഇടവഴി	0.75	2	–	–	–	√	"
15	"	മൂച്ചിത്തറ ഇടവഴി	0.3	2	–	–	–	√	"
16	"	ചുണ്ടയിൽ കുന്ന്	0.5	2	–	–	–	√	"
17	"	ആട്ടിൻച്ചിറ റോഡ്	0.4	3	–	–	–	√	"
18	"	കീഴേടത്ത്	0.3	2	–	–	–	√	"
19	"	കാരപ്പറമ്പ്	0.25	2	–	–	–	√	"
20	"	കണ്ടയംകാവ്	0.25	1.5	–	–	–	√	"
21	"	കിഴക്കേപ്പാടം	0.2	2	–	–	–	√	"
22	"	ദേവസ്വംതൊടി	0.6	3	–	–	–	√	"

ഗതാഗതം

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്കറോഡുകൾക്കും വെള്ളം ഒഴുകി പോകാനുള്ള ചാലുശൾ ഇല്ല. (Drainage)

2. ഒട്ടു മിക്ക റോഡുകൾക്കും വേണ്ടത്ര വീതിയില്ല. ചില പഞ്ചായത്തുറോഡു കളിലേക്ക് സമീപത്തെ സ്ഥലവാസികൾ Encrochment നടത്തുന്നത് ഒഴിവാക്കാൻ വേണ്ട ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. റോഡുകൾക്ക് അറ്റകുറ്റ പണികൾ യഥാകാലം വേണ്ട രീതിയിൽ നടത്തുന്നില്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തു റോഡുകൾക്ക് ചാലുകൾ (Drainage) നിർമ്മിക്കാൻ സന്നദ്ധപ്രവർത്ത നത്തിലൂടെ ശ്രമിക്കേണ്ടതാണ്.

2. റോഡുകളുടെ സംരഷണത്തിന് പ്രാദേശിക റോഡു സംരക്ഷണസമിതികൾ ഉണ്ടാക്കേണ്ടതാണ്.

2. റോഡുകൾക്ക് കുറുകെ വെള്ളം സുഗമമായി ഒഴുകി പ്പോകുവാൻ കൾവർട്ടുകൾ എവിടെയെല്ലാം വേണമെന്ന് തീരുമാനിക്കേണ്ടതും അവ നിർമ്മിക്കുവാൻ മുൻഗണന നൽകേണ്ടതുമാണ്.

4. പുതിയ റോഡുകൾ സന്നദ്ധ പ്രവർത്തനത്തിലൂടെ നടത്താവുന്നതാണ്

5. ഹൈസ്കൂൾ റോഡ് ജംഗ്ഷനിൽ 500 മീറ്റർ നീളത്തിൽ വടക്കോട്ട് രംഗനാഥൻ റോഡിന് ഇരുവശവും ഓവുചാൽ കെട്ടേണ്ടതാണ്

ഊർജ്ജം

ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞർ പുതിയ ഊർജ്ജസ്രോതസ്സ് അന്വേഷിച്ച് പരീക്ഷണങ്ങൾ നടത്തി കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിച്ചുകൊണ്ടിരി ക്കുന്നത്. പരിമിതമായ ഗ്രോതസ്സുകൾ ഒരു കാലയളവു വരെ മാത്രമെ ലഭ്യമാവുകയുള്ളൂ എന്നത് ഒരു യാഥാർത്ഥ്യമാണ്. പുതിയ സ്രോതസ്സുകൾ കണ്ടെത്തിയില്ലെങ്കിൽ സമീപ ഭാവിയിൽ നാം ഇരുളിലേക്കു തന്നെ മടങ്ങി പോകേണ്ടി വരും.

ഈ യാഥാർത്ഥ്യം ഉൾകൊണ്ടു തന്നെ നമ്മുടെ ഊർജ്ജത്തിന്റെ ലഭ്യതയും വിതരണവും എത്രകണ്ട് കാര്യക്ഷമമാണന്നു പരിശോധിക്കാം.

കേരളത്തെ സംബന്ധിച്ചിടത്തോളം വൈദ്യുതിയുടെ ഉൽപ്പാദനം കഴിഞ്ഞ 10 വർഷക്കാലങ്ങളിൽ അധികരിച്ചിട്ടില്ല. എന്നാൽ ഉപഭോക്താക്കളുടെ എണം ദിനം പ്രതി വർദ്ധിച്ചു കൊണ്ടിരിക്കയാണ്.ഇവിടെയാണ് നമ്മുടെ ലഭ്യതയും ഉപയോഗവും തമ്മിലുള്ള സംങ്കുലിതാവസ്ഥ നഷ്ടപ്പെടുന്നത്. ഒരു കാലത്ത് നാം അന്യ സംസ്ഥാനത്തിനു വൈദ്യുതി വിൽക്കുന്ന സ്ഥിതി ഉണ്ടായി രുന്നു.എന്നാൽ ഇന്ന് അന്യസംസ്ഥാനങ്ങളെ നമ്മൾക്കു ആശ്രയിക്കേണ്ടി വരുന്നു.

ഇന്നു നാം വെളിച്ചത്തിനും പാചകത്തിനും വ്യവസായങ്ങൾക്കും, വ്യാപാരങ്ങൾക്കും

എന്തിനധികം എല്ലാ ആവശ്യങ്ങൾക്കും നമ്മൾ വൈദ്യുതിയെ ആശ്രയിക്കുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

നിലവിലുള്ള സ്ഥിതി വിശേഷങ്ങൾ എന്തെല്ലാം എന്നു നമുക്കൊന്നു പരിശോധിക്കാം.

പാചകത്തിനുപയോഗിക്കുന്ന ഊർജ്ജത്തിന്റെ പട്ടിക

തേനീച്ചക്കാരുടെ അടുപ്പുകൾ	750	Nos.
ശാസ്ത്രസാഹിത്യപരിഷത്ത് അടുപ്പുകൾ	250	"
മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നവർ	195	"
LPG ഉപയോഗിക്കുന്നവർ	50	'
ബയോഗ്യാസ്	5	"

നമ്മുടെ പഞ്ചായത്തിലെ മൂവ്വായിരത്തിലധികം വരുന്ന കുടുംബങ്ങളിൽ വിറക് ഉപയോഗിച്ചാണ് പാചകം ചെയ്യുന്നത്. മേൽ പ്രസ്താവിച്ച കണക്കുകൾ പരിശോധിച്ചാൽ 250 കുടുംബങ്ങളെ വിറകിനെ ആശ്രയിക്കാത്തതായുള്ളൂ. കൂടാതെ വ്യവസായികാവശ്യത്തിനും, വ്യാപാരാവശ്യങ്ങൾക്കും വിറകുകരിയെ ആശ്രയിക്കുന്നു. അടുപ്പുകത്തിക്കുന്നതിനു നാം ദിനംപ്രതി ഏകദേശം 250 ക്വിന്റൽ വിറകാണ് ഉപയോഗിക്കുന്നത്, ഭൂരിഭാഗം ജനങ്ങളും പ്രാകൃതരൂപങ്ങളിലുള്ള അടുപ്പുകളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ധാരാളം ഊർജ്ജം നഷ്ടപ്പെടുന്നു.

അലങ്കാരങ്ങൾക്കും ആഢംബരങ്ങൾക്കും വൈദ്യുതി ചിലവാക്കുന്ന പ്രവണതയും നിലനിൽക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ മെയിൻ റോഡായ രങ്കനാഥൻ റോഡിൽ 4.5 കി.മി നുള്ളിൽ പോലും വേണ്ടത്ര സ്ട്രീറ്റു ലൈറ്റുകൾ സ്ഥാപിക്കുന്നതിനു സാധിച്ചിട്ടില്ല. പഞ്ചായത്തിൽ എവിടെയും മെർക്കുറി ലാംബുകൾ സ്ഥാപിച്ചിട്ടില്ല. പഞ്ചായത്തിന്റെ വടക്കും തെക്കും അതിർത്തി റോഡിലെവിടെയും സ്ട്രീറ്റുലൈറ്റുകൾ ഇല്ല. പഞ്ചായത്തിൽ ആകെ 118 സ്ട്രീറ്റുലൈറ്റുകളെ സ്ഥാപിച്ചിട്ടുള്ളൂ, പകുതിയിലധികം സ്ട്രീറ്റു ലൈറ്റുകളും പ്രകാശിക്കുന്നില്ല എങ്കിലും പഞ്ചായത്തിൽ നിന്നും കൃത്യമായ ഇലക്ട്രിസിറ്റി ചാർജ്ജ് അടച്ചുകൊണ്ടിരിക്കുന്നു. കത്താത്ത ബൾബുകൾക്കു കൂടി ഫീസ് കൊടുക്കേണ്ട സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

പഞ്ചായത്തിൽ ആകെ വൈദ്യുദീകരിച്ച വീടുകളുടെ കണക്കുകൾ താഴെ ചേർക്കുന്നു.

പഞ്ചായത്തിൽ വൈദ്യുദീകരിച്ച ആകെ വീടുകൾ	1656
സ്ട്രീറ്റ് ലൈറ്റുകൾ	118
ട്രാൻസ്ഫോർമറുകൾ	13

നമ്മുടെ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്. ആകെ 13 ട്രാൻസ്ഫോർമറുകളാണ് നിലവിലുള്ളത്. ഏകദേശം 130 വീടുകൾക്ക് 1 ട്രാൻസ്ഫോർമർ എന്ന സ്ഥിതി മാറ്റി 75 വീടുകൾക്ക് 1 എന്നാക്കി മാറ്റണം. അങ്ങനെയെങ്കിൽ ഏറെക്കുറെ വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.പഞ്ചായത്തിൽ പുതിയതായി ഏകദേശം 10 ട്രാൻസ്ഫോർമറുകൾ എങ്കിലും സ്ഥാപിക്കേണ്ടതുണ്ട്.

പഞ്ചായത്ത് റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതും 3 ഫേസ്സ് ലൈൻ വലിക്കേണ്ടതുമാണ്.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ഉയരം

കൂടിയ ഭാഗവും ഉയർന്ന പാറയും സ്ഥിതി ചെയ്യുന്നത് VIII-ാം വാർഡിന്റെയും I-ാം വാർഡിന്റെയും അതിർവരമ്പുകളിൽ സ്ഥിതി ചെയ്യുന്ന പാമ്പേരിപ്പാറയുടെ മുകളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംവിധാനം കൊണ്ടു വന്നാൽ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

അനർട്ടുകാരുടെ സൂര്യപ്രകാശത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്ന സംവിധാനം കൊണ്ടു വന്നാൽ ഏറെക്കുറെ വൈദ്യുതിക്ഷാമം പഞ്ചായത്തിന് പരിഹരിക്കാവുന്നതാണ്.

വൈദ്യുതി ഉപഭോക്താക്കൾക്ക് ഉപയോഗിക്കുന്ന യൂണിറ്റടിസ്ഥാനത്തിൽ (Spot Billing System) വൈദ്യുതി ചാർജ്ജു ഈടാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ജനകീയ ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാനമായ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും വിദഗ്ദ്ധ അന്വേഷണത്തിൽ നിന്നും പഞ്ചായത്തിലെ എട്ടു വാർഡുകളിലും നികത്താനുള്ള വൈദ്യുതി പട്ടികകൾ താഴെ വിവരിക്കുന്നു.

പ്രത്യേകം പ്രത്യേകമായി വാർഡടിസ്ഥാനത്തിൽ വിവരിക്കുന്നു.

1. 9-ാംപഞ്ചവത്സരപദ്ധതിയിൽ പുതിയതരത്തിലുള്ള ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തി (1-ാം വാർഡിന്റെയും 8-ാം വാർഡിന്റെയും അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പാമ്പേരിപ്പാറയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംവിധാനം കണ്ടെത്തണം). കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വൈദ്യുതിക്ഷാമംപരിഹരിക്കേണ്ടതാണ്. പഞ്ചായത്തിൽ OTP പ്രകാരം വൈദ്യുതി അനുവദിച്ച പ്രദേശങ്ങളിൽ ഉടൻ വൈദ്യുതി എത്തിക്കേണ്ടതാണ്.സ്ട്രീറ്റ് പോസ്റ്റുകളും കത്താത്ത ലൈറ്റുകളും ഉള്ള പഞ്ചായത്തിലെ എല്ലാ കോളനികൾക്കും വീടുകൾക്കും കണക്ഷൻ കൊടുക്കേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും 10 ഹരിജൻ കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്തിനും വൈദ്യുതി എത്തിക്കേണ്ടതാണ്. എല്ലാ പഞ്ചായത്തു റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതുമാണ്.

2. നാട്ടികല്ലുമല മുകളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

3. വിറകിനുപയോഗിക്കുന്ന മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനുള്ള ശ്രമം പഞ്ചായത്ത് മുഖേന നടത്തേണ്ടതാണ്.

4. വൈദ്യുതി ബോർഡിന്റെ ഒരു ഓഫീസ് - കലക്ഷൻ സെന്ററും ലൈൻ സ്റ്റാഫും ഉൾകൊള്ളുന്നത് ശേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്

ക്രമ നമ്പർ	വാർഡ് നമ്പർ	വൈദ്യുതി എത്താത്ത പ്രദേശങ്ങൾ	സ്ട്രീറ്റ് ലൈറ്റുകൾ എത്തിക്കേണ്ട പ്രധാന റോഡുകൾ	വൈദ്യുതി ഇല്ലാത്ത കോളനികൾ	ട്രാൻസ് ഫോർമറുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ	ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കേണ്ട പ്രദേശങ്ങൾ	മെർക്കുറി ലാംബ് സ്ഥാപിക്കേണ്ട പ്രദേശങ്ങൾ
1	I	പോത്തൻകുന്ന് പ്രദേശം, മലയരുകിൽ,ഊരക്കുണ്ടു പ്രദേശം,കണ്ണയംകോട്,പടിഞ്ഞാറ്റമുറി, മരുതംകുണ്ട്	കയറംകോട് കോളനി റോഡ്, പടിഞ്ഞാറ്റു മുറിസ്ക്കൂൾ റോഡ്, പോത്തൻകുന്നു റോഡ്	മരുതംകുണ്ട് കോളനി പ്രദേശം	–	–	–
2	II	പൂഴിയാശാരിത്തറ, കാരപ്പറമ്പ്, പള്ളിയാൽപ്രദേശം, പാണ്ടിയംകാട്	വായനശാല റോഡ്, 3–ാം ബ്ലോക്ക്റോഡ്	–	തടുക്കശ്ശേരി, വലിയപറമ്പ് റോഡിൽ 1 കേരളശ്ശേരി	–	തടുക്കശ്ശേരി വായനശാല, വലിയപറമ്പു സെന്റർ
3	III	പള്ളിപ്പാറ, വടക്കുമ്പുറം, കുമുത്തുംകാട്, കരപ്പുറം, ലക്ഷംവീട്കോളനി, വെണ്ണടികുളം, വേലൻകോട്, കള്ളിക്കൽ, ഇരിപ്പിക്കൽ, പാറകുണ്ട് തുടങ്ങിയ പ്രദേശങ്ങൾ പെരുമ്പടിപ്പാടം റോഡ്	തടുക്കശ്ശേരി, പള്ളിപ്പാറ, വേലൻകോട്കോളനിറോഡ്, ലക്ഷംവീട്റോഡ്, വെണ്ണടികുളംപഞ്ചായത്ത്റോഡ്, പാറകുണ്ട്, കൊടിയത്തു റോഡ്	ലക്ഷം വീട് കോളനി, വേലൻകോട് ഹരിജൻ കോളനി ഉൾപ്രദേശം	–	തടുക്കശ്ശേരി, പള്ളിപ്പാറ	തടുക്കശ്ശേരി ബസ്സ് സ്റ്റോപ്പ്. പഞ്ചായത്തിൽത്തിയായ പാറകുണ്ട് (മെയിൻ റോഡിൽ)
4	IV	അയനാറിറോഡ്,പൊട്ടമ്പാടം,കുരിക്കിൻപടി,കൂട്ടപ്പുര, ആലിക്കപറമ്പ്,പുല്ലാന്നിപറമ്പ്, രങ്കനാഥൻറോഡിൽ നിന്നും പോകുന്ന ക്രാഷ് റോഡ്	ക്രാഷ്റോഡ്, (രങ്കനാഥൻ – വെള്ളറോഡ്) അയനാറി റോഡ്, ആലിക്കപറമ്പ്, മണ്ണാൻപറമ്പ് കള്ളപ്പാടി റോഡ്	–	കള്ളപ്പാടി കുണ്ടിൽ ഹൈസ്ക്കൂൾറോഡ് ജംഗ്ഷൻ (പി.ഡി.സി ബാങ്ക്)ചേലാക്കട പടി	മണ്ണാൻപറമ്പ്	കേരളശ്ശേരി ബസ് സ്റ്റോപ്പിനു സമീപം എച്ച്. എസ്. റോഡ് ജംഗ്ഷൻ

ക്രമ നമ്പർ	വാർഡ് നമ്പർ	വൈദ്യുതി എത്താത്ത പ്രദേശങ്ങൾ	സ്ട്രീറ്റു ലൈറ്റുകൾ എത്തിക്കേണ്ട പ്രധാന റോഡുകൾ	വൈദ്യുതി ഇല്ലാത്ത കോളനികൾ	ട്രാൻസ് ഫോർമറു കൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ	ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കേണ്ട പ്രദേശങ്ങൾ	മെർക്കുറി ലാംബ് സ്ഥാപിക്കേണ്ട പ്രദേശങ്ങൾ
5	V	കല്ലൂർ എൻ.ഇ.യു.പി സ്ക്കൂൾ പരിസരം, ചോലകുണ്ട് പ്രദേശം, തേറാങ്കാട്, അരിയേക്കരപറമ്പ് പ്രദേശം	കല്ലൂർ എൻ. ഇ.യു.പി സ്ക്കൂൾ റോഡ്, കനാൽമുതൽ അരിയേ ക്കര പറമ്പുപ്രദേശം വരെ, കള്ളപ്പാടി റോ ഡ്, കല്ലൂർ – കേരള ശ്ശേരി റോഡു മുഴുവൻ (ചിറക്കാട് ഹരിജൻ കോളനി വരെ)	–	ചിറക്കാട് ഹരിജൻ കോളനി കുന്നിൻ പുറം	ആലംമ്പാറ	ഹൈസ്ക്കൂളിനു മുമ്പിൽ, കല്ലൂർ എൻ.ഇ.യു.സ്ക്കൂൾ പരിസരം, കള്ളപ്പാടി ഹരിജൻ കോളനി
6	VI	ഓടകുന്ന്,ചാത്ത ൻകാളി കൂത്ത മ്പാടം,മലയങ്ങകു ന്ന്,പൂക്കാട്ടു തുട ങ്ങിയ പ്രദേശ ങ്ങൾ	തെരയംക്കോട്ടുകുളം, മുച്ചീരി റോഡ്, ഓട കുന്ന് റോഡ്, പത്തിരി പ്പാല കോങ്ങാട് മെയിൻ റോഡ്	ചാത്തൻ കാളി	അമ്പല കുണ്ട്	കിഴക്കുമുറി	കുണ്ടളശ്ശേരി ബസ്സ് സ്റ്റോപ്പ്
7	VII	ചിറക്കേക്കാവ്, പട്ടിയാൽ റോഡ്, കൊട്ടേക്കാട്ട്പറമ്പ് കോളനി, പുൽക്കൊടികാട്, അമ്പലപറമ്പ്	പുൽക്കൊടി കാട്, ചിറ ക്കേക്കാവു പരിസരം, പുൽക്കൊടികാട്–പട്ടി യാൽ റോഡിൽ,കുണ്ടള ശ്ശേരി ഏട്ടി യിൽ നിന്നു ള്ള 500മീ. ദൂരം ഡി പ്പോ വരെ, അമ്പല പറമ്പ്	കൊട്ടേക്കാട്ടു പറമ്പ് കോളനി	ഏട്ടി ചിറക്കേ ക്കാവ് പരിസരം	ചിറക്കേക്കാ വിനു സമീപം	വടശ്ശേരി ബസ്സ് സ്റ്റോപ്പിനു സമീപം, ചിറക്കേക്കാവിനു സമീപം
8	VIII	മൂർഖൻകുളം, കുണ്ടുവംപാടം, നിരങ്കൻപാറ, കാരപറമ്പ്, ആശാരിത്തറ, പി.എച്ച്.സി. സബ്ബ് സെന്റർ, ചുണ്ടയിൽകുന്നു പ്രദേശം, പാമ്പേ രിപ്പാറയുടെ സമീപം	വടശ്ശേരി–കുണ്ടുവം പാടം റോഡ്,ഐ.എച്ച്.ഡി.പി. കോളനി റോഡ്, വടശ്ശേരി–തടുക്കശ്ശേരി പള്ളിപ്പാറ റോഡ്, വടശ്ശേരി പാറശ്ശേരി റോഡ്	–	മല്ലിശ്ശേരിപടി ഇയ്യമടകുന്ന്	മൂർഖൻകുള ത്തിനുസമീപം കുണ്ടുവംപാടം റോഡിൽ	വടശ്ശേരി ശ്രീ. കുറുമ്പ കാവിനു സമീപം

6.7

പാർപ്പിടം സാമൂഹ്യക്ഷേമം

ആമുഖം

ചരിത്രപരമായി നാം ഈ ഗ്രാമത്തിന്റെ പശ്ചാത്തലം പരിശോധിക്കുകയാണെങ്കിൽ സ്വാതന്ത്ര്യത്തിനു ഏറെക്കാലം മുമ്പുതന്നെ ഇവിടെ നിലനിന്നുവരുന്ന ജന്മി കുടിയാൻ വ്യവസ്ഥിതിയിൽ ബഹുഭൂരിപക്ഷം ഗ്രാമീണർക്കും സ്വന്തമായി ഭൂമിയും പാർപ്പിടവും നിഷേധിക്കപ്പെട്ടിരിന്നു. എന്നാൽ ഇതിനൊരു പുത്തൻ ഉണർവ്വായിരുന്നു 1969-ൽ അന്നത്തെ ഗവൺമെന്റ് നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമം. പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതോടെ സ്വന്തം ഭൂമിയും അതിൽ ഒരു പാർപ്പിടവുമുണ്ടാക്കാനുള്ള വ്യഗ്രത ഗ്രാമവാസികളിൽ ഉളവാക്കി. എങ്കിലും സ്വന്തം പാർപ്പിടം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് തടസ്സമായി നിരവധി വെല്ലുവിളികൾ ഗ്രാമവാസികൾ നേരിടുന്നു. ഇന്നും ഓരോ ഗ്രാമവാസിയുടെയും ലക്ഷ്യം മിനിമം സൗകര്യങ്ങളോടു കൂടിയ പാർപ്പിടം ലഭ്യമാക്കുക എന്നതാണ്.

നിലവിലുള്ള സ്ഥിതി

പഞ്ചായത്തിൽ ആകെ എട്ടു വാർഡുകളിലായി മൊത്തം ജനസംഖ്യ 14539 ആണ്. (1995 ലെ സർവ്വേ പ്രകാരം)

ആകെ വീടുകൾ	:	3417
നികുതിയുള്ളത്	:	2779
നികുതിയില്ലാത്തത്	:	638
തരക്കേടില്ലാത്ത വീടുകൾ	:	1022
മോശം	:	1677
വളരെ മോശം	:	718
ചേരിനിവാസികൾ		
പുറമ്പോക്കുകാർ	:	ഇല്ല

വാർഡ് നമ്പർ	ഓട്	ടെറസ്	ഓട് / ടെറസ്	ഓല	ആകെ
I	261	10	2	92	365
II	291	11	3	81	386
III	425	20	5	46	496
IV	317	15	2	95	429
V	400	17	3	31	451
VI	237	6	2	84	329
VII	361	7	2	82	452
VIII	365	12	5	127	509
ആകെ	2657	98	24	638	3417

ഭവനരഹിതർ

സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഏതാനം പേരുണ്ട്. ഭൂമി കൈവശമുണ്ടായിട്ടും ഭവനരഹിതരായി ഏകദേശം 200 ഓളം കുടുംബങ്ങൾ ഉണ്ട്.

മൊത്തം പുനരുദ്ധരിക്കേണ്ട വീടുകൾ

പഞ്ചായത്തിന്റെ വളരെ മോശമായിട്ടുള്ള 718 വീടുകൾ അടിയന്തരമായി പുനരുദ്ധരിക്കേണ്ടതും മോശമായ 833 വീടുകൾ മുൻഗണനാ ക്രമത്തിൽ പുനരുദ്ധരിക്കേണ്ടതുമാകുന്നു. ഇതിൽ 30 ശതമാനം കുടുംബങ്ങൾ സ്വന്തമായി വീട് ഉണ്ടാക്കാൻ കഴിയാത്തവരാണ്.

ഹൗസിങ്ങ് കോളനികളുടെ പശ്ചാത്തല സൗകര്യങ്ങൾ

പഞ്ചായത്തിൽ നിലവിലുള്ള IHDP കോളനികളിലും ലക്ഷം വീട് കോളനികളിലും മറ്റ് ദുർബല വിഭാഗങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിലേയും പശ്ചാത്തല സൗകര്യങ്ങൾ തൃപ്തികരമല്ല.

പാർപ്പിട നിർമ്മാണ രംഗത്തെ മാറ്റങ്ങൾ

പാർപ്പിട നിർമ്മാണ രംഗത്തെ ദ്രുതഗതിയിലുള്ള മാറ്റം പഞ്ചായത്തിൽ കഴിഞ്ഞ രണ്ടു മൂന്നു വർഷം പണിതീർന്ന കെട്ടിടങ്ങളുടെ സംക്ഷിപ്ത അസസ്സ്മെന്റ് റജിസ്റ്റർ പരിശോധിച്ചാൽ വ്യക്തമാണ്. പരമ്പരാഗത വാസ്തു ശില്പ മാതൃകയിൽ നിന്നും വ്യതിചലിച്ച് കോൺക്രീറ്റ് ഭ്രമം വ്യാപകമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. അത് ഒരു പരിധി വരെ അത്യാവശ്യചെലവുകൾക്ക് കാരണമാകുന്നു. ദുർവ്യയം ഒഴിവാക്കി കൊണ്ടുള്ള ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ ശൈലിക്ക് പ്രചാരം നന്നെ കുറവാണ്. കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ ആവശ്യത്തിനു ലഭ്യമല്ല. കാരണം ഇവ ഉൽപ്പാദിപ്പിക്കാനുള്ള യാതൊരു സംരംഭങ്ങൾക്കും തുടക്കം കുറിക്കം കുറിക്കാൻ കഴിഞ്ഞിട്ടില്ല.കോൺക്രീറ്റ് മതിലുകളെ അപേക്ഷിച്ച് ജൈവ വേലികളുടെ പ്രചാരം തീർത്തും നിരാശാജനകമാണ്.

കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സ്ഥിതി

മുൻകാലങ്ങളെ അപേക്ഷിച്ച് കെട്ടിട നിർമ്മാണ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ തൊഴിലാളികളുടെ എണ്ണവും പുതിയ കെട്ടിടങ്ങളുടെ എണ്ണത്തിലുള്ള പെരുപ്പവും വിശകലനം ചെയ്താൽ അനുപാതികമല്ലെന്നു കാണാം. 1985 – 1990 വർഷങ്ങളിലെ കൂലി നിരക്കുമായി താരതമ്യം ചെയ്താൽ 1996-ൽ രണ്ടു മടങ്ങ് കൂലി വർദ്ധനവ് ഉണ്ടായതായി കാണാൻ കഴിയും. തൊഴിലാളികളുടെ തൊഴിൽ വൈദഗ്ധ്യം തൃപ്തികരമല്ല. പഞ്ചായത്തിൽ നിർമ്മിക്കപ്പെടുന്ന കൊൺക്രീറ്റ് കെട്ടിടങ്ങളിൽ ഭൂരിപക്ഷവും കോൺട്രാറ്റ് സമ്പ്രദായത്തിൽ നിർമ്മിക്കുന്നവയാണ്. അതുകൊണ്ട് പ്രസ്തുത സമ്പ്രദായം വീട് നിർമ്മാണ രംഗത്ത് ഏറെ സജ്ജീവമാണ് എന്നു തന്നെ പറയാം.

പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെയും, ഭൂമിയുടെ ദൗർലഭ്യം വിലകയറ്റം.

പഞ്ചായത്തിൽ അതിവസിക്കുന്ന ബഹുഭൂരിപക്ഷം ദുർബല വിഭാഗത്തിൽപ്പെട്ടവരാണ്. അവരെ പുനരുധിവസിപ്പിക്കുക എന്നതാണ് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നം. അതിനും പുറമെ ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിച്ചുവരുന്ന ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ആനുപാതികമല്ലെന്നു കാണാം. അടുത്തതായി നാം നേരിടുന്ന മറ്റൊരു കാതലായ പ്രശ്നം ഭൂമിയുടെയും കെട്ടിട നിർമ്മാണ സാമഗ്രികളുടെയും വമ്പിച്ച വിലകയറ്റമാണ്. ഇത് സാധാരണക്കാരന്റെ മിനിമം സൗകര്യങ്ങളോടു കൂടിയ ഒരു പാർപ്പിടം എന്ന ലക്ഷ്യ പ്രാപ്തിയെ തകിടം മറിക്കുന്നു. മേൽപ്രസ്താവിച്ച പ്രശ്നങ്ങളോടെ ഒപ്പം തന്നെ വിദേശ പണത്തിന്റെ വരവും ഭൂമിയുടെ വിലകയറുന്നതിന് കാരണമാകുന്നു.

2. നിർമ്മാണ തൊഴിലാളികളുടെദൗർ ലഭ്യം

പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി കളുടെ എണ്ണം വർദ്ധിച്ചുണ്ടെങ്കിലും നിരവധി തൊഴിലാളികളുടെ ദൗർലഭ്യം നേരിടുന്നുണ്ട്. മെച്ചപ്പെട്ട കൂലി ലക്ഷ്യമിട്ട് അയൽ ജില്ലകളിലേക്കുള്ള പ്രവാഹം ഏറെയാണ്. ഇതുമൂലം ഗ്രാമ പ്രദേശങ്ങളിൽ ക്ലിപ്ത സമയത്ത് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ വരുകയും സാമ്പത്തികമായ അധികച്ചിലവിന് കാരണമാവുകയും ചെയ്യുന്നു.

വായ്പകൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളും ദുർബ്ബലവിഭാഗങ്ങൾക്ക് കടാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നതിന്നു തികച്ചും വൈമുഖ്യം കാണിക്കുന്നു. ഇതിനുവിപരീതമായി സമ്പന്നരും പാർപ്പിടത്തിനു വേണ്ടി കടാശ്വാസം ആവശ്യമില്ലാത്തവരുമായ ന്യൂനപക്ഷത്തെ ഉദാരമായി സഹായിക്കുന്ന പ്രവണത കണ്ടു വരുന്നു.

ദുർബലവിഭാഗത്തിൽപ്പെട്ടവരും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും പാർപ്പിട നിർമ്മാണരംഗത്ത് സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം സ്വാഗതാർഹവും ഏറെ പ്രസക്തവുമാണെങ്കിൽ തന്നെയും ഇന്നും നിരവധി പോരായ്മകളുണ്ട്. ആവശ്യാനുസരണവും കാലോചിതവുമായ ധനസഹായം ലഭിക്കാത്തത് പാർപ്പിട നിർമ്മാണ രംഗത്ത് വളരെയധികം പ്രതിസന്ധിക്കു കാരണമാകുന്നു.

ഭൂരഹിതരുടെ പ്രശ്നങ്ങൾ

1969-ൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ കൊണ്ടു വന്നത് സ്വാഗതാർഹമാണെങ്കിൽ തന്നെയും ഇന്നും നമ്മുടെ സംസ്ഥാനത്ത് ഭൂരഹിതർ ഉണ്ടെന്നുള്ള വസ്തുത ആക്ഷേപാർഹമാണ്. പഞ്ചായത്തിൽ ഭൂരഹിതരായിട്ടുള്ള മുഴുവൻ ആളുകളുടെയും മുഖ്യമായ പ്രശ്നം സാമ്പത്തിക പരാധീനതയാണ്.

കോളനികളിൽ പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ

പഞ്ചായത്തിൽ നിലവിലുള്ള കോളനികളിലേക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ വേണ്ടവിധത്തിൽ വിനിയോഗിച്ച് പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കോളനി നിവാസികൾക്ക് താൽപര്യം കാണുന്നില്ല എന്നത് ഒരു പ്രധാന പ്രശ്നമാണ്.

ദുർവ്വയം ഇല്ലാത്ത വീടുകളുടെ നിർമ്മാണം

ദുർവ്വയം ഇല്ലാത്ത വീടുകളുടെ നിർമ്മാണ പ്രചാരം നന്നേകുറവാണ്. വിദഗ്ദരുടെ അഭാവമാണ് പ്രധാന പ്രശ്നം.

മതിലുകളും അവ കാരണം ഉള്ള പരിസ്ഥിതി പ്രശ്നങ്ങളും

അന്തരീക്ഷത്തിന്റെ സമസ്ഥിതിക്ക് കോൺക്രീറ്റ് മതിലുകൾ ഒരു വെല്ലുവിളിയാണ്. മതിലുകൾ അന്തരീക്ഷത്തിലെ ഈർപ്പം വലിച്ചെടുത്ത് ഉഴ്ണത്തിനും വരൾച്ചക്കും ഒരു മുഖ്യകാരണമാവുന്നു.

പ്രശ്നപരിഹാരങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില കുറയ്ക്കുവാനുള്ള പരിപാടി സഹകരണ മേഖലയിലോ പൊതു മേഖലയിലേക്കോ ഓട്, ഇഷ്ടിക തുടങ്ങിയ മറ്റ് കെട്ടിടനിർമ്മാണ സാമഗ്രികൾ പഞ്ചായത്ത് തലത്തിൽ ഉൽപ്പാദിപ്പിക്കാനുള്ള സംരംഭങ്ങൾ എത്രയും വേഗം നടപ്പിൽ വരുത്തേണ്ടതാണ്.

2. ചിലവു കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചാരണം. കെട്ടിടനിർമ്മാണ രംഗത്ത് നിലനിന്നുവരുന്ന ദുർവ്വയം ഒഴിവാക്കികൊണ്ടുള്ള ചിലവു കുറഞ്ഞ നിർമ്മാണ ശൈലിക്ക് പഞ്ചായത്ത് തലത്തിൽ പ്രചാരണവും ബോധവൽക്കരണവും പ്രോത്സാഹനവും സർവ്വോപരി ധനസഹായവും അനിവാര്യമാണ്.

3. തൊഴിലാളികളുടെ വൈദ്ഗദ്യം

കെട്ടിടനിർമ്മാണ തൊഴിലാളികളുടെ വൈദ്ഗദ്യം ഉയർത്തേണ്ടുന്നതിന് തൊഴിൽ പരിശീലനവും സാങ്കേതിക പരിജ്ഞാനവും നൽകി വിദഗ്ദരെ സൃഷ്ടിക്കേണ്ടതാണ്. മാത്രവുമല്ല ഈ രംഗത്ത് കടന്നു വരാൻ ആഗ്രഹിക്കുന്ന പാരമ്പര്യേതര വ്യക്തികളെ കണ്ടെത്തി തൊഴിൽ പരിശീലനവും പ്രോത്സാഹനവും നൽകിയാൽ ഈ രംഗത്തുള്ള തൊഴിലാളികളുടെ ദൗർലഭ്യവും തൊഴിലില്ലായ്മയും ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

4. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ അന്യജില്ലകളിലേക്കുള്ള പ്രവാഹത്തെ തടയുന്നതിന് സംസ്ഥാനതലത്തിൽ ഒരു ഏകീകൃത കൂലി സമ്പ്രദായം നടപ്പിൽ വരുത്തേണ്ടതാണ്.

ഭൂരഹിതർക്കും നിർദ്ദനർക്കുമുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി

പഞ്ചായത്ത് അതിർത്തിയിൽപെട്ട മിച്ചഭൂമികളും പുറമ്പോക്കുകളും ഭൂരഹിതർക്കു ഭവനനിർമ്മാണത്തിനു വേണ്ടി പതിച്ചു കൊടുക്കേണ്ടതാണ്. ഇന്നു നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ വ്യക്തികളുടെ സംരക്ഷണത്തിനുള്ള ബിനാമി ഭൂസ്വത്തുകൾ ഭൂരഹിതർക്കും നിർദ്ദനർക്കും വിതരണം ചെയ്യുന്നതിന് സർക്കാർ തലത്തിലുള്ള ഇടപെടൽ അനിവാര്യമാണ്. ഭൂരഹിതരോടും, നിർദ്ദനരോടും ദേശസാൽകൃത ബാങ്കുകളും പുലർത്തുന്ന അവഗണനാ മനോഭാവം അവസാനിപ്പച്ചച്ച് സേവനമനോഭാവം പുലർത്തേണ്ടതാണ്. ഇത് ഭൂരഹിതരിൽ ആത്മാഭിമാനവും ദേശസ്നേഹവും വളർത്താൻ ഉപകരിക്കും.

5. **നികുതി സംവിധാനം**

പഞ്ചായത്തിൽ നിലവിലുള്ള വീട്ടുകാരുടെ നിലയെക്കുറിച്ച് വിശകലനം നടത്തി സർക്കാർ അനുശാസിക്കുന്ന നികുതിക്ക് കർശനമായി പിരിച്ചെടുക്കേണ്ട നടിപടികൾക്ക് ആക്കം കൂട്ടേണ്ടതാണ്. ഇത് നടപ്പിൽ വരുത്തുക വഴി പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവും ദുർവ്യയഭവനനിർമ്മാണം നിരുത്സാഹപ്പെടുത്താനും കഴിയുതാണ്.

6. **പരമ്പരാഗത വാസ്തു ശിൽപ്പ മാതൃകകളുടെ സംരക്ഷണം**

പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നുകയറ്റം നമ്മുടെ പരമ്പരാഗത വാസ്തു ശിൽപ മാതൃകൾക്ക് പുതിയ മാനം വരുത്തിയിട്ടുണ്ടെങ്കിലും കേരള സംസ്കാരത്തെയും തനിമയെയും നിലനിർത്തുകയും പരിരക്ഷിക്കുകയും ചെയ്യേണ്ടത് ഓരോ ഗ്രാമവാസിയുടെയും കർത്തവ്യമാണ്.

7. **പുതിയ ആസൂത്രിത കോളനികൾക്കുള്ള സാദ്ധ്യത**

പഞ്ചായത്തിൽ പുതിയ നിരവധി പ്രദേശങ്ങൾ കോളനികളായി അംഗീകരിക്കേണ്ടതുണ്ട്.

ഒന്നാം വാർഡിൽ പോത്തൻകുന്ന്, മരുതംകുണ്ട്,മുട്ടിക്കാട്ടുപറമ്പ് എന്നീ പ്രദേശങ്ങളും

രണ്ടാം വാർഡിൽ ചല്ലിപറമ്പ്, ശാരപ്പറമ്പ്, പള്ളിയാൽപ്പാടം എന്നീ പ്രദേശങ്ങളും

മൂന്നാം വാർഡിൽ വേല്കാട്, കാട്ടുമുല്ലപ്രദേശം , വള്ളിപ്പാറ (പഴയ തടുക്കശ്ശേരി പോസ്റ്റോഫീസ്) എന്നീ പ്രദേശങ്ങളും

നാലാം വാർഡിൽ ചാത്തൻചിറപറമ്പ്, പാലശ്ശേരിപ്പറമ്പ് എന്നീ പ്രദേശങ്ങളും

അഞ്ചാം വാൻഡിൽ കള്ളപ്പാടി,അരിയക്കപറമ്പ്, ചിറക്കാട് എന്നീ പ്രദേശങ്ങളും

ആറാം വാർഡിൽ ആനകല്ല് പറമ്പ്, പൊറ്റയിൽപറമ്പ് എന്നീ പ്രദേശങ്ങളും

ഏഴാം വാർഡിൽ അമ്പലപ്പറമ്പ്, പട്ടത്തുപാറ,കൊട്ടേക്കാട് പാലയങ്ങാട്ടു പറമ്പ് എന്നീ പ്രദേശങ്ങളും

എട്ടാം വാർഡിൽ കരിയാട്ടിൽ ഈയ്യമലകുന്ന്,പറയരുകോളനി,കിഴക്കേമണ്ണാൻതറ, മിപ്പിൻകുന്ന്, എന്നീ പ്രദേശങ്ങളും

കോളനികളായി സർക്കാർ അംഗീകരിക്കേണ്ടതാണ്.

8. **ജൈവ വേലി പ്രചരിപ്പിക്കൽ**

വർദ്ധിച്ചു വരുന്ന കോൺക്രീറ്റ് മതിലുകളും കമ്പിവേലികളും ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജൈവ വേലിയുടെ പ്രചാരം അത്യന്താപേക്ഷിതമാണ്. ജൈവവേലികൾ വച്ചുപിടിപ്പിക്കുന്ന

തിന് വേണ്ടുന്ന നിർദ്ദേശങ്ങളും സഹായങ്ങളും കൃഷിഭവൻ മുഖേന ഗ്രാമീണർക്കു നൽകേണ്ടതാണ്. ജൈവവേലികളുടെ പ്രചാരം വഴി സാമ്പത്തിക ലാഭവും കർഷകർക്കു ജൈവവളവും ലഭ്യമാണ്.

ഈ വിവരിച്ചിരിക്കുന്ന നിലവിലുള്ള സ്ഥിതികളും പ്രശ്നങ്ങളും പ്രശ്നഹരിഹാരങ്ങളും ശരിയായ രീതിയിൽ വിശകലനം ചെയ്ത് ഏക മനസ്സോടെ നാം ഒറ്റക്കെട്ടായി നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കുകയാണെങ്കിൽ ഒൻപതാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയായി രൂപാന്തരപ്പെടുത്താൻ കഴിയുമെന്നതിൽ രണ്ടു പക്ഷമില്ല. അങ്ങിനെ നമ്മുടെ ഗ്രാമത്തിലെ ഓരോ കുടുംബവും ഇമ്പമുള്ളതായി തീരട്ടെ

സാമൂഹ്യക്ഷേമം

ആമുഖം

സാമൂഹ്യ ക്ഷേമത്തിന്റെ പ്രധാനവെല്ലുവിളികളിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും ആണ്. വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മയും ശോഷിക്കൊത്ത തൊഴിലിന്റെ ദൗർലഭ്യവും നമ്മുടെ പഞ്ചായത്തിലെ ഒട്ടനവധി ജനങ്ങളെ അർദ്ധദാരിദ്ര്യത്തിലേക്കു നയിക്കുന്നു. ഇവരുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ നിരവധി ക്ഷേമപ്രവർത്തനങ്ങൾ സംയോജിതമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. കർഷക തൊഴിലാളികൾ, വികലാംഗർ, വിധവകൾ, നിരാലംബരായ വൃദ്ധജനങ്ങൾ മറ്റു ദരിദ്ര ജനവിഭാഗങ്ങൾ ഇവരുടെ എല്ലാം സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കികൊണ്ടുള്ള ഒരു തീവ്രയത്ന പരിപാടിക്ക് 9-ാം പഞ്ചവത്സരപദ്ധതി ഊന്നൽ കൊടുത്ത് നടപ്പാക്കേണ്ടതാണ്.

നിലവിലുള്ള സ്ഥിതി

1. ദാരിദ്ര്യം

ഏറ്റവും ഒടുവിലത്തെ ഐ.ആർ.ഡി.പി സർവ്വേയിൽ ശേഖരിച്ച വിവരങ്ങൾ അനുസരിച്ച് മൊത്തം ജനസംഖ്യയെ (14,539 - 1991 ലെ സെൻസസ് പ്രകാരം) 10 ശതമാനം ദരിദ്ര ജനവിഭാഗങ്ങളായി കണക്കാക്കുന്നു. ഇവരുടെ സാമൂഹിക,സാമ്പത്തിക, പ്രാദേശിക സവിശേഷതകൾ വിശകലനം ചെയ്താൽ ഈ മേഖലയിൽ നാം ബഹുദൂരം പിന്നിലാണ് എന്നു കാണാം. പഞ്ചായത്തു തലത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്ന ദരിദ്ര നിർമ്മാർജ്ജന പദ്ധതികളെ വിലയിരുത്തിയാൽ ഒറ്റപ്പെട്ട ചില നേട്ടങ്ങൾ ഒഴിച്ചു നിർത്തിയാൽ ഈ മേഖലയിലെ പ്രവർത്തനം തീർത്തും നിരാശാജനകമാണ്. എട്ടാം പഞ്ചവത്സരപദ്ധതി കാലത്ത് IRDP പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ എണ്ണം താഴെ പട്ടികയിൽ കൊടുക്കുന്നു.

വർഷം	ആനുകൂല്യം ലഭിച്ചവരുടെ എണ്ണം
1992-93	40
1993-94	35
1994-95	31
1995-96	30
1996-97	44
ആകെ	180

DWCRA പദ്ധതി പ്രകാരം 1995-96 വർഷത്തിൽ ഒരു യൂണിറ്റ് ആരംഭിച്ചു. മേൽ പദ്ധതി പ്രകാരം 10 വനിതകൾക്കു ആടു വളർത്തുവാനുള്ള ധനസഹായം ലഭിച്ചു.

പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനിലവാരം തൃപ്തികരമല്ല.

പഞ്ചായത്തിൽ ട്രൈസം പരിശീലനം നേടിയവർ ആകെ 19 പേരാണുള്ളത്. അവരിൽ 12 പേർ പട്ടികജാതി പട്ടികവർഗക്കാരും ശേഷിച്ചവർ ജനറൽ വിഭാഗത്തിലും പെടുന്നു. പരിശീലനം നേടിയവുടെ എണ്ണം താഴെ പട്ടികയിൽ ചേർക്കുന്നു.

വർഷം	പരിശീലനം സിദ്ധിച്ചവരുടെ എണ്ണം
1992–93	2
1993–94	10
1994–95	4
1995–96	3
ആകെ	19

പരമ്പരാഗത തൊഴിൽ ഉപകരണങ്ങൾ 15 പേർക്കു വിതരണം നടത്തിയിട്ടുണ്ട്. 1993–94 വർഷത്തിൽ 5 പേർക്കും 1994–95 വർഷത്തിൽ 10 പേർക്കും ലഭിച്ചിട്ടുണ്ട്.

സഹായധനങ്ങൾ പെൻഷനുകൾ

പഞ്ചായത്തിൽ സാമൂഹിക ക്ഷേമ വകുപ്പു വഴിയും മറ്റു വകുപ്പുകൾ വഴിയും വിതരണം ചെയ്തു കൊണ്ടിരിക്കുന്നതും സഹായ പദ്ധതികളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ താഴെ ഒരു പട്ടികയായി ചേർക്കുന്നു.

സഹായധനത്തിന്റെ ഇനം	ലഭിക്കുന്നവരുടെ എണ്ണം
വാർദ്ധക്യകാലപെൻഷൻ	134
വികലാംഗ പെൻഷൻ	57
വിധവ പെൻഷൻ	110
കർഷകതൊഴിലാളി പെൻഷൻ	320
തൊഴിലില്ലായ്മാ വേതനം	143

അർഹരായിട്ടുള്ള പലരും തൊഴിലില്ലായ്മാ വേതനം കൈപറ്റുന്നുണ്ട്. അർഹരായിട്ടുള്ള നിരവധി ആളുകൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇതിനു പ്രധാനകാരണം ബന്ധപ്പെട്ട ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ ആണ്. അർഹരായിട്ടുള്ള പലർക്കും പെൻഷൻ നിഷേധിക്കുന്ന സമ്പ്രദായം ഔദ്യോഗിക തലത്തിലായാലും സർക്കാർ തലത്തിലായാലും ഗൗരവമായ പരിശോധനയ്ക്കു വിധേയമാകേണ്ടതുണ്ട്.

മഹിളാസമാജങ്ങൾ അങ്കണവാടികൾ എന്നിവയുടെ പ്രവർത്തനങ്ങൾ

പഞ്ചായത്തിൽ രണ്ടു മഹിളാസമാജങ്ങൾ ഉണ്ട്. ഇവയുടെ പ്രവൃത്തനം ഒരു വിധം തൃപ്തികരമാണ്. പഞ്ചായത്തിൽ 15 – അങ്കണവാടികൾ ഉണ്ട്. ഇതിലേതാനും ചില അങ്കണവാടികൾ ഒഴിച്ച് ബാക്കിയുള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിൽ ഒരു ബാലകൈരളിയും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ബാലകൈരളിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായമോ മറ്റു പഠന ഉപകരണങ്ങളോ സർക്കാരിൽ നിന്നു ലഭിക്കുന്നില്ല.

ഈ ഗ്രാമപഞ്ചായത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് എത്രയും വേഗം സ്വന്തമായ കെട്ടിടം നിർമ്മിക്കുവാനുള്ള പദ്ധതികൾ ഉണ്ടാകണം. കൂടാതെ അംഗൻവാടികളിലെ കുട്ടികൾക്ക് കളിക്കോപ്പുകൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. അംഗൻവാടികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

6.8

സംസ്കാരം

സംസ്കാരം

ഒരു പ്രദേശത്തിന്റെ സംസ്കാരിക മായ ഉന്നതി ആ പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ സർവ്വതോമുഖ മായ വികാസത്തെ പ്രതിനിധീകരിക്കുന്നു. അതു കൊണ്ടു തന്നെ വികസനപ്രക്രിയയിൽ സാംസ്കാരിക വളർച്ചയ്ക്ക് ഒരു ശ്രദ്ധേയമായ പങ്ക് ഉണ്ടെന്ന് കാണാം.

കേരളശ്ശേരി പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ കലാ സാംസ്കാരിക മണ്ഡലളിൽ പ്രശോഭിതമായ ഒരു ഭൂതകാലം ദർശിക്കുവാൻ കഴിയും.

1. പടിഞ്ഞാക്കര ഗോപാല മേനോൻ – കഥകളി.
2. കൊടലോടി ബാലൻ നായർ – മദ്ദളം
3. പകിടകുന്നത്ത് കൃഷ്ണൻനായർ – കൊമ്പ്.
4. കുണ്ടളശ്ശേരി അച്ചുതൻ നായർ – ചെണ്ട
5. വടശ്ശേരി ചിന്നൻ – മദ്ദളം.
6. വടശ്ശേരി ചാമി – പാങ്കളി

എന്നിവർ അവരവരുടെ കലാ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവരായിരുന്നു. ഈ അവസരത്തിൽ പ്രസ്തുത കലാകാരന്മാരെ അഭിമാനാദരങ്ങളോടെ സ്മരിച്ചു കൊള്ളുന്നു.

എല്ലാ വിഭാഗം ജനങ്ങളും സഹിഷ്ണുതയോടെ തങ്ങളുടെ ആചാരമുറകളും വിശ്വാസപ്രമാണങ്ങളും അനുഷ്ഠിച്ചു കൊണ്ട് ഐക്യത്തോടുകൂടി വർത്തിച്ചിരുന്ന ഒരു പ്രദേശമാണ് ഇതെന്ന് കാണാം. സ്ഥലത്തെ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും മറ്റ് സാമുദായിക ആഘോഷങ്ങളും ഒത്തൊരുമയോടെ

കൊണ്ടാടി വന്ന പ്രദേശമാണ് കേരളശ്ശേരി. സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ കേരളമൊട്ടാകെ ഉയർന്നുവന്ന വിപ്ലവകരമായ പരിവർത്തനങ്ങളുടെ അലകൾ കേരളശ്ശേരിയിലും എത്തുകയും അത് ഇവിടുത്തെ സാംസ്കാരിക വികസനത്തിന് സഹായിച്ച ചില സ്ഥാപനങ്ങളുടെ രൂപീകരണത്തിനു കാരണമാവുകയും ചെയ്തു.

സാമൂഹികമായ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി നിലനിന്നിരുന്ന നാടൻ കലകളായ പാക്കളി, പൂതൻ-തിറ കളി, കുമ്മിയടി, കോൽകളി, തുമ്പിത്തുള്ളൽ എന്നീ കലകളിൽ പ്രാവീണ്യം നേടിയിരുന്ന ഒരു ജനതതി പ്രാചീന കാലത്തുതന്നെ കേരളശ്ശേരിയിൽ ഉണ്ടായിരുന്നു.

1) ഗ്രന്ഥശാലകൾ

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ കേരളത്തിലാകമാനം ഒരു സാംസ്കാരിക നവോത്ഥാന പ്രസ്ഥാനം വളർന്നു വന്നിരുന്നു അക്കാലത്ത്-അതായത് 1951-ൽ കേരളശ്ശേരിയുടെ ഹൃദയഭാഗത്ത് ഈ പ്രദേശത്തിന്റെ സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി ആരംഭിച്ച സ്ഥാപനമാണ് യങ്ങ്മെൻസ് ലൈബ്രറി-1957 -ൽ ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തനം തുടങ്ങിയ ഈ വായനശാല ആദ്യകാലങ്ങളിൽ തികച്ചും മാതൃകാപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുകയും പല സാഹിത്യ വിഭാഗങ്ങളിലുള്ള ഗ്രന്ഥങ്ങൾ വായിക്കുവാനുള്ള സൌകര്യം കേരളശ്ശേരിക്കാർക്ക് ഒരുക്കികൊടുക്കുകയും ചെയ്തു. 1-1-1968-ൽ പ്രവർത്തനം തുടങ്ങിയതും ഇന്ന് കേരളശ്ശേരി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതും ആയ തടുക്കശ്ശേരി വിവേകോദയം ഗ്രന്ഥശാലയും, കുണ്ടളശ്ശേരി കൈരളി വായനശാലയും ആണ് പഞ്ചായത്തിലെ മറ്റു രണ്ടു വായനശാലകൾ.

ഗ്രന്ഥശാലകളുടെ വിവരം

ക്രമ നമ്പർ	ഗ്രന്ഥശാലയുടെ പേര്	സ്ഥാപിച്ച തിയ്യതി	റജി. നമ്പർ	പുസ്തകങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	ലഭിച്ച ഗ്രാന്റ്	പ്രവർത്തന സ്ഥിതി
1	യങ്ങ്മെൻസ് ലൈബ്രറി	26/1/51	1950	4691	269	6000/-	തൃപ്തികരം
2	വിവേകോദയം ഗ്രന്ഥശാല	1/1/68	3922	1688	190	85/86ൽ ലഭിച്ചതാണ്	തൃപ്തികരം
3	കൈരളി വായനശാല	1991ൽ		400			തൃപ്തികരം

2) മറ്റു കലാ, കായിക സമിതികൾ

ക്രമ നമ്പർ	വാർഡ്		
1.	1	ഫ്രണ്ടസ് റിക്രിയേഷൻ ക്ലബ്	റജിസ്ട്രേഷൻ ഉണ്ട്.
2.	2	നവചേതന കലാസമിതി	ഉണ്ട്
3.	5	സി.കെ.ജി. സ്മാരക കലാ കേന്ദ്രം	ഉണ്ട്
4.	8	ഗ്രാമശ്രീ പൊതു ജന വായന ശാല	
5.	5	സമന്വയ സാംസ്കാരിക വേദി.	

ഫ്രണ്ടസ് റിക്രിയേഷൻ ക്ലബ്, നവചേതന കലാസമിതി, ഗ്രാമശ്രീ എന്നിവ കായികരംഗത്ത് വളരെ താൽപര്യം പ്രകടിപ്പിക്കുന്നുണ്ട്.

3) ദിനപത്രങ്ങൾ കേരളശ്ശേരി പഞ്ചായത്തിൽ വിതരണം ചെയ്യുന്നതിന്റെ ഏകദേശ കണക്ക്

1.	മലയാള മനോരമ	–	350
2.	മാതൃഭൂമി	–	220
3.	ദേശാഭിമാനി	–	20
4.	കേസരി	–	25
5.	ദി ഹിന്ദു	–	18
6.	ഇൻഡ്യൻ എക്സ്പ്രസ്സ്	–	03

പുതിയ തലമുറയിൽ ടെലിവിഷൻ, സിനിമ, ഓപെകിളി പ്രസിദ്ധീകരണങ്ങൾ എന്നിവയോട് അമിതമായ ആഭിമുഖ്യവും മികച്ച സാഹിത്യസൃഷ്ടികളോട് വിമുഖതയും പ്രകടമായി കാണുന്നു. ഇത് ആശാസ്യമല്ല.

II. ആരാധനാലയങ്ങൾ

ഹൈന്ദവ ക്ഷേത്രങ്ങൾ	– 11
മുസ്ലീം പള്ളികൾ	4
ക്രിസ്ത്യൻ പള്ളികൾ	– 2

വിവിധ ജനവിഭാഗങ്ങൾ വളരെ സഹിഷ്ണുതയോടെയും സൗഹാർദ്ദത്തോടെയും സഹവർത്തിക്കുന്നു. എല്ലാ ഉത്സവാഘോഷങ്ങളിലും ജാതിമത ഭേദമെന്യേ എല്ലാവിഭാഗം ജനങ്ങളും പരസ്പരം സഹകരിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നു. പഴയകാലത്ത് നിലവിലിരുന്ന അയിത്തം, തീണ്ടൽ, തുടങ്ങിയ സാമൂഹിക ദുരാചാരങ്ങൾ ഇന്ന് ഈ പഞ്ചായത്തിൽ നിലവിലില്ലെന്നു തന്നെ പറയാം.

കലാരംഗം – ഇന്ന്

ക്ഷേത്രം കലയായ ഓട്ടംതുള്ളലിൽ സംസ്ഥാന തലത്തിൽ പ്രശസ്തി നേടിയ രണ്ടു കലാകാരന്മാരായ

1) ശ്രീ. എ.വി. രാമൻകുട്ടി വാരിയർ
2) ശ്രീ. കെ. കുമാരൻ നായർ

എന്നിവർ കേരളശ്ശേരിയ്ക്ക് ഈ രംഗത്ത് അഭിമാനാർഹമായ നേട്ടങ്ങൾ നേടിത്തന്നിരിക്കുന്നു.

ച്ചുള്ള പഞ്ചവാദ്യ സംഘം കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും പഞ്ചവാദ്യം അവതരിപ്പിച്ചുവരുന്നു.

നാഗസ്വര വേദിയിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച് പ്രശസ്തരായ കലാകാരന്മാരായ 'വടശ്ശേരി ബ്രദേഴ്സ്' അവർ പ്രതിനിധീകരിക്കുന്ന 'ഗ്രാമശ്രീ' കലാസമിതിക്കും കേരളശ്ശേരിക്കും അഭിമാനമാണ്.

തകിൽ വാദ്യരംഗത്തെ വിദഗ്ദ്ധനായ ശ്രീ. പങ്ങുണ്ണി നായർ എന്ന മണിയൻ നായർക്കും, പാഠകകലാ വിദഗ്ദ്ധൻ വി.സി. വിശ്വനാഥൻനമ്പ്യിയും മദ്ദള വിദഗ്ദ്ധന്മാരായ സദനം രാജൻ, കലാമണ്ഡലം ഉണ്ണികൃഷ്ണൻ എന്നിവരും കലാരംഗത്ത് കേരളശ്ശേരിയുടെ യശസ്സ് വർദ്ധിപ്പിക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും, ഏകോപിക്കുകയും ചെയ്യുന്നതിന് ഒരു പഞ്ചായത്ത് സാംസ്കാരികനിലയം സ്ഥാപിക്കുക.
2. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും വായനമുറികളിലേയ്ക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് സ്ത്രീകളേയും യുവതലമുറയേയും ആകർഷിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ വാർഡുകളിലും വായനശാലകൾ ആരംഭിക്കേണ്ടതാണ്.
3. പഞ്ചായത്തിലെ സാംസ്കാരിപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽക്കുന്നതിന് ഒരു പഞ്ചായത്ത് സാംസ്കാരിക സമിതി രൂപീകരിക്കാവുന്നതാണ്.
4. പഞ്ചായത്തിലെ റജിസ്റ്റേർഡ് കലാസമിതികൾക്കാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും അവയുടെ പ്രവർത്തനം അഭിലഷണീയ മേഖലകളിലേക്ക് നയിക്കുകയും ചെയ്യേണ്ടതാണ്.
5. ഈ പഞ്ചായത്തിലെ കലാകരാന്മാർക്ക് അർഹമായ പ്രോത്സാഹനം ലഭിക്കുവാനാവശ്യമായ നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.
6. പഞ്ചായത്ത്തല കേരളോത്സവത്തിന്ന് മുന്നോടിയായി വാർഡ് മെമ്പർമാർ മുൻകൈ എടുത്ത് വാർഡ്തല കലാകായിക മത്സരങ്ങൾ നടത്താവുന്നതാണ്. പഞ്ചയത്തിലെ മുതിർന്ന കലാകാരന്മാരെയും കേരളോത്സവത്തിൽ എടുപ്പിക്കുകയും അങ്ങിനെ അവരുടെ കലാപ്രകടനത്തിന ഒരവസരം നൽകുകയും ചെയ്യാവുന്നതാണ്. കേരളോത്സവത്തിൽ പഞ്ചായത്തുതല വിജയികൾക്ക് ഉന്നതതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന്ന് വേണ്ടുന്ന സഹായങ്ങൾ ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണ്. കലാസമിതികളുമായ് ബന്ധപ്പെട്ട രീതിയിൽ നാടകസംഘങ്ങൾ, മറ്റു കലാട്രൂപ്പുകൾ എന്നിവ രൂപികരിക്കുവാനുള്ള സാദ്ധ്യതകണ്ടെത്തുകയും അവയ്ക്ക് ആവശ്യമായ പ്രേത്സാഹനം നൽകേണ്ടതും ആണ്.
8. ഒറ്റപ്പെട്ട് കണ്ടുവരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും, എതിരെ ഒരു ജനകീയ ബോധവൽക്കരണം ആവശ്യമാണ്.
9. മദ്യപാനം ഒരു സാമൂഹിക വിപത്തെന്ന നിലയിൽ സാംസ്കാരികാധപതനത്തേയും ഭോഗലാലസതയേയും വളർത്തുന്നു. മദ്യപാനത്തിനെതിരെ ബോധവൽക്കരണം നടത്തേണ്ടതാണ്.
10. ഗ്രന്ഥശാലകൾക്ക് അനുവദിച്ചിട്ടുള്ള ഗ്രാന്റ് കാലാകാലങ്ങളിൽ വിതരണം

കൈരളി വായനശാലയോടനുബന്ധിച്ചെയ്യാനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. ഗ്രന്ഥശാലകളിൽ നിലവിലുള്ള പുസ്തകങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് അത് വിതരണം ചെയ്യുന്നതിനും ഗ്രന്ഥശാലാ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

11. എല്ലാ വാർഡുകളിലും പൊതുകളിസ്ഥലങ്ങൾ സൗകര്യപ്പെടുത്തുകയും കായികതാരങ്ങളെ കണ്ടെത്തി ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതുമാണ്.

" സഹോദരരേ, ഇത് ഉറങ്ങുവാനുള്ള സമയമല്ല. ഉണർന്നെഴുന്നേൽക്കുവിൻ, കഠിനമായി അധ്വാനിക്കുവിൻ, ഭാരതത്തിന്റെ വരുവാനിരിക്കുന്ന ഭാവി നമ്മുടെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് അറിയുവിൻ "

- സ്വാമി വിവേകാനന്ദ



6.9

വനിത

കേരളത്തിന്റെ ഒൻപതാം പഞ്ചവത്സ പദ്ധതി ജനപങ്കാളിത്തത്തോടു കൂടിനടത്തുന്ന തിലെ പ്രധാന ലക്ഷ്യങ്ങളിലുൾപ്പെടുന്നതാണ് വികസന പ്രക്രിയകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നുള്ളത്. സംസ്ഥാന വികസനപ്രക്രിയയിലെ പ്രധാന ദൗർഭല്യങ്ങളിലൊന്ന് സ്ത്രീകൾ അവഗണിക്ക പ്പെടുന്നു എന്നുള്ളതാണ്. 9-ാം പദ്ധതിയിൽ ഈ പോരായ്മ പരിഹരിക്കുക എന്നുള്ളതാണ്.

കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ 9-ാം പദ്ധതിയുടെ ഭാഗമായി നടന്നു കഴിഞ്ഞിട്ടുള്ള ഗ്രാമസഭകളിൽ പഞ്ചായത്തിയന്റെ 8 വാർഡുകളിലും സ്ത്രീകളുടെ പങ്കാളിത്തം മോശമായിരുന്നില്ല എന്നത് സ്തുതാർഹ്യ മാണ്.

നമ്മുടെ പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചു നോക്കിയാൽ നമ്മൾക്കറിയാം പഞ്ചായത്തിൽ ഒരു വനിതാ പഞ്ചായത്തു പ്രസിഡണ്ട് ആവുന്നത് ഈ കാലഘട്ടത്തി ലാണ്. വനിതാ സംവരണ പഞ്ചായത്തായ നമ്മുടെ പഞ്ചായത്തിൽ 3 വനിതാ സംവരണ വാർഡുകൾ ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ 14539 ആണ്. അതിൽ 7440 സ്ത്രീകൾ ഉൾപ്പെടുന്നു. (മേൽ പറഞ്ഞ കണക്കുകൾ പഞ്ചായത്തിലെ അംഗനവാടി ടീച്ചർമാർ 94-95ൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിലാണ്). ഏകദേശം 520 കുടുംബങ്ങൾ സ്ത്രീകളുടെ നേതൃത്വത്തിൽ കഴിയുന്നുണ്ട്. സർക്കാർ ജീവനക്കാരായി ഏകദേശം 115 സ്ത്രീകൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലാകെ 15 അംഗനവാടികളിലായി 30 സ്ത്രീകൾ ജോലി ചെയ്യുന്നു. ആകെ 2 ഖാദി ബോർഡ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ 48 സ്ത്രീതൊഴിലാളികൾ

ഉണ്ട്. ഖാദി യൂണിറ്റുകൾ VIII ാം വാർഡായ വടശ്ശേരി സ്ക്കൂളിനു സമീപവും വടശ്ശേരി വടക്കുമുറി ഭാഗത്തുമായി പ്രവർത്തിച്ചു വരുന്നത്. തടുക്കശ്ശേരി ഒന്നാം വാർഡിലുള്ള മേപ്പുംകാട്ടുകുന്നു പ്രദേശത്ത് പ്രവർത്തിച്ചു വന്നിരുന്ന ഖാദി യൂണിറ്റ് ഏകദേശം 15 വർഷമായി പൂട്ടികിടക്കുകയാണ്. ടി സ്ഥാപനത്തിൽ 30 സ്ത്രീ തൊഴിലാളികൾ ഉണ്ടായിരുന്നു. വാർഡിലെ കാരണവന്മാരോട അന്വേഷിച്ചപ്പോൾ അറിയുവാൻ കഴിഞ്ഞത് ഖാദി ബോർഡ് നൂൽ ഉൽപ്പാദനത്തിന് പഞ്ഞി ക്ലാക്കുമതി ചെയ്തത് തമിഴ്നാട്ടിൽ നിന്നായിരുന്നതിനാൽ കടബാധ്യതകളാൽ ബോർഡിനു പിടിച്ചു നിൽക്കുവാൻ കഴിഞ്ഞില്ല. കേരള ഖാദി ബോർഡിൽ നിന്നും ന്യായ വിലയ്ക്കു പഞ്ഞി ലഭിക്കുന്നണ്ടായിരുന്നു എങ്കിലും പിന്നീട് തമിഴ്നാടിനെ ആശ്രയിച്ചതിനാൽ ഒന്നേകാൽ ലക്ഷം രൂപ കടബാധ്യതയുണ്ടാവുകയും യൂണിറ്റ് അടച്ചു പൂട്ടുകയുമാണത്രേ ഉണ്ടായത്.

പഞ്ചായത്തിലെ സ്ത്രീകൾ സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവർ വളരെ ചുരുക്കമാണ്. പഞ്ചായത്തിൽ ഒരു വനിതാ സഹകരണസംഘം ഉണ്ട്.

1. വനിതാ സഹകരണ സംഘം

പാലക്കാട് ബ്ലോക്കിനു കീഴിലുള്ള ഈ സംഘം 1992-93 ൽ രൂപീകരിക്കുകയും 1993 ഫിബ്രവരി മാസത്തിൽ സംഘത്തിനു അസിസ്റ്റന്റ് രജിസ്ട്രാർ അംഗീകാരം കൊടുത്ത് ഭരണ സമിതി രൂപീകരിക്കുകയുമുണ്ടായി. സംഘത്തിന് 50000 രൂപ വർക്കിങ്ങ് കാപ്പിറ്റലും 25000 ഷെയർ കാപ്പിറ്റലും ഉണ്ടായിട്ടും യാതൊരു വിധ ഫണ്ടുകളും നാളിതുവരെ സംഘം പ്രവർത്തിക്കുകയുണ്ടായില്ല. സംഘത്തിനു കീഴിൽ കറിപൗഡർ യൂണിറ്റുകളും, വനിതാ കാന്റീൻ നടത്തുന്നതിനുള്ള അനുവാദം J.R ൽ നിന്നും ലഭിക്കുകയുണ്ടായി. എന്നാൽ പദ്ധതി മാറ്റി വനിതാ കാന്റീന് സാധ്യതയില്ലാ എന്നുള്ളതിനാൽ ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും, ടെയിലറിങ്ങ് സെന്ററും ആരംഭിക്കുന്നതിനു ബോർഡ്ഡ് തീരുമാനിക്കുകയുണ്ടായി. എന്നാൽ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ നിന്നും പദ്ധതിയുടെ പ്ലാൻ തടഞ്ഞു കിടന്നതിനാലും ഫണ്ടുകൾ ചിലവാക്കുവാനുള്ള അനുവാദം ലഭിക്കാതിരുന്നതിനാലും വനിതാ സഹകരണ സംഘത്തിന് കേരളശ്ശേരിയിൽ യാതൊരു വനിതാ സംരംഭങ്ങളും ആരംഭിക്കുന്നതിന് കഴിഞ്ഞില്ല, ടി സംഘത്തിൽ നിലവിൽ ജീവനക്കാർ ആരും തന്നെയില്ല. ഒരു തുന്നൽ പരിശീലന കേന്ദ്രം സൊസൈറ്റിയുടെ നാമധേയത്താൽ തുടർന്നു പോരുന്നു. എന്നാൽ ഈ സ്ഥാപനം ഒരു സ്വകാര്യ വ്യക്തിയുടേതാണ്. സംഘത്തിനു കൈമാറ്റം ചെയ്തിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ വനിതാ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പെടുന്നതാണ് ഒരു ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്.

പഞ്ചായത്തിലെ ആശുപത്രി ജീവനക്കാരിൽ 8 സ്ത്രീകൾ ഉൾപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളിൽ ഏറിയ ഭാഗവും കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്. പുരുഷന്മാരോടൊപ്പം സ്ത്രീകൾ ഒരേ പണി ചെയ്യുന്നുണ്ടെങ്കിലും സ്തീക്കും പുരുഷനും ലഭിക്കുന്ന കൂലിയിലുള്ള വ്യത്യാസം വളരെ വലുതാണ്. കാർഷിക മേഖലകളിലേയും കെട്ടിട നിർമ്മാണ തൊഴിലിൽ ആയാലും പുരുഷന്മാർക്ക് 55-70 വരെ കൂലി ലഭിക്കുമ്പോൾ സ്ത്രീകൾക്ക് 30-35 വരെയുള്ള വേതനം

കൈപറ്റി തൃപ്തിപ്പെടേണ്ടി വരുന്നു. സ്ത്രീകളുടെ സാമ്പത്തിക പദവി മെച്ചപ്പെടുത്തിയെങ്കിൽ മാത്രമെ സ്ത്രീകൾ കുടുംബനാഥകളായുള്ള കുടുംബങ്ങളുടെ ദാരിദ്ര്യം അകറ്റുവാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തിലെ നല്ലൊരു ശതമാനം കർഷകതൊഴിലാളികളിൽ 194 സ്ത്രീകൾക്കു മാത്രമെ തൊഴിലാളി പെൻഷൻ ലഭിക്കുന്നുള്ളൂ. കേരളശ്ശേരി പഞ്ചായത്തിലെ ആയുർ [illegible] പരിശോധിക്കുമ്പോൾ പുരുഷന്മാരെക്കാൾ കൂടുതൽ ആയുർ ദൈർഘ്യം സ്ത്രീകൾക്കാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ വാർദ്ധക്യം ബാധിച്ച എത്ര സ്ത്രീകൾക്കു പെൻഷൻ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് പരിശോധിക്കാം.

I

ഏതു വിഭാഗം പെൻഷൻ	എത്രസ്ത്രീകൾക്ക്
വാർദ്ധക്യകാല പെൻഷൻ	19
വികലാംഗ പെൻഷൻ	12
വിധവാ പെൻഷൻ	110
തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ	95

മേൽ വിവരിച്ച കണക്കുകൾ വില്ലേജ് രജിസ്റ്ററുകൾ നൽകുന്നവയാണ്

II

മുലയൂട്ടുന്ന അമ്മമാർ (6 മാസം വരെ പ്രായമുള്ള)		117 സ്ത്രീകൾ
0–1 വയസ്സിനു താഴെയുള്ള കുട്ടികൾ		225കുഞ്ഞുങ്ങൾ
1–2	”	195 ”
2–3	”	210 ”
3–5	”	439 ”

5 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ മൊത്തം എണ്ണം 1069 ആകുന്നു. (മേൽ പറഞ്ഞ കണക്കുകൾ പഞ്ചായത്തിലെ PHC രജിസ്റ്ററുകൾ, അംഗനവാടി രജിസ്റ്ററുകൾ വ്യക്തമാക്കുന്നു.)

പഞ്ചായത്തിലെ സർക്കാർ ഉദ്യോഗസ്ഥകളിൽ കൂടുതലായും മാനേജ്മെന്റ് സ്ക്കൂളിൽ ജോലി ചെയ്യുന്നവരാണ്.

കാർഷിക മേഖല പുഷ്ടിപ്പെടുത്തുന്നതിന് അടുക്കള പച്ചക്കറി കൃഷികൾക്കും സ്ത്രീകൾക്ക് പ്രോത്സാഹനം കൃഷി ഭവനുകളിൽ നിന്നും ലഭിക്കേണ്ടതും, പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ നമ്മുടെ പ്രദേശത്തു തന്നെ വിറ്റഴിയുന്നതിനു വേണ്ട് ഒരു ആഴ്ച ചന്ത പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

പഞ്ചായത്തിലെ വിവിധ തരത്തിലുള്ള കുലത്തൊഴിലുകൾക്ക് പ്രോത്സാഹനം കൊടുക്കുകയും പഞ്ചായത്തിൽ സ്ത്രീകൾക്കു വേണ്ടി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കേണ്ടതുമാണ്. (ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവ വളർത്തുന്നതിന്)

പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് തൊഴിൽ രഹിതരായ പെൺകുട്ടികൾക്കു വേണ്ടി ഖാദിയൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. തുന്നൽ പരിശീലനം പൂർത്തീകരിച്ച തൊഴിൽ രഹിതരായ പെൺകുട്ടികൾക്കു വേണ്ടി പഞ്ചായത്തുതലത്തിൽ റെഡിമെയ്ഡ് ഗാർമെന്റ്സും ആരംഭിക്കേണ്ടതാണ്. ഇതിനു വേണ്ട സഹായസഹകരണങ്ങൾ പഞ്ചായത്തിൽനിന്നും അനുവദിക്കേണ്ടതാണ്.

പ്ലാസ്റ്റിക് നിർമ്മാണം, പ്ലാസ്റ്റിക് വയർ ഉപയോഗിച്ചു കൊണ്ടുള്ള ഫർണീച്ചറുകൾ, ഇലക്ട്രിക് ലൈൻ കൊണ്ടു പോകുന്ന

പി.വി.സി. പൈപ്പുകൾ തുടങ്ങിയവയുടെ നിർമ്മാണവും പഞ്ചായത്തുതലത്തിൽ ആരംഭിക്കുക വഴി കുറച്ച് സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതാണ്.

ചന്ദനത്തിരി, മെഴുകുതിരിയുടെ ഉൽപ്പാദനവും സ്ത്രീകൾക്കുള്ള തൊഴിൽ സംരംഭങ്ങളിലേർപ്പെടുത്താം.

• പാലക്കാട് ബ്ലോക്കിനു കീഴിലുള്ള വനിതാ സഹകരണ സംഘത്തിനു കേരളശ്ശേരിയിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതാണ്. സംഘത്തിനു കീഴിൽ കറിപൗഡർ കമ്പനി, അച്ചാർ, വറ്റലുകൾ തുടങ്ങിയവയുടെ നിർമ്മാണവും ആരംഭിക്കേണ്ടതാണ്.

കേരളശ്ശേരി സെന്ററിൽ ക്ഷീരോൽപ്പാദന സഹകരണ സംഘം ആരംഭിക്കേണ്ടതും രണ്ടു വാർഡുകളെ കേന്ദ്രീകരിച്ചു കൊണ്ട് യൂണിറ്റുകൾ തുടങ്ങേണ്ടതുമാണ്. സംഘത്തിന്റെ ശുപാർശ പ്രകാരം ഐ.ആർ.ഡി.പി.ലോൺ ആനുകൂല്യങ്ങൾ അനുവദിച്ച് പശുക്കളെ വളർത്തുന്നതിന് സ്ത്രീകളെ സഹായിക്കേണ്ടതുണ്ട്.

സംസ്കാരം

സ്ത്രീകളുടെ വിദ്യാഭ്യാസം

ഉയർന്ന ജീവിത നിലവാരത്തിന്റെ അടിസ്ഥാനം തന്നെ വിദ്യാഭ്യാസം ആണ്. സ്ത്രീകളിൽ വിദ്യാഭ്യാസ നിലവാരത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്. എന്നാൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനും അവരുടെ അറിവുകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ അമ്മമാർക്കു നൽകുന്നതിനു സാദ്ധ്യമാകും.

പ്രീ-പ്രൈമറി വിദ്യാഭ്യാസം ഉയർത്തി കൊണ്ടു വരേണ്ടതാണ്. വിദ്യാസമ്പന്നകളായ (പഞ്ചായത്തിലെ മൊത്തം) സ്ത്രീകളെ ഉൾപ്പെടുത്തി സ്വയം തൊഴിൽ കണ്ടെത്തുന്നതിനു സഹായിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ മൂന്നാം വാർഡിന്റെ രണ്ടറ്റത്തുമായിട്ടാണ് രണ്ട് അംഗനവാടികൾ ഉള്ളത്. വാർഡിന്റെ മദ്ധ്യഭാഗത്തുള്ള പള്ളിപ്പാറയിൽ ഏകദേശം 100 കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് ഉപകാരപ്രദമായ ടി പ്രദേശത്ത് ഒരു അംഗനവാടി കൂടി സ്ഥാപിക്കേണ്ടതാണ്. ഈ പ്രദേശത്ത് കൂടുതലായും കർഷക തൊഴിലാളികളും ഹരിജൻ കുടുംബങ്ങളുമാണ്. കുട്ടികളെ അംഗനവാടിയിലാക്കുന്നതിനുള്ള സൗകര്യം ആവശ്യപ്പെട്ടു കൊണ്ട് ഗ്രാമസഭയിലും റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. നിലവിലുള്ള 15 അംഗനവാടിയുടെയും കീഴിൽ ഐ.സി.ഡി.എസ്സിന്റെ നിർദ്ദേശാനുസരണം മഹിളാ സമാജങ്ങൾ രൂപീകരിച്ചിട്ടുള്ളതാണ്. എന്നാൽ വെറും 7 സമാജങ്ങൾ മാത്രമെ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ഈ സമാജങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. സ്ത്രീകളുടെ വേണ്ടത്ര പങ്കാളിത്തമില്ലായ്മയും കാണുന്നു.പഞ്ചായത്തുതലത്തിൽ എല്ലാ സമാജങ്ങളേയും ഉൾപ്പെടുത്തി കൊണ്ട് പഞ്ചായത്ത് കമ്മറ്റി രൂപീകരിക്കേണ്ടതാണ്.

കുണ്ടളശ്ശേരി, പള്ളിപ്പാറ അംഗനവാടിയിലും, വടശ്ശേരി സെന്റർ അംഗനവാടിയിലും കക്കൂസ് സൗകര്യം ഇല്ല. ഈ ആവശ്യം പഞ്ചായത്തിൽ നിന്നും പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും എല്ലാ മാസവും മാതൃസംഗമം വിളിച്ചു കൂട്ടേണ്ടതും കുട്ടികളുടെ പഠന നിവലാരം പരിശോധിക്കേണ്ടതുമാണ്.

പഞ്ചായത്തിന്റെ കീഴിൽ നിലവിൽ ഏക വായനശാല തടുക്കശ്ശേരിയിൽ " നവോദയാ വായനശാല" എന്ന പേരിലറിയപ്പെടുന്നു. അവിടത്തെ ലൈബ്രേറിയൻ ഒരു വനിതയാണ്, സ്ത്രീകളുടെ അംഗത്വം വായനശാലയിൽ വേണ്ട രീതിയിലില്ല. കൂടുതൽ സ്ത്രീകൾക്ക് അംഗത്വം നൽകി കൊണ്ട് സ്ത്രീകളിൽ വായനാശീലം ഉണ്ടാക്കേണ്ടതാണ്.

അംഗനവാടികളുടെ കീഴിലുള്ള 7 മഹിളാ സമാജങ്ങളും പഞ്ചായത്തിൽ സ്ത്രീകൾക്കു വേണ്ടിയുള്ള മറ്റു രണ്ടു സംഘടനകൾ കൂടിയുണ്ട്.

1. ജനാധിപത്യ മഹിളാ അസോസിയേഷൻ

ഈ സംഘടനയ്ക്ക് കേരളശ്ശേരി പഞ്ചായത്തിൽ 823 അംഗസംഖ്യയും പഞ്ചായത്തു തലത്തിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു കമ്മറ്റിയും (21 അംഗങ്ങൾ) പ്രവർത്തിച്ചു വരുന്നു.

സ്ത്രീകൾക്ക് നേരെയുള്ള ചൂഷണങ്ങളും, അക്രമങ്ങളും ദിനം പ്രതി വർദ്ധിച്ചു കൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ നിലവിലുള്ളത്. സ്ത്രീകളേ അശ്ലീലമായി ചിത്രീകരിച്ചു കൊണ്ടുള്ള സിനിമാ പോസ്റ്ററുകൾ, സ്ത്രീകളുടെ സൗന്ദര്യ പ്രദർശനം തുടങ്ങിയവയ്ക്കതിരെ അസോസിയേഷൻ ശക്തമായി പ്രതികരിച്ചു കൊണ്ടിരിക്കുന്നു.

2. മഹിളാ കോൺഗ്രസ്സ്

ഈ സംഘടന പഞ്ചായത്തു തലത്തിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. സംഘടനയിലെ അംഗസംഖ്യ 350 ആകുന്നു.

പാവപ്പെട്ട ഭൂരഹിത കുടുംബിനികൾക്ക് തരിശു ഭൂമികൾ പഞ്ചായത്തു വിലക്കു വാങ്ങുകയും, നിലവിൽ പഞ്ചായത്തിന്റെതായി കിടക്കുന്ന പുറമ്പോക്കു ഭൂമിയും അളന്നു തിട്ടപ്പെടുത്തി 4 സെന്റ് സ്ഥലം വീതവും വീടു വെയ്ക്കുന്നതിനുള്ള ധനസഹായവും നൽകേണ്ടതുണ്ട്.

1994-95 വരെയുള്ള IRDP ലിസ്റ്റിൽ മൊത്തം അംഗങ്ങൾ 1335 ഉം അതിൽ സ്ത്രീകൾ 484 ഉം ആണ്. 95-96ൽ ആകെ 32 സ്ത്രീകൾക്ക് പലതരത്തിലുള്ള IRDP വായ്പകൾ ലഭിച്ചു.

1995-96 ഐ.എ.വൈ സ്കീമിൽ (സ്ത്രീകൾക്കു മാത്രം ലഭിക്കുന്നത്) 26 വീടുകളും 6 കക്കൂസുകളും ലഭിക്കുകയുണ്ടായി.

കൂടുതൽ സ്ത്രീകൾ IRDP ലിസ്റ്റിൽ ഉൾപ്പെടുത്തി ലോൺ അനുവദിക്കുകയും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കേണ്ടതുമാണ്.

1994-95 ട്രൈസം പരിശീലനം ലഭിച്ചിട്ടുള്ള ആകെ 4 വിദ്യാർത്ഥികളിൽ ഒരാൾ മാത്രമാണ് വനിത.

95-96 വർഷത്തിൽ 3 ആൺകുട്ടികൾക്കു മാത്രമേ പരിശീലനം അനുവദിച്ചിട്ടുള്ളൂ. വനിതകൾ ആരും തന്നെയില്ല.

പഞ്ചായത്തു തലത്തിൽ കൂടുതൽ വിദ്യാസമ്പന്നരായ പെൺകുട്ടികളെ കണ്ടെത്തി ചെറുകിട വ്യവസായങ്ങളും സ്വയം തൊഴിലുകളും ആരംഭിക്കുന്നതിനുള്ള പരിശീലനം നടത്തേണ്ടതാണ്.

50 വയസ്സു കഴിഞ്ഞ തൊഴിലിനു പോകാൻ

പ്രാപ്തിയില്ലാത്ത മുഴുവൻ കർഷകതൊഴിലാളികൾക്കും 55 വയസ്സിനു മുകളിലുള്ള എല്ലാ സ്ത്രീകൾക്കും വാർദ്ധക്യകാല പെൻഷനുകൾ അനുവദിക്കേണ്ടതാണ്.

പരാശ്രയമില്ലാത്ത പഞ്ചായത്തിലെ എല്ലാ വിധവകൾക്കും പെൻഷനുകളും, വിദ്യാഭ്യാസം കഴിഞ്ഞ് തൊഴിൽ ഇല്ലാത്ത പെൺമക്കൾക്ക് തൊഴിലിനു മുൻഗണന കൊടുക്കേണ്ടതുമാണ്.

ഏറ്റവും കൂടുതൽ വളരെ പെട്ടെന്ന് രോഗങ്ങൾ ബാധിക്കുന്നത് സ്ത്രീകളിലാണ്. പഞ്ചായത്തിൽ കൂടുതലും കണ്ടു വരുന്ന രോഗങ്ങൾ ജലജന്യരോഗങ്ങളാണ്. ആയതിനാൽ പൊതുജനങ്ങൾ ഉപയോഗിക്കുന്ന കുടിവെള്ളം കഴിയുന്നതും ശുദ്ധജലമാക്കുകയും അവശ്യാനുസരണം കുടിവെള്ളരൂക്ഷ പ്രദേശങ്ങളിൽ വേണ്ടത്ര കിണറുകളും ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി പൈപ്പുലൈൻ വഴി ശുദ്ധജലം എത്തിക്കേണ്ടതും സ്ത്രീകൾക്കുള്ള പ്രധാന ആവശ്യങ്ങളിലുൾപ്പെടുന്നു. (കുടിവെള്ളം വീടുകളിൽ സംഭരിക്കുന്നത് പുരുഷന്മാരല്ല സ്ത്രീകളാണ് എന്നതും സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകളിൽ പെടുന്നവയുമാണ്. - കുടിവെള്ള പ്രശ്നം).

പഞ്ചായത്തിൽ സ്ത്രീകൾക്കു വേണ്ടി അനുവദിക്കുന്ന ഫണ്ടു മുഴുവനും സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി ചിലവാക്കേണ്ടതാണ്.

ഏറ്റവും പാവപ്പെട്ട ജനങ്ങൾക്ക് ഗുണം കിട്ടുകയും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പഞ്ചായത്തായ നമ്മുടെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ഏറ്റവും കുറച്ച പണച്ചെലവു കൊണ്ട് കൂടുതൽ ജനങ്ങൾക്ക് പ്രയോജനം, കൂടുതൽ ലക്ഷ്യങ്ങൾ നേടുക എന്നതായിരിക്കണം ഈ ജനകീയ ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യം.

73-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994 പാസ്സാക്കിയ പഞ്ചായത്ത്‌രാജ് നിയമം നിലവിൽ വന്നതിനെ തുടർന്ന് അബലകളായ സ്ത്രീകളെ പ്രബലയാക്കുന്ന മഹാ സംഭവത്തിനു തുടക്കം കുറിച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു നല്ല സാഹചര്യത്തിൽ സാധ്യതകൾ പ്രയോജനപ്പെടുത്തി സ്വന്തം ദൗർബല്യങ്ങളെയും പരിമിതികളെയും മറികടന്ന് സ്ത്രീകളുടെ ജീവിത നിലവാരം ഒന്നിനൊന്ന് മെച്ചപ്പെടും എന്ന് നമ്മൾക്കു പ്രത്യാശിക്കാം.

6.10

സഹകരണമേഖല ബാങ്കിംഗ്

ആമുഖം

സഹകരണ പ്രസ്ഥാനത്തിൽ ജനകീയ പങ്കാളിത്തം അനിവാര്യമാണ്. മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയിൽ നിന്ന് സാധാരണ ജനങ്ങളെ സഹായിക്കുക എന്നുള്ളതാണ് സഹകരണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തോടു കൂടി 1868ൽ ഇംഗ്ലണ്ടിലെ റോക്കണ്ടയിൽ വ്യവസായതൊഴിലാളികളെ സഹകരിപ്പിച്ചുകൊണ്ട് ആദ്യത്തെ സഹകരണ പ്രസ്ഥാനം ആരംഭിച്ചു. ഇന്ത്യയിൽ 1904ൽ സഹകരണസംഘങ്ങൾ രൂപീകരിച്ചു. 1912 മുതൽ 1919 വരെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സഹകരണ പ്രസ്ഥാനത്തിന് വളരെയധികം വളർച്ചയുണ്ടായി. 1969ൽ കേരളത്തിൽ ആദ്യത്തെ കേരള സഹകരണ ആക്ട് നിലവിൽ വരികയും അതിന്റെ അടിസ്ഥാനത്തിൽ ഇവിടെയും ഈ പ്രസ്ഥാനത്തിന്റെ വളർച്ച പുരോഗമിക്കുകയും ചെയ്തു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിനുള്ള ഒരു പ്രത്യേകത കേരള സർക്കാരിനു കൂടി അതിൽ ഷെയറുണ്ട് എന്നുള്ളതാണ്.

കമേഴ്സിയൽ ബാങ്കുകൾ അവയുടെ ക്രഡിറ്റിന്റെ 60 ശതമാനം മാത്രം വായ്പയായി നൽകുമ്പോൾ സഹകരണ ബാങ്കുകൾ നിക്ഷേപത്തിന്റെ 80 ശതമാനം വായ്പയായി നൽകുന്നു.ഈ പ്രാധാന്യത്തോടെ നമ്മുടെ സഹകരണ പ്രസ്ഥാനങ്ങളെ ജനകീയ പങ്കാളിത്തത്തോടു കൂടി ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റേണ്ടതാണ്. ഈ കാഴ്ചപ്പാടിൽ നമ്മുടെ പഞ്ചായത്തിലെ ബാങ്കിങ്ങ് - സഹകരണ മേഖലയെ കുറിച്ച് നമുക്ക് ഒരു വിശകലനം നടത്താം. നമ്മുടെ ഗ്രാമപഞ്ചായത്തതൃത്തിയിലുള്ള മൂന്ന് ബാങ്കിങ്ങ് സ്ഥാപന

ങ്ങളിൽ 4.6 കോടി രൂപയുടെ നിക്ഷപം (ഡിപ്പോസിറ്റ്) സ്വരൂപിക്കാൻ കഴിഞ്ഞത് ഈ പ്രസ്ഥാനത്തിന്റെ പുരോഗതിയിലേക്ക് വിരൽ ചൂണ്ടുന്നു.

ബാങ്കിങ്ങ് സ്ഥാപനങ്ങൾ- ഇന്നത്തെ അവസ്ഥ

കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ബാങ്കിങ്ങ് സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

1. ഭാരതീയ സ്റ്റേറ്റ് ബാങ്ക്
2. തടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്
3. പാലക്കാട് ജില്ലാ സഹകരണ ബാങ്ക്

കൂടാതെ സഹകരണ മേഖലയിൽ താഴെ പറയുന്ന സഹകരണ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

1. പാലക്കാട് ബ്ലോക്ക് വനിതാ കോ-ഓപ്പറേറ്റിവ് സൊസൈറ്റി, കേരളശ്ശേരി
2. പട്ടികജാതി സഹകരണ സംഘം
3. കേരളശ്ശേരി ഹൈസ്ക്കൂൾ സഹകരണ സംഘം
4. സോണൽ എൽ.പി. & യു.പി സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, NEUP സ്ക്കൂൾ, കേരളശ്ശേരി

മേൽ പറഞ്ഞ 3,4 സഹകരണ സംഘങ്ങൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ നോട്ടുപുസ്തകങ്ങൾ, മറ്റു പഠനോപകരണങ്ങൾ മുതലായവയുടെ വിതരണം മാത്രം നടത്തുന്നു.

വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പട്ടികജാതി സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം സജീവമല്ല.

1. ഭാരതീയ സ്റ്റേറ്റ് ബാങ്ക്
- കേരളശ്ശേരി ശാഖ

ഈ ബാങ്ക് കാർഷിക വായ്പ, സ്വർണ്ണാഭരണ വായ്പ മറ്റു പലതരത്തിലുള്ള ഹ്രസ്വ-ദീർഘകാല വായ്പകൾ എന്നിവ നൽകി വരുന്നു. സാമൂഹ്യ ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുന്ന ഐ.ആർ.ഡി.പി, പി.എം.ആർ.വൈ എന്നീ സ്കീമുകൾ പ്രകാരമുള്ള ലോണുകളും നൽകി വരുന്നു. നടപ്പു വർഷത്തിൽ ഉദ്ദേശം ഒന്നര കോടി രൂപയുടെ ലോണുകൾ നൽകിയിട്ടുണ്ട്. കൃഷിക്ക് ഹ്രസ്വകാലവായ്പ 50 ലക്ഷവും ദീർഘകാല വായ്പ 20 ലക്ഷവും നൽകിയിട്ടുണ്ട്. നിക്ഷേപത്തിന്റെ 59 ശതമാനം വായ്പകൾക്കായി ഈ ബാങ്ക് നൽകി വരുന്നുണ്ട്. ഐ.ആർ.ഡി.പി. ലോൺ 5 ലക്ഷവും പി.എം.ആർ.വൈ ലോൺ 4 ലക്ഷവുമാണ് ബാങ്ക് നൽകിയിട്ടുള്ളത്.

കേരളശ്ശേരി ഗ്രാമപഞ്ചായത്ത് സ്വാശ്രയ പഞ്ചായത്തായതിനാൽ അതുപ്രകാരമുള്ള പ്രത്യേക ആനുകൂല്യ പ്രകാരം വീടുകൾ നിർമ്മിക്കുവാൻ വേണ്ടി 15,000 രൂപ വീതമുള്ള 25 ലോണുകൾ നൽകിയിട്ടുണ്ട്. ലോണിന്റെ ഓവർഡ്യൂ 30 ശതമാനമാണെന്നാണ് റിപ്പോർട്ട്. ലോൺ തിരിച്ചടക്കുന്നത് വളരെ മന്ദഗതിയിലാണെന്നാണ് സൂചന ലഭിച്ചിട്ടുള്ളത്.

2. പാലക്കാട് ജില്ലാ സഹകരണ ബാങ്ക്
- കേരളശ്ശേരി ശാഖ

ഈ ബാങ്കിങ്ങ് സ്ഥാപനത്തിൽ നിന്ന് വിവിധ തരം ലോണുകൾ നൽകി വരുന്നു. ഹ്രസ്വ ദീർഘകാല വായ്പകളായി 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതിൽ ഭവനനിർമ്മാണ വായ്പ 17.5 ലക്ഷം രൂപയും ഓട്ടോറിക്ഷക്കുള്ള വായ്പ

1.25 ലക്ഷം രൂപയും ആണ്. വായ്പകൾ മടക്കിയടക്കു ന്നതിൽ വളരെ പിന്നോക്കം നിൽക്കുന്നത് ഭവനനിർമ്മാണത്തിന്ന് കൊടുത്ത വായ്പകളാണ്.

3. തടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്

തടുക്കശ്ശേരി വിവിധോദ്ദേശ ഐക്യ നാണയ സംഘം എന്ന പേരിൽ ഇപ്പോൾ കേരളശ്ശേരി പഞ്ചായത്തിന്റെ ഭാഗമായ പഴയ തടുക്കശ്ശേരി വില്ലേജ് പരിധിയിൽ 1921 ഡിസംബർ 16-ാം തിയ്യതി 40 മെമ്പർമാരോടെ രജിസ്റ്റർ ചെയ്ത് 1922 മുതൽ പ്രവർത്തനം ആരംഭിച്ചു.

ഈ സ്ഥാപനം 1963 ജനുവരി 21-ാം തിയ്യതി തടുക്കശ്ശേരി സർവ്വീസ് സഹകരണ സംഘം എഫ്. 534 എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും 24-2-63ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തുടക്കത്തിൽ 365 മെമ്പർമാരും 4820 രൂപ ഓഹരി മൂലധനവും 30,981 രൂപ പ്രവർത്തന മൂലധനവും 18,180 രൂപ നിക്ഷേപവും 22,209 രൂപ വായ്പയുമുണ്ടാ യിരുന്നു.

1965ൽ തടുക്കശ്ശേരി ബസ്സ്സ്റ്റോപ്പിനു സമീപം സ്വന്തമായി സ്ഥലം വാങ്ങി ഗോഡൗൺ കം ഓഫീസ് നിർമ്മിച്ചു. 1994 ജൂൺ മാസം വരെ സർവ്വീസ് സഹകരണ ബാങ്ക് ഈ കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നു. സർവ്വീസ് സഹകരണ ബാങ്ക് ഇപ്പോൾ പ്രവർത്തിച്ചു വരുന്ന കെട്ടിടം 1994 ജൂൺ 25-ാം തിയ്യതി ഉത്ഘാടനം ചെയ്യപ്പെട്ടു. പഴയ കെട്ടിടത്തിൽ രാസവളം, സിമന്റ് ഗോഡൗൺ പ്രവർത്തിച്ചു വരുന്നു. കേരളശ്ശേരിക്ക് അനുവദിച്ച മൃഗാശുപത്രിക്ക് പെട്ടെന്ന് മറ്റൊരു കെട്ടിടം ലഭിക്കാത്തതു കൊണ്ട് പഞ്ചായത്തിന്റെ അപേക്ഷ പ്രകാരം നിബന്ധനകൾക്ക് വിധേയമായി പഴയ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് ഇപ്പോൾ സർക്കാർ മൃഗാശുപത്രിയും പ്രവർത്തിച്ചു വരുന്നു.

പ്രവർത്തന മേഖലകൾ

1. ഈ ബാങ്കിൽ നിന്ന് ഹ്രസ്വ ദീർഘകാല കാർഷിക വായ്പകൾ നൽകി വരുന്നു.
2. സ്വർണ്ണ പണയത്തിന്മേൽ കടം നൽകി വരുന്നു.
3. അംഗങ്ങളുടെ മക്കളുടെ വിവാഹം, വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്കു വായ്പകൾ നൽകി വരുന്നു.
4. രാസവളം, കീടനാശിനി, സിമന്റ് എന്നിവ വിതരണം നടത്തി വരുന്നു. മലബാർ സിമന്റിന്റെ അംഗീകൃത ഏജന്റാണ് ബാങ്ക്.
5. സർക്കാർ സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.(ഓണച്ചന്ത, കീടനാശിനി സബ്സിഡി മുതലായവ)
6. ബാങ്കിന്റെ ഹാൾ പൊതുജനങ്ങൾക്കും സംഘടനകൾക്കും ചുരുങ്ങിയ നിരക്കിൽ വാടകക്ക് നൽകി വരുന്നു.
7. മെമ്പേഴ്സ് മ്യൂച്ചൽ ബെനിഫിറ്റ് സ്കീം നടത്തി വരുന്നു.

30-6-96 ലെ കണക്കുകൾ

സർവ്വീസ് സഹകരണ ബാങ്കിലെ

അംഗസംഖ്യ 2852

ഓഹരി മൂലധനം 4.8 ലക്ഷം രൂപ

നിക്ഷേപം	86 ലക്ഷം
പ്രവർത്തന മൂലധനം	113.25 ലക്ഷം
ഹ്രസ്വകാല കാർഷിക വായ്പ നൽകിയത്	11,30,994.00 രൂപ

തടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ഈ പഞ്ചായത്തിലെ കർഷകർക്ക് വായ്പകൾ നൽകിയും കീടനാശിനി, രാസവളം എന്നിവ വിതരണം ചെയ്തും കാർഷികാഭിവൃദ്ധിക്ക് നൽകി വരുന്ന സംഭാവനകൾ വളരെ വലുതാണ്. കൂടാതെ ബാങ്ക് നൽകി വരുന്ന കാർഷികേതര വായ്പകളും പൊതുജനങ്ങൾക്ക് ഏറെ സഹായകരമാണ്.

നിക്ഷേപ സമാഹരണം നടത്തി ഡിപ്പോസിറ്റ് വർദ്ധിപ്പിച്ചതിന് 14,000 രൂപ ഗ്രാന്റും ജില്ലയിൽ മൂന്നാം സ്ഥാനം ലഭിച്ചതിന് 1,000 രൂപ അവാർഡും ബാങ്കിനു ലഭിക്കുകയുണ്ടായി.

4. പാലക്കാട് ബ്ലോക്ക് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - കേരളശ്ശേരി

14-2-96ന് സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

ആകെ അംഗങ്ങൾ	:	126
ഓഹരി മൂലധനം	:	25,000/- രൂപ
പ്രവർത്തന മൂലധനം	:	50,000/- രൂപ
അംഗങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ഓഹരി മൂലധനം	:	4725/- രൂപ

പ്രവർത്തന മേഖല : പിരായിരി, മങ്കര, പറളി, മണ്ണൂർ, കേരളശ്ശേരി, കോങ്ങാട്, മുണ്ടൂർ പഞ്ചായത്തുകളും പാലക്കാടു മുനിസിപ്പാലിറ്റിയും.

സംഘത്തിന്റെ കീഴിൽ ഒരു വനിത ടെയിലറിംഗ് ക്ലാസ്സും, ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും നടത്തുന്നതിനുള്ള പ്രൊജക്ട് പ്രപ്പോസൽ ജോയിന്റ് രജിസ്റ്റാർക്ക് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റുകൾ ഇതുവരെ വിനിയോഗിച്ചിട്ടില്ല.

5. പട്ടികജാതി സഹകരണ സംഘം - കേരളശ്ശേരി

ഇപ്പോൾ അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിലാണ്. സംഘത്തിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ചു വരുന്നു. അടുത്തു തന്നെ പണി പൂർത്തിയാകുന്നതാണ്. 200 ലധികം അംഗങ്ങൾ ചേർന്നു കഴിഞ്ഞു. ഉടനെ തന്നെ തെരഞ്ഞെടുപ്പ് നടത്തി ഭരണ സമിതി രൂപീകരിക്കേണ്ടതാണ്. ഒരു അച്ചടിശാല തുടങ്ങുവാനുള്ള പദ്ധതി രൂപപ്പെട്ടു വരുന്നു.

6. കുണ്ടളശ്ശേരി ക്ഷീരോൽപ്പാദക സഹകരണ സംഘം

ഒരു ദശാബ്ദം മുമ്പ് ആരംഭിച്ച ഈ സംഘം പ്രവർത്തനങ്ങളൊന്നും തന്നെ ഇല്ലാതെ നിർജ്ജീവാവസ്ഥയിലായിരുന്നു. സംഘത്തെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം തുടങ്ങിയത് 1996ൽ ആണ്. ഇപ്പോൾ പ്രതിദിനം 150 ലിറ്റർ പാൽ സംഭരിച്ച് വിതരണം നടത്തുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന ഫണ്ടുകൾ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുക.

2. ഓണച്ചന്ത തുടങ്ങിയ വിലനിലവാരം പിടിച്ചു നിർത്താനുള്ള പദ്ധതികൾക്ക് യഥേഷ്ടം സാധനങ്ങൾ ലഭിക്കുവാൻ

സർക്കാരിനോട് ആവശ്യപ്പെടുക. സാധനങ്ങൾ നേരിട്ട് ഓണച്ചന്തകളിലെത്തിക്കുക.

3. ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് **ന്യായ**മായ മാർക്കറ്റിങ്ങ് ലഭിക്കുവാൻ **മാർക്കറ്റിങ്ങ്** സെന്ററുകൾ ആരംഭിക്കുക.

4. സഹകരണ സ്ഥാപനങ്ങളിൽ **നിന്ന്** എടുക്കുന്ന വായ്പകൾ തക്കസമയത്ത് തിരിച്ചടക്കാത്തത് കുറ്റകരമായ **വീഴ്ചയായി** കണക്കാക്കി നടപടികൾ കൈക്കൊള്ളുക.

5. അംഗങ്ങൾക്ക് സഹകരണ പ്രസ്ഥാനത്തെ കുറിച്ച് ബോധവൽക്കരണത്തിലൂടെ മനസ്സിലാക്കുന്നതിനുള്ള വേദികൾ ഗ്രാമപഞ്ചായത്ത് മുഖേന നടത്തുക.

6. റബ്ബർ വിപണനം സർവ്വീസ് സഹകരണ ബാങ്ക് ഏറ്റെടുക്കുക.

7. നിത്യോപയോഗ സാധനങ്ങളുടെ വിലകയറ്റം തടയുന്നതിനും **ന്യായമായ** വിലക്ക് ലഭിക്കുന്നതിനും മാവേലി **സ്റ്റോർ** ആരംഭിക്കുക.

8. 1,2,3 വാർഡുകളിൽ തടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ തുറന്നു പ്രവർത്തിക്കുക.

9. പഞ്ചായത്തതിർത്തിയിലുള്ള **പാടശേഖര** സമിതികൾ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വിത്ത്, വെള്ളം, കീടനാശിനി മുതലായവ വിതരണം ചെയ്യുക, **ട്രാക്ടർ,** ടില്ലർ മുതലായ **ആധുനിക** യന്ത്രസാമഗ്രികൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്.

10. കേരള സ്റ്റേറ്റ് **ഫിനാൻഷ്യൽ** എന്റർപ്രൈസിന്റെ ശാഖ ഈ **പഞ്ചായ**ത്തിൽ ആരംഭിക്കുക

11. സഹകരണ ബാങ്കിങ്ങ് മേഖലയിൽ നിന്ന് **കർഷകർക്ക്** ലളിതമായ വ്യവസ്ഥയിൽ **മിതമായ** പലിശനിരക്കിൽ കാർഷിക **കാർഷികേതര** വായ്പ ലഭ്യമാക്കുക.

12. 1-ാം വാർഡിൽ ഖാദിബോർഡിന്റെ **കീഴിലുള്ള** നൂൽനൂൽപ്പ് കേന്ദ്രം പുനരുദ്ധരിക്കാൻ നടപടികളെടുക്കുക.

13. **പട്ടികജാതികൾക്ക്** കൂടുതൽ പ്രയോജനപ്രദമാകുന്ന പട്ടികജാതി സഹകരണ **സംഘത്തിന്റെ** പ്രവർത്തനം ത്വരിതപ്പെടുത്തുക.

14. സഹകരണ അടസ്ഥാനത്തിൽ 2,4 **വാർഡുകളിൽ** റെഡിമെയ്ഡ് ഗാർമെന്റ്സ് **നിർമ്മാണവും** വിപണനവും നടത്തുന്നതി**നുള്ള** നടപടികൾ ആരംഭിക്കുക.

15. 2-ാം വാർഡിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴി വളർത്തൽ യൂണിറ്റ്, ഒരു **ആടു** വളർത്തൽ യൂണിറ്റ് ഇവ ആരംഭിക്കുക **ഒരു** തീറ്റപുൽ കൃഷി ഫാം ആരംഭിക്കുക.

16. 1-ാം വാർഡിൽ സഹകരണമേഖലയിൽ **ഇറച്ചിക്കോഴി,** മുട്ടക്കോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക.

17. പഞ്ചായത്തിലെ 1,2,3,4,5,8 എന്നീ വാർഡുകളിൽ ഓരോ ക്ഷീരോൽപ്പാദക സഹകരണ സംഘം ആരംഭിക്കുക.

18. കാലിതീറ്റ ക്ഷീരസഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുക.

19. നല്ലയിനം കറവുമാടുകളെ സംഘം അംഗങ്ങൾക്ക് സംഘം മുഖേന ലഭ്യമാക്കുക.

20. കന്നുകാലി - കോഴിവളർത്തൽ കേന്ദ്രങ്ങളിൽ മൃഗസംരക്ഷണ ഉദ്യോഗസ്ഥമാരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കുക.

6.11

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ഭാരതത്തിന്റെ 9-ാം പഞ്ചവത്സരപദ്ധതി ഒരു ജനകീയ പദ്ധതിയാക്കുവാനും " അധികാരം ജനങ്ങൾക്ക് " എന്ന മഹത്തായ ആശയം നടപ്പിലാക്കുവാനും ഉദ്ദേശിച്ച് ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായാണല്ലൊ വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടിയത്.

വമ്പിച്ച ജനബോധവത്കരണപരിപാടികളോടെ നടത്തിയ വിശേഷാൽ ഗ്രാമസഭകളിൽ സജീവമായ ജനപങ്കാളിത്തവും 12 ഗ്രൂപ്പുകളായി തിരിഞ്ഞുള്ള വികസന-ആസൂത്രണ ചർച്ചകളും ഗ്രാമീണ മേഖല വളരെയധികം സ്വാഗതം ചെയ്തു. ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചകളിൽ പട്ടികജാതി -വർഗ്ഗക്ഷേമം എന്ന ഗ്രൂപ്പിൽ പഞ്ചായത്തിലെ 400 ഓളം പേർ സജീവമായി പങ്കെടുക്കുകയുണ്ടായി സമഗ്രവും നിഷ്കൃഷ്ടവുമായ ചർച്ചകളിൽ ആസൂത്രണപ്രാരംഭഘട്ടത്തിലെ അവരുടെ പങ്ക് നിസ്സീമമായിരുന്നു. പഞ്ചായത്തിലെ എട്ടു വാർഡുകളിലേയും ഗ്രാമസഭാ റിപ്പോർട്ടുകൾ കാര്യമാത്ര പ്രസക്തമായി ക്രോഡീകരിച്ച് ഒരു പഞ്ചായത്ത് വികസനരേഖ ഉണ്ടാക്കുന്നതിൽ പഞ്ചായത്തു പ്രദേശത്തെ ഉദ്യോഗസ്ഥാനു ഉദ്യോഗസ്ഥരായവരും, സന്നദ്ധ - സാമൂഹ്യ - രാഷ്ട്രീയ സംഘടനാ പ്രവർത്തകരും, ബുദ്ധിജീവികളും സാധാരണക്കാരും, സ്ഥിതിവിവരകണക്കുകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി ക്രിയാത്മക സമീപനത്തോടെ LRP മാരേയും DRP മാരേയും ജനപ്രതിനിധികളേയും സഹായിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പ്രക്രിയ നടപ്പാക്കുന്നതിലൂടെ പട്ടികജാതിക്കാരുടെ സാമൂഹ്യ - സാമ്പത്തിക - സാംസ്കാരിക പിന്നോക്കാവസ്ഥ പരിഹരിയ്ക്കാൻ ലക്ഷ്യമിട്ടുകൊണ്ട് വികസനസെമിനാർ നടത്താനുദ്ദേശിച്ച്

പട്ടികജാതി-വർഗ്ഗക്ഷേമം എന്ന ഗ്രൂപ്പ് ക്രോഡീകരിയ്ക്കുന്നതിൽ സഹായിച്ച എല്ലാവരും അഭിനന്ദനമർഹിക്കുന്നു.

പട്ടികജാതി

കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ എട്ടുവാർഡുകളിലായി അധിവസിച്ചു വരുന്ന ഒരു ജനവിഭാഗമാണ് പട്ടികജാതിക്കാർ. ഏകദേശം അറുപതു വർഷം മുമ്പ് ഒന്നോ, രണ്ടോ പട്ടിക വർഗ്ഗകുടുംബങ്ങൾ ഈ പ്രദേശത്ത് താമസിച്ചതായി പഴമക്കാർ വിശദീകരിച്ചെങ്കിലും ഇപ്പോൾ പട്ടികജാതിക്കാരല്ലാതെ പട്ടികവർഗ്ഗ കുടുംബങ്ങളോ വ്യക്തികളോ ഇപ്പോഴില്ലെന്ന് പറയാവുന്നതാണ്.

ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിലായി ഏറെ പ്രത്യേകതകളും വിശ്വാസങ്ങളും ആചാരങ്ങളും ജീവിതശൈലികളും, തനതായ കലാരൂപങ്ങളും പുലർത്തിപ്പോന്നിട്ടുള്ള പട്ടികജാതി സമുദായം അതിന്റെ കഴിഞ്ഞ കാലചരിത്രത്തിൽ വിവരാണീതമായ പീഡനങ്ങളും യാതനകളും അയിത്തം അടിമത്തം തുടങ്ങിയ സാമൂഹ്യനീതികൾക്കും ഇരയായി ജീവിച്ചു വന്നവരാണ്.

സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായ അടിമത്വവും പിന്നോക്കാവസ്ഥയും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടേയും ദുർദശയും പിന്നിട്ട് രാഷ്ട്രീയ സാമൂഹ്യപ്രസ്ഥാനങ്ങളുടെയും പുരോഗമനാശയക്കാരായ ഭരണകൂടങ്ങളുടേയും പ്രവർത്തനഫലമായി സാമൂഹ്യധാരയിലെത്താൻ ഈ ജനസമൂഹം ഇന്ന് ബോധ മാർജ്ജിച്ചു കൊണ്ടിരിയ്ക്കുകയാണ്.

സാമൂഹ്യധാരയിലേയ്ക്കുള്ള പ്രയാണത്തിൽ എല്ലാ പ്രതിബന്ധങ്ങളേയും ബോധപൂർവ്വമുള്ള ചെറുത്തുനില്പിലൂടെ എതിർത്തു തോൽപ്പിക്കുവാൻ ഇതര സമുദായങ്ങളുടെ സഹകരണവും സന്നദ്ധ സാമൂഹ്യ രാഷ്ട്രീയ സംഘടനകളുടെ സഹായവും മനുഷ്യസ്നേഹികളുടെ പരിശ്രമവും ഗവൺമെന്റിന്റെ സമഗ്രമായ നിയമ നിർമ്മാണങ്ങളും ഈ ജനവിഭാഗങ്ങൾക്ക് ഉണ്ടായിരിക്കണമെന്നതാണ് ഈ കാലഘട്ട ത്തിലെ പ്രധാനആവശ്യം.

ജനസംഖ്യ

കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 94-95ലെ (അംഗൻവാടി കണക്ക്) കണക്കു പ്രകാരം 2238 ആണ്. ജനസംഖ്യ 2500നും 3000 നുമിടയിലാണെന്ന് വാർഡ് അടിസ്ഥാനത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു.

പാർപ്പിടം

വീടുകൾ - 500 എണ്ണമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്ന ഇതിൽ 90 വീടുകൾ ഓലപുരകളാണ്. താമസയോഗ്യമല്ലാത്ത കുടിലുകളും ഇതിൽ ഉൾപ്പെടുന്നു.

കുടുംബങ്ങൾ

500 ഓളം വീടുകളിലായി 615 കുടുംബങ്ങൾ താമസിച്ചു വരുന്നു. ഒരു വീട്ടിൽ 4 കുടുംബങ്ങൾ ഞെരുങ്ങി താമസിക്കുന്ന സ്ഥിതിവരെ ചില വാർഡുകളിൽ നിലവിലുണ്ട്. എന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഏകദേശം 45 കുടുംബങ്ങൾ വീടു വയ്ക്കാൻ സ്ഥലം ഇല്ലാതെ അന്യാശ്രയത്തിലും. മറ്റുപാധികളോടെയും താമസിച്ചു വരുന്നുണ്ട്. ചെറിയ തുണ്ടു ഭൂമികളുള്ള പട്ടികജാതി

കുടുംബങ്ങളിൽ പലർക്കും നിയമാനുസൃത രേഖകളോ പട്ടയമോ ഇല്ലാത്തതിനാൽ പദ്ധതികൾ ഉപയോഗപ്പെടുത്താൻ സാധിയ്ക്കുന്നില്ല. പട്ടയം അനുവദിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ഒരു നടപടി അത്യാവശ്യമാണ്.

വീട് ഇല്ലാത്ത കുടുംബങ്ങൾ

നിലവിൽ വീടുകൾ ഇല്ലാത്തവർക്കും താമസയോഗ്യമല്ലാത്ത വീടുകളിൽ കുടുംബതാമസം നടത്തുന്നവർക്കും വീടുകൾഅത്യാവശ്യമാണ്. ഇത്തരത്തിൽ 150 കുടുംബങ്ങൾക്ക്കൂടി ഈ പഞ്ചായത്തിൽ വീടുകൾ അനുവദിക്കേണ്ടതുണ്ട്. കൂടാതെ വീട് വെയ്ക്കാൻ ഭൂമിയില്ലാത്ത 45 പേർക്ക് സ്ഥലവും വീടും അനുവദിക്കേണ്ടതും ആവശ്യമാണ്.

കക്കൂസ് ഇല്ലാത്തവരും ഉള്ളവരും

മേൽപറഞ്ഞ 500 ഓളം വീടുകളിൽ 81 വീടുകൾക്കു മാത്രമെ കക്കൂസ് നിലവിലുള്ളൂ. പൂർത്തിയാകാത്ത പല വീടുകളും പൂർത്തീകരിയ്ക്കാത്ത കക്കൂസുകളും ഉണ്ടെങ്കിൽ തന്നെ ഇനിയും 400 കക്കൂസുകളെങ്കിലും പട്ടികജാതിക്കാർക്ക് ഉണ്ടാക്കേണ്ടതുണ്ട്. വളരെ ഗൗരവമേറിയ ഒരു സാമൂഹ്യ പ്രശ്നമെന്ന നിലയ്ക്ക് കക്കൂസുകൾ നിർമ്മിക്കുവാൻ ഗവൺമെന്റ് മുൻകൈയ്യെടുക്കുകയും ഒരു ബോധവത്കരണം ഈ രംഗത്ത് നടത്തുകയും ചെയ്യേണ്ടതുണ്ട്.

വൈദ്യുതി

വൈദ്യുതി ഏകദേശം 40 വീടുകൾക്ക് ലഭിച്ചിട്ടുണ്ട്. 400 ഓളം വീടുകൾക്ക് ഇനിയും ഹൗസ് കണക്ഷൻ ലഭിയ്ക്കാനുണ്ട്. വിവിധ പട്ടികജാതി കേന്ദ്രങ്ങളിലായി 50 ശതമാനം ലേറെ കുടുംബങ്ങൾ വയറിംഗ് നടത്തി വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിയ്ക്കുന്നുണ്ട്. പക്ഷേ കോളനിയിൽ പോസ്റ്റുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുകയോ തെരുവുവിളക്കുകൾ പൂർണ്ണമായി ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്ഥാപിച്ച തെരുവുവിളക്കുകൾ കത്തിയ്ക്കു ന്നതിലും ഉപയോഗശൂന്യമായത് മാറ്റിയിടു വാനോ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല. പഞ്ചാ യത്തിനു സാമ്പത്തിക നഷ്ടം ഇതുമൂലം സംഭവിയ്ക്കുന്നുണ്ട്. വൈദ്യുതികണക്ഷൻ നൽകുന്നതിനും വയറിംഗ് നടത്താത്ത വീടുകൾക്ക് സൗജന്യ വയറിംഗ് നടത്തികൊടുക്കുവാനും പഞ്ചായത്ത് ബ്ലോക്ക് തുടങ്ങിയ വയുടെ ഈ രംഗത്തുള്ള പ്രവർത്തനം വിപുലപ്പെടുത്താനും സംവിധാന മുണ്ടാവണം.

കുടിവെള്ളം

പ്രധാനപ്പെട്ട 14-ഓളം പട്ടികജാതി കോളനികളും 35-ഓളം മറ്റ് അധിവാസ കേന്ദ്രങ്ങളും ഈ പഞ്ചായത്തു പരിധിയിലുണ്ട്. ഇവയിൽ മിക്കവാറും സ്ഥലങ്ങളിൽ മഴക്കാലത്തും വേനൽക്കാലത്തും ഒരു പോലെ കുടിവെള്ളക്ഷാമം രൂക്ഷമാണ്. നിലവിലുള്ള കിണറുകൾ ആഴം കൂട്ടി നന്നാക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും പദ്ധതികൾ അത്യാവശ്യമാണ്. മൂന്നോ നാലോ കോളനികൾ കേന്ദ്രീകരിച്ച് ജലലഭ്യതയുള്ള ഭാഗത്ത് കിണറു കുഴിച്ച് ശുദ്ധജലം വിതരണം ചെയ്യാവുന്ന പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട കേന്ദ്രങ്ങളുടെ സഹായം അത്യാവശ്യമാണ്, കുഴൽകിണർ ഉപയോഗപ്പെടുത്തേണ്ടുന്ന ഉയർന്ന പ്രദേശങ്ങളും കോളനി പ്രദേശങ്ങളിലുണ്ട്. പട്ടിക ജാതി കേന്ദ്രങ്ങൾക്ക്

കൂടി പ്രയോജനപ്പെടുന്ന രീതിയിൽ പ്രസ്തുത കേന്ദ്രങ്ങളോടനുബന്ധിച്ച് ലഭ്യമായ സ്വകാര്യകുളങ്ങൾ, പൊതുകുളങ്ങൾ എന്നിവ പരിശോധിച്ച് തിട്ടപ്പെടുത്തി ഏറ്റെടുത്ത് നന്നാക്കുന്നതായാൽ ജലദൗർലഭ്യം ഒരു പരിധി വരെ പരിഹരിയ്ക്കുവാൻ സാധിക്കും. ആസൂത്രണത്തിൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കേണ്ട വിഷയമാണ്.

ദാരിദ്രരേഖയ്ക്കു താഴെ

ആകെ കുടുംബങ്ങളുടെ 15 ശതമാനം മാത്രമാണ് ദാരിദ്രരേഖയ്ക്കു മുകളിലുള്ളത്. ഇത് ഏകദേശം 85 ഓളം വരുന്നു. ഗവൺമെന്റിന്റെ വിവിധ പദ്ധതികളിലൂടെയും, സമ്പാദ്യശീലം വളർത്തിയും ബോധവത്കരണപരിപാടികൾ സംഘടിപ്പിച്ചും ഒരു മിതവ്യയശീലവും ജീവിത നിലവാരം വർദ്ധിപ്പിയ്ക്കാനുതകുന്ന പ്രവർത്തനങ്ങളും സഹായപദ്ധതികളുടെ ഉദാരതയും ഉണ്ടെങ്കിൽ മാത്രമെ മറ്റുള്ളവരെ കൂടി ദാരിദ്രരേഖയ്ക്കു മുകളിൽ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ഇതിന് സാധ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുന്നതിൽ സർക്കാർ ശ്രദ്ധ ചെലുത്തണം.

ആരോഗ്യം

സാമ്പത്തിക ബുദ്ധിമുട്ടുകളും കടബാധ്യതകളും നിമിത്തവും അജ്ഞതയും സമീകൃതാഹാരത്തിന്റെ കുറവും പരിസരശുചിത്വം പാലിയ്ക്കുന്നതിലുള്ള പിഴയും ശുദ്ധജല ദൗർലഭ്യവും ആരോഗ്യപ്രവർത്തനത്തിന്റെ അപര്യാപ്തതയും ആരോഗ്യപരിപാലനത്തിൽ പട്ടികജാതി വിഭാഗത്തിന്റെ പരിഹരിക്കാനാവാത്ത പ്രശ്നങ്ങളായി നിലനിൽക്കുന്നു. സാംക്രമിക രോഗങ്ങളും മാരകരോഗങ്ങളും ചില സ്ഥലങ്ങളിൽ നിലവിലുണ്ട്. ആരോഗ്യ പ്രവർത്തകരുടെ വിശദമായ സർവ്വെ സംഘടിപ്പിയ്ക്കുകയും ആശുപത്രി സബ്സെന്ററുകൾ കൂടുതൽ സ്ഥാപിക്കുകയും മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ,ഫീഡിങ്ങ് സെന്ററുകൾ തുടങ്ങിയവയും കോളനികളോടനുബന്ധിച്ച് സ്ഥാപിക്കേണ്ടതുണ്ട്. സാംക്രമിക രോഗങ്ങൾക്ക് ഇരയായി ഇതരഭാഗങ്ങളിൽ ഉണ്ടായതു പോലെ കൂട്ടമരണങ്ങളും സാമൂഹ്യവിപത്തുകളുമുണ്ടാവാതിരിക്കാൻ മുൻകരുതലുകളും ആരോഗ്യസംവിധാനവും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിയ്ക്കുന്നു. ആരോഗ്യ രംഗത്ത് കൂടുതൽ ഫലപ്രദമായ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുവാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കണം. നിലവിലുള്ള പ്രൈമറി ഹെൽത്ത് സെന്റൻ കാര്യക്ഷമമാക്കാനുള്ള നടപടികൾ അത്യാവശ്യമായി കൈക്കൊള്ളുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ട്.

തൊഴിൽ മേഖല

പട്ടികജാതിക്കാർ ഭൂരിഭാഗവും കർഷകതൊഴിലാളികളാണ്. പ്രകൃതിയെ മാത്രം അവലംബിച്ചുള്ളതും ശാസ്ത്രീയമല്ലാത്തതുമായ ഈ തൊഴിൽ മേഖലയിൽ പണിയെടുത്ത് ജീവിതാവശ്യങ്ങൾ നിവൃത്തിക്കാൻ സാധിക്കാത്തവിധം തൊഴിൽരാഹിത്യവും അസ്തിരതയും ഈ രംഗത്തു നിലനിൽക്കുന്നു. ഉപജീവനത്തിന് മതിയാകാത്ത ഈ തൊഴിൽ മേഖലയോട് പരക്കെ വൈമുഖ്യം പ്രകടമാവുന്നുണ്ട്. ഇതുമൂലം വേണ്ടത്ര തൊഴിലാളികളെ കൃഷിയിറക്കാനും, വിളവെടുപ്പിനും ലഭ്യമാവാതെ കർഷകർ വിഷമിയ്ക്കുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിയ്ക്കുന്നു.

പരമ്പരാഗത തൊഴിലുകളിലേർപ്പെട്ട

വർക്ക് തങ്ങളുടെ തൊഴിലും,നിലനിർത്താൻ സാധിയ്ക്കാത്ത പല മാറ്റങ്ങളും ഈ മേഖലയിലുണ്ട്. പായനെയ്ത്ത്, കൂടനിർമ്മാണം ഓലക്കുട നിർമ്മാണം, തുകൽപണി, മൺപാത്ര നിർമ്മാണം വട്ടി-പനമ്പ്-കുട്ട എന്നിവയുടെ നിർമ്മാണം തുടങ്ങി ഈ പഞ്ചായത്തിലെ പല കോളനികളിലും പെട്ട പട്ടികജാതി കുടുംബങ്ങൾ വൻകിടക്കാരുടെ കമ്പോള മത്സരങ്ങളിൽ തുടരാനാവാത്തവിധം ബുദ്ധിമുട്ടുന്നുണ്ട്. ഇവർക്കു വേണ്ട സൗകര്യങ്ങളും സഹായ പദ്ധതികളും നൽകാൻ അധികൃതരുടെ ഭാഗത്തു നിന്ന് നടപടികൾ കാണുന്നില്ലെന്ന് റിപ്പോർട്ടുകൾ സൂചിപ്പിയ്ക്കുന്നു. കൂടിൽ വ്യവസായ യൂണിറ്റുകളോ കൈത്തൊഴിൽ യൂണിറ്റുകളോ ചെറുകിട-ഉൽപ്പാദന- വിപണന സംഘങ്ങളോ ഈ മേഖലയിൽ സംഘടിപ്പിയ്ക്കാനും ഇവർക്ക് സഹായം ലഭ്യമാക്കണം നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

കെട്ടിടം പണി, തോട്ടം പണി, കാറി, ചെങ്കൽപണി, കമ്പിവേലി,കച്ചിലോഡ് തുടങ്ങി തൊഴിൽ രംഗത്ത് വൈവിധ്യമാർന്ന വിധം നിരവധി പേർ ഏർപ്പെട്ടിട്ടുണ്ട്. സേവന- വേതന വ്യവസ്ഥകളോ തൊഴിൽ സ്ഥിരതയോ മറ്റാനുകൂല്യങ്ങളോ ഇല്ലാത്ത തൊഴിൽ മേഖലയാണിത്. തൊഴിൽ രഹിതാവസ്ഥ ഈ മേഖലയിലും നില നില്കുന്നുണ്ട്. ഇത്തരക്കാർക്ക് തൊഴിലുപകരണങ്ങളും ട്രൈസം പോലുള്ള പരിശീലന പരിപാടികളും മറ്റു സഹായങ്ങളും അനുവദിയ്ക്കുകയും ഇവരെ സംരക്ഷിയ്ക്കുകയും ചെയ്യേണ്ടതുണ്ട്. തുന്നൽ, ഡ്രൈവിങ്ങ്, മെക്കാനിസം, പ്രിന്റിങ്ങ്, പെയിന്റിംഗ്, തുടങ്ങിയ വിദഗ്ദതൊഴിലാളികളും കോളനിപ്രദേശങ്ങളിൽ തൊഴിൽരഹിതരായുണ്ട്.ഇതിനുപുറമേ അഭ്യസ്ഥവിദ്യരായ പട്ടിക ജാതിക്കാർ തൊഴിൽരഹിത്യം അനുഭവിക്കുന്നവരായുണ്ട്. നാടൻ പണിക്കാർ എന്ന രീതിയിലും, ചുമുട്ടുതൊഴിലാളി മേഖലയിലും കുറഞ്ഞ ശതമാനം വ്യവസായ തൊഴിലാളികളായും ഇതര മേഖലകളിലും പട്ടികജാതിക്കാരുണ്ട്. ഗവൺമെന്റ് സർവ്വീസിൽ വളരെ കുറഞ്ഞ എണ്ണം മാത്രമെത്തൊഴിൽ ലഭിച്ചവരുള്ളൂ.

സ്ത്രീ തൊഴിലാളികൾക്ക് വേണ്ടി കരകൗശല കൈത്തൊഴിൽ യൂണിറ്റുകൾ സ്ഥാപിയ്ക്കാൻ സർക്കാർ നടപടികൾ ആവശ്യമാണ്. മേൽ പറഞ്ഞ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താൻ സഹായ പദ്ധതികളും ക്ഷേമനിധി ആനുകൂല്യങ്ങളും കുറ്റമറ്റരീതിയിലും കാര്യക്ഷമമായും നടപ്പിലാക്കേണ്ടതുണ്ട്.

വ്യവസായം

പട്ടികജാതി വിഭാഗത്തിന്റേതായ വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. പട്ടികജാതി സഹകരണ സംഘം പ്രവർത്തനം നല്ലരീതിയിൽ സംഘടിപ്പിക്കുകയും സാദ്ധ്യമായ തുറകളിൽ പട്ടിക ജാതിക്കാർക്കായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യാൻ സർവ്വേയും നടപടികളും വാർഡുതലത്തിൽ ആരംഭിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ മേഖല

ഉന്നതവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള പട്ടികജാതിക്കാർ ഈ പഞ്ചായത്തിൽ ഇല്ല എന്നു പറയാം. കോളേജിൽ പോകുന്നവർ എണ്ണത്തിൽ കുറവാണ്. ഏകദേശം 15ൽ താഴെ വരുന്ന അവർക്ക് വിദ്യാഭ്യാസത്തിനു വേണ്ടി സഹായം അനുവദിയ്ക്കുന്നതിനും പഠനോപക

രണങ്ങൾ അനുവദിയ്ക്കാനും നടപടികളുണ്ടാവണം.

പട്ടികജാതിക്കാർ പൊതുവെ ഈ പഞ്ചായത്തിൽ ഭൂരിഭാഗവും അക്ഷരമറിയാവുന്നവരല്ല.പുതിയ തലമുറ വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നുണ്ട് എങ്കിലും വലിയ ശതമാനം S.S.L.C കടക്കാതെ പരാജയപ്പെടുന്നവരാണ്. പട്ടികജാതി കേന്ദ്രങ്ങളിൽ തുടർ സാക്ഷരതാ പരിപാടി ആരംഭിക്കേണ്ടത് " സാക്ഷരത" യജ്ഞത്തിൽ കിട്ടിയ അക്ഷരങ്ങൾ നിലനിൽക്കാൻ അത്യാവശ്യമാണ്.

ജനവിദ്യാ കേന്ദ്രങ്ങൾ, റസിഡൻഷ്യൽ സ്ക്കൂളുകൾ, സാംസ്കാരിക നിലയങ്ങൾ തുടങ്ങിയവയും, ഗ്രാമീണ വായനശാലകൾ, അംഗനവാടികൾ തുടങ്ങിയവയും പ്രധാന കോളനികളിൽ ടെലിവിഷൻ പോലുള്ള ദൃശ്യമാധ്യമങ്ങളും ഏർപ്പെടുത്തുന്നത് സാംസ്കാരിക നിലവാരമുയർത്താൻ അത്യാവശ്യമാണ്. സ്ക്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനം തുടരുവാനുള്ള സഹായങ്ങളും പ്രോത്സാഹനങ്ങളും ലഭ്യമാക്കാനും നടപടികൾ കൈകൊള്ളണം.

ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ മൊത്തം 657 പട്ടികജാതി വിദ്യാർത്ഥികളായിട്ടുള്ളത്. ഇവർക്ക് പഠനം തുടരുവാൻ നിലവിലുള്ള സഹായങ്ങൾ വർദ്ധിപ്പിക്കണം. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ കാലഘട്ടങ്ങളിൽ സമഗ്രവും, ആസൂത്രിതവുമായ പദ്ധതികൾക്ക് ഊന്നൽ കൊടുത്തില്ലെങ്കിൽ ഔദ്യോഗിക മേഖലയിൽ അവരുടെ ശതമാനം ഒരിക്കലും വർദ്ധിക്കുകയില്ല.

സഹകരണ മേഖലയും പട്ടികജാതിയും

നിലവിലുള്ള തടുക്കശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,പട്ടികജാതി സഹകരണ സംഘം തുടങ്ങിയവയിൽ പട്ടികജാതി അംഗങ്ങളുടെ കൂടുതൽ മെമ്പർ ചേർക്കുകയും, സഹകരണ മേഖലയുടെ നേട്ടങ്ങളും അതുവഴി മുന്നേറാനുള്ള പദ്ധതികളും ആസൂത്രണത്തിന്റെ ഭാഗമാക്കണം. കാർഷിക ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും പട്ടികജാതികാർക്ക് വായ്പകൾ ഉദാരവൽക്കരിക്കണം. നിലവിൽ വന്ന കുണ്ടളശ്ശേരി ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തുകയും കൂടുതൽ പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാവുന്ന വിധത്തിൽ മെച്ചപ്പെട്ട പശുക്കളെയും മറ്റു സഹായ പദ്ധതികളും,ആവിഷ്കരിച്ച് നടപ്പാക്കുകയും വേണം.

പട്ടികജാതി സാമൂഹ്യ പദവി

പട്ടികജാതിക്കാരുടെ സാമൂഹ്യ പദവി ഈ പഞ്ചായത്തിനെ സംബന്ധിച്ച് ആശാവഹമാണെന്ന് കരുതാൻ വയ്യ. സാമുദായിക സമത്വവും ജാതിയുടെ പേരിലുള്ള ഉച്ചനീചത്വങ്ങളും ഏറെക്കുറെ നിലനിൽക്കുന്നു. വിവാഹം, വിശേഷ അവസരങ്ങൾ തുടങ്ങിയവയോടനുബന്ധിച്ച്, മറ്റു സമുദായക്കാർ സഹകരിക്കാറുണ്ടെങ്കിലും ഭക്ഷണം കഴിയ്ക്കുന്നത് വിരളമാണ്. എങ്കിലും ഒരു 10 വർഷങ്ങൾക്കു മുമ്പുള്ള സ്ഥിതിയിൽ നിന്നു, സമൂഹം പട്ടികജാതിക്കാരോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തിയതായും, ആശാവഹമായ ഒരു നിലപാട് സ്വീകരിച്ചതായും വിലയിരുത്താവുന്നതാണ്. ഉത്സവങ്ങൾ, വിശേഷാവസരങ്ങൾ, ആഘോഷങ്ങൾ, ബഹുജന സംഘടനകൾ, സന്നദ്ധ-

മൂഹ്യ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തുടങ്ങിയ ിൽ ഉൾപ്പെട്ട് പ്രവർത്തിക്കുന്നുണ്ടെങ്കിലും കജാതിക്കാർ നേതൃ നിരയിലേക്ക് ഉയർന്നു ണുന്നില്ലാ എന്ന് വിലയിരുത്തേണ്ടാ ിക്കുന്നു. സമൂഹത്തിലെ ഒരു പ്രധാന വിഭാഗം എന്ന നിലയിൽ പട്ടികജാതി രുടെ സാമൂഹ്യ പദവി ഉയർത്താൻ വേണ്ട ടികൾ കൈക്കൊള്ളാതെ ഏതു സാമൂഹ്യ ദ്ധ പദ്ധതികൾ നടപ്പിലാക്കിയാലും നാം ഷ്യമിട്ട പുരോഗതി കൈവരിക്കില്ലാ എന്നത് തുതയാണ്. സാമുദായിക സംഘടനകളിൽ കജാതിക്കാർ ഉൾപ്പെടുകയോ പ്രവർത്തി കയോ ചെയ്യുന്നില്ല.

ാന കോളനികൾ – മറ്റ് അധിവാസ ങ്ങൾ

1. കയറംകുടം കോളനി 2. കാട്ടുമുല്ലപ്പറമ്പ് ളനി 3. ചാത്തൻചിറകോളനി 4. കള്ളപ്പാടി ളനി 5. ചിറക്കാട് കോളനി 6. തെരയൻകോട് ളനി 7. വെള്ളാറ കോളനി 8. കൊട്ടേക്കാട്ട് പ് 9. അമ്പലപ്പറമ്പ് 10. പട്ടത്തുപാറ 11. യാട്ടിൽ കോളനി 12. വരാംകോട് 13. ാമടകുന്ന് 14. കാരപ്പറമ്പ് എന്നീ ളനികളും, അനുബന്ധപ്രദേശങ്ങളായി 1. ത്തൻകുന്ന് 2. മരുതംകുണ്ട് 3. മുണ്ടയ്ക്കൽ ്യാൽ 4. ചല്ലിപറമ്പ് 5. പള്ളിയാലിൽ പാടം ലിയപറമ്പ് പുനിയൻചോല 7. പള്ളിപ്പാറ വലൻകോട് 9. വടക്കുമ്പറം 10. കള്ളിക്കൽ ാരിയത്ത് പറമ്പ് 12. പാലശ്ശേരി പറമ്പ് 13. ല വട്ടക്കുന്ന് 14. പുത്തൻ വീട് 15. ലയിൽ 16. പുള്ളുവകുണ്ട് 17. റ്റയിൽപറമ്പ് 18. വല്ലക്കാട് പറമ്പ് 19. ക്കല്ല് പറമ്പ് 20. കൈതകുളം 21. ഏലംകുളം 22. പാലയങ്ങോട്ട് പറമ്പ് 23. തേറുകാട് 24. കുളപ്പാറ 25. താന്നിയ്ക്ക പറമ്പ് 26. കോതോർത്തുകുന്ന് 27. വടശ്ശേരി കാരപ്പറമ്പ് 28. പറയകോളനി 29. കിഴക്കേപുര മണ്ണാൻ കോളനി 30. പാറകുണ്ട് കോളനി 31. ചുണ്ടയിൽ കുന്ന് 32. കുത്തംകോട് 33. കാഞ്ഞികുന്ന് 34. പൂക്കാട്ട് 35. കുത്തംമ്പാടം എന്നിവയുമായി 8 വാർഡുകളിലായി സ്ഥിതി ചെയ്യുന്നു.

ഐ. എച്ച്. ഡി. പി. കോളനികൾ

1. കയറംകുടം (തടുക്കശ്ശേരി) 2. വെള്ളാറ (കുണ്ടളശ്ശേരി) 3. തെരയംകോട് (കുണ്ടളശ്ശേരി) എന്നിവ സമഗ്ര വികസനത്തിന് തിരഞ്ഞെടുത്ത കോളനികൾ ആണ്. കൃഷി ഭവന്റെയും, മൃഗസംരക്ഷണ വകുപ്പിന്റെയും നാമമാത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ കയറംകുടം, തെരയംകോട് എന്നീ IHDP കോളനികളിലേക്ക് യഥാക്രമം മെറ്റൽ റോഡും മണ്ണു റോഡും പണിതിട്ടുണ്ട്. വെള്ളാറ IHDP കോളനി റോഡു പണി ആരംഭിച്ചിട്ടില്ല. യാത്രാക്ലേശം കൊണ്ട് പൊറുതിമുട്ടുന്നു എന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചന തരുന്നു. ഈ മൂന്നു കോളനികൾക്കും സർക്കാർ ടെലിവിഷൻ അനുവദിച്ചിട്ടുണ്ടെങ്കിലും വെള്ളാറ കോളനിയിൽ അത് സ്ഥാപിച്ചിട്ടില്ല.

കോളനികളുടെ പൊതു സ്ഥിതി

എല്ലാ കോളനികളിലും പട്ടികജാതിക്കാർ പ്രശ്നാധിഷ്ഠിതമായ ജീവിതമാണ് നയിക്കുന്നത്. വീടുകളുടെ കാര്യത്തിൽ ഇപ്പോഴും പര്യാപ്തതയിലെത്തിയിട്ടില്ല. അപൂർണ്ണവും ഗതാഗതത്തിനു പ്രയോജനപ്പെടാത്ത വിധത്തിലുമാണ് മിക്ക കോളനി റോഡുകളുടെയും അവസ്ഥ. വൈദ്യുത പോസ്റ്റുകൾ വേണ്ടത്ര സ്ഥാപിക്കാത്തതിനാൽ ഹൗസ്

കണക്ഷൻ കിട്ടാതെ വയറിങ്ങ് നടത്തി കാത്തിരിക്കുന്ന സ്ഥിതി പല കോളനികൾക്കുമുണ്ട് എന്നതുപോലെ സൗജന്യ വയറിങ്ങ് നടത്താത്ത ഭാഗങ്ങളും കറന്റ് 100ഉം, 150ഉം മീറ്റർ അകലെ വരെ എത്തി കോളനിയിലേക്ക് പ്രവേശിക്കാത്ത ഭാഗങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. സ്ഥാപിച്ച തെരുവുവിളക്കുകൾ സ്ഥിരമായി കത്താത്ത ഭാഗങ്ങളും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത ഭാഗങ്ങളും ഉണ്ട്. പരിസരശുചിത്വത്തിന്റെ ഭാഗമെന്ന നിലയിൽ കക്കൂസ് വ്യാപകമായി അനുവദിക്കേണ്ടത് എല്ലാ കോളനികൾക്കും അത്യാവശ്യമാണ്. അഴുക്കിന്റെ ഉറവിടങ്ങൾ കണ്ടെത്തി പരിഹാരം കാണുകയും ചെയ്യേണ്ടതുണ്ട്.

മണ്ണൊലിപ്പ് തടയുന്നതിന്നും മണ്ണ് സംരക്ഷിക്കുന്നതിന്നും തെരയംകോട് കയറംകുടം എന്നീ കോളനികൾക്ക് യഥാക്രമം 16371 ഉം, 16028 ഉം രൂപ കഴിഞ്ഞ കാലങ്ങളിൽ അനുവദിച്ചിട്ടുണ്ട്. മറ്റു കോളനികൾക്കും ഈ ആനുകൂല്യം എത്രയും വേഗം അനുവദിക്കേണ്ടതാണ്. വിദ്യാഭ്യാസ പിന്നോക്ക അവസ്ഥയും, ആരോഗ്യ പ്രശ്നങ്ങളും പരിഹരിക്കാൻ നടപടികൾ കൈകൊള്ളേണ്ടതുണ്ട്. കുടിവെള്ളം ഒട്ടുമിക്ക കോളനികളിലും ഗുരുതരമായ പ്രശ്നമാണ്. വാർഡടിസ്ഥാനത്തിലോ, രണ്ടോ മൂന്നോ വാർഡുകൾക്ക് പൊതുവായോ, പട്ടികജാതി കോളനികൾക്ക് പ്രയോജനപ്പെടുന്ന ശുദ്ധജലവിതരണ പദ്ധതിയും ഓപ്പൺ വെൽ, കുഴൽ കിണർ തുടങ്ങിയവയും നടപ്പാക്കാനുള്ള ആസൂത്രണം യുദ്ധകാലാടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ടിയിരിക്കുന്നു.

അദ്ധ്വാനശേഷിയില്ലാതെ, മറ്റൊന്നും കൈമുതലായി ഇല്ലാത്ത ഒരു ജനവിഭാഗം എന്ന നിലയിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ, സാമൂഹ്യ - രാഷ്ട്രീയ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവ കൂട്ടായി ശ്രമിച്ചാൽ മാത്രം മുന്നേറാൻ കഴിയുന്ന ഒരവസ്ഥയാണ് കേരളശ്ശേരി പഞ്ചായത്തിലെ പട്ടികജാതിക്കാർക്കെന്നത് അനിഷേധ്യമായ വസ്തുതയാണ്.

പൊതു നിർദ്ദേശങ്ങൾ

1. IRDP വായ്പകൾ തിരിച്ചടക്കുന്നതു സംബന്ധിച്ച് ബോധവൽക്കരണം സംഘടിപ്പിക്കുക.
2. പാലക്കാട് ബ്ലോക്ക് കേരളശ്ശേരിയിലോ സമീപ പ്രദേശത്തോ പട്ടികജാതി വിദ്യാർത്ഥികൾക്കു വേണ്ടി ഒരു പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.
3. കോളനി റോഡുകളെ കുറിച്ച് പ്രത്യേക സർവ്വേ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുക.
4. കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ഒരു റബ്ബർ ടാപ്പിങ്ങ് പരിശീലനകേന്ദ്രം ഏർപ്പെടുത്താൻ നടപടിയെടുക്കുക.
5. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.
6. പരമ്പരാഗത തൊഴിലുകളെ സാമ്പത്തിക - സാങ്കേതിക സഹായത്തോടെ അഭിവൃദ്ധിപ്പെടുത്തുക.
7. വിവിധ പദ്ധതികളെ കുറിച്ച് അറിവ് പകരാൻ പഞ്ചായത്ത് തലത്തിൽ ഇൻഫർമേഷൻ സെന്റർ ആവിഷ്കരിച്ച് നടപ്പാക്കുക.
8. പട്ടികജാതിക്കാരുടെ മൃഗസമ്പത്ത് വർദ്ധിപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ

സഹായം ലഭ്യമാക്കുക.

9. പട്ടികജാതിക്കാർക്കു വേണ്ടി പച്ചക്കറി ഉൽപ്പാദന യൂണിറ്റ് കൃഷി ഭവന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുക.

10. പട്ടികജാതി കേന്ദ്രങ്ങളോടനുബന്ധിച്ച് വായനശാലകൾ സ്ഥാപിക്കാൻ (പുറം പോക്ക് സ്ഥലം - മറ്റു തരത്തിൽ ലഭ്യമെങ്കിൽ അത്) സ്ഥലം ലഭ്യമാക്കുക.

11. കഴിഞ്ഞ ബോർഡിന്റെ കാലത്ത് പ്രയോറ്റിയിൽ വന്ന ഒന്നാം വാർഡിലെ മരുതംകുണ്ട് ഹരിജൻ കോളനി (IHDP കോളനി) യാക്കാൻ മുൻഗണന നൽകേണ്ടതാണ്. ലഭ്യമായ വിവരങ്ങളുടെ മൂന്നു പട്ടിക താഴെകൊടുത്തിരിക്കുന്നു.

നാം അധിവസിക്കുന്ന ഈ മനോഹരമായ ഭൂമി നാം ഇവിടെ വന്ന് ജനിക്കുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ മഹത്തരമാക്കാൻ നമുക്കു കഴിഞ്ഞാൽ വരിക്കുവാനുള്ള നമ്മുടെ ഈ ഉദ്യമത്തുമ്പോൾ ജീവിതത്തിൽ നാം ഒട്ടും സ്വയം ചുരുങ്ങിയിട്ടില്ലെന്നും. നമ്മുടെ കർമ്മം നാം ചെയ്തു തീർത്തെന്നുമുള്ള ചാരിതാർത്ഥ്യത്തോടെ നമുക്കു മടങ്ങാം.

- ലോർഡ് ബേഡൻ പവ്വൽ



പട്ടിക I പട്ടികജാതി മേഖല

വാർഡ്	അംഗീകൃത കോളനികൾ	മറ്റ് അധിവാസ കേന്ദ്രങ്ങൾ	ഐ.എച്ച് ഡി.പി. കോളനികൾ	അനുവദിച്ച വർഷം
1	കയറംകുടം കോളനി	1. പോത്തൻകുന്ന് കോളനി 2. മരുതംകുണ്ട് കോളനി 3. മുണ്ടയ്ക്കൽ പള്ള്യാൽ കോളനി 4. വല്ലയ്ക്കാട് പറമ്പ്	കയറംകുടം ഐ. എച്ച്. ഡി. പി. കോളനി	93_94
2	കോളനിയായി ഒന്നും പ്രഖ്യാപിച്ചിട്ടില്ല	1.ചല്ലിപറമ്പ് കോളനി 2. കാരപ്പറമ്പ് കോളനി 3. പള്ള്യാലിൽ പാടം കോളനി 4. വലിയപറമ്പ് കുനിയംചോല കോളനി	,,	
3	കാട്ടുമുല്ലപ്പറമ്പ് ലക്ഷം വീടു കോളനി	1.പള്ളിപ്പാറ കോളനി 2. വേലംകോട് കോളനി 3. വടക്കുമ്പുറം കോളനി 4. കള്ളിക്കൽ കോളനി	,,	
4	ചാത്തൻചിറ കോളനി	1. വാരിയത്ത് പറമ്പ് 2. പാലശ്ശേരിപറമ്പ് 3. മേലവട്ടക്കുന്ന്	,,	
5	കള്ളിപ്പാടി കോളനി, ചിറക്കാട് കോളനി	1. പുത്തൻവീട് കോളനി 2. ചോലയിൽ 3. ഒറ്റപ്പെട്ട 30 കുടുംബങ്ങൾ പട്ടികജാതിക്കാർ	–	
6	1.തെരയംകോട് കോളനി 2. വെള്ളാറ കോളനി	1.പുള്ളുവകുണ്ട് 2.പൊറ്റയിൽപറമ്പ് 3.ആനകല്ലുപറമ്പ് 4.കൈതകുളം 5.ഏലംകുളം 6. കാഞ്ഞികുന്ന് 7. കൂത്തംമ്പാടം 8. പൂക്കാട്ട് 9.കൂത്തംകാട് 10. മലയരുകുന്ന്	തെരയംകോട് കോളനി, വെള്ളാറ കോളനി	93_94, 95_96
7	1. കൊട്ടേക്കാട്ട് പറമ്പ് കോളനി 2.അമ്പലപ്പറമ്പ് കോളനി 3. പട്ടത്ത്പാറ കോളനി	1.പാലേങ്ങാട്ടുപറമ്പ് 2. തേറുകാട് 3. കുളപ്പാറ 4. കോതോർത്ത് കുന്ന് 5. താന്നിക്കപറമ്പ്	–	
8	1. കരിയാട്ടിൽ കോളനി 2. വരാംകോട് കോളനി 3.ഇയ്യാമടകുന്ന് കോളനി	1. കാരപ്പറമ്പ് കോളനി 2. പറയകോളനി 3. കിഴക്കേപുര മണ്ണാൻകോളനി 4. പാറകുണ്ട് കോളനി 5. ചുണ്ടയിൽകുന്ന്	–	

വാർഡ്	ആകെ വീടുകൾ	ഓടിട്ടവ	കുടിൽ / ഓലപ്പുര	വൈദ്യുതീകരിച്ച വീടുകൾ	വൈദ്യുതീകരിക്കാത്ത വീടുകൾ	വീടില്ലാത്ത കുടുംബങ്ങൾ	കക്കൂസില്ലാത്ത കുടുംബങ്ങൾ	കക്കൂസുള്ള കുടുംബങ്ങൾ
1	92	86	6	20	72	13	77	15
2	37	35	2	2	35	8	25	10
3	-	-	15	-	-	-	-	-
4	32	30	2	2	30	6	36	2
5	78	71	7	3	75	10	73	5
6	66	46	20	1	65	27	33	33
7	76	66	10	4	72	15	72	4
8	80	65	15	7	73	23	68	12

അവലംബം : ഗ്രാമസഭാ ഗ്രൂപ്പ് റിപ്പോർട്ട്

പട്ടിക III – പട്ടികജാതിക്കാരുടെ തൊഴിൽ വിവരങ്ങൾ

വാർഡ്	കാർഷിക മേഖല തൊഴിലാളികൾ	വ്യാവസായിക മേഖല തൊഴിൽ	പരമ്പരാഗത തൊഴിൽ മേഖല	സർക്കാർ ജോലികൾ	സാങ്കേതിക രംഗത്തെ പരിജ്ഞാനം
1	ഭൂരിഭാഗം പേരും കർഷക തൊഴിലാളികളാണ്	വ്യാവസായിക തൊഴിലാളികൾ വളരെ കുറവാണ്	പുരുഷന്മാരിൽ കെട്ടുപണി, കെട്ടിട നിർമ്മാണം തുടങ്ങിയവ കണ്ടു വരുന്നു. മരപ്പണി മേസൻ എന്നിവയും	സർക്കാർ ജോലിയുള്ളവർ ഒന്നോ രണ്ടോ പേർ മാത്രം	ഡ്രൈവിങ്ങ്, ടെയിലറിംഗ് തുടങ്ങിയവ പഠിച്ചവരുണ്ട്
2	കാർഷിക മേഖല തൊഴിലുകളാണ് ഭൂരിഭാഗം ആളുകളും അവലംബിച്ചിട്ടുള്ളത്	ഇല്ല	കെട്ടുപണി, മേസൻ, കെട്ടിട നിർമ്മാണ മറ്റു പരമ്പരാഗത തൊഴിൽ എന്നിവ കണ്ടു വരുന്നു.	ഇല്ല	തുന്നൽ പരിശീലനം പൂർത്തിയാക്കിയവരും ഡ്രൈവിങ്ങ് അറിയാവുന്നവരുമായി 20 പേരുണ്ട്
3	കാർഷിക വൃത്തിയും നാടൻപണികളും മറ്റും കണ്ടു വരുന്നു	വ്യവസായ തൊഴിലാളികളും, ചുമട്ടു തൊഴിലാളികളും, ചെറുകിട വ്യവസായങ്ങളുമുണ്ട്	മൺപാത്ര നിർമ്മാണം, കെട്ടിട നിർമ്മാണം, തോട്ടം തൊഴിൽ തുടങ്ങിയവ കണ്ടു വരുന്നു.	സർക്കാർ ജോലികൾ ചെയ്യുന്നവർ വളരെ കുറവാണ്	കച്ചവടം, തുകൽപണി, വർഷാപ്പുപണി, കുടനന്നാക്കൽ തുടങ്ങിയ തൊഴിൽ ചെയ്യുന്നവരുണ്ട്
4	കർഷക തൊഴിലാളികളാണ് ഭൂരിഭാഗം	വ്യവസായ തൊഴിലാളികൾ കുറവാണ്	മരപ്പണി, തോട്ടംപണി മറ്റു നാടൻ പണികൾ പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നവരുണ്ട്. മൺപാത്രം പണിയുണ്ട്	സർക്കാർ ജോലിക്കാർ കുറവാണ്	ചുമട്ടുപണി, മരപ്പണി, കെട്ടിടം പണി, തുന്നൽ തുടങ്ങിയ തൊഴിൽ ചെയ്യുന്നവരുണ്ട്
5	കർഷക തൊഴിലാളികളാണ് കൂടുതൽ പേർ	,,	തോട്ടംപണി, ചുമട്ടുതൊഴിൽ, മരപ്പണി തുടങ്ങിയവയുമുണ്ട്. എല്ലാ മേഖലയിലും തൊഴിൽ രഹിതരുമുണ്ട്	സർക്കാർ ജോലിക്കാർ കുറവാണ്	സാങ്കേതിക പരിശീലനം ലഭിച്ചവർ തൊഴിൽ രഹിതരായുണ്ട്
6	കൂടുതൽ പേർ കർഷകതൊഴിലാളികളാണ്	,,	ഓലക്കുട നിർമ്മാണം, കെട്ടിടംപണി, മേസൻ, കാറി വർക്കർമാർ, വെട്ടുകല്ലു തൊഴിൽ പാല്, തോട്ടപ്പണി	സർക്കാർ ജോലിക്കാർ ഇല്ല	പ്ലംബിങ്ങ്, ടെയിലറിങ്ങ്, കമ്പനിതൊഴിൽ തുടങ്ങിയവ. സാങ്കേതിക പരിശീലനം ലഭിച്ചവരുണ്ട്, ഡ്രൈവിങ്ങ് പഠിച്ചവരുണ്ട്
7	കർഷകതൊഴിലാളികളാണ് ഭൂരിഭാഗം പേരും	,,	ഓലക്കുട നിർമ്മാണം, കെട്ടുപ്പണി, കെട്ടിട നിർമ്മാണം, തോട്ടപ്പണി തുടങ്ങിയ തൊഴിലുകളുമാണ്ട്	സർക്കാർ ജോലി കുറവാണ്	ടെയിലറിങ്ങ്, ഡ്രൈവിങ്ങ്, മെക്കാനിക് തുടങ്ങിയ രംഗത്ത് പരിചയമുള്ളവരുണ്ട്
8	കർഷകതൊഴിലാളികളാണ് ഭൂരിഭാഗം പേരും	,,	ഓലക്കുട നിർമ്മാണം, വടി പനമ്പ് നിർമ്മാണം കെട്ടുപ്പണി, കെട്ടിട നിർമ്മാണം, തോട്ടംപണി തുടങ്ങിയവയുമുണ്ട്	,,	സാങ്കേതിക പരിജ്ഞാനമുള്ളവരുണ്ട്. തൊഴിൽ കുറവാണ്

6.12

വിഭവസമാഹരണം

ആമുഖം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യാവസായിക മേഖലയിലെ നിശ്ചലതയാണ്. കാര്യമായ ഒരു വലിയ വ്യവസായ സ്ഥാപനവും കേരളശ്ശേരിയിലില്ല. ഈ രംഗത്ത് മുന്നേറ്റം നടത്തികൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാകണം. വ്യവസായകുതുകികളെ വിളിച്ച് സെമിനാർ നടത്തേണ്ടതും വ്യവസായം തുടങ്ങുവാൻ താൽപ്പര്യം ഉളവാക്കുവാൻ പഞ്ചായത്ത് കമ്മറ്റിയും സന്നദ്ധസംഘടന രാഷ്ട്രീയ പ്രവർത്തകരും ശ്രമിക്കേണ്ടതുമാണ്. അങ്ങനെ വ്യവസായങ്ങൾ തുടങ്ങുവാൻ താൽപ്പര്യമുള്ള വർക്ക് സന്തോഷപൂർവ്വം ലോൺ അനുവദിക്കാൻ ബാങ്ക് അധികൃതർ സന്നദ്ധത കാട്ടേണ്ടതും വിവിധ വകുപ്പുകൾ അവർക്കു വേണ്ടഎല്ലാവിധ സഹായസഹകരണങ്ങളും ചെയ്യേണ്ടതുമാണ്. പ്രത്യേകിച്ച് വൈദ്യുതി ബോർഡ് അധികൃതർ .

വൈദ്യുതി കണക്ഷൻ ലഭിച്ചാലും, ലോഡ് ഷെഡ്ഡിംഗ്, വോൾട്ടേജ് ക്ഷാമം എന്നിവ പരിഹരിക്കുവാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുവാൻ ഈ റിപ്പോർട്ടിലൂടെ അപേക്ഷിക്കേണ്ടതാണ്. ഇത് പരിഹരിക്കാതെ ഈ രംഗത്തു നിന്ന് പുതിയ വിഭവ സമാഹരണത്തിനുള്ള സാദ്ധ്യത വളരെ കുറവാണ്.

കാർഷികവൃത്തിയോടുള്ള അവഗണന

ഈ പഞ്ചായത്തിലെ പ്രധാനവിളകൾ നെല്ല്, റബ്ബർ, തെങ്ങ്, വാഴ എന്നിവയാണ്. കാർഷിക രംഗം ഇന്ന് മുരടിക്കുകയാണ്. കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ ഈ രംഗത്തു നിന്നും മറ്റു

തൊഴിലുകൾ തേടി പോവുകയാണ്. കൃഷിക്കുപയോഗിക്കുന്ന രാസവളങ്ങളുടെ വിലകുടുതലും; യുവതലമുറയുടെ താൽപര്യ മില്ലായ്മയും, കൃഷിചെയ്യുന്ന പ്രവണതയിൽ നിന്നും കൃഷിക്കാരെ നിരുത്സാഹപ്പെടുത്തുന്നു.

കാലാവസ്ഥയിൽ ഉണ്ടാവുന്ന മാറ്റവും കൃഷിഭൂമിയ്ക്ക് ആവശ്യമായ ജലസേചന സൗകര്യം എല്ലാവർക്കും ലഭിക്കാത്തതും ഒരു കാരണമാകുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം വർദ്ധിപ്പി ക്കാനാവില്ല.

ജലസേചനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക; ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക; കുടിൽ വ്യവസായം, കോഴിവളർത്തൽ, ആടു വളർത്തൽ, നൂൽനൂൽപ്പ് കേന്ദ്രങ്ങൾ, പായ നെയ്ത്ത് എന്നീ സംരംഭങ്ങൾ ആരംഭിക്കുവാൻ കൂട്ടായ ശ്രമം നടത്തണം. ഈ മണ്ഡലങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫല ങ്ങൾ താമസമന്യേ നേടാനാവും.

സംഭാവനകളുടെ അടിസ്ഥാനത്തിൽ അത്യാവശ്യം വേണ്ടുന്ന സാമൂഹിക സാമ്പത്തിക പശ്ചാത്തല സൗകര്യങ്ങളുടെ സൃഷ്ടിക്ക് വിദേശ മലയാളികളിൽ നിന്നുള്ള വിഭവസമാഹരണത്തിന് സാധ്യതയുണ്ട്. സന്നദ്ധ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിക്കുന്നതാണ്. റോഡുകളുടെ നിർമ്മാ ണവും ജലസ്രോതസ്സുകളുടെ സംരക്ഷണം , കളിസ്ഥലങ്ങളുടെ നിർമ്മാണം എന്നിവ നടത്താവുന്നതാണ്.

വരുമാനത്തിലെ വ്യതിയാനം

91–92 വർഷത്തെയും 95–96 വർഷത്തെയും വരുമാനം – ഒരു താരതമ്യ പഠനം

(പട്ടിക I ശ്രദ്ധിക്കുക)

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 2702 രൂപ വസൂലാക്കിയിട്ടുണ്ട്. ലൈസൻസി ഫീ പുതുക്കി നിശ്ചയിക്കേണ്ട തായിട്ടുണ്ട്. പഞ്ചായത്തുണ്ടായ കാലത്ത് നിശ്ചയിച്ച നിരക്കിലാണ് ഇപ്പോഴും ഫീസ് പിരിക്കുന്നത്.

കാർഷികവും അല്ലാത്തതുമായ കൂലി പണികളിൽ ഏർപ്പെടുന്നവരാണ് ഈ പഞ്ചായത്തിലെ മുക്കാൽ ഭാഗം ജനങ്ങളും. ഈ പഞ്ചായത്തിൽ100 ശതമാനം നികുതി പിരിവ് നടക്കുന്നുണ്ടെങ്കിലും നികുതി നിരക്ക് വളരെ കുറവായതിനാലും എല്ലാവർക്കും നികുതി ചുമത്താൻ വിട്ടുപോയിട്ടുള്ളതിനാൽ നികുതിയിൽ നിന്നും ലഭിക്കുന്ന വരുമാനം പഞ്ചായത്തിലെ ചിലവുകൾക്ക് തികയാതെ വരുന്നു. ആയത് പരിഹരിക്കുവാൻ.പഞ്ചായത്ത് കമ്മറ്റിയും വികസനസമിതിയിലെ അംഗങ്ങളും ശ്രമിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ, പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയേയും നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ വികസന പ്രവർത്തന ങ്ങളുമായി സഹകരിച്ച് ജീവനക്കാർ പ്രവർ ത്തിക്കുന്നതുകൊണ്ട് നികുതി പിരിവ് ജോലി യിലും കണക്കുകൾ എഴുതി സൂക്ഷി ക്കുന്ന

ജോലിയിലും ശ്രദ്ധിക്കുവാൻ സമയം കിട്ടാതെ വരുകയും കാലാകാലങ്ങളിൽ അക്കൗണ്ടുകൾ ആയയ്ക്കുവാനേം ഭരണറിപ്പോർട്ട് അയയ്ക്കുവാനോ സാധിക്കാതെ വരുന്നു. നികുതി പിരിവ് ഉദ്യോഗസ്ഥരെ പഞ്ചായത്തിലെ മറ്റു ജോലികൾ ചെയ്യിക്കാതെ കൂടുതൽ ജീവനനക്കാരെ പഞ്ചായത്തിൽ നിയമിക്കാൻ അപേക്ഷിക്കേണ്ടതും ആയതു മൂലം വരുന്ന കൂടുതൽ ചിലവ് സർക്കാറിൽ നിന്നും ഗ്രാന്റായി ലഭിക്കുവാൻ ശ്രമിക്കേണ്ടതുമാണ്. കണക്കുകൾ സൂക്ഷിക്കുന്ന കാര്യത്തിലും പിരിവു കാര്യത്തിലും നികുതി നിശ്ചയിക്കുന്നതിലും സ്റ്റാന്റിംഗ് കമ്മറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കാണിക്കുന്ന സ്റ്റേറ്റ്മെന്റ്

Assets (നിക്ഷേപങ്ങൾ)

പോസ്റ്റോഫീസ്	Rs.	22386.04
ജില്ലാ കോ-ഓപ്പ് ബാങ്ക്		22429.89
ട്രഷറി ബാങ്ക്		12,66,382.67
ആകെ		1,31,11,798.60

Liabilities

1.Deposit	Rs.	6,382.95
2. അൺഡൈഡ് ഫണ്ട്	Rs.	2,98,839.90
3.സ്വാശ്രയ പഞ്ചായത്ത് ഫണ്ട്	Rs.	12,49,639.00
4. ലൈബ്രറി സെസ്സ്	Rs.	4,872.33
5.വരൾച്ച ദുരിതാശ്വാസ ഫണ്ട്	Rs.	26,081.50
6.മഹിളാ സമൃദ്ധിയോജന അവാർഡ്	Rs.	25,000.00
7. 25 % ഡ്യൂട്ടി ഓപ്പൺ ട്രാൻസഫർ ഓഫ് പ്രോപ്പർട്ടി ഫോർ പബ്ലിക് വർക്	Rs.	1,70,094.00
8. ഗ്രാന്റ് ഫോർ	Rs.	3,00,00.00
9. MG ഗ്രാന്റ്	Rs.	7,000.00
10. VRM ഗ്രാന്റ്	Rs.	1,209.16
ആകെ	Rs.	18,19,118.84
പഞ്ചായത്ത് ഫണ്ട്	Rs.	5,04,001.68

മുകളിൽ പറഞ്ഞ കണക്കുകൾ സൂചിപ്പിക്കുന്നത് ഈ പഞ്ചായത്തിന്റെ തനതായ വരുമാനം കൊണ്ട് ഉദ്യോഗസ്ഥരുടേയും, പഞ്ചായത്ത് പ്രസിഡണ്ട്, മെമ്പർമാർ എന്നിവരുടെ ശമ്പളവും തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്, വാട്ടർ സപ്ലൈ സ്കീമിന്റെ മെയിന്റനൻസ് ചാർജ്ജ് എന്നിവക്ക് പോരാതെ വരുന്നു. അതിനാൽ സർക്കാരിൽ നിന്നും വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന സംഖ്യ മേൽ പറഞ്ഞ ആവശ്യങ്ങൾക്ക് തൽക്കാലം എടുത്ത് ചെലവ് ചെയ്യുന്നതിനാൽ വികസന പ്രവർത്തനം മന്ദീഭവിക്കുവാനും ഇടവരുന്നു.

മേൽ പറഞ്ഞ പ്രശ്നം പരിഹരിക്കുവാൻ താഴെ പറയുന്ന പ്രകാരം നികുതികളും മറ്റും പരിഷ്കരിച്ച് നിശ്ചയിക്കുവാനും വിഭവങ്ങൾ സമാഹരിക്കുവാൻ ശ്രമം നടത്തേണ്ടതുമാണ്.

കെട്ടിട നികുതി

ഈ പഞ്ചായത്തിൽ ഇപ്പോൾ കെട്ടിട നികുതി നിശ്ചയിച്ചിരിക്കുന്നതും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മിനിമം നിരക്കിൽ മാത്രമാണ്. കൂടുതൽ സംഖ്യ ചെലവ് ചെയ്ത് ആഡംബരമായി വലിയ വീടുകൾക്ക് അതനുസരിച്ച് നികുതി ചുമത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്. അടുത്ത് വരുന്ന കെട്ടിട നികുതി റിവിഷനിൽ ചെറിയ ഒരു ശതമാനം വർദ്ധനവ് ഉണ്ടാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

തൊഴിൽ നികുതി

ഈ പഞ്ചായത്തിലെ എല്ലാ കൃഷിക്കാർക്കും കച്ചവടക്കാർക്കും തൊഴിൽ നികുതി ചുമത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും റബ്ബർ, തെങ്ങ് എന്നീ കൃഷികാർക്ക് പുതുതായി തൊഴിൽ നികുതി ചുമത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. എന്നാൽ നെൽകൃഷി ചെയ്യുന്ന ദരിദ്ര കർഷകരെ തൊഴിൽ നികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതുണ്ട്. സ്വകാര്യ ആശുപത്രികൾക്കും, പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നികുതി ചുമത്താവുന്നതാണ്.

വിനോദ നികുതി

ഈ പഞ്ചായത്തിൽ സിനിമാതിയ്യേറ്ററുകൾ ഇല്ലാത്തതു കാരണം വിനോദ നികുതി പിരിവ് ഇല്ല. പഞ്ചായത്തതിർത്തിയിലെ ജനങ്ങൾക്ക് വിനോദത്തിന് ഒരു സിനിമാതിയ്യേറ്റർ തുടങ്ങുവാൻ മുൻകൈ എടുത്ത് പ്രവർത്തിക്കേണ്ടതുണ്ട്. പുതിയ തിയ്യേറ്റർ തുടങ്ങുകയാണെങ്കിൽ വിനോദ നികുതി ലഭ്യതയിലൂടെ വിഭവസമാഹരണത്തിന് ഒരു അളവുവരെ പ്രതിവിധി ഉണ്ടാകുന്നതാണ്.

നികുതിയേതര വരുമാനം

നികുതിയേതര വരുമാനങ്ങൾ ഉണ്ടാക്കുവാൻ ഇപ്പോൾ സാദ്ധ്യത ഇല്ലെങ്കിലും വരുന്ന അഞ്ച് വർഷങ്ങളിൽ താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധിക്കപ്പെടുകയാണെങ്കിൽ വിഭവസമാഹരണം ഉണ്ടാക്കാൻ കഴിയും.

ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ, ടാക്സി സ്റ്റാന്റ് എന്നിവ നിർമ്മിച്ച് വാടകയും ഫീസും വസൂലാക്കി നല്ലൊരു സംഖ്യ സ്വരൂപിക്കാൻ കഴിയും.

ഗ്രാന്റുകൾ

ഇപ്പോൾ പഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റുകൾ വികസനപ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണ്. കൂടുതൽ ഗ്രാന്റുകൾ (പഞ്ചായത്തിന്റെ പരാധീനത കണക്കിലെടുത്ത്) ലഭിക്കുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്.

സർക്കാർ പിരിച്ചെടുക്കുന്ന Plantation Tax, Sales Tax എന്നിവയുടെ വിഹിതം പഞ്ചായത്തിനും ലഭിക്കുവാൻ അപേക്ഷിക്കുന്നു.

പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് താഴെപറയുന്ന പ്രവർത്തികൾ ചെയ്ത് നേട്ടം കൈവരിച്ചുവെങ്കിലും ഇതുപോലെ ഭാവിയിലും പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യുവാൻ തയ്യാറാകണം

കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള പ്രൈമറി ഹെൽത്ത് സെന്ററിന് സൗജന്യമായി ലഭിച്ച ഒരു ഏക്കർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കെട്ടിട നിർമ്മാണ കമ്മറ്റിയെ രൂപീകരിച്ച് പഞ്ചായത്തതിർത്തിയിലെ 200 കുടുംബങ്ങളിൽ നിന്നും 14353.10 രൂപ സംഭാവന പിരിച്ച് റൂറൽ ഡിസ്പെൻസറിക്ക് 1977ൽ കെട്ടിടം നിർമ്മിച്ച് കൊടുക്കുകയുണ്ടായി.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടകൾക്ക് ആവശ്യമായ കെട്ടിട സൗകര്യങ്ങളും സാമ്പത്തിക ഭദ്രതയും നൽകി പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്നതിൽ നിന്നും കൂടുതൽ ഉൻമേഷം

ഉളവാക്കേണ്ടതും വികസനപ്രവർത്തനങ്ങളിൽ പഞ്ചായത്തിനെ സഹായിക്കാൻ കൂടുതൽ പ്രോത്സാഹനം നൽകേണ്ടതുമാണ്. സന്നദ്ധ സംഘടനാ പ്രവർത്തകരും രാഷ്ട്രീയ പ്രതിനിധികളും ഇപ്പോൾ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായി പ്രവർത്തിക്കുന്നുണ്ട്. അവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം

1. സഹകരണ ബാങ്ക്

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന തെക്കുംശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വിലയിരുത്തി. ഈ ബാങ്കിന് ജില്ലാ സഹകരണ ബാങ്കിൽ നിന്നും കാർഷിക കാർഷികേതര വായ്പകൾ നൽകുന്നതിന് സാമ്പത്തിക സഹായം ലഭിക്കുകയും ആയത് വിതരണം ചെയ്തു വരികയും തിരിച്ചടക്കുകയും ചെയ്യുന്നു. മെമ്പർമാർക്ക് കാർഷിക കാർഷികേതര വായ്പകൾ നൽകുന്നുണ്ടെങ്കിലും തിരിച്ചടക്കുന്നതിൽ താൽപര്യം കാണിക്കുന്നില്ല. ഓണച്ചന്ത മുതലായ സ്കീമുകൾ നടപ്പിലാക്കി വരുന്നു. നിക്ഷേപ സമാഹരണത്തിന് എല്ലാ ബാങ്കിന്റെ ഗ്രാന്റും ലഭിച്ചിട്ടുണ്ട്. സർക്കാർ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച മൃഗാശുപത്രി, ബാങ്കിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ച് വരികയും, ബാങ്ക് ഹാൾ പൊതുപരിപാടികൾക്ക് സൗജന്യമായി (സർക്കാർ പരിപാടികൾക്ക്) നൽകി വരുന്നു. ഗ്രാമപഞ്ചായത്തിന്റെ എല്ലാ പൊതുപരിപാടി കളും നടത്തുവാൻ ഹാൾ ഉപയോഗിച്ചു വരികയും അതിന് ആത്മാർത്ഥമായ സഹകരണം പഞ്ചായത്തിനോട് കാട്ടുകയും ചെയ്യുന്നതു മൂലം വികസന പ്രക്രിയയിൽ ഈ സഹകരണ സംഘം ബാങ്കുകാർ പങ്കാളി കളാവുകയും ചെയ്യുന്നു.

വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്തിലെ കൺവീനർമാർക്കും കരാറു കാർക്കും ചുരുങ്ങിയ പലിശനിരക്കിൽ വായ്പകൾ അനുവദിക്കാൻ ഭരണ സമിതി ശ്രമിക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ട്മുഴുവൻ ട്രഷറിയിൽ നിന്ന് സഹകരണ ബാങ്കുകളിലേക്ക് മാറ്റുവാൻ സർക്കാർ ഉത്തരവ് ഉണ്ടാകേണ്ടതും അത് വഴി ഈ പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിന് വായ്പകൾ നൽകുന്നതിനും തൽക്കാലത്തേക്കെങ്കിലും പ്രസ്തുത പണം ഉപകാരപ്രദമായിരിക്കും.

തപാൽ ഓഫീസുകൾ

ഈ പഞ്ചായത്ത് നിവാസികളുടെ പണം പലവിധ ദേശീയ സമ്പാദ്യപദ്ധതികൾ മുഖേന തപാൽ ഓഫീസുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. 1995 ഏപ്രിൽ മുതൽ 96 ഒക്ടോബർ വരെ പോസ്റ്റോഫീസ് വഴി സ്വരൂപിച്ച നിക്ഷേപങ്ങളുടെ ഏകദേശ രൂപം താഴെ ചേർക്കുന്നു

ടൈം ഡെപ്പോസിറ്റ്	Rs. 2,41,550.00
മാസാന്തവരുമാന "	Rs. 6,96,000.00
ഇന്ദിരാവികാസ് പത്ര	Rs. 41,700.00
നാഷണൽ സേവിംഗ്സ് സ്കീം	Rs. 1,72,000.00
കിസാൻ വികാസ് പത്ര	Rs. 6,58,000.00
മഹിളാസമൃദ്ധി യോജന	Rs. 67141.00
റിക്കറിംഗ് ഡെപ്പോസിറ്റ് (34317 എണ്ണം)	Rs26,16,074.00
ആകെ	Rs.44,92,465.00

ദേശീയ സമ്പാദ്യ പദ്ധതി വഴി സ്വരൂപിക്കുന്ന പണത്തിന്റെ ഒരു ഭാഗം സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്ക് ചെലവഴിക്കുവാൻ വേണ്ടി അനുവദിക്കുന്നു. അതിൽ നിന്ന് ഗണ്യമായ സംഖ്യ പഞ്ചായത്തു

വികസനത്തിന് അനുവദിക്കേണ്ടതാണ്.

3. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് – കേരളശ്ശേരി ശാഖ

വിവിധ കാർഷികേതര ആവശ്യങ്ങൾക്കായി ഈ ബാങ്ക് ഈ വർഷം 75 ലക്ഷം രൂപ കടം ഈ പഞ്ചായത്തിലെ നിവാസികൾകൾക്ക് നൽകിയിട്ടുണ്ട്. പ്രധാനമായും Business Cash Credit ഇനത്തിലും ഭവനനിർമ്മാണത്തിന്നും സ്വർണ്ണാഭരണ പണയത്തിന്മേലുമാണ് വായ്പകൾ നൽകുന്നത്. 10 കൊല്ലം കൊണ്ട് 50 ശതമാനം നിക്ഷേപവർദ്ധന ഉണ്ടായിട്ടുണ്ട്. 1.26 ലക്ഷം രൂപ ഓട്ടോറിക്ഷകൾ വാങ്ങാൻ വേണ്ടി തൊഴിൽരഹിതർക്ക് നൽകിയിട്ടുണ്ട്. ഭവനനിർമ്മാണ വായ്പകൾ തിരിച്ചടക്കുന്നതിൽ ഏറെ പിന്നിലാണ്.

4. ഭാരതീയ സ്റ്റേറ്റ് ബാങ്ക്

കേരളശ്ശേരി ശാഖ കാർഷികാവശ്യങ്ങൾക്കായി നടപ്പുവർഷത്തിൽ 50 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. ആകെയുള്ള 72 ശതമാനം മുൻഗണനാ വിഭാഗത്തിന്നാണ് നൽകിയിട്ടുള്ളത്. I.R.D.P, P.M.R.Y എന്നീ ഇനങ്ങളിൽ 9 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. N.R.E നിക്ഷേപകർ 300 ഓളം ഉണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ഈ ബാങ്കുകളുടെ സേവനം വളരെയേറെ പ്രയോജനപ്പെടുന്നു.

ജനകീയാസൂത്രണവും സന്നദ്ധപ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിന് അനുപേക്ഷണീയ ഘടകങ്ങളാണ്. ഒരു പുതിയ വികസന സംസ്കാരം രൂപപ്പെടുത്തേണ്ടതിലേക്ക് ഈ പഞ്ചായത്തിലെ സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക മേഖലകളുടെ കൂട്ടായ യത്നം ആവശ്യമാണ്. പഞ്ചായത്തിന്റെ അഭിവൃദ്ധി – ഈ പ്രദേശത്ത് ജനങ്ങളുടെ ജീവിത നിലവാരത്തിലുള്ള അഭിവൃദ്ധി തന്നെയാണെന്നും അതിന്ന് സ്ഥായിയായ പുരോഗതിയുണ്ടാകുവാനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ടെന്നും പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ. അതിനുള്ള പുതിയ കാൽവെപ്പാകട്ടെ ജനകീയാസൂത്രണം.

വികസന മേഖലകളുടെ റിപ്പോർട്ടുകൾ തയ്യാറാക്കിയ കോർഗ്രൂപ്പുകൾ

1. കൃഷി, ജലസേചനം

കെ. രാമകൃഷ്ണൻ–കൃഷിഓഫീസർ
ഇ. ആർ. ശശി
എം. ഒ. അച്ചുതൻകുട്ടിനായർ
എം. പി. നാരായണൻകുട്ടി
എം. എൻ. രവീന്ദ്രനാഥൻ

2. മൃഗപരിപാലനം, മത്സ്യബന്ധനം

എം. ഗോപാലൻകുട്ടി
ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ
പി. സോമസുന്ദരൻ

3. വിദ്യാഭ്യാസം

കെ. പി. രാമദാസ്
എം. പി. ബാലഗോപാലൻ
പി. രാജഗോപാലൻ

4. വ്യവസായം

കെ. മണികണ്ഠൻ
വി. നാരായണൻകുട്ടി

5. ഗതാഗതം, ഊർജ്ജം

കെ. മണികണ്ഠൻ
സി. കൃഷ്ണദാസ്
വി. നാരായണൻകുട്ടി
പി. കെ. രാമകൃഷ്ണൻ

6. ആരോഗ്യം, കുടിവെള്ളം, ശുചിത്വം

പി. ആർ. ലളിത
കളത്തൂർ രാമകൃഷ്ണൻ
അബൂബക്കർ
ഹെൽത്ത് ഇൻസ്പെക്ടർ PHC കേരളശ്ശേരി

7. സംസ്ക്കാരം

എം. ഒ. കൃഷ്ണനുണ്ണി
എം. പി. ബാലഗോപാലൻ

8. സഹകരണമേഖല–ബാങ്കിംഗ്

വി. അപ്പുകുഞ്ഞൻ
വി. ശിവദാസൻ

9. വനിത

കെ. യശോദ
കെ. പി. സുനിൽ
രമാദേവി
കോമളം

10. പാർപ്പിടം–സാമൂഹ്യക്ഷേമം

സി. വി. രാധാകൃഷ്ണൻ
കെ. എ. ശശി
കെ. ശിവശങ്കരൻ
സജീവ്

11. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം

വി. ഹരിദാസൻ
സുബ്രഹ്മണ്യൻ സി. ആർ.
ഉണ്ണികൃഷ്ണൻ

12. വിഭവസമാഹരണം

പി. വി. സത്യഭാമ
കെ. വി. ഗോപാലൻ
വി. ഗംഗാധരൻ

അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം